# മലങ്കരയുടെ പ്രവാചകൻ



## യുഹാനോൻ മാർ സേവേറിയോസ്

( ജീവചരിത്രം )

ഫാദർ. ഡോ : ജോസഫ് ചീരൻ

# മലങ്കരയുടെ പ്രവാചകൻ

## യൂഹാനോൻ മാർ സേവേറിയോസ്

(ജീവചരിത്രം)

# MALANKARAYUDE PRAVACHAKAN

## YUHANON MAR SEVERIOS

(Jeevacharithram)
(Malayalam)


| | | |
|---|---|---|
| Author | : | Fr. Dr. Joseph Cheeran<br>Union Christian College, Aluva - 2 |
| First published | : | 1998 November 29 |
| Copies | : | 1000 |
| Published by | : | Mar Gregorios Foundation, Newyork |
| Distribution | : | Yuhanon Mar Severios Foundation, Trichur |
| Cover Designed by | : | Rev. Fr. Sunny Chacko |
| Type Setting & Printing | : | Variety Offset Printers, Kunnamkulam |
| Copy Right | : | Mrs. K.V. Alyamma Joseph<br>Cheeran House<br>P.O. Thekkumkara - 680 608<br>Ph: 0488 - 433158 |

Price : Rs. 40




# മലങ്കരയുടെ പ്രവാചകൻ

## യൂഹാനോൻ മാർ സേവേറിയോസ്

(ജീവചരിത്രം)

**ഫാദർ: ഡോ. ജോസഫ് ചീരൻ**


പ്രസാധനം:

മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ, ന്യൂയോർക്ക്

വിതരണം:

മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ

# ഫാദർ: ഡോ. ജോസഫ് ചീരൻ

**(ഗ്രന്ഥകർത്താവ്)**

1945 ൽ തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഇടവകയിൽ ചീരൻ ഗീവർഗ്ഗീസ് കശ്ശീശായുടെ പൗത്രനായും മാത്തപ്പൻ–കുഞ്ഞാത്തിരി ദമ്പതികളുടെ ഒമ്പതാമത്തെ മകൻ ആയും ജനനം. പട്ടാമ്പി ഗവ. സംസ്കൃത കോളേജിൽ നിന്ന് ഒന്നാം റാങ്കോടെ വിദ്വാൻ ബിരുദം നേടി. കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് പ്രൈവറ്റ് ആയി ബി.എ, എം. എ. ബിരുദങ്ങൾ നേടി. ദീർഘകാലം തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിൽ അധ്യാപകനായി. 1984 മുതൽ ആലുവ യു.സി. കോളേജിൽ പ്രൊഫസർ. കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയിൽനിന്ന് 'ആധുനിക മലയാള കവിതയിലെ ബൈബിൾ സ്വാധീനം' എന്ന വിഷയത്തിൽ തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പിഎച്ച്.ഡി ബിരുദം ലഭിച്ചു. എം.ജി. യൂണിവേഴ്സിറ്റിയിലെ റിസർച്ച് ഗൈഡ് ആയും പോസ്റ്റ്–ഡോക്ടറൽ ഗവേഷണ വിദ്യാർത്ഥിയായും വിവിധ പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

ആർത്താറ്റ് പടിയോല, കണ്ടനാട് പടിയോല, കേരളത്തിലെ പ്രാചീന സുവിശേഷം, ചില സ്താത്തിക്കോനുകൾ തുടങ്ങിയ രേഖകൾ കണ്ടെടുത്തു. ഭാഷാപോഷിണി, മാതൃഭൂമി, ചർച്ച് വീക്കിലി തുടങ്ങിയ വിവിധ പ്രസിദ്ധീകരണങ്ങളിലായി ഇരുന്നൂറോളം ഗവേഷണലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 'മലയാള ഭാഷയുടെ ഇരുളടഞ്ഞ നൂറ്റാണ്ടുകളും കർസോനിയും' എന്ന വിഷയത്തിലാണ് പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുന്നത്.

| | | |
|---|---|---|
| ഭാര്യ | : | ശ്രീമതി. ഏല്യാമ്മ ജോസഫ് |
| മക്കൾ | : | മേഴ്സി ജോസഫ്. സി.<br>പ്രസാദ്. ജെ.സി |
| വിലാസം | : | ചീരൻ ഹൗസ്,<br>തെക്കുംകര – പി.ഒ., 680 608<br>ഫോൺ: 0488 – 433158 |

## ഫാ: ഡോ. ജോസഫ് ചീരന്റെ കൃതികൾ

| | | |
|---|---|---|
| മലങ്കരയുടെ പ്രവാചകൻ | : | ജീവചരിത്രം |
| ജഗദീശ് ചന്ദ്രബോസ് | : | ജീവചരിത്രം |
| ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ | : | വിവർത്തനം |
| സഭാജ്യോതിസ്സ് | : | ജീവചരിത്രം |
| സെമിനാർ പ്രബന്ധങ്ങൾ | : | പ്രബന്ധസമാഹാരം |
| ഇന്ത്യൻ ഓർത്തഡോക്സ് സഭ | : | ചരിത്രം |
| മലങ്കരസഭയും കേരള സംസ്ക്കാരവും | : | പഠനം |
| ആധുനിക മലയാള കവിതയും ബൈബിളും (അച്ചടിയിൽ) | : | ഗവേഷണ പ്രബന്ധം |
| സഭാദർശൻ | | (സഭാചരിത്രം വീഡിയോ കാസറ്റ്) |



# മുഖക്കുറിപ്പ്

'ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും' എന്ന് ക്രിസ്തു പറഞ്ഞ വാക്കുകൾ ഈ പുസ്തക രചനക്കുശേഷവും മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ആശയ ഗംഭീരനും മിതഭാഷിയും തപോധനനും പ്രവാചക പ്രതിഭയും അനുപമമായ പാണ്ഡിത്യത്തിന്റെ ഉടമയുമായ യൂഹാനോൻ മാർ സേവേറിയോസ് പിതാവിന്റെ ജീവചരിത്രം എത്രതന്നെ അപൂർണ്ണതകളുണ്ടെങ്കിലും എഴുതിപ്പോയത് ഈ ക്രിസ്തുവചനം ഓർമ്മയിൽനിന്ന് മായാതെ നിന്നതിനാലാണ്. ജൂബിലിവേളകളിലും ഷഷ്ഠ്യബ്ദപൂർത്തി വേളകളിലും ശതാബ്ദികളിലും മററും അർത്ഥമില്ലാത്ത പദങ്ങൾകൊണ്ട് അനർഹരെ അനശ്വരരാക്കുവാൻ പ്രാദേശികത്വത്തിന്റെയും ആത്മപ്രശംസാശ്രവണസുഖത്തിന്റെയും പേരിൽ അല്പന്മാർ പ്രത്യക്ഷമായും പരോക്ഷമായും ഗ്രന്ഥരചനയെ അവലംബിക്കുന്ന ഒരുകാലഘട്ടത്തിൽ പ്രദർശനപരതയുടെ നിഴൽപോലും തീണ്ടാതെ അനേകദീപങ്ങൾക്കു പ്രകാശം പകർന്ന ഒരു വന്ദ്യഗുരുനാഥനെ പരിചയപ്പെടുത്താതിരിക്കുന്നത് കൃത്യവിലോപമാണെന്ന് എന്റെ മനസ്സ് പറയുന്നു. ആ മഹർഷിവര്യനെ പല ഘട്ടങ്ങളിലും അടുത്ത്, വളരെ അടുത്ത്നിന്ന് വീക്ഷിക്കുവാനും പഠിക്കുവാനും അവസരവും ഭാഗ്യവും സിദ്ധിച്ച ഒരു എളിയ ശിഷ്യനെന്ന നിലയിലാണ് ഈ രചനയ്ക്കു ഞാൻ ധൈര്യപ്പെടുന്നത്. 1968 മുതൽക്കേ ആ പിതാവിനെ പരിചയപ്പെടുവാൻ കഴിഞ്ഞുള്ളൂ. ആ പരിചയമാകട്ടെ, എന്നെ പഠനത്തിലേക്കും ഗവേഷണത്തിലേക്കും നയിക്കുവാൻ പ്രചോദനമായി.

എന്റെ ഗുരുനാഥനെ അറിയുവാൻ ഞാൻ നടത്തുന്ന ഒരു വിനീത ശ്രമമാണ് ഈ രചന. കൂടുതൽ നല്ല രചനകൾക്ക് ഈ ലഘു ജീവചരിത്രം പ്രചോദനമേകട്ടെ. നിരവധി മാസികകളിലും സുവനീറുകളിലുമായി ചിതറിക്കിടക്കുന്ന ഈ പ്രവാചക പ്രതിഭയുടെ പരശ്ശതം ലേഖനങ്ങൾ സമാഹരിച്ച് ഉചിതമായ പഠനങ്ങൾ ചേർത്ത് പ്രസിദ്ധപ്പെടുത്തുവാൻ തുടർന്നും ഉദ്യമിക്കുന്നതാണ്.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ മേഖലയിൽ ആരംഭിച്ചതിന്റെ ലക്ഷ്യങ്ങളിലൊന്ന് സഫലമാവുന്നു. ഫൗണ്ടേഷൻ രക്ഷാധികാരി അഭിവന്ദ്യ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായോടും എന്റെ സഹപ്രവർത്തകരോടും പ്രത്യേകിച്ച് അതിന്റെ പബ്ലിക്കേഷൻ ശാഖയുടെ കൺവീനർ റവ. ഫാ. സൺണി ചാക്കോയോടും പ്രസാധനച്ചുമതലയേറ്റെടുത്ത മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ ഭാരവാഹി റവ. ഫാ. ഡോ. കെ.സി. മാത്യുവിനോടും ഞാൻ കൃതജ്ഞനാണ്. അച്ചടി നിർവ്വഹിച്ച കുന്നംകുളം വെറൈറ്റി ഓഫ്സെറ്റ് പ്രിന്റേഴ്സിനോടുള്ള നന്ദിയും അറിയിച്ചുകൊള്ളട്ടെ.

ഈ ജീവചരിത്ര രചനയിൽ നരിമറ്റത്തിൽ ശ്രീ. എൻ.വി. തോമസ്, റവ. ഫാ. തോമസ് പൊന്നാങ്കുഴി, റവ. ഫാ. ജോസഫ് കാരക്കാട്ടിൽ, റവ. ഫാ. ഫിലിപ്പോസ് പി. മാത്യു (ന്യൂയോർക്ക്) എന്നിവരും കഥാപുരുഷന്റെ ശിഷ്യനും സഹപ്രവർത്തകനും ആയ നിരണം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവരും നൽകിയ സഹായങ്ങൾ സ്മരിക്കുന്നു. കഥാപുരുഷന്റെ കുടുംബപശ്ചാത്തലം, സെമിനാരി ജീവിതം, അന്ത്യനാളുകൾ തുടങ്ങിയ കാര്യ

ങ്ങളിലേക്ക് വാതിൽ തുറന്ന് സഹായിച്ചത് അവരാണ്. അവർക്കും പ്രത്യേകം നന്ദി.

പല ജോലികൾക്കിടയിൽ ഗ്രന്ഥരചനയും ഗവേഷണവും നടത്തുവാൻ ആവശ്യമായ ഇച്ഛാശക്തിയും സ്വസ്ഥതയും ഏകാഗ്രതയും ആരോഗ്യവും നൽകിക്കൊണ്ടിരിക്കുന്ന ദൈവകൃപയുടെ മുമ്പിൽ നമ്രശിരസ്കനാവുന്നു.

ഈ രചന അപൂർണ്ണമാണെന്ന് പൂർണ്ണബോധ്യമുണ്ട്. കുറവുകൾ പരിഹരിക്കുവാൻ ആത്മാർത്ഥമായ ആഗ്രഹവുമുണ്ട്. ഇതിന്റെ വായനക്കാരുടെ നിർദ്ദേശങ്ങളും തിരുത്തലുകളും പ്രമാണസഹിതം ക്ഷണിക്കുന്നു. അടുത്ത പതിപ്പിലേക്ക് അവ ഉപയോഗപ്പെടുത്തുന്നതാണ്.

ഏറെയൊന്നും ഗുരുനാഥന് നൽകിയിട്ടില്ലാത്ത ഒരു ശിഷ്യന്റെ ഗുരുദക്ഷിണയായും തിരുമുൽക്കാഴ്ചയായും ഈ രചന ആ പ്രവാചകാത്മാവിന്റെ തൃപ്പാദത്തിൽ സമർപ്പിച്ചുകൊണ്ട് മാന്യവായനക്കാരുടെ വിധിയെഴുത്തിനായി വഴിമാറിക്കൊള്ളട്ടെ.

തെക്കുംകര (പി.ഒ.), 680 608
2-11-1998

ഫാ: ഡോ. ജോസഫ് ചീരൻ
ഫോൺ: 0488 - 433158



# The Malankara Orthodox Church

## H.G. ZACHARIA MAR ANTHONIOS

**METROPOLITAN**
**DIOCESE OF COCHIN**
**SION SEMINARY, KORATTY**

**PATRON**
**YUHANON MAR SEVERIOS FOUNDATION**
**THRISSUR - 680 020**

# സ്മരണകൾ

കർത്താവിൽ പ്രിയരേ,

1964 മധ്യവേനൽ അവധിക്കാലം. മാവേലിക്കര സുവിശേഷാലയത്തിൽ വിവിധ ക്ലാസ്സുകൾക്കു നേതൃത്വം വഹിക്കാനെത്തിയ യോഹന്നാൻ മല്പാനച്ചനെ കണ്ടു. ആദ്യത്തെ പരിചയത്തിൽതന്നെ അദ്ദേഹത്തിന്റെ വി. കുർബ്ബാനാർപ്പണത്തിലെ സജീവത മനസ്സിൽ തട്ടി.

1969 മുതൽ '73 വരെ കോട്ടയം പഴയ സെമിനാരിയിൽ ഞാൻ വിദ്യാർത്ഥിയായിരുന്നു. അക്കാലങ്ങളിൽ നമസ്ക്കാരങ്ങൾ പൂർണ്ണമായും സുറിയാനിയിൽ ആണ് ചൊല്ലാറ്. ഇടയ്ക്കിടെ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി സെമിനാരി സന്ദർശിച്ച് നമസ്ക്കാരങ്ങൾക്ക് നേതൃത്വം നൽകുമ്പോൾ അദ്ദേഹം സുറിയാനി നമസ്ക്കാരങ്ങൾ കൊച്ചുകൊച്ചു വാക്യങ്ങളിലായി തൽസമയവിവർത്തനം നടത്തി വായിക്കും. അപ്പോഴാണ് പ്രാർത്ഥനകളുടെ ഔചിത്യവും ഗാംഭീര്യവും കാവ്യാത്മകതയും അർത്ഥസാന്ദ്രതയും ആദ്യമായി അറിഞ്ഞ് ആസ്വദിച്ചത്.

1973 ജൂലൈ 27 മുതൽ '74 ൽ കശ്ശീശാപ്പട്ടം ഏല്ക്കുന്നതുവരെ ഞാൻ മാർ കൂറിലോസ് തിരുമേനിയോടൊന്നിച്ചായിരുന്നു. കൂറിലോസ് തിരുമേനിയും (പ. മാത്യൂസ് ദ്വിതീയൻ ബാവാ), സേവേറിയോസ് തിരുമേനിയും തമ്മിൽ മികച്ച ആത്മബന്ധം പുലർത്തിയിരുന്നു. തമ്മിൽ കണ്ടാൽ രാത്രി ഉറക്കമില്ല. രാത്രി മുഴുവൻ സൗഹൃദ സംഭാഷണത്തിൽ മുഴുകും. സേവേറിയോസ് തിരുമേനിയുടെ കബറടക്കത്തിന് വരുമ്പോൾ കാറിലിരുന്ന് കൂടെ കൂടെ പറയുമായിരുന്നു. '....... അപ്പോൾ സേവേറിയോസ് ആബൂൻ കാലം ചെയ്തു അല്ലേ?....." അദ്ദേഹം അന്ന് കൊരട്ടി അരമനയിൽ വി. കുർബ്ബാന അർപ്പിച്ചതും നഗരി കാണിക്കാനുള്ള വിലാപയാത്രയിൽ പ. സുന്നഹദോസിനെ പ്രതിനിധാനം ചെയ്ത് അദ്ദേഹം മാത്രം മൃതശരീരത്തെ വഹിച്ച വാഹനത്തിൽ കയറിയതും ആരും ആവശ്യപ്പെട്ടിട്ടല്ല.

1975 ജനു. 30 കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ കൂദാശ. ഔഗേൻ ബാവായുടെ സാന്നിധ്യത്തിൽ മാത്യൂസ് മാർ അത്താനാസ്യോസ് (പ. പ്രഥമൻ ബാവാ), മാർ പീലക്സിനോസ് (ശ്രേഷ്ഠബാവ) മാർ സേവേറിയോസ് ഇവരിൽ കഥാപുരുഷന്റെ അർക്കദിയാക്കോൻ സ്ഥാനത്ത് ശുശ്രൂഷിച്ച എനിക്ക് അദ്ദേഹം പള്ളിക്കൂദാശയിൽ കാണിച്ച ശുഷ്കാന്തിയും ജാഗ്രതയും കൃത്യതയും വ്യക്തതയും ഒരത്ഭുതമായി തോന്നി.

1977ൽ പഴയ സെമിനാരിയിലെ മൂറോൻ കൂദാശയ്ക്കു മുമ്പായി 16 പേർക്ക് കഥാപുരുഷൻ യൗപ്പദ്യക്കിനോ പട്ടം നൽകി. പരിശുദ്ധാത്മ വിശുദ്ധിയുടെ ഓളം വെട്ടൽ അന്ന് ഞങ്ങൾ മനം കുളിർക്കെ ആസ്വദിച്ചു. വി കൂദാശകൾക്കായി അദ്ദേഹം നടത്തിയിരുന്ന ശാരീരികവും ആത്മീയവും ആയ ഒരുക്കം പലപ്പോഴും എന്നെ ആശ്ചര്യഭരിതനാക്കിയിട്ടുണ്ട്.

അദ്ദേഹം രചിച്ച 'വഴിത്തിരിവിലെ വെല്ലുവിളികൾ', 'അറിവും അനുഭവവും', 'ഇത് നിങ്ങൾക്കേതുമില്ലയോ' എന്നീ ഗ്രന്ഥങ്ങളും, മലങ്കരസഭയിലും ഓർത്തഡോക്സ് യൂത്തിലും അദ്ദേഹം എഴുതിയിരുന്ന ലേഖനങ്ങളും എന്റെ ആത്മീയ ജീവിതത്തിന്റെ പരിപോഷണത്തിൽ സാരമായ പങ്കുവഹിച്ചിട്ടുണ്ട്. ആഴമായ ഉൾക്കാഴ്ച നൽകുന്നതും ചിന്തോദ്ദീപകമായിരുന്നു അദ്ദേഹത്തിന്റെ രചനകൾ.

ഒടുവിൽ കഥാപുരുഷനെ കാണുന്നത് അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ പരുമലയിൽ വെച്ചാണ് റമ്പാൻ ആയിരുന്ന എന്നെ അദ്ദേഹം അനുഗ്രഹിക്കുകയും 'ശുശ്രൂഷാസംവിധാനം' എന്ന ഗ്രന്ഥം സമ്മാനിക്കുകയും ചെയ്തു.

ഒരു ദു:ഖം അവശേഷിക്കുന്നു: യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ അറിവും അനുഭവവും പാണ്ഡിത്യവും വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിൽ നമ്മുടെ സഭ തീർത്തും പരാജയപ്പെട്ടു. അക്കാര്യത്തിൽ തർക്കമില്ല.

മാർ സേവേറിയോസ് ഫൗണ്ടേഷന് വേണ്ടി ഈ ജീവചരിത്ര രചന നിർവഹിച്ച ഗ്രന്ഥകർത്താവിനെ അനുമോദിക്കുന്നു. ഈ പിതാവിനെപ്പോലെ സഭയ്ക്കും സമൂഹത്തിനും സംസ്ക്കാരത്തിനും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ഓർത്തഡോക്സ് പിതാക്കന്മാരെ സാംസ്കാരിക കേരളത്തിന് പരിചയപ്പെടുത്തുവാനും അവരുടെ രചനകളും അവരെ പറ്റിയുള്ള പഠനങ്ങളും പ്രസിദ്ധപ്പെടുത്തുവാനും സഭാംഗങ്ങളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുവാനും വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനുമായി രൂപം കൊണ്ട യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷന് രണ്ട് വർഷം കൊണ്ടുണ്ടായ വളർച്ചയിൽ നാം സന്തുഷ്ടനാണ്. ഫൗണ്ടേഷന് ഇനിയും ബഹുദൂരം സഞ്ചരിക്കുവാനുണ്ട്. നമ്മുടെ സഭാമക്കൾ ഈ സദുദ്യമത്തിന് ഉദാരമായി പിന്തുണ നല്കും എന്ന കാര്യത്തിൽ നമുക്ക് സംശയമില്ല. ന്യൂയോർക്കിലെ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുക്കുന്നത് ഈ പിന്തുണയുടെ മികച്ച ദൃഷ്ടാന്തമായി നാം കാണുന്നു.

മാർ സേവേറിയോസ് പബ്ലിക്കേഷന്റെ പ്രഥമ ഗ്രന്ഥമാണിത്. ഇതിന്റെ വരുമാനം പബ്ലിക്കേഷൻ കമ്മറ്റിയുടെ ഇനിയുമുള്ള പ്രസിദ്ധീകരണങ്ങൾക്ക് പ്രചോദനമാകട്ടെ. ഈ ഗ്രന്ഥം അനേകരുടെ സഭാഭക്തിയെ തട്ടിയുണർത്തുവാനും ക്രിയാത്മക പദ്ധതികളിലേക്ക് തിരിച്ചുവിടുവാനും പ്രേരണ നൽകട്ടെ എന്ന് മാർ സേവേറിയോസ് ഫൗണ്ടേഷന്റെ രക്ഷാധികാരി എന്ന നിലയിലും ചരിത്രപുരുഷന്റെ പിൻഗാമി എന്ന നിലയിലും നാം ആശംസിച്ചുകൊള്ളുന്നു.

ദൈവം അനുഗ്രഹിക്കട്ടെ,

(ഒപ്പ്)

**സഖറിയാ മാർ അന്തോണിയോസ്**
**മെത്രാപ്പോലീത്താ**

കൊരട്ടി
സീയോൻ സെമിനാരി
5-11-1998



# പ്രസാധകക്കുറിപ്പ്

**മലങ്കരയുടെ ശ്രേഷ്ഠ പ്രവാചകനായിരുന്ന യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജീവ ചരിത്രം തൃശ്ശൂർ മേഖലയിലുള്ള മാർ സേവേറിയോസ് ഫൗണ്ടേഷന്റെ ചുമതലയിൽ തയ്യാറായിവരുന്നു എന്നറിഞ്ഞത് വളരെ സന്തോഷത്തോടുകൂടിയായിരുന്നു. മലങ്കരസഭയുടെ ഈടുവെയ്പിൽ ഈ ഗ്രന്ഥം ഒരു അമൂല്യനിധിയായിരിക്കും എന്നതിന് സംശയമില്ല.**

**വി. വേദപുസ്തകത്തിൽ ഹാനോക്ക് എന്ന പേരിൽ രണ്ടുപേരുടെ ചരിത്രം കാണുവാൻ സാധിക്കും കയീന്റെ മകനായ ഒന്നാമത്തെ ഹാനോക്കിന്റെ പേര് നിലനിർത്തുവാൻ അവന്റെ പിതാവ് ഒരു വലിയ പട്ടണം പണിത് അതിന് ഹാനോക്ക് എന്ന് പേരിട്ടു. എന്നാൽ ആ ഹാനോക്കിനെ ഇന്ന് ആരും ഓർക്കുന്നില്ല. യാരെദിന്റെ മകനായ രണ്ടാമത്തെ ഹാനോക്കിനെപ്പറ്റി "ഹാനേക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തു കൊണ്ടതിനാൽ കാണാതെയായി" എന്നാണ് വി. വേദപുസ്തകം സാക്ഷിക്കുന്നത്. ഈ ഹാനോക്കിന്റെ നാമം വി. വേദപുസ്തകത്തിലും, പ്രാർത്ഥനാപുസ്തകങ്ങളിലും വെട്ടിത്തിളങ്ങി നിൽക്കുന്നു.**

**യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി തന്റെ നാമം അനശ്വരമാക്കുവാൻ പട്ടണം പണിതില്ല, കോളേജുകളും സ്ക്കൂളുകളും സ്ഥാപിച്ചില്ല. എന്നാൽ ആ പിതാവിന്റെ നാമം ഇന്നും മലങ്കരസഭയുടെ ചരിത്രത്തിലും, മലങ്കര നസ്രാണിയുടെ ഹൃദയത്തിലും കാന്തിയോടെ വെട്ടിത്തിളങ്ങി നിൽക്കുന്നുണ്ട്.**

**ഏതാണ്ട് പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് ന്യൂയോർക്കിലെ ഒരു പാർക്കിന്റെ കോണിലെ ഒരു വലിയ പാലത്തിന്റെ കീഴിൽ ഇരുന്നുകൊണ്ട് സഭയ്ക്കുവേണ്ടി കണ്ണീരൊഴുക്കിക്കൊണ്ടിരുന്ന ആ പ്രവാചക ശ്രേഷ്ഠനെ അഭിമാനത്തോടുകൂടി മാത്രമെ ഇന്നും സ്മരിക്കുവാൻ കഴിയുകയുള്ളു. ആ പിതാവിന്റെ ജീവചരിത്രം മലങ്കര സഭയിലെ ആയിരമായിരം ആളുകൾക്ക് ആത്മീയ ചൈതന്യവും സഭാസ്നേഹവും പകരുന്നതിന് സഹായകമായിത്തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, എന്നെയും എന്റെ സഹോദരങ്ങളെയും പൗരോഹിത്യ പദവിയിലേക്ക് നയിക്കുന്നതിന് പ്രചോദനം നൽകിയ ആ ശ്രേഷ്ഠ ഗുരുനാഥന്റെ തൃപ്പാദത്തിൽ സ്നേഹബഹുമാനാദരവുകൾ സമർപ്പിച്ചുകൊണ്ടും ഈ പുസ്തകത്തിന്റ പ്രസിദ്ധീകരണ ചുമതല സെന്റ് ഗ്രീഗോറിയോസ് ഫൗണ്ടേഷൻ സന്തോഷപൂർവ്വം ഏറ്റെടുത്തുകൊള്ളുന്നു.**

(ഒപ്പ്)

**ഫാ. ഡോ. കെ.സി. മാത്യു, കുറ്റിക്കണ്ടത്തിൽ**
പ്രസിഡന്റ്, സെന്റ് ഗ്രീഗോറിയോസ് ഫൗണ്ടേഷൻ
ന്യൂയോർക്ക്

ന്യൂയോർക്ക്
1998 നവംബർ 2

# സാഫല്യം

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷന്റെ പബ്ലിക്കേഷൻ ശാഖയുടെ പ്രവർത്തനസരണിയിലെ പ്രഥമ നാഴികക്കല്ലാണ് ഈ ഗ്രന്ഥം. ഫൗണ്ടേഷന്റെ നാമകാരണമായ യൂഹാനോൻ മാർ സേവേറിയോസ് പിതാവിന്റെ പ്രൗഢോജ്ജ്വലമായ ഈ ജീവചരിത്രഗ്രന്ഥം രചിച്ചത് ആ പിതാവിന്റെ ശിഷ്യനും ഫൗണ്ടേഷൻ ചെയർമാനുമായ ഫാദർ ഡോ. ജോസഫ് ചീരൻ ആണെന്നത് ഇതിന്റെ ആധികാരികത വർദ്ധിപ്പിക്കുന്നു. വെറും ഒരു ജീവചരിത്രഗ്രന്ഥം എന്നതിലുപരിയാണ് ഈ ഗ്രന്ഥത്തിന്റെ സ്ഥാനം. സമകാലീന സംഭവ വികാസങ്ങളിൽ പൂർവ്വ ചരിത്രത്തിന്റെ സ്വാധീനവും, അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കാത്തവർക്കുനേരെ ഭംഗ്യന്തരേണയുള്ള നിർദ്ദേശങ്ങളും, സ്മര്യപുരുഷന് സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചുമുള്ള സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും, സഭയുടെ സാമൂഹ്യ പ്രതിബദ്ധതയും; ഇങ്ങനെ ജീവസ്സുറ്റ പ്രമേയങ്ങളാണ് ഇതിൽ ചർച്ച ചെയ്യുന്നത്.

ശൈശവദശയിലുള്ള ഈ ഫൗണ്ടേഷന് സാമ്പത്തിക ഭാരം വരാത്തവിധം ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഏറ്റെടുത്ത ന്യൂയോർക്കിലെ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ പ്രവർത്തകരോടും അതിന്റെ പ്രസിഡന്റ് ബഹു: മാത്യൂസ് അച്ചനോടും ഞങ്ങൾക്കുള്ള കൃതജ്ഞത സീമാതീതമാണ്.

മലങ്കരസഭയുടെ തൃശ്ശൂർ മേഖലയിലുള്ള എല്ലാ പള്ളികളുടെയും സഹായ-സഹകരണത്തോടെ ആരംഭിച്ച യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷന്റെ വിവിധ ലക്ഷ്യങ്ങളിലൊന്നിന്റെ സാഫല്യമാണിത്. നാളിതുവരെ മലങ്കരസഭാ പിതാക്കന്മാർ കേരള സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് നൽകിയ സംഭാവനകളെ അവയുടെ ചരിത്ര പശ്ചാത്തലത്തിൽ വിലയിരുത്തി അവതരിപ്പിക്കുക, സ്റ്റഡി ക്ലാസ്സുകൾ, സെമിനാറുകൾ, ഡിബേറ്റുകൾ, ചർച്ചകൾ, സമ്മേളനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, വിവിധ മത്സരങ്ങൾ എന്നിവയിലൂടെ ഉള്ള ബോധവൽക്കരണം എന്നിവ ഫൗണ്ടേഷന്റെ മറ്റു ലക്ഷ്യങ്ങളാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളും ഫൗണ്ടേഷന്റെ പരിഗണനയിലുണ്ട്. സഭാംഗങ്ങൾ 500 രൂപയും, സ്ഥാപനങ്ങൾ 5,000 രൂപയും നൽകി ആയുഷ്ക്കാല അംഗത്വം സ്വീകരിച്ച് ഈ പ്രവർത്തനങ്ങളുടെ ഭാഗമാകുവാൻ അവസരമുണ്ട്.

അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയുടെ പ്രധാന മേലന്വേഷണത്തിൽ നടത്തപ്പെടുന്ന ഈ ഫൗണ്ടേഷന് അനന്ത സാദ്ധ്യതകളാണുള്ളത്. ഗവേഷണ പഠനങ്ങൾക്കനുയോജ്യമായ ഒരു ലൈബ്രറി, കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സഭയ്ക്കൊരു സ്ഥിരം പ്രതികരണ വേദി, അക്കാദമിക് തലത്തിലുള്ള മാർഗ്ഗനിർദ്ദേശനങ്ങൾ, ഗവേഷണബുദ്ധ്യാ അവതരിപ്പിക്കുന്ന സഭാചരിത്ര സത്യങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങി അനേകം മേഖലകളിലേക്ക് ഇതിന്റെ കർമ്മപദ്ധതികൾ വ്യാപരിപ്പിക്കാവുന്നതാണ്. ലക്ഷ്യസാഫല്യത്തിന്നായി ഏവരുടെയും കർമ്മശേഷി സമാഹരിക്കേണ്ടതുണ്ട്. ഏവരുടെയും പൂർണ്ണസഹകരണം പ്രതീക്ഷിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാദർ സൺണി ചാക്കോ**
സെക്രട്ടറി & പബ്ലിക്കേഷൻ കൺവീനർ
യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ
തൃശ്ശൂർ

തൃശ്ശൂർ
25-11-98



# ഉള്ളടക്കം

മുഖക്കുറിപ്പ് ........ V
സ്മരണകൾ ........ VII
പ്രസാധകക്കുറിപ്പ് ........ IX
സാഫല്യം ........ X
അദ്ധ്യായം 1. അണിയറ ........ 1-5
അദ്ധ്യായം 2. തിരിയിൽ നിന്ന് കൊളുത്തിയ പന്തം ........ 6-21
അദ്ധ്യായം 3. ചക്രവാളങ്ങൾ തേടി ........ 22-29
അദ്ധ്യായം 4. യോഹന്നാൻ മല്പാൻ ........ 30-41
അദ്ധ്യായം 5. പ്രവാചകന്റെ വഴി ........ 42-65
അദ്ധ്യായം 6. മഹാ പുരോഹിതൻ ........ 66-99
അദ്ധ്യായം 7. ഒരു സൂര്യൻ അസ്തമിക്കുന്നു ........ 100-107
അനുബന്ധം ........ 108-114
കഥാപുരുഷന്റെ സുറിയാനി-മലയാളം കൈയ്യെഴുത്ത്
ഫോട്ടോകൾ

# 1. അണിയറ

**ആ**ധുനിക മലങ്കരസഭാ ചരിത്രത്തിൽ കോട്ടയം പട്ടണത്തിന് വലിയ പ്രാധാന്യമാണുള്ളത്. ഒരർത്ഥത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ തലസ്ഥാനം കോട്ടയമാണ് എന്ന് പറയണം. ഈ സഭയിലെ ആദ്യത്തെ പൊതുസ്ഥാപനമായി പഴയ സെമിനാരി കോട്ടയത്ത് സ്ഥാപിക്കപ്പെട്ടതോടെയാണ് ഈ പ്രാധാന്യം കോട്ടയത്തിന് സിദ്ധിക്കുന്നത്. കേരളത്തിലെ ഒന്നാമത്തെ കത്തോലിക്കേതര വൈദിക വിദ്യാലയം, കേരളത്തിലെ ഒന്നാമത്തെ ഇംഗ്ലീഷ് വിദ്യാലയം, ഇന്നത്തെ സി. എസ്. ഐ, മാർത്തോമ്മ, തുടങ്ങിയ സഭകൾ ഉത്ഭവിക്കുന്നതിന്ന് മുമ്പുള്ള മലങ്കരസഭയുടെ സെക്രട്ടേറിയറ്റ്, മലങ്കരമെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനം എന്നീ നിലകളിൽ ചരിത്രപ്രസിദ്ധമായ ആ സ്ഥാപനം കോട്ടയത്തിന്റെ മുഖച്ഛായ മാറ്റുന്നതിൽ നിർണ്ണായക സ്ഥാനം വഹിച്ചു. മലയാള ഭാഷ, അച്ചടി, പത്രപ്രവർത്തനം, വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രശസ്തരായ നോർട്ടൻ, ബെഞ്ചമിൻ ബെയിലി, ബേക്കർ തുടങ്ങിയ ആംഗ്ലേയ മിഷണറിമാർ കേരളത്തിലെത്തിയത് ഈ സെമിനാരിയിലെ വിവിധ പ്രവർത്തനങ്ങളിലേർപ്പെടുവാനാണ്. താൻ ജീവരക്തം നൽകി ആരംഭിക്കുകയും സ്ഥാപക പ്രിൻസിപ്പലായി അന്ത്യം വരെ സേവിക്കുകയും മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമെന്ന നിലയിൽ സംവിധാനം ചെയ്യുകയും ഒടുവിൽ അവിടെത്തന്നെ അന്ത്യവിശ്രമം കൊള്ളുകയും ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ പോലും തിരുവിതാംകൂർ റാണിയുടെയും, കേണൽ മൺറോ സായിപ്പിന്റെയും സഹായ സഹകരണത്തോടെ താൻ സ്ഥാപിച്ച ആ സെമിനാരി, കോട്ടയത്തിന്റെയും ഒരുപക്ഷേ, കേരളത്തിന്റെ തന്നെയും സാംസ്കാരിക ചരിത്രത്തെ ഇത്രമാത്രം സ്വാധീനിക്കുമെന്ന് വിചാരിച്ചു കാണുകയില്ല.

കോട്ടയം ജില്ലയിൽ തൃക്കോതമംഗലം എന്ന പേരിൽ ഒരു ഗ്രാമമുണ്ട്. അവിടത്തുകാർ ആ ഗ്രാമത്തെ തൃക്കോം എന്നു ചുരുക്കിപ്പറയും. പ്രസിദ്ധമായ പുതുപ്പള്ളിയിൽനിന്നും രണ്ടു കി.മീറ്ററോളം ദൂരം കാണും. പ്രശാന്തമായ ഈ ഗ്രാമത്തിലാണ് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ജനിച്ചത് 1920 ജനുവരി 14–ാം തിയ്യതി. അദ്ദേഹത്തെ മാതാപിതാക്കന്മാരായ വർഗ്ഗീസ് – മറിയാമ്മ ദമ്പതിമാർ കുഞ്ഞുകുഞ്ഞ് എന്ന് വിളിച്ചു. ആ കുടുംബത്തിൽ അഞ്ചു മക്കൾ ഉണ്ടായിരുന്നതിൽ ഏറ്റവും ഇളയ സന്താനമായതിനാലാണ് യോഹന്നാനെ കുഞ്ഞുകുഞ്ഞ് എന്ന് വിളിച്ചത്. ജ്യേഷ്ഠസഹോദരൻ അവിരാ വർഗ്ഗീസ്, രണ്ടാമത്തെ ജ്യേഷ്ഠസഹോദരൻ മാത്യു വളരെ ചെറുപ്പത്തിൽ മരിച്ചുപോയി. ജ്യേഷ്ഠസഹോദരി എൻ.എ. ശോശാമ്മയാണ്, അഞ്ചേരി കാലായിപ്പറമ്പിൽ ശ്രീ. ഇട്ടിയുടെ ഭാര്യ. ഇവരുടെ ജ്യേഷ്ഠപുത്രനാണ് റവ: ഫാ. അബ്രഹാം അഞ്ചേരിൽ. മറ്റൊരു സഹോദരി എൻ.എ. ഏലിയാമ്മ, ഇവരെ പാത്താമുട്ടത്തു കൊച്ചുകൊറ്റുകുളത്തു കുടുംബത്തിലേക്കു വിവാഹം ചെയ്തയച്ചു. 1996ൽ ശ്രീ. അവിരാ വർഗ്ഗീസ് അന്തരിച്ചതോടെ ആ തലമുറയിലെ അഞ്ച് അംഗങ്ങളും പരലോകപ്രാപ്തരായി.

ശ്രീ. അവിരാ വർഗ്ഗീസിന് ആറുമക്കളാണുള്ളത്. ആൺമക്കൾ രണ്ട്, പെൺമക്കൾ നാല്. മൂത്തമകൻ ഇന്ത്യൻ എയർഫോഴ്സിൽ മാസ്റ്റർ വാറണ്ട് ഓഫിസർ ആയി റിട്ടയർ ചെയ്ത ശ്രീ. എൻ.വി. വർക്കി. രണ്ടാമത്തെ മകൻ ബറോഡ എം.എസ്. യൂണിവേഴ്സിറ്റിയിൽ റീഡർ ആയി റിട്ടയർ ചെയ്ത ഡോ. എൻ.വി. മാണി. പെൺമക്കളിൽ ആദ്യത്തെ ആൾ വാഴൂർ എൽ.പി. സ്ക്കൂൾ ഹെഡ്മിസ്ട്രസ് ആയി റിട്ടയർ ചെയ്ത ശ്രീമതി. എൻ.വി. മറിയാമ്മ, പള്ളത്ത് പാറേക്കടവിലായ കൊണ്ടകശ്ശേരിൽ കുടുംബത്തിലേക്കാണ് ഇവരെ വിവാഹം കഴിച്ചയച്ചത്. രണ്ടാമത്തെ മകൾ ശ്രീമതി. എൻ.വി. ശോശാമ്മ, ഇവർ മണർകാട് ഗവ. എൽ.പി. സ്ക്കൂളിൽനിന്ന് ഹെഡ്മിസ്ട്രസ് ആയി റിട്ടയർ ചെയ്തു. മണർകാട് മുക്കാലിത്തറയിൽ കുടുംബത്തിലേക്ക് ഇവർ വിവാഹം ചെയ്തയക്കപ്പെട്ടു. മൂന്നാമത്തെ മകൾ ശ്രീമതി. എൻ.വി. ഏലിയാമ്മ, വെള്ളൂക്കാട് ഇല്ലിക്കൽ കുടുംബത്തിലേക്ക് വിവാഹം ചെയ്തയക്കപ്പെട്ടു. ഇവർ ഇപ്പോൾ സകുടുംബം ന്യൂയോർക്കിൽ ആണ്. ഒടുവിലത്തെ മകൾ ശ്രീമതി. ശോശാമ്മ വർഗ്ഗീസ്, വാഴൂർ സെന്റ് പോൾസ് ഹൈസ്ക്കൂൾ അദ്ധ്യാപികയായ ഇവരെ മീനടത്തു കുറിയന്നൂർ. റവ: ഫാ. തോമസ് അബ്രഹാം വിവാഹം കഴിച്ചു.

കഥാപുരുഷന്റെ വീട്ടുപേര് നരിമറ്റത്തിൽ എന്നാണ്. ഈ ഭവനം പ്രശസ്തമായ വാഴക്കാലാ കുടുംബത്തിന്റെ ഒരു ശാഖയാണ്. കുടുംബക്കാർ പരമ്പരയായി കൈമാറിവന്ന ഐതിഹ്യപ്രകാരം വാഴക്കാലാ കുടുംബം അതിപുരാതനമായ ശങ്കരപുരി തറവാട്ടുകാരായിരുന്നുവത്രേ. അവർ കുറവിലങ്ങാട് ഇപ്പോഴത്തെ കത്തോലിക്കാ ദേവാലയത്തിന്റെ കുരിശിൻതൊട്ടിയുടെ തെക്കുവശത്തുള്ള തെക്കേടത്ത് പുരയിടത്തിൽ താമസിച്ചുവന്നു. കുടുംബങ്ങളും കുടുംബാംഗങ്ങളും വർദ്ധിച്ചപ്പോൾ വിശാലമായ മേച്ചിൽപുറം അന്വേഷിച്ചിറങ്ങുവാൻ അവർ നിർബന്ധിതരായി. അദ്ധ്വാനശീലനും സാഹസികനുമായ ഒരു തൊമ്മൻ പതിനാറാം നൂറ്റാണ്ടിൽ പുതുപ്പള്ളിയിലേക്കു താമസം മാറ്റി. 1498 ലെ വാസ്കോഡിഗാമയുടെ കേരളസന്ദർശനത്തെത്തുടർന്ന് കേരളത്തിലുടനീളം സംഭവിച്ച കത്തോലിക്കാവല്ക്കരണത്തിൽ, കുറവിലങ്ങാട് റോമ്മൻ സഭയുടെ അധീശത്വമുള്ള സഭാകേന്ദ്രമായപ്പോൾ, പാശ്ചാത്യവല്ക്കരണത്തെ ചെറുത്ത് നില്ക്കാനാവാതെ, സംഘമായി പുതുപ്പള്ളിയിലേക്ക് കുടിയേറ്റം നടത്തിയ പൂർവ്വിക സുറിയാനിക്കാരുടെ ധീരസംഘത്തിലെ ഒരംഗമായിരുന്നിരിക്കാം ശ്രീ. തൊമ്മൻ. പുതുപ്പള്ളി പ്രദേശം ഒരു കുടിയേറ്റ കോളനിയാവാനുള്ള ചരിത്ര പശ്ചാത്തലവും, ഒരു പക്ഷേ ഇതായിരിക്കാം.

ക്രമേണ കുറവിലങ്ങാട് തെക്കേടത്ത് വീട്ടുകാർ പുതുപ്പള്ളി ഗ്രാമത്തിന്റെ സ്വച്ഛതയിൽ അലിഞ്ഞുചേർന്നു. പാരമ്പര്യമായി അവരുടെ കുലത്തൊഴിൽ കാർഷികവൃത്തിയായിരുന്നു. സാത്വികപ്രധാനമായ ഭക്തിജീവിതം നയിച്ച ആ കുടുംബം സ്ഥലവാസികൾക്കു മാതൃകയായിരുന്നു. അങ്ങനെയിരിക്കേ, പുതുപ്പള്ളിക്കു സമീപം തൃക്കോതമംഗലത്തു പാർത്തിരുന്ന വലിയ ജന്മിയായ പെരിഞ്ചേരി ഇല്ലത്ത് ഒരു നമ്പൂതിരിക്കു ഇല്ലം വക സ്ഥലങ്ങൾ കൃഷിഭൂമിയാക്കി വരുമാനം വർദ്ധിപ്പിക്കണമെന്ന് ആഗ്രഹം തോന്നി. അദ്ധ്വാനശീലരും സാത്വിക സ്വഭാവമുള്ളവരുമായ കുറെ സുറിയാനി ക്രിസ്ത്യാനികളെ അദ്ദേഹം തൃക്കോതമംഗലത്തുള്ള തന്റെ വിസ്തൃത ഭൂമിയിലേക്കു ക്ഷണിച്ചു കൊണ്ടുവന്നു. പുതുപ്പള്ളിയിൽ ശാന്തജീവിതം നയിച്ചിരുന്ന തൊമ്മനും കുടുംബവും അപ്രകാര





മാണ് തൃക്കോതമംഗലത്തുവന്ന് ചേർന്നത്. ജന്മിക്കുവേണ്ടി വാഴക്കൃഷിയാണ് തെക്കേടത്തു തൊമ്മൻ ഏറ്റെടുത്തു നടത്തിയത്.വിസ്തൃതമായ ഭൂപ്രദേശം; അദ്ധ്വാനത്തിന്റെ സ്പർശമേല്ക്കാത്ത കന്നിമണ്ണ്. വെട്ടും കിളയും ഏല്ക്കാത്ത ആ വെറുംപറമ്പിൽ തൊമ്മന്റെ കൃഷിയായുധങ്ങൾ ആഞ്ഞാഞ്ഞു പതിച്ചു. ഏതാനും മാസങ്ങൾക്കകം പാഴും ശൂന്യവുമായിക്കിടന്നിരുന്ന ആ തരിശുഭൂമി, കനകം വിളയുന്ന വാഴത്തോപ്പായി മാറി. തൃക്കോതമംഗലത്തിന്റെ മുഖച്ഛായ വ്യത്യാസപ്പെടുകയായിരുന്നു. വാഴയും, തെങ്ങും, കവുങ്ങും, കുരുമുളകും, ഇഞ്ചിയും ആ നാടിന്റെ വിളകളായി മാറി. അനേകം പേർക്കു ഈ സംരംഭങ്ങൾ തൊഴിലവസരങ്ങൾ നൽകി. ജന്മിയോടൊപ്പം നാട്ടിലെല്ലാവരും പുതിയ വരുമാന മാർഗ്ഗങ്ങളിൽ ആഹ്ലാദിച്ചു. വാഴക്കൃഷിയിൽ മികവ് പുലർത്തുകയും വാഴത്തോപ്പിൽ പാർക്കുകയും ചെയ്തതുമൂലം തങ്ങൾക്കു പണ്ടുണ്ടായിരുന്ന തെക്കേടത്ത് എന്ന ഗൃഹനാമം വിസ്മൃതമാവുകയും വാഴക്കാലായിൽ എന്ന് പുതിയ ഗൃഹനാമം വിളിക്കപ്പെടുകയും ചെയ്തു എന്നാണ് ആ വീട്ടുകാർ ഇന്നും വിശ്വസിച്ചുപോരുന്നത്.

ബ്രാഹ്മണർക്കു സുറിയാനി ക്രിസ്ത്യാനികളെപ്പറ്റി വലിയ മതിപ്പും ബഹുമാനവും ഉണ്ടായിരുന്ന കാലമായിരുന്നു അത്. സുറിയാനി ക്രിസ്ത്യാനികളുടെ അധ്വാനശീലം, വിശ്വസ്തത, സത്യസന്ധത, നേതൃത്വശേഷി, ആയോധന സാമർത്ഥ്യം, ശുചിത്വം, ധർമ്മബോധം, മതതീക്ഷ്ണത, ദേശസ്നേഹം തുടങ്ങിയ ഗുണവിശേഷങ്ങൾ അന്നത്തെ ഭരണകർത്താക്കളെയെന്നപോലെ ഭരണകർത്താക്കളെ നിയന്ത്രിച്ചുപോന്ന ബ്രാഹ്മണ ജന്മിമാരെയും ആകർഷിച്ചിരുന്നു. കഠിനമായ അയിത്താചാരങ്ങൾ, വർണ്ണാശ്രമധർമ്മങ്ങളുടെ ഭാഗമായി അഭംഗം പാലിച്ചിരുന്ന അക്കാലത്തുപോലും സുറിയാനി ക്രിസ്ത്യാനികൾക്കു അവർ അയിത്തം കല്പിച്ചിരുന്നില്ല, എന്ന് മാത്രമല്ല ഇല്ലത്ത് ഏതെങ്കിലും വസ്തുക്കൾക്കു ഏതെങ്കിലും കാരണവശാൽ അശുദ്ധിയോ പാതിത്യമോ സംഭവിച്ചാൽ ഒരു സുറിയാനി ക്രിസ്ത്യാനിയുടെ സ്പർശം കൊണ്ട് അയിത്തവും പാതിത്യവും മാറി വസ്തുവിന്റെ അശുദ്ധിക്കു പരിഹാരം ഉണ്ടാക്കാമെന്ന് കേരളീയ ബ്രാഹ്മണർ സാർവ്വത്രികമായി വിശ്വസിച്ചിരുന്നു.

"തൈലാദിവസ്തുക്കളശുദ്ധമായാൽ
പൈലോതു തൊട്ടാലത്ശുദ്ധമാകും" എന്ന് ഇന്ദ്രവജ്രാവൃത്തത്തിൽ ഒരു ശ്ലോകം നമ്പൂതിരിമാർക്കിടയിൽ ഇന്നും പ്രചാരത്തിലുണ്ട്. അയിത്തം അപ്രത്യക്ഷമായ ഈ തലമുറയിൽ ഈ ശ്ലോകാർദ്ധത്തിന് പ്രസക്തി കുറയുമെങ്കിലും ഒരുതലമുറ മുമ്പ് കാര്യങ്ങൾ വ്യത്യസ്തമായിരുന്നു. രൂക്ഷമായ അയിത്താചാരം മൂലം കേരളം ഭ്രാന്താലയമാണെന്ന് വിവേകാനന്ദ സ്വാമികളെ കൊണ്ടുപോലും പറയിച്ച ഒരുകാലത്തു പെരിഞ്ചേരി നമ്പൂതിരി പുതുപ്പള്ളി പ്രദേശത്തുനിന്ന് സുറിയാനി ക്രിസ്ത്യാനികളെ കൊണ്ടുവന്ന് തൃക്കോതമംഗലത്തുള്ള സ്വന്തം ഇല്ലം വക ഭൂമിയിൽ പാർപ്പിച്ചതിന് ഈ പശ്ചാത്തലവുമുണ്ടെന്ന് വാഴക്കാല കുടുംബക്കാർക്ക് വിശ്വാസമുണ്ട്.

ഏതായാലും പെരിഞ്ചേരി നമ്പൂതിരിയുടെ പ്രത്യേക ക്ഷണ പ്രകാരം തൃക്കോതമംഗലത്തെത്തിയ തൊമ്മനും കുടുംബവും ക്രമേണ വാഴക്കാലയിൽ കുടുംബക്കാർ എന്ന പേരിൽ പ്രസിദ്ധമായി; ശങ്കരപുരിയും തെക്കേടവും ക്രമേണ അപ്രസിദ്ധമായി. ഈ വാഴക്കാല

കുടുംബത്തിന് പില്ക്കാലത്ത് അഞ്ചു കുടുംബശാഖകളുമുണ്ടായി. അതിലൊരു ശാഖ നരിമറ്റത്തിൽ എന്ന കുടുംബപ്പേരിൽ അറിയപ്പെട്ടു. ഈ കുടുംബ ശാഖയിലെ അംഗമായാണ് കഥാപുരുഷൻ അറിയപ്പെട്ടത്.

കാർഷികവൃത്തിയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന ആളുകളായിരുന്നു ആ ഗ്രാമത്തിലെല്ലാവരും. തെങ്ങും, കുരുമുളകും കൃഷി ചെയ്യാത്ത ഒരൊറ്റ കുടുംബം പോലും അവിടെ കാണുകയില്ല. നാനാജാതി മതസ്ഥർ എങ്കിലും സ്നേഹസമ്പന്നരായതുകൊണ്ട് ജാതി-മത ദ്വേഷങ്ങൾ ഒരിക്കലും ആ ഗ്രാമത്തിന്റെ സ്വച്ഛന്ദാന്തരീക്ഷത്തെ കളങ്കപ്പെടുത്തിയിട്ടില്ല. ഇടത്തരക്കാരായ ഗ്രാമവാസികൾക്ക് അതിനൊട്ടുസമയവും ലഭിച്ചിരുന്നില്ല. കന്നിമാസത്തിലെ മണർക്കാടുപള്ളിയിലെ പെരുന്നാളും മേടമാസത്തിലെ പുതുപ്പള്ളി പെരുന്നാളുമാണ് തൃക്കോതമംഗലത്തെ സുറിയാനിക്കാരുടെ പ്രധാന ആഘോഷവേളകൾ. അവിടങ്ങളിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ആ ദിനങ്ങൾ ആഹ്ലാദത്തിന്റേയും കോരിത്തരിപ്പിന്റേയും ദിവസങ്ങളാണ്. വിദൂരങ്ങളിൽ താമസിക്കുന്ന ബന്ധുജനങ്ങളും വിവാഹം, ജോലി, കുടിയേറ്റം തുടങ്ങി വിവിധ കാരണങ്ങളാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും പുറത്തും പോയി പാർക്കുന്ന കുടുംബാംഗങ്ങൾ സമാഗമ സുഖം അനുഭവിക്കുന്ന നാളുകളാണവ. മണർക്കാട് എട്ടുനോമ്പു പെരുന്നാളും പുതുപ്പള്ളി ഗീവറുഗീസ് സഹദായുടെ പെരുന്നാളും ആ ഗ്രാമീണ ജീവിതത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളുമാണ്. ആ ദിനങ്ങളിൽ എല്ലാ ഭവനങ്ങളും വിരുന്നുകാരെ കൊണ്ടു നിറയും. ഭക്തി പാരവശ്യവും പഴയ ഓർമ്മകളും ഒക്കെ പങ്കിടുന്ന നാളുകൾ, ഭക്തിയുടെ പ്രവാഹം പുതിയ തലമുറകളിലേക്കു പതഞ്ഞൊഴുകുന്ന നാളുകൾ, പ്രഭാഷണ ചതുരരും വേദപണ്ഡിതരും ആയ പ്രസംഗകരും സഭാദ്ധ്യക്ഷന്മാരും നല്കുന്ന ഉജ്വല നേതൃത്വം കൊണ്ടും പങ്കാളിത്തം കൊണ്ടും ദേവാലയാന്തരീക്ഷത്തെ എന്ന പോലെ ഗ്രാമാന്തരീക്ഷത്തെയും ഭക്തിസാന്ദ്രമാക്കുന്ന രാപകലുകൾ!!

തൃക്കോതമംഗലത്തുകാർക്കു സ്വന്തമായി ഒരു ദേവാലയമുണ്ട്. സെന്റ് ജെയിംസ് ദേവാലയം, പൊതുസ്ഥാപനമെന്ന് വിശേഷിപ്പിക്കുവാൻ ഒരു പ്രൈമറി സ്ക്കൂളും ആ ഗ്രാമത്തിലുണ്ടായിരുന്നു. കഥാപുരുഷന്റെ അമ്മ മാടപ്പാട്ടു കുടുംബത്തിലെ മറിയാമ്മ ആയിരുന്നു. (യാക്കോബായ വിഭാഗത്തിൽ ദീർഘകാലം മാടപ്പാട്ട് റമ്പാൻ എന്ന പേരിൽ മഞ്ഞനിക്കര ദയറായിൽ വൈദികാധ്യാപകനായി കഴിയുകയും വാർദ്ധക്യകാലത്ത് യാക്കോബ് മാർ യൂലിയോസ് എന്ന പേരിൽ സിംഹാസനപ്പള്ളികളുടെ മെത്രാപ്പോലീത്ത ആയിത്തീരുകയും ചെയ്ത വന്ദ്യ പിതാവിന്റെ അടുത്ത ബന്ധത്തിലുള്ള ഒരു പിതൃസഹോദരിയായിരുന്നു ഈ മാടപ്പാട്ട് മറിയാമ്മ.)

തൃക്കോതമംഗലം സെന്റ് ജെയിംസ് ഇടവകയിൽ പില്ക്കാലത്ത് കക്ഷിഭിന്നതകൾ തലപൊക്കുകയുണ്ടായി. 1909 ൽ അബ്ദുള്ള പാത്രിയർക്കീസ് ബാവാ വട്ടശ്ശേരിൽ മെത്രാപ്പോലീത്തയെ മുടക്കുകയും 1912ൽ അബ്ദുൽ മശിഹാ ബാവാ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിക്കുകയും ചെയ്തതുമുതൽ തൃക്കോതമംഗലം ഇടവകയിൽ അസ്വാസ്ഥ്യങ്ങൾ അല്പാല്പമായി ആരംഭിച്ചു. പാത്രിയർക്കിസ് അനുഭാവിയായിത്തീർന്ന കൊച്ചുപറമ്പിൽ റമ്പാച്ചന്റെ നേതൃത്വത്തിൽ തൃക്കോതമംഗലത്ത് ഒരു സെന്റ് മേരീസ് പള്ളി ഉത്ഭവിച്ചതിന്റെ പശ്ചാത്തലം ഇതാണ്. കക്ഷിഭിന്നതയോടെ കഥാപുരുഷന്റെ പിതൃഭവനക്കാരിലും മാതൃ





ഭവനക്കാരിലും പലരും ഇരുകക്ഷികളിലുമായി ധ്രുവീകരിക്കപ്പെട്ടു. പാമ്പാടിയിലെ മാതൃഭവനമായ മാടപ്പാട്ടുകുടുംബവും മറ്റും പാത്രിയർക്കീസു ഭാഗത്തും പിതൃഭവനമായ നരിമറ്റം കുടുംബം കാതോലിക്കാ ഭാഗത്തും നിലയുറപ്പിച്ചു.

ബാലനായ കുഞ്ഞുകുഞ്ഞിനെ ഈ കക്ഷിഭിന്നതയുടെ പ്രശ്നങ്ങൾ അലട്ടിയതേയില്ല. നിലപാടുകളുടെ കാര്യത്തിൽ ഇരു കക്ഷികളും ദൃഢത പുലർത്തിയിരുന്നുവെങ്കിലും ഭിന്നതയുടെ സൗമ്യമായ മുഖമല്ലാതെ രൗദ്രവും ബീഭത്സവുമായ മുഖങ്ങൾ ആ പ്രദേശത്ത് ഒരിക്കലും പ്രകടമായിരുന്നില്ല. നന്മനിറഞ്ഞ നാട്ടിൻപുറത്തിന്റെ സംസ്ക്കാരവും ഉന്നതമായ ക്രൈസ്തവാദർശങ്ങളും അവരെ നയിച്ചിരുന്നുവെന്ന് സാരം. നരിമറ്റത്തിൽ കുടുംബക്കാരും മാടപ്പാട്ടു കുടുംബക്കാരും സാങ്കേതികമായി രണ്ട് വ്യത്യസ്ത കക്ഷിക്കാരായിരുന്നുവെങ്കിലും അവരുടെ പൊതുവായ പൈതൃകത്തിന്റെ ഐക്യത്തിൽ അവർ നിഷ്കളങ്കമായി അഭിമാനിക്കുകയും അന്യോന്യം ബഹുമാനിക്കുകയും ചെയ്തുപോന്നു. മഹിമയേറിയ ഈ അന്തരീക്ഷം ബാലനായ കുഞ്ഞുകുഞ്ഞിൽ വലുതായ സ്വാധീനം ചെലുത്തിയിരുന്നു. പില്ക്കാലത്ത് യോജിച്ച സഭയിലെ മേല്പട്ടക്കാരനായി വാഴിക്കപ്പെട്ടപ്പോഴും പിന്നീട് സഭ വിഭക്തമായപ്പോഴും പ്രതിപക്ഷത്തെ ശത്രുപക്ഷമായിട്ടോ വെറുക്കപ്പെടേണ്ട നിലപാട് ആയിട്ടോ കാണുന്നതിന് പകരം അവരോടു സൗമ്യമായി ഇടപെടുവാൻ അദ്ദേഹത്തിന് കഴിഞ്ഞത് ഒരുപക്ഷേ ഈ സംസ്ക്കാരത്തിന്റെ പരിപക്വമായ സ്വാധീനം കൊണ്ടാവാം.



# 2. തിരിയിൽ നിന്ന് കൊളുത്തിയ പന്തം

**കു**ഞ്ഞുകുഞ്ഞിന്റെ ബാല്യകാലം സംഭവബഹുലമായിരുന്നുവെന്ന് തോന്നുന്നില്ല. 1965ൽ (നാല്പത്തിയഞ്ചാം വയസ്സിൽ) ഫെബ്രുവരി 26–ാം തിയ്യതി കോട്ടയം പഴയ സെമിനാരിയിൽ വെച്ച് റമ്പാൻ സ്ഥാനമേറ്റപ്പോൾ, തന്റെ ജീവിതത്തിൽ അന്നുവരെയുള്ള പ്രധാനസംഭവങ്ങളെല്ലാം കഥാപുരുഷൻ ഒരു ഡയറിയിൽ കുറിച്ചിട്ടുള്ളത് ഇതെഴുന്ന ആൾ ശേഖരിച്ചിട്ടുണ്ട്. ഒരു കൊല്ലത്തിൽ ഒന്നോ രണ്ടോ സംഭവങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. സ്വഹസ്തലിഖിതമായ ആ ഡയറിക്കുറിപ്പുകൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രകടമായ ചായ്‌വുകളെ പ്രതിനിധാനം ചെയ്യുന്നുണ്ട്. സ്വന്തം ജീവിതത്തെപ്പറ്റി ഏറെയൊന്നും വെളിപ്പെടുത്തുക പതിവില്ലാത്ത ആ ഗംഭീര ജീവിതത്തിന്റെ ചില നിറങ്ങൾ പകർത്തുവാൻ ഈ ഡയറിയെ ഈ ഗ്രന്ഥത്തിൽ പരമാവധി പ്രയോജനപ്പെടുത്തുകയാണ്.

ഡയറിക്കുറിപ്പനുസരിച്ച് അദ്ദേഹം സ്വജീവിതത്തിൽ ഓർക്കുന്ന ആദ്യസംഭവം 1924 ലെ വെള്ളപ്പൊക്കമൊണ്. നാടിന്റെ സമൃദ്ധിയെ അക്ഷരാർത്ഥത്തിൽ ദരിദ്രമാക്കിയ പ്രകൃതിയുടെ കൊള്ളയും ബീഭത്സനൃത്തവും നാലു വയസ്സ് മാത്രം പ്രായമുള്ള ആ ബാലന്റെ പിഞ്ചു മനസ്സിൽ മായാത്ത മുറിവുകളുണ്ടാക്കി. കാർഷികവിളവുകളും മൃഗസമ്പത്തും വീടുകൾ തന്നെയും നഷ്ടപ്പെട്ട നൂറുകണക്കിന്നാളുകൾ അഭയാർത്ഥികളായിത്തീർന്നതിന്റെ ദൈവശാസ്ത്രവും സാമൂഹിക ശാസ്ത്രവും സാമ്പത്തിക ശാസ്ത്രവുമൊന്നും ആ ബാലനെ പ്രത്യക്ഷത്തിൽ അലട്ടിയില്ലെങ്കിലും അന്നത്തെ ഉൾക്കിടിലം മരണംവരെയും വിട്ടുമാറിയിരുന്നില്ല. പില്ക്കാലത്ത് അദ്ദേഹം മേല്പട്ടക്കാരനായിരിക്കേ ആസ്ഥയിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ അദ്ദേഹത്തിലെ ബാല്യകാലസ്മരണകൾ ഉണർന്നു. അന്ന് കൊച്ചി ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ഭദ്രാസന സെക്രട്ടറിയും ഭദ്രാസനത്തിന്റെ ജിഹ്വയായിരുന്ന സീയോൻ സന്ദേശത്തിന്റെ പത്രാധിപരും ആയിരുന്ന ഈ ലേഖകനോട് സാധ്യമായ ദുരിതാശ്വാസ പ്രവത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ അദ്ദേഹം ആവശ്യപ്പെട്ടതും ഭദ്രാസനാടിസ്ഥാനത്തിൽ വസ്ത്രശേഖരണം യുവജന പ്രസ്ഥാനത്തിന്റെ ശാഖകൾ മുഖേന നടത്തിയതും മലയാള മനോരമയുടെ സഹായത്തോടെ അവ വെള്ളപ്പൊക്ക ദുരിതാശ്വാസ കേന്ദ്രത്തിൽ എത്തിച്ചതും മരിക്കാത്ത ഓർമ്മകളായി ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് സീയോൻ സന്ദേശം വഴി അദ്ദേഹം നൽകിയ ആഹ്വാനത്തിന്റെ യഥാർത്ഥ പ്രചോദനങ്ങളിലൊന്ന് ഈ 1924 ലെ പ്രളയസ്മരണകളാണെന്ന് അദ്ദേഹം അക്കാലത്ത് സ്വകാര്യസംഭാഷണങ്ങളിൽ സൂചിപ്പിച്ചിരുന്നു.

1925ൽ തൃക്കോതമംഗലം വടക്കേക്കരയിലുള്ള പ്രാഥമിക വിദ്യാലയത്തിൽ കുഞ്ഞുകുഞ്ഞിനെ ചേർത്തു. എൻ.എ. യോഹന്നാൻ എന്നായിരുന്നു സ്ക്കൂളിൽ കൊടുത്ത ഔദ്യോഗിക നാമധേയം. അങ്ങനെ വീട്ടിൽ കുഞ്ഞുകുഞ്ഞും സ്ക്കൂളിൽ യോഹന്നാനും ആയി ആ ബാലൻ വളർന്നുവന്നു. വീട്ടിൽ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾക്കനുസൃതമായ ഒരു ക്രൈസ്തവാന്തരീക്ഷം എപ്പോഴും നിലനിന്നിരുന്നു. കഥാനായകന്റെ പിതാവിന്റെ അമ്മ – വല്യാമ്മ എന്ന് അദ്ദേഹത്തിന്റെ ഭാഷ





യിൽ – ഈ അന്തരീക്ഷം നിലനിർത്തുവാൻ സദാ ജാഗരൂകയായിരുന്നു. സാധാരണ ദിവസങ്ങളിൽ രണ്ടുനേരവും നോമ്പുകാലങ്ങളിൽ മൂന്ന് നേരവുമുള്ള കുടുംബ നമസ്ക്കാരങ്ങൾ, ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഉള്ള ആരാധനകളിൽ പങ്കെടുക്കൽ, നോമ്പുകാലത്തെ ഉപവാസങ്ങൾ, വേദപുസ്തക കഥാഖ്യാനങ്ങൾ, അനുതാപ കീർത്തനാലാപങ്ങൾ ഇവയൊക്കെ കുടുംബാംഗങ്ങളെ പരിശീലിപ്പിക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നു. യോഹന്നാന്റെ ജീവിതത്തിൽ ഭക്തിചര്യകളും നിഷ്ഠകളും രൂപപ്പെട്ടുവരുവാൻ ഇവർ നല്കിയ പരിശീലനം സ്മരണീയമാണ്. വൈദികരോട് വല്യാമ്മയ്ക്കു വലിയ ഭക്തിബഹുമാനങ്ങളുണ്ടായിരുന്നു. തന്റെ കുട്ടിക്കാലത്ത് വീട്ടിൽ ഇടയ്ക്കൊക്കെ വന്നിരുന്ന കെ.വി. ഗീവറുഗീസ് കശ്ശീശായെ സ്വീകരിക്കുവാനും സല്ക്കരിക്കുവാനും പരിചരിക്കുവാനും വല്യാമ്മ പ്രദർശിപ്പിച്ചു പോന്ന ജാഗ്രത കുഞ്ഞുകുഞ്ഞിനെ അത്ഭുതപ്പെടുത്തി. ആ കുഞ്ഞിന് ഭാവന ചെയ്യാവുന്നതിൽ വെച്ച് ഏറ്റവും ബഹുമാന്യമായ സ്ഥാനം ഒരു പുരോഹിതന്റേതായിരുന്നു. ഭാവിയിൽ ഒരു പുരോഹിതനായിത്തീരുവാനുള്ള ഉൾവിളി (അതോ വെല്ലുവിളിയോ), കുഞ്ഞുകുഞ്ഞിൽ അങ്കുരിക്കുവാൻ വീട്ടിലെ ഈ അനുഭവം പ്രേരണ ചെലുത്തിയിട്ടുണ്ട്. ഈ ആഭ്യന്തര പ്രേരണകളുടെ ഫലമായി കുഞ്ഞുകുഞ്ഞിന്റെ മനസ്സിൽ ഒരു കൊച്ചുപുരോഹിതൻ വളർന്നുവരുന്നത് ആദ്യം കണ്ടെത്തുകയും വാത്സല്യപൂർവ്വം അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തത് ഈ വല്യാമ്മയാണ്. കുഞ്ഞുകുഞ്ഞിനെ സൂക്ഷ്മമായി നിരീക്ഷിച്ച് അവന്റെ ഇളം മനസ്സിലുള്ള മോഹങ്ങളെയും ലക്ഷ്യങ്ങളെയും മനഃശ്ശാസ്ത്ര വൈദഗ്ദ്ധ്യത്തോടെ തിരിച്ചറിയുവാൻ അവർക്കു കഴിഞ്ഞിരുന്നു. കുഞ്ഞുകുഞ്ഞിന്റെ ഉപബോധമനസ്സിലെ ചായ്‌വുകളെ കണ്ടെത്തുവാൻ വല്യാമ്മയെ സഹായിച്ചത് ആ ബാലന്റെ ഒഴിവു കാല വിനോദങ്ങളായിരുന്നു. ഒഴിവുദിനങ്ങളിൽ കൂട്ടുകാരെ സമ്മേളിപ്പിച്ച് അവൻ സംവിധാനം ചെയ്തിരുന്ന കളികൾ എപ്പോഴും ദേവാലയത്തിലെ അനുഷ്ഠാനങ്ങളുടെ അനുകരണമായിരുന്നു. അനുകരണങ്ങളിൽ എപ്പോഴും പുരോഹിതവേഷം അണിഞ്ഞിരുന്നത് കുഞ്ഞുകുഞ്ഞാണ്. പ്ലാവിലകൾ ഈർക്കിൽ കഷണങ്ങൾകൊണ്ട് കുത്തി യോജിപ്പിച്ചാൽ തലയിലേക്കുള്ള വർണ്ണാഭമായ തൊപ്പിയായി. തോർത്തുമുണ്ട് പുറകിൽനിന്ന് കഴുത്തിന്റെ മുൻഭാഗത്തേക്കു വലിച്ചുകെട്ടിയാൽ ഒന്നാന്തരം കാപ്പാ ആയി. ചിരട്ടകൾ വാഴനാരുകൊണ്ട് കെട്ടിത്തൂക്കി ചരൽ നിറച്ചാൽ ധൂപക്കുറ്റിയുമായി. പിന്നെ 'കുർബ്ബാന' തുടങ്ങാൻ താമസമില്ല.

മറ്റൊരു ദിവസത്തെ കളി 'മാമോദീസാ' ആണ്. കൂട്ടുകാരിൽ ചെറിയ കുട്ടികളെ തറയിലിരുത്തി അവരുടെ തലയിൽ വലതുകൈവച്ച് ഇടതുകൈകൊണ്ട് ചരൽ വാരി തൂകിയാൽ അത് മാമോദീസാ ആകും. ഒരിക്കൽ കുഞ്ഞുകുഞ്ഞ് ഒരു ചിരട്ടയിൽ വെള്ളമെടുത്ത് പതിവുള്ള പുരോഹിത വേഷങ്ങളൊക്കെ അണിഞ്ഞു സർവ്വ ചുവരുകളിലും കുരിശടയാളം വരയ്ക്കുന്നതു കണ്ട് കുഞ്ഞുകുഞ്ഞിന്റെ മാതാപിതാക്കളും വല്യാമ്മയും അത്ഭുതപ്പെട്ടു. മറ്റൊരിക്കൽ ഒരു പട്ടംകൊട കണ്ടതിനുശേഷം കുഞ്ഞുകുഞ്ഞു കൂട്ടുകാരന്റെ നെറ്റിയിൽ വലത് കൈയുടെ തള്ളവിരൽ അമർത്തിപ്പിടിച്ചു കുരിശുവരയ്ക്കുന്നത് കാണുന്നവരിൽ കൗതുകവും ചിരിയും ഉണർത്തും. ഈ ദൃശ വേളകളിൽ ആ കൊച്ചു കുട്ടി കാണിച്ച ശ്രദ്ധയും ഗൗരവബോധവും ചെറുതായിരുന്നില്ല. വിനോദവേളകളാണെങ്കിൽ പോലും അവന്റെ മുഖത്ത് നിഴലിച്ചിരുന്ന ആത്മനിർവൃതിയും പ്രസന്നതയും ഒക്കെ അവന്റെ വല്യാമ്മ രഹസ്യമായി ശ്രദ്ധിക്കുമായിരുന്നു. കൂട്ടു

ങ്ങൽ കെ.വി. ഗീവറുഗീസ് കശ്ശീശ (പില്ക്കാലത്ത് ഗീവർഗീസ് റമ്പാച്ചൻ) വീട്ടിൽ വന്നാൽ കുഞ്ഞുകുഞ്ഞിന്റെ ഈ ഒഴിവുകാല വിനോദങ്ങളെല്ലാം വല്യാമ്മ അച്ചനെ അറയിക്കുക പതിവായിരുന്നു. ഈ സംഭാഷണം കേൾക്കുന്ന കുഞ്ഞുകുഞ്ഞിനെ ഇരുവരും അഭിനന്ദിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു.

സ്ക്കൂളിലും സണ്ടേസ്ക്കൂളിലും കുഞ്ഞുകുഞ്ഞ് പഠനത്തിൽ സമർത്ഥനായിരുന്നു. ഏത് കാര്യവും ഒരിക്കൽ കേട്ടാൽ കുഞ്ഞുകുഞ്ഞിന് മനസ്സിലാകും, മനസ്സിൽ സൂക്ഷിക്കുകയും ചെയ്യും. സണ്ടേസ്ക്കൂളിൽ എല്ലാ ക്ലാസ്സുകളിലും ഒന്നാമൻ കുഞ്ഞുകുഞ്ഞ് ആയിരുന്നു. വിനോദഭാഷണങ്ങളിലും വിലകുറഞ്ഞ കൂട്ടുകെട്ടുകളിലും ബാലൻ ഉത്സാഹം കാണിച്ചിരുന്നില്ല. ഏകാന്തതയെ ഇഷ്ടപ്പെടുന്ന ഒരു പ്രകൃതം കുഞ്ഞുകുഞ്ഞിനെ കൂട്ടുകാരിൽനിന്ന് വേർതിരിച്ചിരുന്നു എങ്കിലും കൂട്ടുകാർ ഒന്നിച്ചുകൂടുമ്പോൾ നേതൃത്വശേഷി കൂടുതൽ പ്രകടമാക്കുന്ന കുഞ്ഞുകുഞ്ഞിനെ ആർക്കും അവഗണിക്കുവാൻ കഴിയുമായിരുന്നില്ല. അങ്ങനെയിരിക്കെ കുഞ്ഞുകുഞ്ഞ് മൂന്നാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ വല്യാമ്മ നിര്യാതയായി.

ഇതിനിടയിൽ 1927ൽ തൃക്കോതമംഗലത്ത് മാർ ശർബിൽ ദയറാ സ്ഥാപിതമായി. കൂട്ടുങ്ങൽ കെ.വി. ഗീവറുഗ്ഗീസ് കശ്ശീശാ അതിന്റെ അധിപനെന്ന നിലയിൽ ദയറായിൽ സ്ഥിരതാമസമായി. കെ.വി. ഗീവറുഗീസ് കശ്ശീശാ പ്രശസ്തനായ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, പേഴമറ്റത്തിൽ കുറിയാക്കോസ് റമ്പാച്ചൻ (പില്ക്കാലത്ത് കോട്ടയം ഇടവകയുടെ പാമ്പാടിൽ കുരിയാക്കോസ് മാർ ഗ്രീഗോറിയോസ്), പൗലൂസ് മാർ കൂറിലോസ്, ഔഗേൻ മാർ തിമോത്തിയോസ് എന്നിവരുടെ ശിഷ്യൻ ആയിരുന്നു. സുറിയാനി പാണ്ഡിത്യത്തിലും ആരാധനാ ജീവിതത്തിലും അദ്ദേഹം മികവുറ്റ വൈദികൻ ആയിരുന്നു. മഞ്ഞനിക്കര ദയറാ സ്ഥാപിതമാകുന്നതുവരെ പാത്രിയർക്കീസ് ഭാഗത്തുള്ള അനേകം വൈദിക വിദ്യാർത്ഥികൾ പരിശീലനം നേടിയിരുന്നത് മാർ ശർബീൽ ദയറായിൽ വെച്ച് അതിന്റെ അധിപൻ കെ.വി. ഗീവർഗീസ് കശീശായിൽനിന്ന് ആയിരുന്നു. (പിൽക്കാലത്ത് പാത്രിയർക്കീസ് ഭാഗത്തെ കോട്ടയം മെത്രാപ്പോലീത്ത മിഖായേൽ മാർ ദീവന്നാസ്യോസ് മാർ ശർബീൽ ദയറായിൽ താമസിച്ച് ഭദ്രാസന ഭരണം നടത്തിയിട്ടുണ്ട്.) ദയറാ സ്ഥാപകനായ കെ.വി. ഗീവറുഗീസ് കശ്ശീശാ കഥാപുരുഷന്റെ പിതാമഹന്റെ സഹോദരീപുത്രനായിരുന്നു. നരിമറ്റത്ത് വീട്ടിൽ പലപ്പോഴും വരാറുണ്ടായിരുന്ന ഈ യുവവൈദികൻ കുഞ്ഞുകുഞ്ഞിന്റെ വല്യാമ്മയുമായുള്ള സംസാരങ്ങളിൽനിന്നും സ്വന്തം നിരീക്ഷണങ്ങളിൽനിന്നും ബാലന്റെ പൗരോഹിത്യവാസനകളക്കുറിച്ച് ഗ്രഹിച്ചിരുന്നു. ഉദരം മുതലേ ദൈവത്തിന്റെ ആലയത്തിലെ പുരോഹിത ശുശ്രൂഷകൾക്കായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ് ഈ 'അഭിനവ യൂഹാനോൻ' എന്ന് ആ സന്യാസ വൈദികൻ തിരിച്ചറിഞ്ഞു. ശർബീൽ ദയറായിൽ തന്നോടൊപ്പം ആരാധനകളിൽ പങ്കെടുക്കുവാൻ പിതൃവ്യനായ ഗീവറുഗീസ് കശ്ശീശാ കുഞ്ഞുകുഞ്ഞിനെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇടവകപ്പള്ളി വേറെയായിരുന്നെങ്കിലും താൻ അധികവും ആരാധനയിൽ പങ്കെടുത്തിരുന്നത് ശർബീൽ ദയറായിലായിരുന്നുവെന്ന് ബാല്യകാലത്തെക്കുറിച്ചു പരാമർശിക്കുമ്പോഴെല്ലാം കഥാപുരുഷൻ പറയുമായിരുന്നു.

1929–ൽ കുഞ്ഞുകുഞ്ഞിനെ അഗാധമായി ആകർഷിച്ച മൂന്ന് സംഭ





വങ്ങൾ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് നാലാം ക്ലാസ്സിൽ പഠിക്കുകയായിരുന്ന ബാലനെ ആകർഷിച്ചിരുന്ന കാര്യങ്ങളുടെ മുൻഗണനാക്രമം ഗ്രഹിക്കുവാൻ സഹായിക്കുന്നവയാണ് ഈ സംഭവങ്ങൾ. ആദ്യത്തേത് 1929 ഫെബ്രുവരി 15 നു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ കാതോലിക്കാ സ്ഥാനത്തേക്കു അവരോധിക്കപ്പെട്ട സംഭവമാണ്. തൃക്കോതമംഗലത്ത് സാധാരണ ദേവാലയാരാധനകളിൽ മാത്രം പങ്കെടുത്ത് പരിചയിച്ച ആ ഒമ്പത് വയസ്സുകാരൻ മലങ്കരയിലെ എല്ലാ മെത്രാപ്പോലീത്താമാരുടെയും സാന്നിദ്ധ്യത്തിലും വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ മുഖ്യകാർമ്മികത്വത്തിലും നടന്ന കാതോലിക്കാ സിംഹാസനാരോഹണ ശുശ്രൂഷ കണ്ട് കോരിത്തരിച്ചുപോയി. മദ്ബഹായിൽ അംശവസ്ത്രങ്ങൾ പൂർണ്ണമായും ധരിച്ച മേല്പട്ടക്കാരും പട്ടക്കാരും: സ്വർഗ്ഗം തന്റെ മുമ്പിൽ അവതരിച്ചുവോയെന്ന് കുഞ്ഞുകുഞ്ഞിന് തോന്നിപ്പോയി. ബാല്യകാല വിനോദങ്ങളിൽ ഒരുപുതിയ വിഷയത്തിന് പ്രവേശം ലഭിച്ചു, ഒക്സിയോസ് പാടൽ. സ്ഥാനാരോഹണ വേളയിൽ മനസ്സിൽ പതിഞ്ഞ രംഗങ്ങളും മുഖങ്ങളും അദ്ദേഹം സ്വജീവിതകാലത്ത് ആവർത്തിച്ച് സ്മരിക്കുമായിരുന്നു.

അക്കൊല്ലത്തേതായി ഡയറിയിൽ കുറിച്ചിട്ട രണ്ടാമത്തെ സംഭവം ഹാശാ ആഴ്ചയിലെ ശുശ്രൂഷകളായിരുന്നു. മാർ ശർബീൽ ദയറായിലാണ് അക്കൊല്ലത്തെ ദിവ്യ ശുശ്രൂഷകളിൽ കുഞ്ഞുകുഞ്ഞു പങ്കെടുത്തത്. തന്റെ പിതൃവ്യനായിരുന്ന കൂട്ടുങ്ങൽ അച്ചൻ തന്റെ ഗുരുസ്ഥാനത്തേക്കുകൂടി പ്രവേശിക്കുന്നത് ആ ബാലൻ തിരിച്ചറിഞ്ഞു. അദ്ദേഹത്തോടൊപ്പം ഒരാഴ്ചക്കാലം ദയറായിൽ താമസിച്ച് ശുശ്രൂഷകളിൽ പങ്കെടുത്തത് ആ കൊച്ചുബാലന്റെ ജീവിതത്തിൽ അവിസ്മരണീയമായ ഒരനുഭവമായി. ആ അനുഭവം കുഞ്ഞുകുഞ്ഞിന്റെ ആരാധനാസങ്കല്പങ്ങളിൽ ഒരു വഴിത്തിരിവായി. നോമ്പുകാലത്തെയും ഹാശാ ആഴ്ചിലെയും പ്രാർത്ഥനകൾ അതത് യാമത്തിൽ തന്നെ നിഷ്ഠയോടെ നടത്തുവാൻ ശർബീൽ ദയറായിലെ കാർമ്മികൻ നിർബ്ബന്ധബുദ്ധി കാട്ടിയിരുന്നു. ഒരു വൈദികന്റെ ജീവിതത്തിലെ നിഷ്ഠകളും ആരാധനയുടെ ഒരുക്കങ്ങളും അതിന്റെ മാധുര്യവും നിർവൃതിയും ഒക്കെ ആ ഒമ്പതു വയസ്സുകാരൻ ആദ്യമായി ദർശിച്ചത് തന്റെ പിതൃവ്യന്റെ മുഖത്തുനിന്നാണ്. ശർബീൽ ദയറായിലെ ദിനചര്യകളും സന്യാസചര്യകളും ആ ബാലനെ ആകർഷിച്ചു. തന്നെ ദൈവം വൈദികസ്ഥാനത്തേക്കു വിളിച്ചുവെന്നും ആയത് സന്യാസപുരോഹിത സ്ഥാനത്തേക്കാണെന്നും അവ്യക്തമായ ഒരു ബോധം കുഞ്ഞുകുഞ്ഞിൽ ഉണ്ടായത് ഇവിടെവച്ചാണ്. തന്റെ ഗുരുനാഥൻ, ഹാശാ ആഴ്ചയിലെ പാതിരാ നമസ്ക്കാരസമയത്തും കേൾവിക്കാരായി ആരാധകർ ആരും സന്നിഹിതരല്ലെങ്കിലും ഏവൻഗേലിയോൻ വായനപോലും മുടക്കുമായിരുന്നില്ലെന്നും കുറെക്കാലം താനും അപ്രകാരം ചെയ്യുമായിരുന്നുവെന്നും കഥാപുരുഷൻ സ്വശിഷ്യനായ ഈ ഗ്രന്ഥകാരനോടു പറയുമായിരുന്നു.

അക്കൊല്ലത്തേതായി അദ്ദേഹം രേഖപ്പെടുത്തിയ മൂന്നാമത്തെ സംഭവം അക്കൊല്ലത്തെ പെസഹാപ്പെരുന്നാളിന്റെ ശുശ്രൂഷകളാണ്.പ. ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ കബറടങ്ങിയ വള്ളിക്കാട്ടു ദയറായിൽ അക്കൊല്ലത്തെ ഹാശാശുശ്രൂഷകൾക്കു നേതൃത്വം നൽകിയത് പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ആയിരുന്നു. ബാലനായ കുഞ്ഞുകുഞ്ഞ് അതിൽ പങ്കെടുത്തു. തന്റെ മനസ്സിലെ ആരാധനാ പാത്രമായി

രുന്ന സഭാമേലദ്ധ്യക്ഷൻ മഹിമകളുടെ പുറങ്കുപ്പായം ഉരിഞ്ഞു അരയിൽ വെള്ളത്തുവാല കെട്ടി ഉന്നതവും മുടിയണിഞ്ഞതുമായ ശീർഷം കുനിച്ച് കുമ്പിട്ടിരുന്ന് പന്ത്രണ്ട് വൈദികരുടെ പാദങ്ങൾ പിടിച്ച് സ്വഹസ്തം കൊണ്ടു കഴുകി വൃത്തിയാക്കി അരയിൽ ബന്ധിച്ചിരുന്ന ശുഭ്രവസ്ത്രം കൊണ്ടു തുടച്ച് വൃത്തിയാക്കുന്ന ദൃശ്യം ആ ബാലന്റെ കണ്ണു നനയിച്ചു. മർക്കോസിന്റെ മാളികയിൽ താൻ സന്നിഹിതനായിരിക്കുന്നു എന്ന പ്രതീതി ആ ബാലൻ അനുഭവിച്ചറിഞ്ഞു. വളരെ കഴിഞ്ഞാണ് താൻ വിങ്ങിവിങ്ങിക്കരയുകയായിരുന്നുവെന്ന് ആ ഒമ്പതുവയസ്സുകാരൻ മനസ്സിലാക്കിയത്. മനസ്സിലാക്കിയപ്പോഴാകട്ടെ വളരെ സങ്കോചത്തോടുകൂടി ആ ദൃശ്യം ആരുടെയും ശ്രദ്ധയിൽപ്പെടാതിരിക്കുവാനായി കണ്ണുനീർ പെട്ടെന്ന് തുടച്ചുകളയുകയും ചെയ്തു. സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്റെ മഹിമകളോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളണം എന്ന് വിചാരിക്കാതെ സ്വർഗ്ഗീയമായ തന്റെ മഹിമയുടെ സിംഹാസനം വെടിഞ്ഞു തന്നെത്താൻ ത്യജിച്ച് വെറുമയാക്കി, ശിഷ്യന്മാരുടെ കാലുകൾ കഴുകി – മനുഷ്യവർഗ്ഗത്തിന്റെ മാലിന്യങ്ങളെ തുടച്ച് വെടിപ്പാക്കി തേജസ്വിനിയായ മണവാട്ടിയാക്കി. കുരിശിലെ മഹാത്യാഗത്തിലേക്കു നടന്നടുക്കുന്ന ബൈബിൾ സംഭവങ്ങൾ ചരിത്രത്തിന്റെ കട്ടിയുള്ള തിരശ്ശീല നീക്കി തന്റെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നതായിട്ടാണ് കുഞ്ഞുകുഞ്ഞിന് അനുഭവപ്പെട്ടത്. കാലുകഴുകൽ ശുശ്രൂഷയുടെ സംവിധാന ചാരുതയും നാടകീയ രംഗാവിഷ്കാരവും ആ ബാലനിലേക്ക് ഏറെ അറിവുകളും കുറെ ചോദ്യങ്ങളും എറിഞ്ഞുകൊടുത്തു. മനസ്സിലുയരുന്ന ചോദ്യങ്ങളൊക്കെ ധ്യാനത്തിനും ചിന്തയ്ക്കും വിഷയമാക്കുന്ന സ്വഭാവം അന്നേ ഉണ്ടായിരുന്നു. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ഗുരുവിന്റെ മുമ്പിൽ ഉന്നയിക്കുവാനായി മാറ്റിവക്കുകയാണ് പതിവ്. എന്നിട്ടും ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങൾ അസ്വസ്ഥമായിരുന്ന ആ അന്വേഷകന്റെ മനസ്സ് ആയുഷ്ക്കാലം മുഴുവൻ പേറി നടന്നിരുന്നു.

അക്കാലങ്ങളിൽ ആരാധനയുടെ ഏത് രൂപങ്ങളും സുറിയാനി ഭാഷയിൽ മാത്രമാണ് നടത്തപ്പെട്ടിരുന്നത്. തന്മൂലം സുറിയാനി ഭാഷാജ്ഞാനം ഒരു വൈദികന് അപരിത്യാജ്യമായിരുന്നു. ആ നിലയിൽ കുഞ്ഞുകുഞ്ഞു സുറിയാനി ഭാഷയുടെ ആദ്യാക്ഷരങ്ങൾ തന്റെ പിതൃവ്യനിൽനിന്ന് പരിശീലിച്ചു. സുറിയാനി കൂട്ടിവായിക്കുവാനും പതുക്കെ പതുക്കെ ചൊല്ലുവാനും ആ ബാലൻ വശമാക്കി. ആ തലമുറയിൽ അച്ചടിച്ച സുറിയാനി ഗ്രന്ഥങ്ങൾ പ്രചരിച്ചുതുടങ്ങിയിരുന്നുവെങ്കിലും കൈയെഴുത്തു ഗ്രന്ഥങ്ങൾ സ്വയം എഴുതി ഉപയോഗിക്കുന്ന പഴയ പതിവ് ഉത്തമമെന്ന് പരിഗണിക്കപ്പെട്ടിരുന്നു. മാർ ശർബീൽ ദയറായിൽ കൈയ്യെഴുത്തു പുസ്തകങ്ങളെപ്പോലെ അച്ചടിഗ്രന്ഥങ്ങളും ലഭ്യമായിരുന്നു. പുതിയ ഭാഷ കൂട്ടിവായിക്കാനറിയാമെന്ന് വന്നപ്പോൾ അച്ചടി പുസ്തകങ്ങൾ എന്നപോലെ കൈയെഴുത്തു സുറിയാനി ഗ്രന്ഥങ്ങളും അദ്ദേഹം വായിക്കാൻ പരിശീലിച്ചു. ശ്ഹീമാ, പെങ്കീസാ തുടങ്ങിയ നമസ്ക്കാരങ്ങളും നോമ്പിലെയും ഹാശാ ആഴ്ചയിലേയും നമസ്ക്കാരങ്ങളും ആണ്ടുതക്സാ, കൂദാശക്രമങ്ങൾ തുടങ്ങിയവയും പിതൃവ്യനിൽ നിന്നാണ് അഭ്യസിച്ചതെന്ന് കഥാപുരുഷൻ പില്ക്കാലത്ത് ആത്മകഥാപരമായ ലേഖനങ്ങളിൽ എഴുതിയിട്ടുണ്ട്. സുറിയാനി വ്യാകരണത്തിന്റെ ആദ്യപാഠങ്ങളും അക്കാലത്ത് അദ്ദേഹം പഠിച്ചു. മാർ ശർബീൽ ദയറായുമായി വന്നു ചേർന്ന ബന്ധവും പിതൃവ്യന്റെ സാമിപ്യവും ഇപ്രകാരം പ്രയോജനപ്പെടുത്തുവാൻ കഥാപുരുഷന് കഴിഞ്ഞു. ശർബീൽ ദയറായിൽ കഥാപുരുഷനൊടൊപ്പം പറയകുളം





യാക്കോബും മാടപ്പാട്ട് യാക്കോബും കൂട്ടുങ്ങൽ അച്ചന്റെ ശിഷ്യരായിട്ടുണ്ടായിരുന്നു. (ഇവർ മൂന്നുപേരും ഭാവിയിൽ മലങ്കര സഭയുടെ രണ്ടു കക്ഷികളിലായിട്ടാണെങ്കിലും മെത്രാപ്പോലീത്തമാരായിത്തീർന്നു.) അഞ്ചെട്ടു വർഷക്കാലം ശർബീൽ ദയറായിൽ ബന്ധപ്പെട്ടിട്ടുള്ളതിന്റെ ഓർമ്മകളും അനുഭവങ്ങളും കഥാപുരുഷൻ അന്ത്യംവരെയും വിലമതിച്ചിരുന്നു.

അഞ്ചുകൊല്ലത്തെ പ്രൈമറി വിദ്യാഭ്യാസത്തിന് ശേഷം 1930ൽ കുഞ്ഞുകുഞ്ഞ് പുതുപ്പള്ളി സ്ക്കൂളിൽ ചേർന്നു. പുതുപ്പള്ളിയിലെ വാകത്താനം മിഡിൽ സ്ക്കൂളിൽ യോഹന്നാൻ സമർത്ഥനായ വിദ്യാർത്ഥിയെന്ന് അറിയപ്പെട്ടു. ഉത്തമമായ ഗ്രഹണശേഷി, മാതൃകാപരമായ സ്വാഭാവസിദ്ധികൾ ഉള്ളവൻ, കൂട്ടുകാർക്കു പ്രിയങ്കരൻ, അധ്യാപകർക്കു വാത്സല്യഭാജനം എന്നൊക്കെ കഥാപുരുഷന്റെ ബാല്യകാല സുഹൃത്തുക്കൾ പില്ക്കാലത്ത് അനുസ്മരിക്കുന്നത് കേൾക്കാനിടയായിട്ടുണ്ട്.

അക്കൊല്ലം ഏറികാട്ട് കൂട്ടുങ്ങൽ കെ.വി. ഗീവർഗീസ് കശ്ശീശാ റമ്പാൻ സ്ഥാനം സ്വീകരിച്ചു. മീഖായേൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ് സന്യാസവസ്ത്രങ്ങൾ നൽകുന്ന ആ ശുശ്രൂഷ നിർവ്വഹിച്ചത്. തന്റെ ഗുരുനാഥന്റെ വേഷഭൂഷകളിൽ സംഭവിച്ച മാറ്റങ്ങൾ കുഞ്ഞുകുഞ്ഞിന്റെ മനസ്സിൽ അല്പം സംഭ്രമം ജനിപ്പിച്ചു. ക്രമേണ സംഭ്രമത്തിന്റെ സ്ഥാനത്ത് ആദരവ് സ്ഥാനം പിടിച്ചു. അക്കാലം മുതൽ മദ്ബഹായിലെ ശുശ്രൂഷകൻ എന്ന നിലയിൽ കുഞ്ഞുകുഞ്ഞ് റമ്പാച്ചന്റെ കണ്ണിലുണ്ണിയായി. മിക്കവാറും നമസ്ക്കാരസമയങ്ങളിൽ കുഞ്ഞുകുഞ്ഞ് ദയറായിൽ ഹാജരാകും. തീരെ ചെറുപ്പത്തിൽത്തന്നെ ഒരാശ്രമവാസിയുടെ ശാന്തതയും, വിനോദഭാഷണങ്ങളോടും മറ്റുമുള്ള അനാസക്തിയും അദ്ദേഹത്തിൽ പ്രകടമായിരുന്നതിന്ന് ഈ ദയറയുമായുള്ള സമ്പർക്കം വളരെയേറെ സഹായകമായിരുന്നിട്ടുണ്ട്. ഗീവർഗീസ് റമ്പാച്ചൻ കാഴ്ചയിലും പ്രകൃതിയിലും അല്പം 'പരുക്കൻ' ആയിരുന്നു. ഏറെ സംസാരിക്കുന്ന ശീലക്കാരൻ ആയിരുന്നില്ല. ആ സ്വഭാവങ്ങൾ ഒട്ടുമിക്കതും സഹവാസം കൊണ്ട് ശിഷ്യനിലേക്കു പ്രത്യേകയത്നം കൂടാതെ സംക്രമിച്ചു. ശിഷ്യന്റെ ജിജ്ഞാസയിൽ ഗുരു എന്നും സന്തുഷ്ടനായിരുന്നു. അധ്യയന വിഷയങ്ങൾ ഏകാന്തതയിൽ ഉരുവിട്ടും ധ്യാനവിഷയമാക്കിയും ക്രിയാനുഷ്ഠാനംകൊണ്ട് ദൃഢപ്പെടുത്തിയും സ്വായത്തമാക്കി ഉപരിവിജ്ഞാനത്തിനായി കാതോർക്കുന്ന ശിഷ്യൻ വിദ്യ പകർന്നുവയ്ക്കാവുന്ന 'സൽപാത്ര' മാണെന്ന് ഗുരുവിന് ആവർത്തിച്ചു ബോധ്യപ്പെട്ടിരുന്നു. മനസ്സിന്റെ വാതായനങ്ങൾ തുറന്നിടുവാനും അറിവുകളെ സ്വാഗതം ചെയ്യുവാനും, ലഭിച്ച അറിവിനെ സ്വാംശീകരിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ പൂർവ്വാർജ്ജിത വിജ്ഞാന സീമകളെ സമ്പന്നമാക്കുവാനും ആവശ്യമെങ്കിൽ തിരുത്തുവാനും ശിഷ്യൻ നടത്തുന്ന ശ്രമങ്ങളെ ഗുരു സ്നേഹപൂർവ്വം പ്രോത്സാഹിപ്പിച്ചു. ശിഷ്യന്മാർ ഏറെയുണ്ടെങ്കിലും അവരാരും ഈ തലത്തിലേക്ക് ഉയരാറില്ലായിരുന്നു. പള്ളിക്രമങ്ങൾ പരിചയിക്കുക, ഒരു വൈദികന്റെ കർമ്മാനുഷ്ഠാനങ്ങൾക്കാവശ്യമായ പരിശീലനം നേടുക – ഇത്രയൊക്കെയേ സാധാരണ വൈദിക വിദ്യാർത്ഥികൾ ലക്ഷ്യം വയ്ക്കുക പതിവുള്ളൂ. യോഹന്നാനാകട്ടെ, അവയിലൊക്കെ താല്പര്യം പ്രദർശിപ്പിക്കുമ്പോൾ തന്നെ, എങ്ങനെ? എന്തുകൊണ്ട്? എന്നീ ചോദ്യങ്ങൾ കൊണ്ട് അറിവിന്റെ മേഖലകളെ വിശാല തരമാക്കുവാനും ആഴപ്പെടുത്തുവാനും ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു.

1932 – കഥാപുരുഷന് അന്ന് പന്ത്രണ്ട് വയസ്സ്. അക്കൊല്ലത്തെ പ്രധാന സംഭവമായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്, പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ നിര്യാണമാണ്. 1917ൽ പാത്രിയർക്കാ സ്ഥാനം പ്രാപിച്ച ഇദ്ദേഹം 1931ൽ മലങ്കര സന്ദർശിച്ചപ്പോൾ സഭയിൽ ശാശ്വത സമാധാനം ഉണ്ടാകുമെന്ന് അനേകരും പ്രതീക്ഷിച്ചിരുന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ മുടക്കു തീർക്കുവാനും കോതമംഗലത്തു കബറടങ്ങിയ യൽദൊ ബസ്സേലിയോസ് മഫ്രിയാനയെ പാത്രിയർക്കീസ് ഭാഗത്തുള്ള മെത്രാപ്പോലീത്തമാരുടെ ഏകകണ്ഠമായ അഭ്യർത്ഥനയെത്തുടർന്ന് പരിശുദ്ധൻ എന്ന് ഔപചാരികമായ പ്രഖ്യാപനം നടത്തുവാനുമാണ് അദ്ദേഹം വരുന്നതെന്ന് ഏറെ വാർത്താ പ്രാധാന്യത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതനുസരിച്ച് 1931 ഒക്ടോബർ 2,3 തിയ്യതികളിലെ പെരുന്നാളിന് പാത്രിയർക്കീസ്, മെത്രാപ്പോലീത്തമാരോടൊപ്പം കോതമംഗലത്തു വന്ന് ചേർന്നുവെങ്കിലും അനേകർ പ്രതീക്ഷിച്ചത് പോലെയുള്ള പ്രഖ്യാപനം അദ്ദേഹം നടത്തിയില്ല. വട്ടശ്ശേരിൽ മെത്രാപ്പോലിത്തായുടെ മുടക്കു തീർത്തതിനെപ്പറ്റി അക്കാലങ്ങളിൽ പാത്രിയർക്കീസ് ഭാഗത്തെ സുറിയാനി മല്പാൻ ആയിരുന്ന ഫാ. ഡോ. വി.സി. ശാമുവേൽ നടത്തുന്ന നിരീക്ഷണം ഉദ്ധരിക്കുകയാണ്. "...... ഈ വിഷമസന്ധിയിൽ സഭയെ സഹായിക്കുവാൻ, റോമൻ കത്തോലിക്കാസഭയൊഴികെ, പല വ്യക്തികളും ശക്തികളും മുതിർന്നിരുന്നു. ആ കൂട്ടത്തിൽ ഇന്ത്യാ വൈസ്രോയി ഇർവിൻ പ്രഭു ചെയ്ത ശ്രമഫലമായിട്ടാണ് പാത്രിയർക്കീസ് കേരളത്തിൽ ആഗതനായത്. അദ്ദേഹത്തിന്റെ പ്ലാൻ ആംഗ്ലിക്കൻ സഭയിൽ പേരുകേട്ട പണ്ഡിതന്മാരായി ഹൈ ചർച്ച് വിഭാഗത്തിൽപ്പെട്ട ബിഷപ്പ് ഗോറിനെപ്പോലെയുള്ള മഹാത്മാക്കളുടെ മധ്യസ്ഥതയിൽ മലങ്കര സഭാകാര്യങ്ങൾ പറഞ്ഞു തീർക്കുക എന്നതായിരുന്നു. എന്നാൽ പാത്രിയർക്കീസും കൂടെയുണ്ടായിരുന്ന ക്ലിമ്മീസ് ബിഷപ്പും അതിന് വഴിപ്പെടാതെ നേരെ കേരളത്തിലേക്കു യാത്രതിരിച്ചു.

അവരും പരിവാരവും ആലുവായിലെത്തി. അവിടത്തെ സെമിനാരിയിൽ സസന്തോഷം വിശ്രമിച്ചുവരവേ അധികം വൈകാതെ അബ്ദുള്ള പാത്രിയർക്കീസ് മാർ ദീവന്നാസ്യോസിന്റെ നേരെ പ്രയോഗിച്ച മുടക്കു പിൻവലിച്ചു. ഇത് സഭയിൽ സമാധാന കാംക്ഷികളായിരുന്നവരെ സംതൃപ്തരാക്കി. എന്നാൽ മലങ്കര സഭയിൽ സ്ഥാപിതമായിരുന്ന കാതോലിക്കേറ്റിനെപ്പറ്റി അദ്ദേഹം പരിപൂർണ്ണ മൗനം അവലംബിക്കുകയാണ് ചെയ്തത്. മാർ ദീവന്നാസ്യോസ് ആറാമന്റെ മുടക്കുതീർത്ത് കാതോലിക്കേറ്റിനെ അംഗീകരിക്കാതെ മലങ്കര സഭയുടെ പ്രശ്നം പരിഹരിക്കുന്നതിന് സാധ്യമായിരുന്നില്ല. അത് അദ്ദേഹം മനസ്സിലാക്കിയില്ല.

മാർ ദീവന്നാസ്യോസിന്റെ മുടക്ക് അസ്ഥിരപ്പെടുത്തിയതുമൂലം സഭയിൽ സമാധാനമുണ്ടാകുമെന്നായിരിക്കാം പാത്രിയർക്കീസിന്റെ കണക്കുകൂട്ടൽ. എന്നാൽ കാതോലിക്കാ സ്ഥാനം മെത്രാപ്പോലീത്തായുടെ പ്ലാനിൽ പെട്ടിരുന്നതാണ്. ഇതു മനസ്സിലാക്കിയശേഷം അതിനെ തകർക്കുവാൻ വേണ്ട ഒത്താശകൾ പാത്രിയർക്കീസ് ചെയ്തു. കുറുപ്പംപടി പള്ളിയിൽ വെച്ച് മാർ ദീവന്നാസ്യോസിനെയും കൂടെയുള്ളവരെയും ഒരു പുതിയ രീതിയിൽ സഭയിൽനിന്ന് നിഷ്കാസിതരാക്കുക എന്നതായിരുന്നു തന്ത്രം. അതിന് വേണ്ടിയുള്ള നോട്ടീസ് മെത്രാപ്പോലീത്തായ്ക്ക് രണ്ടു ദിവസങ്ങൾക്കു മുമ്പയച്ചു. പാത്രിയർക്കീസ് കക്ഷിയിലുള്ള മെത്രാപ്പോ





ലീത്താമാരുടെയും സഭാതലവന്റെയും സന്നിധിയിൽവച്ച് അദ്ദേഹത്തെ വിസ്തരിച്ച് വീണ്ടും മുടക്കുകയായിരുന്നു പ്ലാൻ. അങ്ങനെ മുടക്കുവാനാണ് ഉദ്ദേശ്യമെങ്കിൽ, നിയമപരമായി സാധൂകരിക്കാവുന്ന നടപടികൾ കൈക്കൊള്ളേണമെന്ന് പറഞ്ഞുകൊണ്ട് മെത്രാപ്പോലീത്താ സ്ഥലം വിട്ടു. ഇങ്ങനെ പാത്രിയാർക്കീസിന്റെ ആ പ്ലാൻ അലസിപ്പോയി" (റവ. ഡോ. വി.സി. ശാമുവേൽ, സ്വാനുഭവ വേദിയിൽ. പു. 16,17)

ഒരു സഭയുടെ സ്വപ്നങ്ങളും പ്രതീക്ഷകളും തകർത്ത സഭാതലവൻ ഹൃദ്രോഗബാധമൂലം മൃതിയടഞ്ഞു. 1932 ഫെബ്രുവരി 13ന് മഞ്ഞനിക്കരയിൽ കബറടക്കി. ആതിഥേയ സഭയുടെ മലങ്കര മെത്രാപ്പോലീത്താ, ഹൂദായ കാനോൻ നിയമമനുസരിച്ച് പാത്രിയർക്കീസിന്റെ ഭൗതിക ശരീരം കോട്ടയം പഴയ സെമിനാരിയിൽ സംസ്ക്കരിക്കുവാൻ അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരാകരിക്കപ്പെട്ടു. (പാത്രിയർക്കീസിന്റെ ഭൗതിക ശരീരം സംസ്ക്കരിക്കുന്നതിനെപ്പറ്റിയുള്ള കാനോൻ നിയമങ്ങൾ പ്രായോഗികമാക്കാൻ യത്നിച്ച മലങ്കര മെത്രാപ്പോലീത്താ അതേ കാനോൻ നിയമം ബാധകമാക്കേണ്ടുന്ന രണ്ടു കാതോലിക്കാമാരുടെ നിര്യാണം സ്വന്തം കക്ഷിയിൽ സംഭവിച്ചപ്പോൾ എന്തുകൊണ്ട് മൗനം അവലംബിച്ചു എന്നത് ഈ ലേഖകന് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമാണ്.)

ഗീവർഗ്ഗീസ് റമ്പാച്ചനിൽനിന്ന് സമകാല സഭാ സംഭവ വികാസങ്ങളെപ്പറ്റി അപ്പപ്പോൾ അറിഞ്ഞിരുന്ന കുഞ്ഞുകുഞ്ഞു കാര്യങ്ങളെ വിശദമായി വിശകലനം ചെയ്യുവാൻ അന്ന് ശക്തനായിരുന്നില്ല. എങ്കിലും സഭയുടെ തേങ്ങലും ദീർഘനിശ്വാസങ്ങളും ആ ബാലൻ ശ്രദ്ധിച്ചിരുന്നുവെന്ന് തീർച്ച. അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്തായും പില്ക്കാലത്ത് യാക്കോബ് തൃതീയൻ പാത്രിയാർക്കീസായിത്തീർന്ന അബ്ദുൽ ആഹാദ് റമ്പാനും മഞ്ഞനിക്കര ദയറായിലുണ്ടായിരുന്നതിനാൽ അവിടം പാത്രിയർക്കീസ് വിഭാഗത്തിന്റെ വൈദിക വിദ്യാഭ്യാസ കേന്ദ്രമായിത്തീർന്നു. മാർ ശർബീൽ ദയറായിൽ കഥാപുരുഷന്റെ കൂട്ടുകാരായിരുന്ന മാടപ്പാട്ട് യാക്കോബും പറയകുളത്തിൽ യാക്കോബും ശെമ്മാശപട്ടം ഏറ്റ് മഞ്ഞനിക്കര ദയറായിൽ അഭ്യസനം തുടങ്ങി. തുടർന്ന് ഏതാനും വർഷങ്ങളിൽ ഹാശാ ആഴ്ചകളിലെ ശുശ്രൂഷകളിൽ മഞ്ഞനിക്കര ദയറായിലും ശർബീൽ ദയറായിലും മാറിമാറി പങ്കെടുത്തതായി കഥാപുരുഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. 1934ൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി കഥാപുരുഷൻ പുതുപ്പള്ളി ഹൈസ്ക്കൂളിൽ ചേർന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തോടെ കുഞ്ഞുകുഞ്ഞിന്റെ ഔപചാരിക വിദ്യാഭ്യാസം അവസാനിച്ചുവെങ്കിലും അതിനോടകം മലയാള ഭാഷയിൽ അഗാധമായ വിജ്ഞാനവും ഇംഗ്ലീഷിൽ സാമാന്യ പരിചയവും നേടാൻ കുഞ്ഞുകുഞ്ഞിന് കഴിഞ്ഞിരുന്നു. ഇംഗ്ലീഷിൽ പ്രസംഗിക്കാറില്ലെങ്കിലും ഇംഗ്ലീഷിൽ പ്രസംഗക്കുറിപ്പുകൾ തയാറാക്കുവാനും ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചു ഗ്രഹിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അക്കൊല്ലത്തെ പ്രധാന സംഭവമായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ നിര്യാണമാണ്. കേവലം പതിനാലു വയസ്സുള്ള ആ ബാലന് വട്ടശ്ശേരിൽ തിരുമേനിയോട് ഏറെ ആദരവുണ്ടായിരുന്നു. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാസ്ഥാനാരോഹണം, ഏലിയാസ് തൃതീയൻ ബാവായുടെ ഭൗതികാവശിഷ്ടം കോട്ടയം സെമിനാരിയിൽ സംസ്ക്കരിക്കുവാൻ അദ്ദേഹം നടത്തിയ വിഫലശ്രമം, ഗുരുവിൽനിന്ന് കേട്ട ചില സംഭവകഥകളിലെ ശിഥില ചിത്രങ്ങൾ – ഇവ

യൊക്കെ ആ ബാലന്റെ മനസ്സിൽ വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി ഒരു വീരപുരുഷന്റെ പരിവേഷമുള്ള ചിത്രം രചിക്കുവാൻ പര്യാപ്തമായിരുന്നു. ഈ ആദരം മനസ്സിൽ സൂക്ഷിച്ച അദ്ദേഹം നാല്പതു കൊല്ലത്തിനു ശേഷവും വട്ടശ്ശേരിൽ മെത്രാപ്പോലീത്തായെ അനുസ്മരിച്ചുകൊണ്ടെഴുതിയത് ഇപ്രകാരമാണ്.

"കക്ഷിഭിന്നതകൾ ഉണ്ടായിരുന്നതുകൊണ്ട് വളരെയേറെ തെറ്റിദ്ധരിപ്പിക്കപ്പെട്ട വ്യക്തിയായിരുന്നു ഗീവർഗീസ് മാർ ദീവന്നാസ്യോസ്. ഭിന്നതകൾ ഉണ്ടെങ്കിലും അവിടുന്ന് നിരാശനാകാതെയും തത്വങ്ങളെ ബലികഴിക്കാതെയും അചഞ്ചലനായി സഭാനൗകയെ നയിച്ചു. സ്വന്തപക്ഷത്തുള്ളവരോടെന്നവിധം പ്രതിപക്ഷത്തുള്ളവരോടും ബഹുമാനപൂർവ്വം പെരുമാറത്തക്കവണ്ണം അദ്ദേഹം വിശാലഹൃദയനായിരുന്നു. അദ്ദേഹത്തോടുള്ള സമ്പർക്കത്തിന്ന് അവസരം കിട്ടാതിരുന്നവർക്ക് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെയും വിശ്വാസ തീക്ഷ്ണതയെയും ഗ്രഹിക്കുവാൻ സാധിച്ചിരിക്കുകയില്ല. ചില വിപരീത സാഹചര്യത്തിൽ മരണത്തിന്റെ വക്കോളം ചെന്ന് ചേരാൻ ഇടയായിട്ടുണ്ടെങ്കിലും ധൈര്യത്തിന്നോ സ്ഥൈര്യത്തിന്നോ യാതൊരു കോട്ടവും നേരിടാതെ ദൈവത്തിൽ അടിയുറച്ചുനിന്ന് പ്രവർത്തിച്ചു....." (കൊച്ചി ഭദ്രാസന ഡയറക്ടറി 1972 – പുറ. 15).

1935ൽ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ സഭാ സമാധാനത്തെ മുൻനിർത്തി ശീമയാത്ര ചെയ്ത കാര്യം കഥാപുരുഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാഭിന്നത ഇക്കാലത്ത് അദ്ദേഹത്തെ കൂടുതലായി മഥിച്ചിരുന്നുവോ എന്ന് കരുതണം. തന്റെ ഭാവി പദ്ധതികളെപ്പറ്റി ഗൗരവമായി ചിന്തിച്ചതുകൊണ്ടാകണം സഭയിലെ കക്ഷിവഴക്കുകൾ അദ്ദേഹത്തെ കൂടുതൽ ക്ലേശിപ്പിച്ചത്. വിഭക്ത സഭയിൽ പട്ടം ഏൽക്കുവാൻ അദ്ദേഹത്തിന് തൃപ്തിയില്ലായിരുന്നു. സമാധാനത്തിന് വേണ്ടിയുള്ള ചെറിയ യത്നങ്ങളെപ്പോലും കഥാപുരുഷൻ ശ്രദ്ധിച്ചിരുന്നു. തന്മൂലമാകാം തന്റെ ആരാധനാമൂർത്തിയായ ഗീവർഗീസ് ദ്വിതീയൻ ബാവാ മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട സംഭവം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ, രേഖപ്പെടുത്തുവാൻ മാത്രം ഗൗരവമില്ലാത്ത സംഗതിയായതും ശീമയാത്ര രേഖപ്പെടുത്തുവാൻ മാത്രം ഗൗരവമുള്ള സംഭവമായതും.

ഡയറിയിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഇക്കാലത്ത് കഥാപുരുഷന്റെ ഹൃദയത്തെ ആഴത്തിൽ ദുഃഖിപ്പിച്ച ഒരു സംഭവത്തെപ്പറ്റി കഥാപുരുഷൻ ഇതുഴുതുന്ന ആളിനോടു പലവട്ടം പറയുമായിരുന്നു. ബഥനി മെതാച്ചന്റെ സഭാഭ്രംശമാണ് ആ സംഭവം. കഥാപുരുഷന്റെ ബാല്യകാലത്ത് വളരെ ആദരം പിടിച്ചുപറ്റിയ മഹാവ്യക്തിത്വത്തിന്റെ ഉടമയാണ് ബഥനി ആശ്രമത്തിന്റെ സ്ഥാപകൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ. അച്ചടക്ക രഹിതമായും ഭക്തിവിരുദ്ധമായും ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്ന സഭാജനങ്ങളെ ഭക്തിയുടെയും അച്ചടക്കത്തിന്റെയും മാർഗ്ഗത്തിൽ നയിച്ച് സഭയുടെ തെക്കൻ പ്രദേശങ്ങളെ ഇന്നു കാണുന്ന ഉയർച്ചയിലേക്കു നയിച്ചതിന്റെ പ്രധാന ബഹുമതിക്കർഹൻ ബഥനി മെത്രാച്ചനായിരുന്നുവെന്ന് കഥാപുരുഷൻ ദൃഢമായി വിശ്വസിച്ചിരുന്നു. റീത്തുപ്രസ്ഥാനം അതിന്റെ ഊർജ്ജസ്വലമായ നേതൃത്വത്തിൻ കീഴിൽ വളർന്ന് വികാസം പ്രാപിക്കുന്നത് മലങ്കര സഭക്കു മാതൃകയും പാഠവും ആകേണ്ടതുണ്ടെന്ന് കഥാപുരുഷൻ ആജീവനാന്തം അനുസ്മരിക്കുമായിരുന്നു. ചിന്തിക്കുന്നവരും വിദ്യാസമ്പന്നരും പ്രഗത്ഭരും ആയ





മഹാപ്രതിഭകളെ അംഗീകരിക്കുവാനോ അർഹമായ സ്ഥാനങ്ങളിൽ അവരോധിക്കുവാനോ മലങ്കര സഭയുടെ അന്നത്തെ നേതൃത്വം തയാറായിരുന്നെങ്കിൽ മാർ ഈവാനിയോസിന്റെ സഭാഭ്രംശം സംഭവിക്കുകയില്ലായിരുന്നുവെന്ന് അനേകരോടൊപ്പം അദ്ദേഹവും വിശ്വസിച്ചിരുന്നു. സഭാനേതൃത്വത്തിലേക്ക് എല്ലാവരേയും തള്ളിമാറ്റി മുന്നിട്ടുവന്നിരുന്ന കർമ്മധീരനാണ് മാർ ഈവാനിയോസ് എന്ന് ചിന്തിക്കുകയും അദ്ദേഹത്തിൽ ഭാവി സഭാസാരഥിയെ കാണുകയും ചെയ്തവരാണ് മലങ്കര സഭയിലെ ചിന്താധന്യരായ ആളുകൾ. എന്നാൽ നിർഭയനും ധീരനും കർമ്മകുശലനുമായ അദ്ദേഹം സഭാനേതൃത്വത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ തങ്ങളുടെ തേജസ്സിനും സ്ഥാനമാനങ്ങൾക്കും ഇടിവുതട്ടിയേക്കുമോ എന്ന് അന്നത്തെ സീനിയർ പിതാക്കന്മാർ സംശയിച്ചിരുന്നുവോ ആവോ? പില്ക്കാലത്തും ആഗോളപ്രശസ്തരായ ചില മഹാവ്യക്തിത്വങ്ങളെ നേതൃനിരയിലേക്ക് മലങ്കര അസോസിയേഷനിലെ അവൈദികരും വൈദികരും തെരഞ്ഞെടുത്തപ്പോൾ ആയതിന് അംഗീകാരം നൽകാതിരുന്ന മേൽപ്പട്ടക്കാരുടെ സംഘടിതമായ തീരുമാനം നമുക്കു മറക്കുവാൻ സമയമായിട്ടില്ല. ചോദ്യം ചെയ്യാത്തവരും അടങ്ങി ഒതുങ്ങിക്കഴിയുന്നവരും വിധേയരുമായ ആജ്ഞാനുവർത്തികളെ നേതൃനിരയിലേക്കു കൊണ്ടുവരുവാൻ സഭാനേതൃത്വം നടത്തുന്ന ശ്രമങ്ങളുടെ ബലിയാടായിരുന്നു ബഥനി മെത്രാച്ചൻ എന്ന നിരീക്ഷണം കഥാപുരുഷനിൽ ഉളവാക്കിയ വേദന ചെറുതായിരുന്നില്ല. ശേഷം സഭാനേതാക്കന്മാരെപ്പോലെ കഥാപുരുഷൻ ഒരിക്കലും റീത്തുപ്രസ്ഥാനത്തെ പുച്ഛിച്ചിരുന്നില്ല. അപ്രഗത്ഭമായ കൈകൾ സഭാനൗകയെ നയിക്കുകയും സഭയുടെ പരിഗണനാവിഷയങ്ങളുടെ മുൻഗണനാക്രമം ബുദ്ധിയുള്ളവർക്കു യോജിക്കാനാവാത്തവിധം വ്യത്യാസപ്പെടുകയും ചെയ്യുമ്പോൾ അഭിമാനികൾക്കുമുമ്പിൽ തുറന്ന് കിടക്കുന്ന ഏകമാർഗ്ഗമാണ് സഭാഭ്രംശമെന്ന് അദ്ദേഹം ചിന്തിച്ചിരുന്നതായി പലപ്പോഴും തോന്നിയിട്ടുണ്ട്.

1938ൽ കഥാപുരുഷൻ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. അക്കൊല്ലം മഞ്ഞനിക്കര ദയറായിൽ ഹാശാശുശ്രൂഷകളിൽ സംബന്ധിച്ചു. മാതൃതാവഴിയിൽ ബന്ധുവായിരുന്ന മാടപ്പാട്ടു യാക്കോബ് ശെമ്മാശനും തന്റെ സഹപാഠിയും സുഹൃത്തും അയൽക്കാരനുമായ പറയകുളം യാക്കോബ് ശെമ്മാശനും അക്കാലങ്ങളിൽ മഞ്ഞനിക്കര ദയറായിൽ വൈദിക വിദ്യാഭ്യാസം നടത്തിയിരുന്നു. അബ്ദുൾ ആഹാദ് റമ്പാനും ഫാ. വി.സി. ശാമുവേലും അന്ന് മഞ്ഞനിക്കരയിലെ വൈദിക വിദ്യാർത്ഥികളുടെ സുറിയാനി മല്പാന്മാരായിരുന്നു. (മഞ്ഞനിക്കര ദയറായെപ്പറ്റി അദ്ദേഹത്തിന്റെ പിൽക്കാല ഡയറിക്കുറിപ്പുകളിൽ പരാമർശമൊന്നും കാണുന്നില്ല. മഞ്ഞനിക്കര ദയറായിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന മാടപ്പാട്ട് യാക്കോബ് റമ്പാച്ചനോട് അദ്ദേഹത്തിന് ആജീവനാന്തം ആദരവുണ്ടായിരുന്നു. 1966ൽ മെത്രാപ്പോലീത്ത ആയി കൊച്ചി ഭദ്രാസന ഭരണം കൈയേറ്റ സമയത്ത് ഭദ്രാസനത്തിലെ വൈദികരുടെ എണ്ണം വളരെ കുറവായിരുന്ന പരിതഃസ്ഥിതിയിൽ ഏതാനും പേരെ തെരഞ്ഞെടുത്ത് അവർക്ക് ഹ്രസ്വകാല വൈദിക പരിശീലനം കൊടുക്കേണ്ടി വന്നപ്പോൾ അവരിൽ പലരെയും മഞ്ഞനിക്കര ദയറായിലേക്കാണ് അദ്ദേഹം അയച്ചത്. കോട്ടയത്തെ വൈദിക സെമിനാരി പ്രവേശനത്തിന് അവശ്യം വേണ്ടിയ യോഗ്യതയില്ലാത്തതുമൂലമാണ് അവരെ മാടപ്പാട്ട് റമ്പാച്ചന്റെ ശിക്ഷണത്തിൽ വൈദിക പരിശീലനത്തിന്നയച്ചിരുന്നത്. എന്നാൽ എഴു

പതുകളിൽ അവിടെ താമസിച്ചിരുന്ന അപ്രേം ആബൂദി റമ്പാച്ചൻ (പിന്നീട് അപ്രേം മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത) മാതൃകാപരമല്ലാത്ത കുറെ അനുഭവങ്ങൾ വൈദിക വിദ്യാർത്ഥികൾക്കു സമ്മാനിച്ചതോടെ, ശെമ്മാശന്മാരെ അങ്ങോട്ടയക്കുന്ന പതിവ് നിർത്തലാക്കുകയാണുണ്ടായത്.)

ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോഴേക്കും കുഞ്ഞുകുഞ്ഞ് വൈദികനാവാൻ മാത്രമല്ല പാരമ്പര്യവിധി പ്രകാരം ഒരു നല്ല കർഷകനാവാനും ആവശ്യമായ പരിശീലനം നേടിക്കഴിഞ്ഞിരുന്നു. ഒഴിവുസമയങ്ങളിൽ തെങ്ങിൻതോപ്പിൽ കൈക്കോട്ടും കിളയുമായി കഴിയുന്നതിൽ ആ യുവാവ് ആഹ്ലാദം കണ്ടെത്തി. തെങ്ങുകൃഷി ആദായകരമാക്കാൻ ആവശ്യമായ എല്ലാ പ്രായോഗിക വിജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ വിജ്ഞാനം പിന്നീട് മെത്രപ്പോലിത്ത ആയപ്പോൾ അദ്ദേഹത്തിന് വളരെ പ്രയോജനപ്പെട്ടു. ഏക്കറുകളോളം വിസ്തൃതമായ കൊരട്ടി സീയോൻ സെമിനാരി പുരയിടത്തെ ഇന്ന് കാണുംവിധം ആദായകരമായ തെങ്ങിൻതോപ്പാക്കിയതിന്റെ പിന്നിൽ അദ്ദേഹത്തിലെ കർഷകനെ കാണാം. കൊരട്ടി സീയോൻ സെമിനാരിയിൽ ചുമതലയേറ്റ ആദ്യവർഷങ്ങളിൽ പ്രതിദിനം നാലു മണിക്കൂറിൽ കുറയാതെ പുരയിടത്തിൽ കിളയ്ക്കുക അദ്ദേഹത്തിന്റെ ഇഷ്ടവിനോദമായിരുന്നു. ഇതെഴുതുന്ന ആൾ ഒരു വെക്കേഷനിൽ കൊരട്ടിയിൽ താമസിച്ച് വൈദിക പരിശീലനം നേടിയ കാലത്ത് കൂടെയുണ്ടായിരുന്ന നാലഞ്ചു ശെമ്മാശ്ശന്മാരുടെ ഒരു ചുമതല, തെങ്ങിൻ തൈകൾക്ക് വെള്ളമൊഴിക്കൽ ആയിരുന്നു. പില്ക്കാലത്ത് ഏതെങ്കിലും പള്ളി സന്ദർശിക്കുമ്പോഴും പള്ളിപ്പറമ്പിൽ സ്ഥലമുള്ളിടത്തോളം തെങ്ങിൻ തൈ കൃഷി ചെയ്യുവാൻ അദ്ദേഹം ഉപദേശിക്കുമായിരുന്നു.

കൃഷിയിൽ അഭിരുചി ഉണ്ടെങ്കിലും തന്റെ വൈദിക വിളിയെപ്പറ്റി ആഴമേറിയ ബോധ്യം യോഹന്നാന് ഉണ്ടായിരുന്നു. ഗുരുവായ ഗീവർഗീസ് റമ്പാച്ചന്റെ ശിക്ഷണത്തിൽ ഒരു വൈദികന് ആവശ്യമായ പരിശീലനമൊക്കെ യൂഹാനോൻ നേടിയിരുന്നു. തന്റെ കൂട്ടുകാരായിരുന്ന രണ്ടു പേരും ഇതിനോടകം ശെമ്മാശന്മാരായിക്കഴിഞ്ഞിരുന്നു. എന്നാൽ യോഹന്നാന് ഒന്നുരണ്ടുകാരണങ്ങളാൽ ഉടനെ വൈദികവൃത്തിയിൽ പ്രവേശിക്കുവാൻ ഉദ്ദേശ്യമുണ്ടായിരുന്നില്ല. കുറെക്കൂടി ആഴത്തിൽ വൈദിക പരിശീലനം നേടണം എന്ന ആഗ്രഹമായിരുന്നു ഒന്നാമത്തെ കാരണം. ഒരു വൈദികൻ പഠിച്ചിരിക്കണമെന്ന് ഹൂദായ കാനോനിൽ നിർദ്ദേശിച്ച ഗ്രന്ഥങ്ങളുടെ ആഴവും പരപ്പും ആകണം യോഹന്നാനെ ഈ ചിന്തയിലേക്ക് നയിച്ചത്. സുറിയാനി വ്യാകരണം, കാനോൻ, വേദവ്യാഖ്യാനങ്ങൾ എന്നിവ അഭ്യസിക്കുവാൻ ആ യുവാവ് ആഗ്രഹിച്ചു. തൃക്കോതമംഗലത്ത് അതിനുള്ള സാഹചര്യമൊന്നുമില്ലായിരുന്നു.

സഭായോജിപ്പിന് അക്കാലത്ത് നടന്നിരുന്ന ശ്രമങ്ങൾ സമീപ ഭാവിയിൽ വിജയിക്കുമെന്നും അപ്രകാരം യോജിച്ച സഭയിൽ വൈദികനാകാം എന്നും ഉള്ള ചിന്തയായിരുന്നു രണ്ടാമത്തെ കാരണം. ഏതായാലും ശിഷ്യന്റെ ജ്ഞാനപിപാസ നല്ലവണ്ണം ഗ്രഹിച്ച ഗുരു ഒരു പോംവഴി നിർദ്ദേശിച്ചു, യോഹന്നാൻ മൂവാറ്റുപുഴയിലെത്തി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യത്വം സ്വീകരിക്കുക. ആ നിർദ്ദേശം യോഹന്നാന് സ്വീകാര്യമായി. തന്റെ ഗുരുവായ കെ.വി. ഗീവറുഗീസ്



തിരിയിൽ നിന്ന് കൊളുത്തിയ പന്തം

റമ്പാച്ചൻ ഏറെ താമസിയാതെ തിരുവിതാംകോട്ട് ജീർണ്ണിച്ചുകിടക്കുന്ന പുരാതന ദേവലയം ഉദ്ധരിക്കുവാൻ നിയോഗിക്കപ്പെട്ട വിവരം യോഹന്നാൻ മനസ്സിലാക്കിയിരുന്നു. തന്മൂലം ശർബീൽ ദയറായിലെ വൈദിക പരിശീലനം നിറുത്തേണ്ടത് ആവശ്യവുമായിരുന്നു. ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ ആണെങ്കിൽ സുറിയാനി ഭാഷാ വ്യുല്പത്തിയിലും ഓർത്തഡോക്സ് വേദശാസ്ത്രത്തിലും മലയാളം, സംസ്കൃതം എന്നീ ഭാഷകളിലും അസാമാന്യൻ ആയിരുന്നു. അദ്ദേഹത്തെപ്പോലെ സുറിയാനി ഭാഷാ പാണ്ഡിത്യം ഉള്ളവർ ഈ നൂറ്റാണ്ടിൽ ഭാരതത്തിലോ ശീമയിലെ സഭയിലോ ആരുമുണ്ടായിട്ടില്ലെന്ന് കഥാപുരുഷൻ ഈ ലേഖകനോടു പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. വളരെ വർഷങ്ങളോളം വൈദിക വിദ്യാർത്ഥിയായി ശീമയിലെ സഭയിലുള്ള പ്രാചീന ദയറാകളിൽ താമസിച്ച് അവിടത്തെ സുറിയാനി കൈയെഴുത്തു ഗ്രന്ഥങ്ങൾ വായിച്ച് പഠിക്കുവാൻ അദ്ദേഹത്തോളം അവസരം കിട്ടിയവരും കിട്ടിയ അവസരങ്ങൾ പ്രയോജനപ്പെടുത്തിയവരും വേറെ ആരുമുണ്ടെന്ന് തോന്നുന്നില്ല. മാത്രവുമല്ല, മലങ്കര സഭയിൽ തർക്കവിഷയമായിരുന്ന അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെ സ്ഥാനമാനങ്ങളെച്ചൊല്ലി സൂക്ഷ്മവും സത്യസന്ധവുമായ ദൃക്സാക്ഷി വിവരണം നൽകാൻ കഴിയുന്ന ഏക മലയാളിയും അദ്ദേഹമായിരുന്നു. സിറിയൻ ദയറാകളിലെ പ്രാചീന സുറിയാനി ഗ്രന്ഥങ്ങൾ സിറിയയിലെ വൈദിക വിദ്യാർത്ഥികൾക്കുപോലും ദുർഗ്രഹങ്ങളും ഒരു പക്ഷെ, അപ്രാപ്യങ്ങളുമായിരുന്നു. സിറിയൻ സഭയിലെ മാതൃഭാഷ അറബി ആയതിനാൽ അവരും നമ്മെപ്പോലെ ആരാധനയുടെ മൂലഭാഷ എന്ന നിലയിൽ മാത്രം സുറിയാനി ഭാഷ പഠിക്കുന്നവരാണ്. അവിടത്തെ ആരാധനകൾ മാതൃഭാഷയായ അറബിയിൽ നടത്തുന്നതിനാൽ വൈദിക വിദ്യാർത്ഥിയുടെ പഠനകാലം കഴിഞ്ഞാൽ സുറിയാനി ഭാഷ, നമ്മുടെ സഭയിലെന്നതുപോലെ ഉപയോഗശൂന്യമായിത്തീരാറാണ് പതിവ്. സുറിയാനി ഭാഷയും ആരാധനയും ഉച്ചാവസ്ഥയിലെത്തിയിരുന്ന ഒരു കാലത്ത് എഴുതപ്പെട്ട ധാരാളം ഗ്രന്ഥങ്ങൾ ദയറാകളിൽ പകർത്തിയെഴുതി സൂക്ഷിച്ചിരുന്നതുകൊണ്ട് അവ നഷ്ടപ്പെടാതെ പരിരക്ഷിക്കപ്പെട്ടിരുന്നു. അതെല്ലാം അന്ന് റമ്പാനും വൈദിക വിദ്യാർത്ഥിയുമായ ഔഗേൻ ആവേശത്തോടെ പഠനം ചെയ്തു. ആരാധന, വേദവ്യാഖ്യാനം, കാനോൻ, സഭാചരിത്രം, അനുഷ്ഠാനങ്ങൾ ഇവയുടെ പ്രാമാണിക വക്താവായിരുന്നു ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത. അല്പ വിഭവന്മാരായ മറ്റു പലരും തമ്പേറടിച്ച് നടക്കും പോലെ അദ്ദേഹം സ്വന്തം മഹിമകളെ പാടി നടക്കാത്തതുകൊണ്ടും വിനയാധിക്യം മൂലവും കക്ഷി വിരോധം മൂലവും അദ്ദേഹത്തെ അധികമാരും മനസ്സിലാക്കിയിരുന്നില്ല; പ്രയോജനപ്പെടുത്തിയുമില്ല. പാത്രിയർക്കീസ് - കാതോലിക്കാ വടംവലി ശക്തിപ്പെട്ട പശ്ചാത്തലത്തിൽ വൈദിക ശിക്ഷണം അപ്രധാനമായിത്തീർന്നതുമൂലം ഈ മഹാ മല്പാൻ അംഗീകരിക്കപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും പോയത് സഭയുടെ ഭാഗ്യക്കേടായി. എന്നാൽ അദ്ദേഹത്തെ അടുത്തറിഞ്ഞ് അദ്ദേഹത്തിന്റെ മഹത്വം വേർതിരിച്ചറിഞ്ഞ അപൂർവ്വം ചിലരുണ്ട്. അവരിലൊരാളായിരുന്നു കെ.വി. ഗീവർഗ്ഗീസ് റമ്പാച്ചൻ. കഥാപുരുഷൻ പലതരത്തിൽ കാണിച്ച ശുഷ്കാന്തിയും ജിജ്ഞാസയും സണ്ടേസ്ക്കൂൾ പഠനത്തിലും മദ്ബഹാ ശുശ്രൂഷയിലും കാണിച്ചിരുന്ന മികവും കണക്കിലെടുത്താണ് അദ്ദേഹത്തെ മൂവാറ്റുപുഴയിലേക്കയക്കാൻ റമ്പാച്ചൻ തീരുമാനിച്ചത്. യോഹന്നാനോടൊപ്പം മേൽ പ്രസ്താവിച്ച പറയകുളം

യാക്കോബ് ശെമ്മാശനും മാടപ്പാട്ടു യാക്കോബ് ശെമ്മാശ്ശനും മൂവാറ്റുപുഴയിലേക്കു യാത്രയായി. റമ്പാച്ചന്റെ ശുപാർശക്കത്തിന്ന് ഉയർന്ന പരിഗണന ലഭിച്ചു; മൂന്നുപേരും മൂവാറ്റുപുഴ അരമനയിൽ താമസിച്ച് പഠനം ആരംഭിച്ചു.

1938 ഡിസംബർ മുതൽ 1940 ഏപ്രിൽ വരെ പതിനേഴുമാസം മൂവാറ്റുപുഴ അരമനയിൽ ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ അരുമശിഷ്യനായി യോഹന്നാൻ കഴിഞ്ഞുകുടി. വിദ്യ പകരുന്നതിൽ ആനന്ദാനുഭൂതി കണ്ടെത്തുന്ന ഗുരുനാഥൻ, വിദ്യഗ്രഹിക്കുന്നതിൽ ഒരിക്കലും മടുപ്പ് അനുഭവപ്പെടാത്ത ശിഷ്യൻ. ആ സമാഗമം ഗുരുവിനും ശിഷ്യനും അനുപമമായ അനുഭവമായിരുന്നു. ഔപചാരികമായ ക്ലാസുകളൊന്നുമില്ല. ഗുരുവിന്റെ വിശ്രമവേളകളിൽ ശിഷ്യൻ ജിജ്ഞാസയോടെ ചോദ്യങ്ങൾ തുടങ്ങും. അതങ്ങനെ മാലമാലയായി പടർന്ന് ഏറെ മേഖലകളിലേക്കു ചർച്ചാ രൂപത്തിൽ, ചിലപ്പോൾ സംവാദരൂപത്തിൽ, പടർന്നു പിടിക്കും. വിജ്ഞാനം ചുരത്തുന്ന അധ്യാപകന് സാഫല്യത്തിന്റെ നിർവൃതി; വിജ്ഞാനം മൊത്തിക്കുടിക്കുന്ന ശിഷ്യന് സംതൃപ്തിയും ആഹ്ലാദവും. ദിവസംചെല്ലുംതോറും ഗുരുവിന് ശിഷ്യനോടും ശിഷ്യന് ഗുരുവിനോടും വാത്സല്യവും മമതയും ആദരവും വർദ്ധിച്ചുവന്നു. ശീമയിൽ സംലബ്ധ്യമായിരുന്ന വിജ്ഞാനങ്ങളിൽ താൻ നേടിയിരുന്ന മുഴുവൻ അറിവുകളും വരുന്ന തലമുറയിലേക്ക് ഉറകെട്ടുപോകാതെ സൂക്ഷിക്കുവാൻ സുഭദ്രമായ പാത്രമായി നരിമറ്റത്തിൽ യോഹന്നാനെ ഔഗേൻ മെത്രാച്ചൻ കണ്ടു. മുൻകാല വിജ്ഞാനത്തെ മുഴുവൻ കുടിച്ചുൾക്കൊള്ളുവാനുള്ള അഗസ്ത്യാധ്വാനം ശിഷ്യന്റെ ഭാഗത്തുനിന്നുണ്ടാവുകയും ചെയ്തു. മൂശേബർ കീപ്പ, ദീവന്നാസ്യോസ് ബർസ്ലീബി, ഗ്രിഗോറിയോസ് ബാർ എബ്രായ, സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് എന്നീ ഭൂലോക മല്പാന്മാരുടെ വേദവ്യാഖ്യാന രഹസ്യങ്ങൾ ശിഷ്യൻ ഗുരുവിൽനിന്ന് ഭയസംഭ്രമാഹ്ലാദങ്ങളോടെ ഏറ്റുവാങ്ങി. സൽഗാ, മ്നാറെസ് കുദിശാ തുടങ്ങിയ ഗ്രന്ഥങ്ങളിൽ നിന്ന് ശേഖരിക്കാവുന്നിടത്തോളം ആരാധനാനുഷ്ഠാന പാരമ്പര്യങ്ങളെയും അവയുടെ വ്യാഖ്യാനങ്ങളെയും യോഹന്നാൻ ഗ്രഹിച്ചു. ലോകത്തിലെ വിവിധ സഭകളിൽ വിവിധ കാലങ്ങളിലുണ്ടായിട്ടുള്ള സുന്നഹദോസുകളും അവയുടെ കാനോനുകളും ഹൂദായ കാനോനോടൊപ്പം ശിഷ്യന്റെ മസ്തിഷ്കത്തിലേക്കു പ്രവഹിച്ചു. വിവിധ കാലഘട്ടങ്ങളിലൂടെ വിവിധ ലോകസഭകളുടെ ആരാധനാ സാഹിത്യത്തിനും അനുഷ്ഠാനപാരമ്പര്യങ്ങൾക്കും വന്നു ചേർന്നിട്ടുള്ള പരിണാമങ്ങൾ, വിവിധ വാദകോലാഹലങ്ങൾ, അവയെപ്പറ്റി ഓർത്തഡോക്സ് സഭകളിൽ ഒന്നായ സുറിയാനിസഭയുടെ കാഴ്ചപ്പാടും സമീപനങ്ങളും, അവയെ വ്യക്തമാക്കുന്ന കാനോനുകൾ ഇവയൊക്കെ ഗുരുമുഖത്തുനിന്നും ഗുരു ശേഖരിച്ച ആർക്കൈവ്സ് ഗ്രന്ഥങ്ങളിൽനിന്നും ശിഷ്യൻ ഏറ്റുവാങ്ങി. സുറിയാനി സംഗീതത്തിൽ ശീമയിലെ സഭ നേടിയെടുത്ത വളർച്ച അതിശയകരമാം വിധം ശബ്ദമാധുര്യമില്ലാത്ത ഗുരുവിൽനിന്നും ശിഷ്യൻ സ്വാംശീകരിച്ചു. പില്ക്കാലത്ത് പിൻഗാമികളായ ചില മല്പാന്മാർ 'എക്കാറ' യെ ശബ്ദഭംഗിയുടെ പേരിൽ പ്രതിവർഷം ഭേദപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ, മാറ്റങ്ങളെ മാധുര്യത്തെ പ്രതി അംഗീകരിക്കുവാനും അതേസമയം തന്റെ 'എക്കാറ' ശൈലിയാണ് ശാസ്ത്രീയമായിട്ടുള്ളത് എന്ന് കോലാഹലമൊന്നും കൂടാതെ അവകാശപ്പെടുവാനും കഥാപുരഷൻ ധൈര്യപ്പെട്ടിരുന്നു. ആരാധനകൾക്കായി വിവിധ സ്ഥലങ്ങളിലേക്ക് ഗുരുനാഥനെ





ശിഷ്യൻ നിഴലെന്നപോലെ അനുഗമിച്ചു. 1939 ലെ ഹാശാ ആഴ്ച പിറമാടത്തും 1940 ലെ ഹാശാ ആഴ്ച മൂവാറ്റുപുഴയിലും കാലുകഴുകൽ ശുശ്രൂഷ പാമ്പാക്കുടയിലും പിറവത്തുമൊക്കെയായി പങ്കെടുത്തുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ഔപചാരികമായ വൈദികവിദ്യാഭ്യാസം കോട്ടയത്ത് നടന്നിരുന്നിട്ടും കഥാപുരുഷന് അനൗപചാരികമായ വൈദികവിദ്യാഭ്യാസം നയിക്കുവാനാണ് അവസരം ഉണ്ടായത്. വൈദിക സെമിനാരികളിൽനിന്ന് ഔപചാരികമായ വിദ്യാഭ്യാസം നേടി പ്രോട്ടസ്റ്റന്റ് സർവ്വകലാശാലകളുടെ ബിരുദങ്ങളുമായി വന്നവർ കഥപുരുഷനെ എങ്ങനെയാണ് വീക്ഷിച്ചിരുന്നതെന്ന് വിഭാവനം ചെയ്യുന്നത് കൗതുകകരമാണ്. പില്ക്കാലത്ത് കോട്ടയം വൈദിക സെമിനാരിയിൽ മല്പാനായി പ്രവർത്തിച്ചിരുന്ന കാലത്ത് വെറും ഒരു സുറിയാനി അധ്യാപകൻ മാത്രമായി തന്നെ ചെറുതാക്കിക്കാട്ടാൻ ശ്രമിച്ചിരുന്നവരോട് സഹതപിക്കുക മാത്രമേ അദ്ദേഹം ചെയ്തിരുന്നുള്ളൂ.

മൂവാറ്റുപുഴയിലെ വാസക്കാലം അർത്ഥവത്തായ ചില പുതിയ സൗഹൃദങ്ങൾ ഊട്ടിയുറപ്പിക്കുവാനും ആരോഗ്യകരമായ ചില ദർശന ചക്രവാളങ്ങൾ കണ്ടെത്തുവാനും കഥാപുരുഷന് അവസരമുണ്ടായി. പാമ്പാക്കുട കോനാട്ട് ഏബ്രഹാം കത്തനാരുമായുള്ള സൗഹൃദമാണ് ആദ്യം ചൂണ്ടിക്കാട്ടുവാനുള്ളത്. അദ്ദേഹവും ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യൻ തന്നെ. ഈ സൗഹൃദം മൂലം മലങ്കര സഭയിലെ ഏറ്റവും ബൃഹത്തായ സുറിയാനി കൈയ്യെഴുത്ത് ശേഖരം പാമ്പാക്കുടയിലുണ്ടായിരുന്നത് ഗവേഷണബുദ്ധ്യാ നിരീക്ഷിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഈ സൗഹൃദവും ചർച്ചയും പരസ്പരമുള്ള സംശയനിവാരണവും ജീവിതാന്ത്യം വരെ അവർ നിലനിർത്തിയിരുന്നു. ആരാധനകൾ മാതൃഭാഷയിൽ എന്ന മുദ്രാവാക്യമാണ് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സ്വാധീനം ചെലുത്തിയ മറ്റൊരു കാര്യം. ഗുരുനാഥൻ സുറിയാനിയിൽ അഗാധ പണ്ഡിതനെങ്കിലും സുറിയാനി ഭാഷയിൽ അനഭിജ്ഞമായിക്കൊണ്ടിരുന്ന മലങ്കരസഭയിൽ ആരാധനകൾ ദരിദ്രവും വികലവുമാകാതിരിക്കാൻ ആരാധനകൾ മാതൃഭാഷയിലേക്കു വിവർത്തനം ചെയ്യുക അദ്ദേഹത്തിന്റെ ജീവിതാഭിലാഷമായിരുന്നു. ആണ്ടടക്കമുള്ള പെങ്കീസാനമസ്ക്കാരത്തിന്റെ 'പ്രുമിയോൻ സെദ്റാ' കൾ അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയും യൽദോ മാർ ബാസ്സേലിയോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകളിലേക്കുള്ള പെങ്കീസാ പ്രാർത്ഥനകൾ സ്വയം രചിക്കുകയും ചെയ്ത ഗുരു, ശിഷ്യന് അക്കാര്യത്തിൽ നൽകിയ പ്രചോദനം വലുതായിരുന്നു.

1940 ഏപ്രിൽ മുതൽ 1942 ജനുവരി വരെ പതിനേഴുമാസം കഥാപുരുഷൻ ശാന്തനായി വീട്ടിൽ കഴിഞ്ഞുകൂടി. അതൊരു തിരിഞ്ഞുനോട്ടത്തിന്റെയും വിലയിരുത്തലിന്റെയും അനുഭവമായി മാറി. തന്റെ വിളിയോട് പ്രതികരിക്കേണ്ടതെങ്ങിനെയെന്ന് വെളിപ്പെട്ടുകിട്ടാനായി പ്രാർത്ഥനയിലും ധ്യാനത്തിലും കാത്തിരുന്ന മാസങ്ങൾ. വിഭക്ത സഭയിൽ പട്ടക്കാരനായി പ്രവേശിക്കണമോ? അതായിരുന്നു പ്രധാന ചിന്താവിഷയം.

അങ്ങനെയിരിക്കേ ഒരത്ഭുതം സംഭവിച്ചു. കണ്ടനാട്ട് മെത്രാപ്പോലീത്താ പള്ളി പ്രതിപുരുഷ യോഗം വിളിച്ചു കൂട്ടി കാതോലിക്കേറ്റിന്റെ

സാധുതയെപ്പറ്റി തനിയ്ക്കുമാത്രം അറിയാമായിരുന്ന പല സത്യങ്ങളും വെളിപ്പെടുത്തി. അബ്ദുൽ മശീഹാ ബാവായെ സ്ഥാനഭ്രഷ്ടനാക്കിയതിന്റെ പിന്നിൽ വിലകുറഞ്ഞ രാഷ്ട്രീയ തന്ത്രങ്ങളല്ലാതെ സഭാപരമോ വിശ്വാസപരമോ ആയ പ്രശ്നങ്ങളൊന്നും അന്തർഭവിച്ചിട്ടില്ലെന്ന് അദ്ദേഹം വെളിപ്പെടുത്തിയത് യോഗത്തിന് ബോധ്യമായി. അതോടെ പൗരസ്ത്യ കാതോലിക്കേറ്റിനെ അംഗീകരിക്കുവാനും അതിൽ ലയിക്കുവാനും യോഗം സർവ്വസമ്മതമായി തീരുമാനിച്ചു. യോഹന്നാന്റെ മനസ്സിലെ കുറെ സംശയങ്ങൾക്ക് അങ്ങനെ പരിഹാരമുണ്ടായി. തന്റെ പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടിയായി കണ്ടനാട്ടിലെ പുതിയ സ്ഥിതിവിശേഷങ്ങളെ കഥാപുരുഷൻ തിരിച്ചറിഞ്ഞു. പിന്നെ ഒട്ടും വൈകിയില്ല. ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായിൽനിന്നും 1943 മീനം 25ന് ഏപ്രിൽ 7-ാം തിയ്യതി യോഹന്നാൻ പൂർണ്ണ ശെമ്മാശ്ശപ്പട്ടം ഏറ്റു. വിവാഹത്തെ സംബന്ധിച്ചും ഇതിനോടകം അന്തിമതീരുമാനമെടുത്തു എന്ന് വേണം ആദ്യ പട്ടമായി പൂർണ്ണശെമ്മാശ്ശപട്ടം ഏറ്റതിൽ നിന്നും മനസ്സിലാക്കുവാൻ.

1942 കന്നിമാസത്തിൽ പ. കാതോലിക്കാ ബാവായ്ക്ക് മൂവാറ്റുപുഴ അരമനയിൽ സ്വീകരണം നൽകിയതോടെ കണ്ടനാട് ഭദ്രാസനം ഔദ്യോഗികമായി പൂർണ്ണമായും കാതോലിക്കേറ്റിൽ ലയിച്ചു. എന്നാൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാച്ചനെ പാത്രിയർക്കീസ് ബാവ മുടക്കിയതായി മാർ യൂലിയോസ് മെത്രാപ്പോലീത്താ പ്രചരിപ്പിച്ചപ്പോൾ ജനം പതറി. സാമാന്യ ജനം എക്കാലത്തും അങ്ങനെയായിരുന്നു. ശീമയിലുള്ള ഓരോ ചലനത്തിനും സ്വർഗ്ഗീയവിശുദ്ധിയുണ്ടെന്നും അവർ അംഗീകാരം പിൻവലിച്ചാൽ ഒരു മെത്രാപ്പോലീത്താ പോലും നിമിഷംകൊണ്ട് അത്മായക്കാരനായിത്തീരുമെന്നും അഭ്യസിക്കപ്പെട്ടവരായിരുന്നു ആ ഭാഗത്തെ സാധാരണക്കാർ. തന്മൂലം എന്ത് കാപട്യം ആ ഭാഗത്തുനിന്നുണ്ടായാലും അത് കാപട്യമാണെന്ന് തിരിച്ചറിയാതെ അതിന് ഓശാന പാടുവാൻ മലങ്കരയിൽ ഈ അടുത്തകാലംവരെ ആളെ കിട്ടുമായിരുന്നു. റവ. ഡോ. വി.സി. ശാമുവേൽ അദ്ദേഹത്തിന്റെ ഒരനുഭവം വിവരിക്കുന്നത് കേൾക്കുക:

"........ കേസിലെ ഒരു പ്രധാന വാദം അബ്ദുൽ മശിഹാ ബാവായെ സുറിയാനി സഭയുടെ മെത്രാന്മാർ ചേർന്ന് മുടക്കിയിരുന്നു എന്നാണ്. മെത്രാന്മാർ ചേർന്ന് ഒപ്പിട്ടിട്ടുള്ള ഒരു രേഖയുടെ കോപ്പിയാണ് തെളിവായി ഹാജരാക്കാൻ ഉദ്ദേശിച്ചിരുന്നത്. അത് ശരിയായ രേഖയാണെന്ന് സിറിയൻ നാടുകളിലെ ഒരു നോട്ടറി സാക്ഷ്യപ്പെടുത്തിയിരുന്നു...... എന്നാൽ കോടതി അത് സ്വീകരിക്കുകയില്ലെന്ന് വക്കീൽ വ്യക്തമാക്കി............. അതിന് പകരം മാർ യൂലിയോസ് മർദ്ദീനിൽ പോയപ്പോൾ സുന്നഹദോസ് റിക്കാർഡിൽ മൂലരേഖ കണ്ടു എന്നും അതു നോക്കി എഴുതിയെടുത്ത കടലാസ് തെളിവായി കോടതിയിൽ ഹാജരാക്കാം എന്നും വക്കീൽ പറഞ്ഞു. എന്നാൽ സത്യത്തിൽ മാർ യൂലിയോസ് അങ്ങനെയൊരു കടലാസ് മർദ്ദീനിൽ വച്ച് എഴുതിയിരുന്നില്ല. മഞ്ഞനിക്കര വച്ച് എഴുതിയുണ്ടാക്കുകയാണ് ചെയ്തിരുന്നത്........ മാർ യൂലിയോസ് അത് എഴുതിയുണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുള്ളതാണ്. ഈ സംഭവം എന്നെ വേദനിപ്പിച്ചു...." (സ്വാനുഭവ വേദിയിൽ. പു. 24,25)

ഏതായാലും മുടക്കു കല്പന പ്രചരിച്ചതോടെ കണ്ടനാട്ട് സമ്മേളനത്തിൽ പങ്കെടുത്ത പള്ളികൾ പിന്മാറി. അവിടന്നങ്ങോട്ട് ഔഗേൻ മെത്രാ





ച്ചന്റെ ജീവിതം ദുസ്സഹമായിത്തീർന്നു. സത്യത്തിന്റെ സാക്ഷിയാവാൻ തീരുമാനിച്ചതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ട നിരവധി സംഭവങ്ങൾ അരങ്ങേറി. ആ ക്ഷീണാവസ്ഥയിലാണ് ഗുരുവിൽനിന്ന് യോഹന്നാൻ പൂർണ്ണശെമ്മാശ്ശപട്ടം സ്വീകരിച്ചത്. ഗുരുവിന്റെ സ്ഥാന സാധുതയെപ്പറ്റി ദിഗന്തങ്ങളിൽ വിളംബരം ചെയ്യുന്ന സംഭവമായി ശിഷ്യൻ അതിനെ കണ്ടു. മൂവാറ്റുപുഴ അരമന ചാപ്പലിൽ വച്ചാണ് ആ പട്ടം കൊട നടന്നത്. പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാപ്പോലീത്താ, കാനോൻ, മുടക്കുകൾ തുടങ്ങിയ സഭാപ്രശ്നങ്ങളിൽ ഉറച്ചതും ശരിയായതുമായ തീരുമാനങ്ങൾ സ്വീകരിക്കുവാൻ മാനസികമായും ബുദ്ധിപരമായും കാനോനികമായുമുള്ള പക്വതയും സമചിത്തതയും ഇതിനോടകം താൻ നേടിയിരിക്കുന്നു എന്ന് കഥാപുരുഷൻ സ്ഥാനസ്വീകരണത്തിലൂടെ വ്യംഗ്യമധുരമായി പ്രഖ്യാപിക്കുകയായിരുന്നില്ലേ?

# 3. ചക്രവാളങ്ങൾ തേടി........

അങ്ങനെ ശർബീൽ ദയറായിലും മൂവാറ്റുപുഴയിലും സതീർത്ഥ്യരും ബന്ധുക്കളും അയൽക്കാരുമായിരുന്ന മൂന്നു ശെമ്മാശന്മാർ രണ്ടു കക്ഷികളിലായി. കഥാപുരുഷൻ കാതോലിക്കേറ്റിനെ അനുകൂലിച്ചപ്പോൾ ബന്ധുവായ മാടപ്പാട്ടു യാക്കോബ് ശെമ്മാശനും അയൽക്കാരനായ പറയകുളം യാക്കോബ് ശെമ്മാശനും പാത്രിയർക്കീസ് വിഭാഗത്തെ അനുകൂലിച്ചു എന്നിരുന്നാലും നേരത്തെ മുതൽ വളർത്തിയെടുത്തിരുന്ന സൗഹാർദ്ദവും പരസ്പരബഹുമാനവും കക്ഷി ഭിന്നതയുടെ പേരിൽ അവർ നഷ്ടപ്പെടുത്തിയിരുന്നില്ല. അവർ മൂന്നുപേരും പില്ക്കാലത്ത് രണ്ടു ഭാഗത്തുമായി മെത്രാപ്പോലീത്താ സ്ഥാനത്തേക്കു അവരോധിക്കപ്പെട്ടു. നരിമറ്റത്തിൽ യോഹന്നാൻ, യൂഹാനോൻ മാർ സേവേറിയോസ് എന്നും മാടപ്പാട്ടു യാക്കോബ്, മാർ യൂലിയോസ് എന്നും പറയകുളം യാക്കോബ്, മാർ തീമോത്തിയോസ് എന്നും ഉള്ള പേരുകളിൽ മേല്പട്ടക്കാരായി. ഒരിടവകയിൽത്തന്നെ ഒരു തലമുറയിൽ മൂന്ന് മെത്രാപ്പോലീത്തമാർ; അവരാകട്ടെ സഹപാഠികളും ബാല്യകാല സുഹൃത്തുക്കളും, മലങ്കര സഭാ ചരിത്രത്തിൽ ഈ അസുലഭ സൗഭാഗ്യം മറ്റേതെങ്കിലും പ്രദേശത്തിന് ലഭിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. മറു ഭാഗത്തായിരുന്ന യാക്കോബ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ അദ്ദേഹത്തെ അനുസ്മരിച്ച് കഥാപുരുഷൻ എഴുതിയ ലേഖനത്തിൽ പ്രതിപക്ഷ ബഹുമാനത്തോടൊപ്പം കളങ്കിതമാവാത്ത സ്നേഹവും പ്രത്യക്ഷപ്പെടുന്നത് കാണുക:

"അദ്ദേഹത്തിന്റെ ചെറുപ്പം മുതൽ പരിചയമുള്ള നാനാജാതി മതസ്ഥരുടെയും മുമ്പിൽ നിരപവാദ്യനായി ജീവിക്കുവാൻ സാധിച്ചു. ബാല്യകാല പ്രായം മുതൽ ഈ ലേഖകനും അദ്ദേഹവും പരസ്പരം അറിയുന്നവരും സ്കൂൾ ജീവിതത്തിലും ആത്മീക രംഗങ്ങളിലും ഒരുമിച്ചു കഴിഞ്ഞവരും ആണ്....... നമ്മുടെ കഥാനായകൻ തന്റെ സ്ഥാനിക വേഷങ്ങളുടെ തനിമ പാലിക്കുകയും ആ വേഷങ്ങൾക്കനുസൃതമായ ജീവിത ചര്യകൾ പാലിക്കുകയും ചെയ്തിരുന്നു.... മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ദീർഘമായി പ്രാർത്ഥിക്കുകയും ഇല്ലാത്ത ശബ്ദം കൃത്രിമമായി ഉണ്ടാക്കി ആരാധന നടത്തുന്നവരും ശുശ്രൂഷാക്രമത്തിലില്ലാത്ത വാചകങ്ങൾ പുറമെ തട്ടിവിടുന്നവരും കുറവല്ല. പ്രസംഗം മുഖേനയും ഗീതങ്ങളിൽകൂടിയും മറ്റുള്ളവരെ രസിപ്പിച്ച് കൈയടിവാങ്ങുന്നതും 'ചീപ്പ് പോപ്പുലാരിറ്റി' സമ്പാദിക്കുന്നതും ഒരു ഫാഷൻ ആയിത്തീർന്നിട്ടുണ്ട്. നമ്മുടെ സ്മര്യപുരുഷൻ (യാക്കോബ് മാർ തീമോത്തിയോസ്) ഇതിൽ നിന്നെല്ലാം വിഭിന്നനാണ്. ആളുകൾ ഉണ്ടെങ്കിലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം, അദ്ദേഹം നടത്തുവാനുള്ള പ്രതിദിനാരാധനകളും പ്രത്യേക ശുശ്രൂഷകളും വരവണ്ണം വ്യത്യാസമില്ലാതെ നടത്തുമായിരുന്നു.... നമ്മുടെ കഥാനായകൻ ഒരിടവകപ്പള്ളി ദീർഘനാൾ നടത്തിയത് ഏതെങ്കിലും ശമ്പളത്തിന്റെ അടിസ്ഥാനത്തിലല്ല. പഞ്ചാംഗങ്ങളിൽ കാണുന്ന പെരുന്നാളുകളും അവയോടനുബന്ധിച്ചുള്ള ശുശ്രൂഷകളും പരിപാടികളും പള്ളിക്കാർ ആവശ്യപ്പെടാതെ, തന്റെ ചുമതലയെന്നുള്ള ബോധ്യത്തിൽ തന്നെ നടത്തിക്കൊടുക്കുമായിരുന്നു.... അദ്ദേഹം പഠിപ്പിച്ച ശിഷ്യന്മാരായ അച്ചന്മാർ വലിയ പള്ളികളിൽ പോയി മെച്ചമായ ശമ്പളം വാങ്ങുമ്പോഴും അദ്ദേഹം





തന്റെ ചുമതലയുള്ള പള്ളികളിൽ ഒതുങ്ങിക്കൂടി തൃപ്തിപ്പെട്ടു കഴിഞ്ഞു എന്നത് അസാമാന്യരായ വ്യക്തികളിൽ കാണുന്ന മഹാശയത്വത്തിന്റെ ലക്ഷണമാണ്.... അഭിവന്ദ്യ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന്റേതായ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയും അതേസമയം മറ്റുള്ളവരെ ചീത്ത പറയാതെയും അവഹേളിക്കാതെയും അഹങ്കാരം കാണിക്കാതെയും സംയമനം പാലിച്ചു..... മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ സമീപിച്ചിട്ടുള്ള ആരും കയ്പേറിയ അനുഭവത്തിൽ പുറകോട്ടു പോയിട്ടില്ല. ആരെല്ലാം രസിച്ചാലും രസിച്ചില്ലെങ്കിലും അദ്ദേഹത്തിന് പറയാനുള്ളത് സൗമ്യമായി പറയും. അകമേ വിരോധവും പുറമേ സ്നേഹവും ഭാവിക്കാറില്ല. ആരുടെയെങ്കിലും പ്രീതിക്കുവേണ്ടിയോ ആദായത്തിന് വേണ്ടിയോ മുട്ടു മടക്കിയിട്ടില്ല. അങ്ങനെ അകവും പുറവും ഒത്തൊരുമിച്ച് അദ്ദേഹത്തിൽ ചേർന്നിരുന്നു. ദ്രവ്യാഗ്രഹവും കപടഭക്തിയും ബാഹ്യപ്രകടനവും വർദ്ധിച്ച് സഭയുടെ ആത്മീക ജീവൻ വാർന്ന് പൊയ്ക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അദ്ദേഹത്തെപ്പോലുള്ള വൈദികരും മേല്പട്ടക്കാരും വർദ്ധിച്ചുവരേണ്ടത് സഭയുടെ ഒരാവശ്യമായിത്തീർന്നിരിക്കുന്നു." (മലേക്കുരിശിലെ മഹർഷി. പുറ. 33-38).

കഥാപുരുഷൻ മാർ തീമോത്തിയോസ് യാക്കോബ് (പറയകുളം) മെത്രാച്ചനെപ്പറ്റി ഇപ്രകാരം എഴുതിയിട്ടുള്ളത് അദ്ദേഹത്തിന്റെ പ്രതിപക്ഷ ബഹുമാനത്തിന്റെ നിദർശനമാണ്. ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യന്മാരായ ഈ മൂന്ന് മെത്രാപ്പോലീത്താമാരും അവരവരുടെ മേഖലകളിലും സാഹചര്യങ്ങളിലും നിലനിർത്തിയ സ്വഭാവവിശേഷങ്ങളാണ് മേൽ ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും. യാക്കോബ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കും യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്കും പൂർണ്ണമായി ഇണങ്ങുന്ന ശൈലീ വിശേഷങ്ങളാണ് അവയെല്ലാം. ഇരുമുഖങ്ങളില്ലാത്ത മൂന്ന് മേല്പട്ടക്കാർ, അകക്കാമ്പിൽ വിജ്ഞാനികളായ മൂന്ന് മേല്പട്ടക്കാർ; മൂവ്വാറ്റുപുഴയിലെ ഗുരുവിൽനിന്ന് മൂന്ന് ശിഷ്യന്മാർക്കും ലഭിച്ച സമാന വൈശിഷ്ട്യങ്ങളാകാം ഇവയെല്ലാം.

കാര്യങ്ങളെ അതിസൂക്ഷ്മമായി വിലയിരുത്തുവാനും അപഗ്രഥിക്കുവാനും കഥാപുരുഷന് നന്നേ ചെറുപ്പത്തിൽത്തന്നെ കഴിയുമായിരുന്നു. സണ്ടേസ്ക്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഏറ്റവും ഉയർന്ന ക്ലാസിൽ അഖില മലങ്കര സഭാ തലത്തിൽ ഒന്നാംസമ്മാനം നേടിയത് അദ്ദേഹത്തിന്റെ അസാമാന്യബുദ്ധിവൈഭവത്തെയാണ് വെളിപ്പെടുത്തുന്നത്. രണ്ടു കക്ഷിയിൽപെട്ട ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഗുരുനാഥന്മാരുടെയും സമ്പർക്കത്തിൽക്കഴിയുമ്പോഴും സത്യസന്ധമായ ഒരു നിലപാട് സ്വീകരിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. കാനോനാകളും സഭാചരിത്രവും വേദവ്യാഖ്യാനങ്ങളും നൽകിയ ഉൾക്കാഴ്ചയുടെ ഫലമായിട്ടാണ് അദ്ദേഹം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ സഭാപരമായ നിലപാടിനെ സ്വീകരിച്ചത്.

മഹർഷിവര്യനെന്ന് അക്കാലങ്ങളിൽ അറിയപ്പെട്ടിരുന്ന പാമ്പാടിയിലെ കുരിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുമായി പരിചയപ്പെടുവാൻ അക്കാലത്ത് കഥാപുരുഷന് അവസരം ഉണ്ടായി. താൻ നേരത്തെ നേടിയ ദയറാസംസ്ക്കാരത്തെ ദീപ്തമാക്കുവാനും പരിപക്വ

മാക്കുവാനും പാമ്പാടി ദയറായിലെ ജീവിതം അദ്ദേഹത്തെ സഹായിച്ചു. ഭക്തി ജീവിതത്തിലും തപോവൃത്തിയിലും ആരാധനാനുഷ്ഠാനങ്ങളിലും അതുല്യനായി അറിയപ്പെട്ടിരുന്ന പാമ്പാടി തിരുമേനിയുടെ ലളിത ജീവിതവും നിഷ്കളങ്കമായ ദൈവാശ്രയവും അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു. സന്ദർശകർക്കു പാമ്പാടി ദയറായിൽ നിന്ന് ലഭിച്ചിരുന്ന ആതിഥ്യമര്യാദകൾ, പിന്നീട് മെത്രാപ്പോലീത്താ ആയപ്പോൾ സ്വന്തം ആസ്ഥാനത്ത് പാലിക്കുവാൻ കഥാപുരുഷൻ ശ്രദ്ധിച്ചിരുന്നു. തന്നെ സന്ദർശിക്കുന്നവരുടെ ഭക്ഷണം, താമസസൗകര്യങ്ങൾ തുടങ്ങിയവ അന്വേഷിക്കുവാനുള്ള പരിശീലനം ലഭിച്ചത് പാമ്പാടി ദയറായിൽനിന്നാണ്. പാമ്പാടിയിലെ മഹർഷിയാകട്ടെ, അദ്ദേഹത്തെ ദീർഘദൃഷ്ടിയോടെ തിരിച്ചറിഞ്ഞു എന്ന് വേണം കരുതുവാൻ. താൻ ഏറ്റവും പ്രിയപ്പെട്ടതായി കരുതി ഉപയോഗിച്ചു പോന്ന പട്ടംകൊട – പള്ളികൂദാശ ക്രമങ്ങളുടെ കൈയെഴുത്തുഗ്രന്ഥം പാമ്പാടി ത്തിരുമേനി കഥാപുരുഷന് സമ്മാനിച്ച് അദ്ദേഹത്തെ അനുഗ്രഹിച്ചു. മലങ്കരയിലെ ഒന്നാം കതോലിക്കാ സ്ഥാനത്തേക്കു അവരോധിക്കപ്പെട്ട കണ്ടനാട് ഭദ്രാസനത്തിന്റെ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് മെത്രപ്പോലീത്താ മേൽപട്ടക്കാരനായി വാഴിക്കപ്പെട്ട കാലത്ത് – 1877ൽ മലങ്കരയിലുണ്ടായിരുന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ പള്ളിക്രമ പുസ്തകത്തിൽനിന്നും പകർത്തി എഴുതിയതാണ് ആ പുസ്തകം. ഒന്നാംതരം കൈയക്ഷരം എന്ന് വിശേഷിപ്പിക്കാനാവില്ലെങ്കിലും അക്ഷരവ്യക്തതയുള്ള ആ ഗ്രന്ഥമാണ് മലങ്കരയിലെ മിക്കവാറും എല്ലാ മേല്പട്ടക്കാർക്കും പകർത്തിയെഴുതുവാനുള്ള മൂലഗ്രന്ഥമായിത്തീർന്നത്. ഈ ഗ്രന്ഥം മുറിമറ്റത്തിൽ ബാവായുടെ കാലശേഷം പാമ്പാടിയിലെ മാർ ഗ്രീഗോറിയോസ് മെത്രപ്പോലീത്താ ഉപയോഗിച്ചുവന്നു. യോഹന്നാന്റെ സുറിയാനി ഭാഷാപരിചയത്തിലും ഭക്തിജീവിതത്തിലും ആകൃഷ്ടനായതുമൂലം പില്ക്കാലത്ത് ആ പുസ്തകം യോഹന്നാൻ മല്പാനച്ചന് സമ്മാനിക്കുകയായിരുന്നു. (ഒരർത്ഥത്തിൽ ആ പുസ്തകം ഉപയോഗിക്കുവാൻ അറിവും അർഹതയുമുള്ള മറ്റാരും മലങ്കരയിൽ അക്കാലത്തോ ഇക്കാലത്തോ ഉണ്ടായിട്ടില്ലാ എന്ന് വേണം പറയുവാൻ. സുറിയാനി കൈയ്യെഴുത്തുഗ്രന്ഥം മാത്രം നോക്കി പട്ടംകൊടയും പള്ളിക്കൂദാശയും നടത്തുവാൻ മാത്രം സുറിയാനി പരിചയമുള്ള മേല്പട്ടക്കാർ മലങ്കര സഭയുടെ ഓർത്തഡോക്സ് ഭാഗത്ത് പില്ക്കാലങ്ങളിൽ ഉണ്ടായിട്ടില്ല എന്ന് ഇതെഴുതുന്ന ആൾക്ക് ഉറപ്പായി പറയാൻ കഴിയും. ആ പുസ്തകമാണ് പള്ളിക്കൂദാശയുടെ വിവിധ ശുശ്രൂഷകൾ, പട്ടംകൊടയുടെ വിവിധ ക്രമങ്ങൾ, തൈലം കൂദാശ തുടങ്ങിയ അസാധാരണ ആരാധനകൾ ഇതെഴുതുന്ന ആളിനെ പഠിപ്പിക്കുവാൻ കഥാപുരുഷൻ ഉപയോഗിച്ചത്. പട്ടംകൊട പുസ്തകങ്ങൾ വേറെയും കൊരട്ടിയിലുണ്ടായിരുന്നുവെങ്കിലും കഥാപുരുഷൻ ഏറ്റവും അധികം ഇഷ്ടപ്പെട്ടതും ഉപയോഗിച്ചതും ഈ പുസ്തകമാണ്. ഏറ്റവും ഒടുവിൽ അദ്ദേഹം നടത്തിയ പട്ടംകൊടയിലും ഈ പുസ്തകമാണ് അദ്ദേഹം ഉപയോഗിച്ചത്. അദ്ദേഹം കാലം ചെയ്തതിന്ന് ശേഷം അന്വേഷിച്ചപ്പോൾ ആ പുസ്തകം ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കൈവശത്തിലാണെന്ന് അറിയാൻ കഴിഞ്ഞു. അദ്ദേഹം ഉപയോഗിച്ചിരുന്ന മറ്റൊരു പുസ്തകം – അതിൽ പട്ടം കൊടയുടെ ക്രമങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ – പാമ്പാടിത്തിരുമേനി കുരിയാക്കോസ് റമ്പാച്ചനായിരുന്നപ്പോൾ പകർത്തിയെഴുതി സുഹൃത്തായിരുന്ന പ. ഗീവറുഗീസ് പ്രഥമൻ കാതോലിക്കായ്ക്ക് അദ്ദേഹം വാകത്താനത്ത് മാർ പീലക്സിനോസ് എന്ന പേരിൽ കോട്ടയത്തിന്റെ മെത്രാനായിരുന്നപ്പോൾ 1913ൽ സമ്മാനിച്ചതാണ്. അത് അചിരേണ പ. ഗീവർഗീസ് ദ്വീതീയൻ ബാവായുടെ കൈവശം എത്തിച്ചേർന്നു. പാമ്പാടി മാർ ഗ്രീഗോറിയോസിനോട് കഥാപുരുഷനുള്ള ഭക്തി അറിയാമായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ആ പുസ്തകം പില്ക്കാലത്ത് യോഹന്നാൻ മല്പാനച്ചന് സമ്മാനിക്കുകയാണുണ്ടായത്. രണ്ടു പേരും മല്പാനച്ചൻ ഭാവിയിൽ മെത്രാനായിത്തീരുമെന്ന് ദീർഘദൃഷ്ടിയിൽ അറിഞ്ഞിരുന്നുവെന്നാണ് ഈ സമ്മാനദാനങ്ങൾകൊണ്ട് നമുക്ക് അനുമാനിക്കാവുന്നത്. പരുമല മാർ ഗ്രീഗോറിയോസ് സ്വശിഷ്യരായ കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചനും (കുറിച്ചിബാവ) പൗലൂസ് റമ്പാച്ചനും (കുറ്റിക്കാട്ടിൽ) സ്വന്തം പുസ്തകങ്ങളും സ്ഥാനവസ്ത്രങ്ങളും സമ്മാനിച്ചതായും, വേദപുസ്തകത്തിൽ ഏലിയാവിന്റെ പുതപ്പ് ഏലീശായ്ക്ക് ലഭിക്കുന്നതായും നാം വായിക്കുന്നുണ്ട്. യോഹന്നാൻ മല്പാൻ പില്ക്കാലത്ത് മെത്രാനാകുമെന്നും അക്കാലത്ത് തങ്ങൾ ഉപയോഗിച്ച പുസ്തകങ്ങൾ ഉപയോഗിക്കുന്നതുമൂലം തങ്ങളുടെ ആത്മീയ സാന്നിദ്ധ്യം ശിഷ്യനിലൂടെ നിലനില്ക്കുമെന്നും ദാതാക്കൾ ആഗ്രഹിച്ചു കാണണം. ശിഷ്യൻ അവരുടെ ആഗ്രഹം തന്റെ കാലംമുഴുവൻ പ്രാവർത്തികമാക്കി. മല്പാനും മെത്രാപ്പോലീത്തായുമായി ജീവിച്ച പില്ക്കാല ജീവിതത്തിൽ കെ.വി. ഗീവർഗ്ഗീസ് റമ്പാൻ, ഔഗേൻ മാർ തീമോത്തിയോസ്, പാമ്പാടി മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് ദ്വിതീയൻ ബാവാ എന്നിവരെ ഗുരുനാഥന്മാരെന്ന നിലയിൽ സ്വശിഷ്യന്മാരുടെ മുമ്പിൽ ആദരപൂർവ്വവും ഒട്ടൊക്കെ അഭിമാപൂർവ്വവും അനുസ്മരിക്കുമായിരുന്നു.)

ശെമ്മാശപട്ടം ഏല്ക്കുന്നതിന് തൊട്ടുമുമ്പുള്ള ഒമ്പതുമാസമാണ് കഥാപുരുഷൻ പാമ്പാടി ദയറായിൽ താമസിച്ചത്. അക്കൊല്ലത്തെ ഹാശാ ആഴ്ചയിൽ കാരാപ്പുഴ ചാപ്പലിലും കാലുകഴുകൽ ശുശ്രൂഷയ്ക്കു പാമ്പാടി ദയറായിലും സംബന്ധിച്ചിരുന്നതായി ഡയറിക്കുറിപ്പിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ശെമ്മാശ്ശനായിരിക്കേ ഒരൊറ്റ തവണയെ ഹാശാശുശ്രൂഷയിൽ സംബന്ധിച്ചിട്ടുള്ളൂ. അത് ചെങ്ങന്നൂരിലാണ്. ആ വർഷം 1943 ജൂലായ് 7–ാംനു കുറിഞ്ഞിപ്പള്ളിയിൽവെച്ച് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽനിന്ന് കഥാപുരുഷൻ കശ്ശീശാപട്ടം ഏറ്റു. കശ്ശീശാപട്ടം ഏറ്റുകഴിഞ്ഞാൽ വൈദികവൃത്തിമൂലമുള്ള ഉപജീവനവൃത്തിയിൽ സംതൃപ്തി കണ്ടെത്തുന്ന സാധാരണ വൈദികരിൽനിന്ന് വ്യത്യസ്തനായിരുന്നു നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ. അദ്ദേഹം വിജ്ഞാനാന്വേഷകനായി അടങ്ങാത്ത ജ്ഞാനതൃഷ്ണയുമായി ഗ്രന്ഥപ്പുരകളിൽനിന്ന് ഗ്രന്ഥപ്പുരകളിലേക്കു സഞ്ചരിക്കുമായിരുന്നു. കോനാട്ടു ലൈബ്രറിയിൽ ഇക്കാലത്തും അദ്ദേഹം നിരന്തര സന്ദർശകനായിരുന്നു. മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വിവിധ കാലങ്ങളിലായി കോനാട്ട് മല്പാൻമാരുടെ കീഴിൽ തലമുറകളായി പഠിച്ചുവന്നിരുന്ന സ്വശിഷ്യന്മാർ മുഖേന ശേഖരിച്ചതും അതത് തലമുറയിലെ മല്പാന്മാർ പകർത്തിയെഴുതിയതുമായ നിരവധി ഗ്രന്ഥങ്ങളെ അദ്ദേഹം അവിടെ അഗാധമായി പരിചയപ്പെട്ടു. അവയിൽ കാനോനാകൾ, ആരാധനാ ക്രമങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങിയവ അദ്ദേഹത്തിന്റെ ആജീവനാന്ത ഗവേഷണ വിഷയങ്ങളായിരുന്നു. രണ്ടു മാസക്കാലം അദ്ദേഹം തുടർച്ചയായി കോനാട്ട് ഗ്രന്ഥപ്പുര ഉപയോഗപ്പെടുത്തി.

1944 സെപ്തംബർ മുതൽ 1945 ഫെബ്രുവരി വരെ ആറുമാസക്കാലം യോഹന്നാനച്ചൻ വീണ്ടും പാമ്പാടി ദയറായിൽ താമസമാക്കി. ഇക്കാലത്താണ് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി കഥാപുരുഷൻ മുഖാമുഖമായി പരിചയപ്പെടുന്നത്. അതൊരു നീണ്ട സൗഹൃദത്തിന്റെയും സുദൃഢമായ ഗുരുശിഷ്യ ബന്ധത്തിന്റേയും തുടക്കമായിരുന്നു. പ. ബാവായ്ക്ക് അന്ന് എഴുപത്തിഒന്ന് വയസ്സ് പ്രായമാണ്. ദേശീയബോധത്തിലേക്കും സ്വാതന്ത്ര്യലബ്ധിയിലേക്കും ഭാരതം നടന്നടുക്കുന്ന കാലമായിരുന്നു അത്. തലമുറകൾ തമ്മിലുള്ള വിടവ് ഏറ്റവും അധികം വർദ്ധിച്ച് മൂല്യസങ്കല്പങ്ങളാകെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന കാലം. സഭയിലും അതിന്റെ അലയടികൾ അന്ന് ദൃശ്യമായിരുന്നു. സന്യാസജീവിതം, സുറിയാനി പാണ്ഡിത്യം, ഭക്തിജീവിതം തുടങ്ങിയ കാര്യങ്ങളിൽ നിഷ്ഠയും വ്യഗ്രതയും കുറഞ്ഞുവന്നു. പാരമ്പര്യങ്ങൾക്കെതിരെ ചോദ്യം ചെയ്യലുകൾ സാർവ്വത്രികമായി. സുറിയാനിയിൽ നിന്ന് മലയാളത്തിലേക്കു ആരാധനാ ക്രമങ്ങൾ വിവർത്തനം ചെയ്യുവാനുള്ള മുറവിളികൾ ശക്തമായിക്കൊണ്ടിരുന്നു. ആരാധനാക്രമങ്ങൾ അച്ചടിയിലേക്കു വരുവാനും അനേകർ ആഗ്രഹിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ കാലത്ത് ശ്ഹീമാ നമസ്ക്കാരം, കന്തീല, കഹനൈത്താ, ആണ്ടുതക്സാ, കൂദാശക്രമങ്ങൾ തുടങ്ങിയ സുറിയാനി ക്രമങ്ങളും അന്നത്തെ കുർബ്ബാന ക്രമത്തിന്റെ മലയാള വിവർത്തനങ്ങളും അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടെങ്കിലും പില്ക്കാലത്ത് സഭാവ്യവഹാരങ്ങളുടെ മദ്ധ്യേ അതിനൊന്നും സമയവും ശ്രദ്ധയും ലഭിക്കാതെ പോയി പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പഴയ രീതിയിൽ ആരാധനാക്രമങ്ങൾ അഭ്യസിച്ച ആളും സുറിയാനി ഭാഷയ്ക്കും പ്രാചീന സമ്പ്രദായങ്ങൾക്കും അതിൽത്തന്നെ വിശുദ്ധിയുണ്ടെന്ന് നിഷ്കളങ്കമായി വിശ്വസിച്ചിരുന്ന ആളും ആയിരുന്നതിനാൽ സഭയിലെ നവീന സംരംഭങ്ങൾക്കു നേതൃത്വം കൊടുക്കുവാനോ പിന്തുണക്കുവാൻ പോലുമോ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. (ഈ കാര്യമറിയാവുന്ന ചിലരുടെ ഓർമ്മയിൽ രസകരമായ ഒരു സംഭവ കഥയുണ്ട്. 1920 ൽ മലങ്കര സഭയിൽ ഇദംപ്രഥമമായി രണ്ടു വിപ്ലവകാരികളായ ശെമ്മാശന്മാർ – മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശനും (ഇദ്ദേഹം പിന്നീട് സ്ലീബാ ദാസസമൂഹ സ്ഥാപകനും മലബാറിന്റെ മെത്രാപോലീത്തായുമായ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആയി) പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനും (ഇദ്ദേഹം പിന്നീട് റമ്പാൻ ആയശേഷം റീത്തിൽ ചേർന്നു.) കൂടി പ്രസാധനം ചെയ്തു കുന്നംകുളം അക്ഷരരത്ന പ്രകാശികാ പ്രസ്സിൽ (എ.ആർ.പി.) അച്ചടിച്ച കുർബ്ബാന തക്സായുടെ മലയാളം വിവർത്തനം പരുമല പെരുന്നാളിന് വളരെ പ്രതീക്ഷകളോടെ വില്പനയ്ക്കു കൊണ്ടു ചെന്നു. അന്നത്തെ നിരണം ഭദ്രാസനാധിപൻ ഗീവർഗ്ഗീസ് ഗ്രീഗോറിയോസ് മെത്രപ്പോലീത്താ (ഗീവർഗ്ഗീസ് ദ്വിതീയൻ) പരുമല പെരുന്നാളിന് നേതൃത്വം നൽകുവാൻ അവിടെ സന്നിഹിതനായിട്ടുണ്ട്. വിപ്ലവകാരികളായ ശെമ്മാശന്മാരുടെ പുതിയ ക്രമം അദ്ദേഹത്തിന് രുചിച്ചില്ല. പരമ പവിത്രമായ സുറിയാനി ഭാഷയിൽ കിടക്കുന്ന കുർബ്ബാന തക്സാ മലയാളം അച്ചടിയിലേക്കു പകർത്തുക മൂലം വി. കൂദാശയായ കുർബ്ബാനയുടെ ആത്മീയ മൂല്യവും പരിവേഷവും ഗണ്യമായി കുറയാനിടയാകുമെന്ന് നിഷ്കളങ്കമായി വിശ്വസിച്ചിരുന്ന അദ്ദേഹം ശെമ്മാശന്മാരെ അധിക്ഷേപിക്കുകയും അതിന്റെ വില്പന പരുമലയിൽ അന്ന് നിരോധിക്കുകയും ചെയ്തുവത്രേ.) അദ്ദേഹം എതിർത്തുവെങ്കിലും





മലയാള ഭാഷാഭിമുഖ്യം സഭയിൽ വർദ്ധിച്ചുതന്നെ വന്നു. സുറിയാനിയോടുള്ള ആഭിമുഖ്യം കുറഞ്ഞും വന്നു. സുറിയാനി ഭാഷ തന്നെ അച്ചടി രൂപത്തിൽ ദ്രുതഗതിയിൽ പ്രചരിക്കുവാൻ തുടങ്ങി. ക്രമേണ സുറിയാനി കൂട്ടി വായിക്കുവാൻ അറിയുന്നവനെ സുറിയാനി പണ്ഡിതൻ എന്ന് വിളിക്കുന്ന അവസ്ഥയിൽ ആ ഭാഷയുടെ കാര്യം പരുങ്ങലിലായി. അച്ചടിക്രമങ്ങൾ മാത്രം പരിചയിച്ച കണ്ണുകൾക്കു പുള്ളികൾ (സ്വരങ്ങൾ) രേഖപ്പെടുത്താത്ത കൈയ്യെഴുത്തു ക്രമങ്ങൾ ബാലികേറാമലകൾ ആയിരുന്നു. ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി അവസരത്തിനൊത്തുയർന്ന് സുറിയാനി ക്രമങ്ങളുടെ മലയാള വിവർത്തനങ്ങൾ തയാറാക്കി വന്നു. പട്ടംകൊട, പള്ളികൂദാശ തുടങ്ങിയ ക്രമങ്ങളും പെങ്കീസാ പ്രുമിയോനുകളും മലയാളത്തിൽ വിവർത്തനം ചെയ്തത് അദ്ദേഹമാണ്. അപ്പോഴും എല്ലാ ക്രമങ്ങളും സുറിയാനി കൈയ്യെഴുത്തു രൂപത്തിൽ ഉപയോഗിച്ച് മലയാളത്തിലേക്കു തൽസമയ വിവർത്തനം ചെയ്യുന്നതാണ് അഭികാമ്യം എന്ന് കരുതിയവരാണ് ആ തലമുറയിലെ പ. ഗീവർഗീസ് ദ്വിതീയൻ ബാവായും പാമ്പാടിയിലെ മാർ ഗ്രീഗോറിയോസും. ഇക്കാര്യത്തിൽ കഥാപുരുഷനും ഇവരുടെ പക്ഷത്തായിരുന്നു. മരണപര്യന്തം അദ്ദേഹം അച്ചടിച്ചതോ കൈയ്യെഴുത്തോ ആയ സുറിയാനി ഗ്രന്ഥങ്ങൾ ഉപയോഗിച്ച് തൽസമയ വിവർത്തനം നടത്തുകയായിരുന്നു പതിവ്. കുർബ്ബാന, കൂദാശക്രമങ്ങൾ, ആണ്ടുതക്സാ, ഏവൻഗേലിയോൻ, പട്ടംകൊടകൾ, പള്ളികൂദാശകളുടെ വിവിധ ക്രമങ്ങൾ, തൈലം കൂദാശ, കന്തീല, കഹനൈത്താ തുടങ്ങിയ ഏത് ശുശ്രൂഷയിലും അദ്ദേഹം സുറിയാനി ഭാഷയിലെഴുതിയ ക്രമങ്ങളേ ഉപയോഗിച്ചിരുന്നുള്ളൂ. പക്ഷേ, അത് അന്ധമായ ഭാഷാ ഭ്രാന്തുകൊണ്ടായിരുന്നില്ല. നിലവിലുള്ള വിവർത്തനങ്ങളിലെ ഭാഷാപ്രയോഗങ്ങൾ പലപ്പോഴും അദ്ദേഹത്തിന് സ്വീകാര്യങ്ങളായിരുന്നില്ല. തന്റെ ഗുരുവായ ഔഗേൻ മാർ തീമോത്തിയോസിന്റെ വിവർത്തനങ്ങൾ പോലും സംസ്കൃത പദബഹുലമായതിനാൽ അദ്ദേഹത്തിന് സ്വീകാര്യമായി തോന്നിയിരുന്നില്ല. മറ്റു പലവിവർത്തനങ്ങളുടെയും ഭാഷാശുദ്ധിയിലും കൃത്യതയിലും ആധികാരികതയിലും അദ്ദേഹത്തിന് സംശയമായിരുന്നു. സ്വന്തം തൽസമയ വിവർത്തനമാണെങ്കിൽ സമയോചിതമായി കൊച്ചു കൊച്ചു വാക്യങ്ങളായി മുറിച്ച് ആരാധകർക്ക് അർത്ഥഗ്രഹണമുണ്ടാകുന്നവിധം ലളിതമായി വിവർത്തനം ചെയ്യുവാൻ കഴിയുമെന്ന ആത്മവിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആരാധനകൾ സമാകർഷകമാകുവാൻ അതും ഒരു കാരണമായിരുന്നുവെന്ന് ഇതെഴുതുന്ന ആൾക്കു ഉറപ്പായി സാക്ഷ്യം നല്കുവാൻ കഴിയും.

പട്ടംകൊട, പള്ളികൂദാശ, പെങ്കീസാ നമസ്ക്കാരങ്ങൾ, തൈലം കൂദാശ തുടങ്ങിയ പലതും കൈയെഴുത്തു രൂപത്തിൽ മാത്രം ലഭ്യമായിരുന്ന അക്കാലങ്ങളിൽ ഈ വക ശുശ്രൂഷകൾ നടത്തുമ്പോൾ കൈയെഴുത്തു സുറിയാനി ഗ്രന്ഥങ്ങൾ നന്നായി പരിചയിച്ച ഒരാളിനേ പ്രധാന കാർമ്മികന്റെ പ്രധാന സഹായി ആയ അർക്കദിയാക്കോൻ ആയി വർത്തിക്കുവാൻ ഒക്കുകയുള്ളൂ. ദീർഘ ശുശ്രൂഷകൾ ആയതിനാലും ഗാനങ്ങളോടൊപ്പം ക്രിയാനുഷ്ഠാനങ്ങൾ ആവശ്യമായിരുന്നതിനാലും ഇടയ്ക്കിടെ ഉൽബോധനങ്ങൾ അനിവാര്യമായിരുന്നതിനാലും പലക്രമങ്ങളിലും ഒരു അർക്കദിയാക്കോന്റെ സാന്നിദ്ധ്യവും പങ്കാളിത്തവും അപരിത്യാജ്യമാണ്. മുൻതലമുറയിലെ വൈദികർ ഓരോരുത്തരായി കാലയവനികയ്ക്കുള്ളിൽ

അപ്രത്യക്ഷരായിക്കൊണ്ടിരുന്നു. പുതിയ തലമുറയിലെ വൈദികരാകട്ടെ സുറിയാനി ഭാഷയിൽ അനഭിജ്ഞരും ആയി. പ. ഗീവർഗീസ് ദ്വിതീയൻ ബാവായാണെങ്കിൽ കാലത്തിന്റെ ഒഴുക്കിനെ പ്രതിരോധിക്കുന്നത് വിഫലമാണെന്ന് കണ്ടറിഞ്ഞ് ആ പരിശ്രമം നിർത്തിയെങ്കിലും ആ ഒഴുക്കനുസരിച്ച് ഒഴുകുവാൻ തയ്യാറല്ലായിരുന്നു. കൂടെ അർക്കദിയാക്കോന്റെ സ്ഥാനത്ത് നില്ക്കുവാൻ ലഭിക്കുന്ന സുറിയാനി ഭാഷാനഭിജ്ഞരായ വൈദികർക്കു എപ്പോഴും തെറ്റുപറ്റുക സ്വാഭാവികമായിരുന്നു. പാട്ടുകൾ, വായനകൾ, നിർദ്ദേശങ്ങൾ ഇവയൊക്കെ സുറിയാനിയിലാണ് എഴുതിയിട്ടുള്ളത്. ഏറ്റവും ശ്രദ്ധയും ജാഗ്രതയും ഏകാഗ്രതയും ആവശ്യമായ പട്ടംകൊടയിലും പള്ളിക്കൂദാശയിലും സഹായികളായ വൈദികരും ശെമ്മാശന്മാരും അജ്ഞത കൊണ്ടും അനവധാനതകൊണ്ടും തെറ്റുവരുത്തുമ്പോൾ ബാവാ സങ്കടപ്പെടുമായിരുന്നു. ആ സങ്കടത്തിൽനിന്നുദ്ഭവിക്കുന്നതാണ് ആ പിതാവിന്റെ ആരാധനാവേളകളിൽ പ്രകടമായിട്ടുള്ള പ്രസിദ്ധ രോഷപ്രകടനങ്ങൾ. തെറ്റുവരരുത് എന്ന് ആഗ്രഹമുണ്ടെങ്കിലും ഔചിത്യബോധമോ എഴുതിയത് വായിച്ചു മനസിലാക്കുവാനുള്ള കഴിവോ ഇല്ലാത്തതു മൂലം മാറി മാറി വരുന്ന സഹായികൾക്കു തെറ്റുപറ്റുക സ്വാഭാവികമാണെങ്കിലും ആരാധനയിൽ ഒരു ചെറിയ തെറ്റുപോലും സംഭവിച്ചുകൂടാ എന്ന് നിർബ്ബന്ധമുള്ള ഒരു പിതാവ് എന്ന നിലയിൽ പ. ബാവായ്ക്കു അത്തരം തെറ്റുകളോട് രാജിയാവാനോ പൊരുത്തപ്പെട്ടുപോവാനോ കഴിയുമായിരുന്നില്ല. തന്റെ മഹാപുരോഹിതശുശ്രൂഷയിൽ താൻ സാക്ഷാത്ക്കരിക്കുന്ന പ. ത്രിത്വത്തിന്റെ സാന്നിധ്യം എപ്പോഴും അനുഭവിച്ചറിയുന്ന അദ്ദേഹം ചെറിയ തെറ്റുകൾ പോലും ദൈവകോപത്തിനും അനുഗ്രഹക്കുറവിനും കാരണമാകുമെന്നു വിശ്വസിച്ചിരുന്നു. (ജനങ്ങൾ അറിയാത്ത വിധത്തിലാണ് തെറ്റുകൾ സംഭവിക്കുന്നതെങ്കിൽ അതിനെ നിസ്സാരമായി കണ്ട് അവഗണിക്കുന്ന പ്രധാനാചാര്യനായിരുന്നില്ല അദ്ദേഹം. ജനത്തെയല്ല, ദൈവത്തെയാണ് ആരാധനയിൽ താൻ അഭിമുഖീകരിച്ച് പ്രസാദിപ്പിക്കുന്നത് എന്നദ്ദേഹത്തിന് തീർച്ചയായിരുന്നു.)

അങ്ങനെ ധർമ്മസങ്കടത്തിൽ കഴിയുമ്പോഴാണ് വൃദ്ധനായ പ. ബാവ നരിമറ്റത്തിൽ യോഹന്നാൻ കത്തനാരെ പറ്റി അറിയുന്നതും കണ്ടുമുട്ടുന്നതും. ആ സമാഗമത്തിൽ രണ്ടുകൂട്ടരും ആകൃഷ്ടരായി. തേടിയ വള്ളി കാലിൽ ചുറ്റിയ അനുഭവം രണ്ടുപേർക്കും ഉണ്ടായി. വൈദ്യൻ കല്പിച്ചതും രോഗി ഇച്ഛിച്ചതും പാലുതന്നെ എന്ന മട്ടായി. ബാവായക്കു ഒരു യോഗ്യനായ അർക്കദിയാക്കോനെ വേണം. അച്ചനാണെങ്കിൽ അവിവാഹിത വൈദികനെന്ന നിലയിൽ ഒഴിവുസമയങ്ങളെ ഉദാത്ത വിഷയങ്ങളിൽ ചെലവഴിക്കുവാൻ സാഹചര്യം ആവശ്യമായിരുന്നു. ഈ രണ്ട് ദാഹങ്ങൾക്കും ഈ സമാഗമത്തോടെ സ്ഥിരമായ പരിഹാരമുണ്ടായി.

1944-ൽ കഥാപുരുഷന്റെ പേരപ്പനും പേരമ്മയും അന്തരിച്ചു. അക്കൊല്ലം തന്നെ നിരണം ഭദ്രാസനത്തിന്റെ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുമായി പരിചയത്തിലായി. 1954-ൽ അളിയൻ നിര്യാതനായി - ഡയറിക്കുറിപ്പ്.) 1945-ൽ അമയന്നൂർ കാരാട്ടുകുന്നേൽ പള്ളിയിലും (ഹാശാ പുതുപ്പള്ളി) - 46ൽ അമയന്നൂർ പള്ളിയിലും (ഹാശാപുതുപ്പള്ളി) - 47 മുതൽ പള്ളം സെഹിയോൻ പള്ളിയിലും അദ്ദേഹം നിയമിതനായി. 48ലെ പെസഹാ ശുശ്രൂഷ പാമ്പാടി ദയറായിലായിരുന്നു. ഈ ഡയറിക്കുറിപ്പുകൾ വ്യക്തമാക്കുന്നത് കഥാപുരുഷൻ വൈദികനായി പള്ളികളിൽ നിയമിതനായ സമയത്തും ഹാശാ ശുശ്രൂഷകളിൽ





പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പമോ പാമ്പാടി തിരുമേനിയോടൊപ്പമോ ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ വിളിക്കപ്പെടുമായിരുന്നുവെന്നാണ്. ഗീവർഗീസ് ദ്വിതീയൻ ബാവ അങ്ങനെയാണ്. ആവശ്യമായ നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും ശേഷമേ ആരേയും ഗൗരവമായ ഉത്തരവാദിത്തങ്ങളിലേക്കു നിയോഗിക്കാറുള്ളൂ. 1945 മുതൽ 49 വരെ യോഹന്നാനച്ചൻ പ. ബാവായുടെ നിരീക്ഷണ പരീക്ഷണങ്ങൾക്കു വിധേയനായിരുന്നു. ബ്രഹ്മചര്യം, തപോനുഷ്ഠാനങ്ങൾ, പ്രാർത്ഥനാജീവിതം, സഹനശക്തി, ക്ഷമ, അനുസരണം, വിനയം, സുറിയാനി പാണ്ഡിത്യം, രാഗശുദ്ധി എന്നിവയിൽ മികവു പുലർത്തിയ യോഹന്നാൻ അച്ചനെ 1949 ഏപ്രിൽ മുതൽ കോട്ടയം സുറിയാനി സെമിനാരിയിൽ മല്പാനായി പ. കാതോലിക്കാ ബാവാ നിയമിച്ചു. കോട്ടയം പഴയ സെമിനാരി അന്ന് കാതോലിക്കായുടെ ആസ്ഥാനവും മലങ്കര സഭയുടെ ആസ്ഥാനവും സെക്രട്ടേറിയേറ്റുമായിരുന്നു. വൈദിക വിദ്യാഭ്യാസത്തിന് വേണ്ടി 1814 ൽ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ (പിന്നീട് സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ) സ്ഥാപക പ്രിൻസിപ്പലായി ആരംഭിച്ച പഴയ സെമിനാരിയിലെ വൈദിക വിദ്യാഭ്യാസം പല കാലത്തും പല കാരണങ്ങളാലും മുടങ്ങുവാൻ ഇടയായിട്ടുണ്ട്. കഥാപുരുഷൻ സെമിനാരിയിൽ മല്പാനായി നിയമിക്കപ്പെടുന്ന കാലത്ത് വൈദിക പരിശീലനം നടത്തിയിരുന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ (മലങ്കര മെത്രാപ്പോലീത്താ) സ്ഥാപിച്ച കോട്ടയം എം.ഡി. സെമിനാരിയിലായിരുന്നു. നിയമന കാലത്ത് ഫാ. വി.കെ. മാത്യൂസ് (പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ) ആയിരുന്നു ആക്ടിംഗ് പ്രിൻസിപ്പൽ. 1949 ൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പ്രിൻസിപ്പൽ സ്ഥാനത്ത് നിയമിതനായി. 51 മുതൽ നേരത്തെ ആക്ടിംഗ് പ്രിൻസിപ്പൽ ആയിരുന്ന വി.കെ. മാത്യൂസ് റമ്പാൻ പ്രിൻസിപ്പലായി. 1965 വരെ അദ്ദേഹമായിരുന്നു പ്രിൻസിപ്പൽ. 65 മുതൽ 67 വരെ കല്ലുപുരയ്ക്കൽ കെ. ഫീലിപ്പോസ് അച്ചൻ (പിന്നീട് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ.) പ്രിൻസിപ്പൽ ആയി. കഥാപുരുഷൻ 1949 ൽ സെമിനാരി മല്പാനായി പ്രവേശിച്ചതു മുതൽ 1966ൽ മെത്രാസന ഭരണമേല്ക്കുവാനായി ആ ജോലിയിൽനിന്ന് വിരമിക്കുന്നതുവരെ മാർ തീമോത്തിയോസ്, വി.കെ. മാത്യൂസ് കശ്ശീശാ (പിന്നീട് റമ്പാനും മെത്രാനും) ഫാ. കെ. ഫീലിപ്പോസ് എന്നീ മൂന്ന് പ്രിൻസിപ്പൽമാരുടെ കീഴിൽ പ്രവർത്തിച്ചു.

ഈ നിയമനത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവയ്ക്ക് രണ്ട് പ്രധാന ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. മുഴുവൻ സമയവും എം.ഡി. സെമിനാരിയിൽ താമസിച്ച് ആരാധനകൾക്കു നേതൃത്വം നൽകുവാൻ ജീവിത വിശുദ്ധിയും നിഷ്ഠയും മാതൃകയുമുള്ള ഒരു യുവ വൈദികന്റെ സാന്നിധ്യം വൈദിക വിദ്യാർത്ഥികൾക്കു ലഭ്യമാക്കുകയായിരുന്നു ഒന്നാമത്തെ ലക്ഷ്യം. താൻ പ്രധാന കാർമ്മികനായി നടത്തുന്ന പ്രധാന ശുശ്രൂഷകളിൽ അർക്കദിയാക്കോന്റെ സ്ഥാനത്ത് തന്നെ സഹായിക്കുക എന്നത് രണ്ടാമത്തെ ലക്ഷ്യം. ഈ ലക്ഷ്യങ്ങൾക്കു അഭിനവ മല്പാനച്ചനേക്കാൾ അനുയോജ്യനായ മറ്റൊരാൾ ആ തലമുറയിൽ ലഭ്യമല്ലായിരുന്നു എന്ന ഉത്തമ ബോധ്യത്തിലാണ് സുപരീക്ഷിതമായ ആ നിയമനം നടന്നത്.

# 4. യോഹന്നാൻ മല്പാൻ

**1949** മുതൽ 1966 ൽ മെത്രാൻ സ്ഥനമേല്ക്കുന്നതുവരെ കഥാപുരുഷൻ കോട്ടയം സെമിനാരികളിൽ (ആദ്യം എം.ഡി. സെമിനാരിയിലും 1960 മുതൽ പഴയ സെമിനാരിയിലും) മല്പാനായി സേവനം അനുഷ്ഠിച്ചു. അതിലുമേറെക്കാലം അദ്ദേഹം മെത്രാപ്പോലീത്താ ആയി (24 കൊല്ലം) സേവനം അനുഷ്ഠിച്ചുവെങ്കിലും അദ്ദേഹം ജനഹൃദയങ്ങളിൽ ജീവിക്കുന്നത് യോഹന്നാൻ മല്പാനച്ചൻ എന്ന നിലയിലാണ്. ഭാവി ചരിത്രവും അദ്ദേഹത്തെ ആ പേരിൽ വിളിക്കാനാവും കൂടുതൽ ഇഷ്ടപ്പെടുക എന്നാണ് ഈ ലേഖകന്റെ വിശ്വാസം. അദ്ദേഹം കാലം ചെയ്തപ്പോൾ ചരമപ്രസംഗം നടത്തിയ മഹാന്മാരും ചരമ വാർത്തകൾ പ്രസിദ്ധീകരിച്ച പത്രങ്ങളും വിവിധ പ്രസിദ്ധീകരണങ്ങളിൽ അനുസ്മരണ ലേഖനങ്ങളെഴുതിയ എഴുത്തുകാരും അദ്ദേഹത്തിലെപ്പോഴും നിറഞ്ഞുനിന്നിരുന്ന മല്പാനെയാണ് അടിവരയിട്ട് പ്രകീർത്തിച്ചത്. അതെ, അദ്ദേഹം ജീവിതകാലം മുഴുവൻ മല്പാനായിരുന്നു. വൈദിക സെമിനാരിയിൽ ആ മല്പാൻ അഭ്യസനം നടത്തിയിരുന്നത് ക്ലാസ് മുറികളിലും ക്ലാസ് സമയങ്ങളിലും മാത്രമല്ല, ഒഴിവുസമയങ്ങളിലെല്ലാം വൈദിക വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ ചുറ്റിലും കാണും. ക്ലാസു മുറികളിൽ സിലബസ് നിർദ്ദേശിക്കുന്ന വിഷയങ്ങൾ മാത്രം അധ്യാപന പരിധിയിൽ ഒതുക്കേണ്ടി വന്നിരുന്നു. എന്നാൽ അനൗപചാരിക വേളകളിൽ പരിധിയില്ലാത്ത വിജ്ഞാനരത്നങ്ങൾ ആവശ്യക്കാർക്ക് അദ്ദേഹം നല്കി. അപ്രകാരം അദ്ദേഹത്തെ സമീപിച്ചിരുന്നത് വൈദിക വിദ്യാർത്ഥികൾ മത്രമായിരുന്നില്ല. പ്രഗത്ഭ വൈദികരും മെത്രാൻ സ്ഥാനാർത്ഥികളും ചിലപ്പോഴൊക്കെ മെത്രാന്മാരും സംശയ നിവാരണത്തിനായി ഈ മല്പാനെ സമീപിച്ചിരുന്നു.കഴിഞ്ഞ അരനൂറ്റാണ്ടിൽ മലങ്കരയിൽ ജീവിച്ചിരുന്ന മാത്യൂസ് മാർ ഈവാനിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ അത്താനാസ്യോസ് (പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ), മാത്യൂസ് മാർ കൂറിലോസ് (മാത്യൂസ് ദ്വിതീയൻ കാതോലിക്കാ), ഡോ. പീലിപ്പോസ് മാർ തെയോഫിലോസ്, തോമസ് മാർ തീമോത്തിയോസ്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ഡോ. തോമസ് മാർ മക്കാറിയോസ്, ഡോ. ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ്, സ്തേഫാനോസ് മാർ തേവോദോസ്യോസ്, ജോസഫ് മാർ പക്കോമിയോസ്, യാക്കോബ് മാർ പോളികാർപ്പോസ്, മാത്യൂസ് മാർ ബർന്നബാസ്, യൂഹാനോൻ മാർ അത്താനാസ്യോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, തോമസ് മാർ അത്താനാസ്യോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, പൗലൂസ് മാർ മിലിത്തിയോസ്, പീലിപ്പോസ് മാർ യൗസേബിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഇയ്യോബ് മാർ പീലക്സിനോസ്, സഖറിയാ മാർ അന്തോണിയോസ്, കുരിയാക്കോസ് മാർ ക്ലീമ്മിസ്, പൗലോസ് മാർ പക്കോമിയോസ് തുടങ്ങിയ മെത്രാന്മാർ നേരിട്ടോ പരോക്ഷമായോ കഥാപുരുഷനെ ഗുരുവായി വരിച്ചിട്ടുള്ളവരാണ്. മാർത്തോമ്മാ സഭയിലെ മേല്പട്ടക്കാരും റീത്തു പ്രസ്ഥാനത്തിലെ മെത്രാൻ സ്ഥാനാർത്ഥികളും അവരവരുടെ സഭകളിലെ സീനിയർ മെത്രാപ്പോലീ





ത്താമാരുടെ നിർദ്ദേശപ്രകാരം കഥാപുരുഷനെ സമീപിച്ച് മേല്പ്പട്ടക്കാർക്കടുത്ത കൂദാശാനുഷ്ഠാനങ്ങളിൽ പരിശീലനം നേടിയിട്ടുണ്ട്. തൊഴിയൂർ സഭയിലെ കാലം ചെയ്ത മാത്യൂസ് മാർ കൂറിലോസ്, ഇപ്പോഴത്തെ ജോസഫ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാർ കഥാപുരുഷനിലെ മല്പാനെ ആവോളം ഉപയോഗപ്പെടുത്തിയിട്ടുള്ളവരാണ്. ജീവിതാന്ത്യം വരെയും സംശയങ്ങളുമായി തന്നെ സമീപിക്കുന്ന ജിജ്ഞാസുക്കൾക്കു തന്നെത്തന്നെ തുറന്നുകൊടുക്കുവാൻ എത്ര ക്ഷീണാവസ്ഥയിലും അദ്ദേഹം സന്തോഷപൂർവ്വം സന്നദ്ധനായിരുന്നു. തന്നിലെ മല്പാനെ ആളുകൾ ശരിയായി പ്രയോജനപ്പെടുത്തുമ്പോഴാണ് അദ്ദേഹം ജീവിതത്തിലേറ്റവും ആഹ്ലാദിച്ചു കണ്ടിട്ടുള്ളത്. തന്നിലെ മല്പാനെ വേണ്ട വിധം പ്രയോജനപ്പെടുത്താതിരിക്കുകയും ചിലപ്പോഴൊക്കെ അസൂയ മൂലം പുച്ഛിക്കുകയും ചെയ്തിട്ടുള്ള സംഭവങ്ങളാണ് അദ്ദേഹത്തെ ഏറ്റവും വേദനിപ്പിച്ചിട്ടുള്ളത്.

കോട്ടയം സെമിനാരികളിൽ മല്പാനായിരിക്കേ പള്ളം, കോട്ടയം സെമിനാരി ചാപ്പൽ, ദേവലോകം അരമന ചാപ്പൽ എന്നിവിടങ്ങളിൽ വികാരിയായി സേവനം നടത്തി. 1952 ൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ദേവലോകം അരമനയിൽ താമസമാക്കുന്നതുവരെയും അതിന്ന് ശേഷവും മലങ്കര മെത്രാപ്പോലീത്തായും മലങ്കര മല്പാനും തമ്മിൽ അസൂയാവഹമായ സംസർഗ്ഗവും ബന്ധവും നിലനിന്നു. അത് ചിലപ്പോൾ ഗുരുശിഷ്യബന്ധമാവും, വേറെ ചിലപ്പോൾ ആത്മസുഹൃത്തുക്കളുടെ ബന്ധമാകും, രണ്ടായാലും ആ ബന്ധങ്ങൾ രണ്ടുപേർക്കും ഹൃദ്യമായിരുന്ന അനുഭവങ്ങൾ ആയിരുന്നു. ആരാധനയുടെ സൗമ്യവും സുന്ദരവും സമ്പന്നവുമായ ആഴങ്ങൾ നരിമറ്റത്തിൽ യോഹന്നാൻ മല്പാനച്ചന് നേരത്തെ പരിചിതമായിരുന്നു. എന്നാൽ അവയുടെ ഉദാത്തതയും ഭാവഗംഭീരതയും മല്പാനച്ചൻ ആദ്യമായി ദർശിച്ചത് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മുഖത്താണ്. പട്ടംകൊടയുടെ ശുശ്രൂഷയിലും മറ്റും പ. ബാവായുടെ വലത്തുഭാഗത്ത് പട്ടം കൊട പുസ്തകവുമായി നില്ക്കുന്ന മല്പാനച്ചൻ പട്ടം കൊടയിലെ 'ക്രൊയ്ത്തൊദ് റൂഹോ കാദീശോ' യുടെ ഭയങ്കര നിമിഷങ്ങളിൽ ഭയഭക്തി വിസ്മയ സംഭ്രമങ്ങളോടെ പ. ബാവായെ വീക്ഷിച്ച് നില്ക്കുന്ന ഫോട്ടോകൾ ഈ ലേഖകൻ കണ്ടിട്ടുണ്ട്. പരുമലയിലെ പരിശുദ്ധന്റെ ശിഷ്യൻ ആയിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ശുശ്രൂഷകളുടെ ഗാംഭീര്യം മറ്റെങ്ങും കണ്ടിട്ടില്ല എന്ന് കഥാപുരുഷൻ ഈ ലേഖകനോട് പറയാറുണ്ട്. സീനായിൽനിന്ന് ഇറങ്ങിവരുന്ന മോശയുടെ മുഖത്തിന് സമാനമായി ബാവായുടെ മുഖം തേജസ്സുകൊണ്ട് അസാധാരണമായി ജ്വലിക്കുന്ന ദൃശ്യങ്ങൾ അർക്കദിയാക്കോന്റെ സ്ഥാനത്ത് നില്ക്കുന്ന മല്പാനച്ചന് മാത്രം കാണാൻ കഴിയുന്ന ദിവ്യ അനുഭവങ്ങളായിരുന്നു. തന്മൂലം ആ തലമുറയിലെ എല്ലാ മെത്രാച്ചന്മാർക്കും പ. ബാവായെ അളവിൽക്കവിഞ്ഞു ബഹുമാനവും ഭയവുമായിരുന്നു. പ. ബാവായെ മനസ്സറിഞ്ഞു ശുശ്രൂഷിക്കുവാനും ശുശ്രൂഷകളിൽ സഹായിക്കുവാനും ഒരുപക്ഷേ മറ്റാരേക്കാളുമധികം മല്പാനച്ചന് കഴിയുമായിരുന്നു. വേണ്ടുവോളം ഗുരുനാഥന്മാരെ നേരത്തെ വരിച്ചിട്ടുള്ള മല്പാനച്ചൻ പ. ബാവായിലും ഒരു ഗുരുവിനെ കണ്ടെത്തി. അക്കാലങ്ങളിൽ ബാവായുടെ ശെമ്മാശനായി സേവനം അനുഷ്ഠിച്ച ആളിന് മൂന്ന് പതിറ്റാണ്ടിന് ശേഷം ഒരാശംസ എഴുതി അയച്ചപ്പോൾ ആ സ്മരണകളെ ഇപ്രകാരം അയവിറക്കിയിട്ടുണ്ട്:

"........... നാമൊരുമിച്ച് ദീർഘകാലം കാതോലിക്കേറ്റ് അരമനയിൽ പുണ്യ പുരുഷനായ ഗീവർഗീസ് ബസ്സേലിയോസ് രണ്ടാമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ സന്നിധിയിൽ കഴിഞ്ഞുകൂടിയ മധുരോദാരമായ സന്ദർഭങ്ങൾ ഈ അവസരത്തിൽ ഓർത്തുപോകുന്നു. ആ പിതാവിൽനിന്ന് പലകാര്യങ്ങളും കേൾക്കുകയും പഠിക്കുകയും കാണുകയും ചെയ്യുന്നതിന് അവസരമുണ്ടായത് എനിക്കെന്ന പോലെ അച്ചനും ഒരു മഹാഭാഗ്യമായിത്തീർന്നുവെന്ന് നാം വിചാരിക്കയാണ്. എല്ലാവർക്കും ഇതുപോലുള്ള അവസരങ്ങൾ ലഭിച്ചെന്ന് വരികയില്ല. ആ പിതാവിന്റെ സന്നിധിയിൽ നിന്ന് ലഭിച്ച പരിശീലനങ്ങൾ വലിയ ബിരുദധാരികൾ എന്ന് വിചാരിക്കുന്നവർക്കു പോലും ലഭിച്ചിട്ടില്ലാത്തതാണ്........" (1990 മാർച്ച് 20-ാംനു ടി.ജി. സഖറിയാ അച്ചന്റെ ഷഷ്ഠിപൂർത്തി ആഘോഷത്തിനയച്ച മംഗളാശംസ). അക്കാലത്തെ ഒരു സംഭവം ന്യൂയോർക്കിൽനിന്ന് ഫാ. ഫിലിപ്പോസ് മാത്യു അനുസ്മരിക്കുന്നത് ഇപ്രകാരമാണ്:

"പഴയ സെമിനാരിയിലെ ഒരു പെരുന്നാളിന് സന്ധ്യാനമസ്ക്കാരത്തിന്റെ ഏവൻഗേലിയോൻ വായിക്കുവാൻ വലിയ ബാവാ പടിഞ്ഞാറോട്ടു വന്നു. സെമിനാരി മാനേജർ ഫാ. ടി.സി. ജേക്കബ് വായനാഭാഗം എടുത്തു വച്ചിരുന്നില്ല. സുറിയാനി പണ്ഡിതനായിരുന്നിട്ടും (വാർദ്ധക്യം മൂലമാകാം - ഗ്രന്ഥകാരൻ) ബാവാ നോക്കിയിട്ടു വായനാഭാഗം എടുക്കുവാൻ പ്രയാസം വന്നു. മാനേജരച്ചൻ ശ്രമിച്ചു; കിട്ടുന്നില്ല. സുറിയാനി പണ്ഡിതൻ വട്ടക്കുന്നേൽ മെത്രാച്ചൻ (പ. മാത്യൂസ് പ്രഥമൻ ബാവ - ഗ്രന്ഥകാരൻ) അടുത്തുണ്ട്. അദ്ദേഹം നോക്കിയിട്ടും സുറിയാനി ഏവൻഗേലിയോൻ പുസ്തകത്തിലെ വായന കണ്ടെത്തുന്നില്ല. വളരെ അകലത്തിൽ മറ്റ് അച്ചൻമാരോടുകൂടെ നിന്ന മല്പാനച്ചൻ പെട്ടെന്ന് കയറിച്ചെന്ന് ഏവൻഗേലിയോൻ പുസ്തകം വാങ്ങി അനായാസേന അന്നത്തെ വായന എടുത്തുകൊടുത്തു. കണ്ടവർ എല്ലാം അത്ഭുതപ്പെട്ടുപോയി."

സുറിയാനി പാണ്ഡിത്യം മാത്രമാണോ ഇവിടെ മല്പാനച്ചനെ തുണച്ചത്? ഒരു നിർദ്ദിഷ്ട പെരുന്നാളിന്റെ വേദവായനാഭാഗം എടുക്കുവാൻ അത്രവലിയ പാണ്ഡിത്യമൊന്നും ആവശ്യമില്ല. അതിനുള്ള പരിചയമൊക്കെ വട്ടക്കുന്നേൽ മെത്രാച്ചനും ടി.സി. ജേക്കബ് അച്ചനും ഉണ്ടായിരുന്നു. എന്നാൽ ഓരോ പെരുന്നാളിന്റെയും ധ്യാനവിഷയവും സുവിശേഷഭാഗവും ഏതൊക്കെയാണെന്ന് നിരന്തര ഉപാസനയിലൂടെ അറിയാവുന്നത് മല്പാനച്ചന് മാത്രമായിരുന്നു. മാത്രവുമല്ല ഓരോ ദിവസത്തെയും ആരാധനകൾക്കുവേണ്ടി നേരത്തെ ഒരുങ്ങുവാനും അതിന്റെ ഭാഗമായി അന്നത്തെ വായനാഭാഗങ്ങൾ എടുത്തുവായിക്കുവാനും മല്പാനച്ചൻ പരിശീലിച്ചിരുന്നത് അദ്ദേഹത്തിന് ഉപയോഗപ്പെടുകയായിരുന്നു. പ്രായാധിക്യം മൂലം പ. ബാവായുടെ ധാരണാശക്തിക്കു മങ്ങലേറ്റപ്പോൾ യുവാവായ മല്പാനച്ചന്റെ ജാഗ്രത സഹായത്തിനെത്തുന്നതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും പറയാം. ആരാധനാ കാര്യങ്ങളിൽ മല്പാനച്ചന്റെ വാക്ക് അവസാനവാക്കായി പ. ബാവാ ആദരിച്ചിരുന്നത് അത്തരം സംഭവങ്ങൾ മൂലമാണ്. ബാവായിൽ വലിയ സ്വാധീനമുണ്ടായിരുന്ന പലരും മല്പാനച്ചനോട് അസൂയാലുക്കളാവാൻ ഇതു കാരണമാക്കി. മല്പാനച്ചന്റെ ആഗമനത്തോടെ ആരാധനാകാര്യത്തിൽ പ്രാമാണിത്തം ഭാവിച്ചിരുന്നവർക്ക് രണ്ടാം നിരയിലേക്കു മാറേണ്ടി വന്നു.





വൈദിക വിദ്യാർത്ഥികൾക്കു ഭാഷയും ഗാനവും പരിശീലിപ്പിക്കുന്നതുകൊണ്ടു മാത്രം യോഹന്നാൻ മല്പാനച്ചൻ തൃപ്തിപ്പെട്ടിരുന്നില്ല. സഭയിൽ മുഴുവൻ ഒരാരാധാനാ വിപ്ലവം സാധിക്കാനുള്ള അവസരമാണ് തനിക്കു ലഭിച്ചതെന്ന് അദ്ദേഹം മനസ്സിലാക്കി. വൈദിക ശുശ്രൂഷയെ ഗൗരവത്തിൽ കണക്കിലെടുക്കുവാൻ മല്പാനച്ചന്റെ ശിക്ഷണം പ്രേരണ ചെലുത്തിയതായി അദ്ദേഹത്തിന്റെ ശിഷ്യന്മാർ സാക്ഷിക്കുന്നതിന്റെ ഒരു ഉദാഹരണമിതാ ചേർക്കുന്നു: യോഹന്നാൻ മല്പാനച്ചന്റെ ഒരു ശിഷ്യൻ അദ്ദേഹത്തിന്റെ നാലര പതിറ്റാണ്ടു കാലത്തെ വൈദിക ശുശ്രൂഷകൾക്കു ശേഷം ഗുരു പഠിപ്പിച്ച നിഷ്ഠകളെ അക്കമിട്ടു പരിചയപ്പെടുത്തുന്നു:

1. വ്യക്തിപരമായ പരിഷ്കാരങ്ങൾ കലർത്തി ഇപ്പോൾ തന്നെ ധാരാളം പ്രാദേശിക വൈവിദ്ധ്യങ്ങളുള്ള ആരാധാനാനുഷ്ഠാനങ്ങളുടെ വ്യത്യാസം വർദ്ധിപ്പിക്കരുത്.

2. ആരാധനയിൽ ഔചിത്യപൂർവ്വം വരുത്താവുന്ന ചില ക്രമീകരണങ്ങൾ വരുത്തുവാൻ കാർമ്മികരായ വൈദികർക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യം ആരാധനയുടെ അവശ്യഘടകങ്ങളും മറ്റും മൗലികതയിൽ തിരിച്ചറിയാൻ കഴിവുള്ളവർ മാത്രമേ പ്രയോഗിക്കാവൂ. തന്മൂലം പ്രത്യേക അനുമതി ലഭിക്കാത്തവർ ആ വിവേചനാ സ്വാതന്ത്ര്യം ഉപയോഗിക്കരുത്.

3. കാതിന്ന് ഇണക്കംവന്ന ആരാധനാ ശൈലികളും പദങ്ങളും മതിയായ കാരണം കൂടാതെ വ്യത്യാസപ്പെടുത്തരുത്. ആരാധന ബുദ്ധിക്കു മാത്രമല്ല മനസ്സിനും ആത്മാവിനും തൃപ്തി പകരാൻ ഉള്ള ഉപാധിയാണ്.

4. ആരാധനയിൽ ആദിയോടന്തം ആത്മാർത്ഥത പുലർത്തിയിരിക്കണം. കൃത്രിമമായ ശബ്ദങ്ങളും സ്വന്തമായ ചില പദപ്രയോഗങ്ങളും കൊണ്ട് സാധാരണക്കാരായ ഭക്ത ജനങ്ങളെ കബളിപ്പിച്ചുകൂടാ.

5. ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഭക്തിപ്രകടനങ്ങൾ വർദ്ധിപ്പിക്കുക; പ്രാർത്ഥനകൾ ആകർഷകമായി ചൊല്ലുക; ജനങ്ങൾ കുറയുമ്പോൾ ആ ജാഗ്രതയും ശ്രദ്ധയും നഷ്ടപ്പെടുത്തുക - ഇത് നമ്മുടെ ആരാധനകളിൽ പൊതുവെ കണ്ടുവരുന്ന വൈകൃതമാണ്. മനസ്സിലില്ലാത്ത ഭക്തി കൃത്രിമമായി ആരാധനകളിൽ ഉണ്ടെന്ന് അഭിനയിക്കരുത്. കിഴക്കോട്ടു തിരിഞ്ഞു നടത്തുന്ന ക്രിയാനുഷ്ഠാനങ്ങൾക്ക് പ്രേക്ഷകരില്ലാത്തതു മൂലം അലസമായി നടത്തുകയും പടിഞ്ഞാറോട്ട് തിരിഞ്ഞുള്ള ക്രിയകളും വാഴ്വുകളും പ്രസംഗങ്ങളും മററും ജനം കേട്ടു വിലയിരുത്താവുന്നതുകൊണ്ട് ശ്രദ്ധാപൂർവ്വം നടത്തുകയും ചെയ്യുന്ന ഇരട്ടമുഖം വൈദികർക്കുണ്ടാകരുത്. മറശ്ശീല ഇടുന്ന സമയങ്ങളിൽ കാപ്പ ഊരിവച്ചും മറ തുറക്കുന്നതിന് തൊട്ടുമുമ്പ് കാപ്പ ധരിച്ചും ആരാധന നടത്തുന്ന ഒരു വൈദികന്റെ ഉദാഹരണം മല്പാനച്ചൻ ക്ലാസുകളിലും ലേഖനങ്ങളിലും അനുസ്മരിച്ചിട്ടുണ്ട്.

6. എത്ര പരിചയമുണ്ടെങ്കിലും ശുശ്രൂഷകൾക്കായി ആവശ്യമായ ഒരുക്കങ്ങൾ ശാരീരികമായും മാനസികമായും ബുദ്ധിപരമായും ആത്മീയമായും നടത്തണം. പ്രത്യേക ശുശ്രൂഷകൾ നിർവ്വഹിക്കേണ്ടിവരുമ്പോൾ അവയെപ്പറ്റിയുള്ള നിർദ്ദേശങ്ങളും ചടങ്ങുകളും ക്രിയകളും ശുശ്രൂഷാഘട്ടങ്ങളും പുസ്തകം മറച്ചുനോക്കി സ്വയം ഓർമ്മ പുതുക്കുകയും അനുഷ്ഠാനങ്ങളിൽ സഹായികളാകാനുള്ളവരെ ആ ഓർമ്മ പുതുക്കലിൽ

പങ്കെടുപ്പിക്കുകയും വേണം.

ഗുരു ശിഷ്യരെ ഉപദേശിച്ചതായി ശിഷ്യൻ സ്മരിക്കുന്ന ഈ കാര്യങ്ങളെല്ലാം ഗുരു സ്വജീവിതത്തിൽ പാലിച്ചിരുന്നതായി ഈ ലേഖകന് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എല്ലാ ശുശ്രൂഷകളിലും അദ്ദേഹം വിദഗ്ദനായിരുന്നുവെങ്കിലും ശുശ്രൂഷകളുടെ ദിവസം അദ്ദേഹം സ്വീകരിക്കുന്ന ഒരുക്കത്തിന്റെ മുറകൾ മാതൃകാപരങ്ങളും അനുകരണീയങ്ങളുമാണ്. പട്ടം കൊടയാണ് നടത്തേണ്ടതെങ്കിൽ പ്രുമിയോൻ വായിക്കേണ്ട ആൾ, കോറൂസുസോയുടെ പ്രഖ്യാപനം നടത്തുന്ന ആൾ തുടങ്ങിയവരെ സ്ഥാനാർത്ഥികളോടൊപ്പം തലേദിവസം തന്നെ വിളിച്ചുവരുത്തി അവ ആവർത്തിച്ചു ചൊല്ലി ശുദ്ധിവരുത്തുവാൻ ആവശ്യപ്പെടുമായിരുന്നു. അമാലോഗിയായുടെയും കൈ ആവസിപ്പിന്റെയും രോമം കത്രിക്കൽ, മുദ്രണം തുടങ്ങിയ സാങ്കേതിക പ്രാധാന്യമുള്ള അനുഷ്ഠാനങ്ങളുടെയും ഭാഗങ്ങൾ ആവർത്തിച്ച് ഹൃദിസ്ഥമാക്കി അർക്കദിയാക്കോൻ ആകാനുള്ള ആളിനെ അവയൊക്കെ ആവർത്തിച്ച് പരിശീലിപ്പിക്കും. പള്ളിക്കുദാശയും അപ്രകാരം തന്നെ. ആവർത്തിച്ചുള്ള അധ്യാപനംകൊണ്ട് 'എക്കാറ' യിലെ എല്ലാ രാഗങ്ങളും അദ്ദേഹത്തിന് ഹൃദിസ്ഥമാണെങ്കിലും അദ്ദേഹം അതെല്ലാം കൂടെയുള്ളവർക്കു ചൊല്ലിക്കൊടുത്തു ഓർമ്മ പുതുക്കും, സുറിയാനി പുസ്തകം മാത്രം ഉപയോഗിക്കുന്ന കഥാപുരുഷന്റെ ഇത്തരം ശുശ്രൂഷകൾ അനുഗ്രഹകരവും ആകർഷകവുമായി നടത്താൻ കഴിഞ്ഞിരുന്നതിന്റെ പശ്ചാത്തലത്തിൽ ഇത്തരം ഒരുക്കങ്ങളുടേയും റിഹേഴ്സലുകളുടേയും ഒരുവശമുണ്ടായിരുന്നു.

മല്പാനച്ചന്റെ സഹപ്രവർത്തകരായി പണ്ഡിതരായ പല അധ്യാപകരും സെമിനാരിയിലുണ്ടായിരുന്നുവെങ്കിലും വൈദികവിദ്യാർത്ഥികൾക്ക് ഏറ്റവും പ്രിയങ്കരൻ യോഹന്നാൻ മല്പാനച്ചൻ ആയിരുന്നു. മറ്റു വിഷയങ്ങളിൽനിന്ന് വ്യത്യസ്തമായി അദ്ദേഹത്തിന്റെ അധ്യാപനവിഷയത്തിന് അനൗപചാരികതയുടെ പരിവേഷമുണ്ടായിരുന്നതാവാം ഒരു കാരണം. വൈദിക വിദ്യാർത്ഥിക്കു ഭാവി ജിവിതത്തിൽ ഏറ്റവും അത്യാവശ്യമായിട്ടുള്ള ആരാധനാപരിശീലനം നടത്തുന്ന ആൾ എന്ന നിലയിലും പ്രിയമുണ്ടാകാൻ കാരണമുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യനും സഹപ്രവർത്തകനുമായ നിരണം ഭദ്രാസനത്തിന്റെ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ അഭിപ്രായം കേൾക്കുക. 'ഭാഗ്യസ്മരണീയനായ യൂഹാനോൻ മാർ സേവേറിയോസ് ആബൂനോട് സഭയ്ക്കും സെമിനാരിക്കും എനിക്കും ഉള്ള കടപ്പാട്' എന്ന ലേഖനത്തിൽ അദ്ദേഹം എഴുതുന്നു:

'1952ൽ ഒരു ശെമ്മാശനായി ഞാൻ സെമിനാരിയിൽ അയക്കപ്പെട്ടത് എന്റെ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന മാർ തേവോദോസ്യോസ് പിതാവിന്റെ വാക്കാലുള്ള കല്പന പ്രകാരം ആയിരുന്നു. ആ വന്ദ്യപിതാവ് ഞാൻ 1948 മുതൽ '51 വരെ അമേരിക്കയിൽ പഠിച്ചിരുന്നപ്പോഴും എനിക്കു കല്പനകൾ അയക്കുമായിരുന്നു. മടങ്ങിവന്ന് സെമിനാരിയിൽ ചേർന്ന് സുറിയാനി പഠിക്കുവാനായിരുന്നു നിർദ്ദേശം. എന്നാൽ എം.എ, ബി.ഡി, എസ്.ടി.എം. ഡിഗ്രികൾ ഉണ്ടായിരുന്നതിനാൽ പഠിപ്പിക്കാനും പഠിക്കാനും ഉള്ള അവസരമായി അത് തീർന്നു. പട്ടമേറ്റു മൂന്നാം ദിവസം അമേരിക്കയിൽ പോയതിനാൽ സുറിയാനി ഒട്ടും പഠിച്ചിരുന്നില്ല. എന്തെങ്കിലും അല്പം പഠിച്ചത്, പഠിപ്പിക്കലിനോടുകൂടി യോഹന്നാൻ മല്പാനച്ചനിൽ നിന്നായിരുന്നു. അന്ന് സെമിനാരിയിൽ പഠിപ്പിക്കുവാൻ





വി.കെ. മാത്യൂസ് അച്ചനും, കെ. ഫീലിപ്പോസ് അച്ചനും, യോഹന്നാൻ മല്പാനും ഞാനും ആണ് പൂർണ്ണസമയവും അവിടെ താമസിച്ച് പഠിപ്പിച്ചിരുന്നത്...... 1953ൽ കെ.എം. അലക്സാണ്ടർ അച്ചനും അടുത്തവർഷം റ്റി.ജെ. ജോഷ്വ അച്ചനും സെമിനാരിയിൽ പഴയനിയമവും പുതിയനിയമവും പഠിപ്പിക്കുവാൻ തുടങ്ങി. ഒരു ചെറിയ കുടുംബം പോലെ ഞങ്ങൾ അന്ന് കഴിഞ്ഞിരുന്നു. ഏവർക്കും പ്രിയൻ ആയിരുന്ന യോഹന്നാൻ മല്പാനച്ചൻ വിദ്യാർത്ഥികൾക്കു പ്രിയൻ ആകുവാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹം ശാന്തനും കോപിക്കാത്തവനും 'അസൈൻമെന്റ്' നല്കാത്തവനും സെമിനാരിയിലെ പട്ടിണി മാറ്റുവാൻ വാകത്താനത്ത്നിന്ന് നല്ല കപ്പ കൊണ്ടുവന്ന് ഞങ്ങൾക്ക് തരുന്നതിൽ തല്പരനുമായിരുന്നു. ഈസിചെയറിൽ ചാരിക്കിടന്ന് ഈസിയായിട്ടാണ് ഭാഷയും സുറിയാനി സംഗീതങ്ങളും എട്ടുനിറങ്ങളും എല്ലാം പഠിപ്പിച്ചത്. സുറിയാനി ശ്ഹീമാപ്പടി മുഴുവനും അദ്ദേഹത്തിന് മന:പാഠമായിരുന്നുതിനാൽ, പുസ്തകം നോക്കിയല്ല പഠിപ്പിച്ചു വന്നത്. വളരെ ചെറുപ്പത്തിൽ അദ്ദേഹം സുറിയാനി ഭാഷയും പാട്ടും നിറങ്ങളും പഠിച്ച ആളായിരുന്നതിനാൽ ഞങ്ങളെപ്പോലെ പാഠം പഠിച്ച് പഠിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു."

യോഹന്നാൻ മല്പാനച്ചന്റെ നീതിബോധം ശിഷ്യന്മാരുടെ പ്രശംസ പിടിച്ചുപറ്റിയ ഒന്നാണ്. പക്ഷപാതരഹിതമായി ചിന്തിക്കുവാനും നിലപാടുകൾ സ്വീകരിക്കുവാനും അഭിപ്രായങ്ങൾ പുറപ്പെടുവിക്കാനും അദ്ദേഹം ശ്രദ്ധിക്കുമായിരുന്നുവെങ്കിലും നീതിപൂർവ്വകമായ തന്റെ നിലപാടുകൾ അന്യായമായി ചോദ്യം ചെയ്യപ്പെടുമ്പോൾ പോലും അതിനെതിരെ ശബ്ദമുയർത്തുവാൻ അദ്ദേഹം തയാറാവാതിരുന്നത് അനേകരെ അത്ഭുതപ്പെടുത്തിയിട്ടുള്ള കാര്യമാണ്. തന്റെ പേരിൽ ഒരു ഗ്രൂപ്പോ വിവാദമോ ഉണ്ടാകാതിരിക്കുവാൻ അദ്ദേഹം പലപ്പോഴും ശ്രദ്ധിച്ചിരുന്നു. അനീതിയായുള്ള കാര്യങ്ങളിൽ സമയോചിതമായ ഇടപെടൽ മുകളിൽനിന്നുണ്ടാവുമെന്നും ഉണ്ടായില്ലെങ്കിൽ തന്നെ പരാതികൂടാതെ അതു താൻ സഹിച്ചുകൊള്ളാമെന്നുമായിരുന്നു· കഥാപുരുഷന്റെ തത്വശാസ്ത്രം. അദ്ദേഹത്തിന്റെ ശിഷ്യൻ ഒരു സംഭവം ഓർക്കുന്നതിങ്ങനെയാണ്:

"സെമിനാരിയിലെ ഏറ്റവും മികച്ച വിദ്യാർത്ഥിക്കുള്ള സമ്മാനം സെമിനാരിയിലെ എല്ലാ പരീക്ഷയും എഴുതുന്ന ആളിനേ കൊടുക്കുകയുള്ളൂവെന്ന് പ്രിൻസിപ്പൽ പ്രഖ്യാപിക്കുകയും ഒരുവർഷം അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. External ആയി B.D പരീക്ഷയെഴുതുവാൻ ബിരുദധാരികളെ അനുവദിച്ചിരുന്ന അക്കാലത്ത് അപ്രകാരമുള്ള പരീക്ഷയ്ക്കു ഒരുങ്ങുന്നവർ സെമിനാരിയിലെ പല പരീക്ഷകളും എഴുതിയിരുന്നില്ല. ഒരു വർഷം സെമിനാരിയിലെ അഞ്ചുപരീക്ഷകൾ എഴുതാതിരുന്ന ഒരു വിദ്യാർത്ഥിക്ക് 63% വും എല്ലാം എഴുതിയ ആൾക്ക് 61% വും ശരാശരി മാർക്ക് വന്നു. ആർക്ക് സ്കോളർഷിപ്പും സമ്മാനവും നല്കണം? തർക്കമായി. മുൻവർഷം ഒരു തത്വവും നിബന്ധനയും ഏർപ്പെടുത്തി പ്രഖ്യാപിച്ച് പ്രാവർത്തികമാക്കിയതിനാൽ മുഴുവൻ എഴുതിയവനേ സമ്മാനം കൊടുക്കാവൂ എന്ന് നരിമറ്റത്തിൽ യോഹന്നാൻ മല്പാനച്ചൻ ദൃഢമായി അഭിപ്രായപ്പെട്ടു. ഫാക്കൽറ്റിയിൽ രണ്ടുപേർ അനുകൂലമായും രണ്ടുപേർ പ്രതികൂലമായും നിലപാടുകൾ സ്വീകരിച്ചു. ഒടുവിൽ പ്രിൻസിപ്പാൾ മുൻ പ്രഖ്യാപനത്തിന് വില നൽകാതെ സമ്മാനം പകുത്തു. സംയമധനൻ ആയിരുന്ന മല്പാനച്ചൻ ഈ വിവരം പ്രസിദ്ധപ്പെടുത്തിയില്ല. സ്വന്തം നിലപാട് തത്വാധിഷ്ഠിതവും നീതിപൂർവകവും ആയിരുന്നു

വെങ്കിലും അതിന്റെ പേരിൽ ഒരു കലഹം ഉണ്ടാകുവാൻ ഇടവരുത്തിയില്ല."

'മലകൾ ഇളകിലും മഹാജനാനാം മനമിളകാ' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന ഒരുസംഭവം അദ്ദേഹത്തിന്റെ ഒരുശിഷ്യൻ ഓർക്കുന്നതിപ്രകാരമാണ്:

"തന്റെ പിതാവ് ഇഹലോക വാസം വെടിഞ്ഞു എന്ന് അറിഞ്ഞപ്പോൾ യാതൊരു വികാരവിക്ഷോഭവും കാണിക്കാതെ സമാധാനമായും പ്രത്യാശയോടുകൂടിയും മകൻ – അച്ചൻ – ചെയ്യേണ്ട സകലവും പ്രവർത്തിക്കുകയും മറ്റുള്ളവരെ ധൈര്യപ്പെടുത്തുകയും ചെയ്തു." മരണവീടിന്റെ ആദർശചിത്രം ക്രിസ്തീയ പശ്ചാത്തലത്തിൽ എങ്ങനെയായിരിക്കണമെന്ന് അനേകരും വാചാലമായി വരച്ചു കാട്ടാറുണ്ടെങ്കിലും സ്വന്തം അനുഭവങ്ങൾ വരുമ്പോൾ സമചിത്തത പാലിക്കുന്നതിൽ പലരും പരാജയപ്പെടുന്നതായിട്ടാണ് കണ്ടുവരാറുള്ളത്. (കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഒരു ശവസംസ്ക്കാരവേളയിൽ പങ്കെടുക്കവേ ഒരക്ഷരം ഉരിയാടാനാവാതെ അദ്ദേഹം വിതുമ്പിയതും ശുശ്രൂഷ നടത്തുവാനാവാതെ തളർന്നിരുന്നതും ഈ ലേഖകൻ ഓർക്കുന്നുണ്ട്. മാങ്കോട് എസ്റ്റേറ്റ് സൂപ്രണ്ട് ആയിരുന്ന ഇലഞ്ഞിക്കൽ ശ്രീ. ഫിലിപ്പിന്റെ ശവസംസ്ക്കാര ശുശ്രൂഷയാണ് രംഗം. വാതരോഗ ചികിത്സക്കായി ഒരു ആയുർവേദ വൈദ്യന്റെ മേൽനോട്ടം ആഗ്രഹിച്ച കഥാപുരുഷന് ആതിഥ്യമരുളിയത് ശ്രീ. ഫിലിപ്പ് ആണ്. ഒരു പിതാവിനെപ്പോലെ തന്റെ എസ്റ്റേറ്റിലെ ഒരു ബംഗ്ലാവിൽ അദ്ദേഹത്തിന് വേണ്ട എല്ലാ സൗകര്യങ്ങളും ശ്രീ. ഫിലിപ്പ് ക്രമീകരിച്ചിരുന്നു. അദ്ദേഹത്തെയും സന്ദർശകരായി വരുന്ന സഹോദര മെത്രാപ്പോലീത്തമാർ, ശിഷ്യരായ വൈദികർ, പള്ളി പ്രതിനിധികൾ തുടങ്ങിയവരെയൊക്കെ മുഖപ്രസന്നതയോടെ സൽക്കരിക്കുവാൻ ശ്രീ. ഫിലിപ്പും കുടുംബവും ചെയ്തിട്ടുള്ള അധ്വാനം നിസ്സാരമല്ലായിരുന്നു. അക്കാലം കൊരട്ടിയിൽ നടത്തിയിരുന്ന വൈദികർക്കായുള്ള റിഫ്രഷർ കോഴ്സുപോലും മാങ്കോട് എസ്റ്റേറ്റിൽ വച്ച് നടക്കുമായിരുന്നു. അക്കാലത്തെ കൊച്ചി ഭദ്രാസനത്തിന്റെ വൈദിക സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ഈ ലേഖകന് ഇക്കാര്യങ്ങളിൽ ശ്രീ. ഫിലിപ്പ് പ്രദർശിപ്പിച്ചുപോന്ന താല്പര്യം വ്യക്തിപരമായി അറിവുള്ളതാണ്. കഥാപുരുഷന് മാനസികമോ ശാരീരികമോ ആയി ആഹ്ലാദം പകരുന്ന ഏത് പ്രസ്ഥാനത്തിനും ആതിഥ്യമരുളുവാൻ ഫിലിപ്പിനും കുടുംബത്തിനും സന്തോഷമായിരുന്നു. ആ ഫിലിപ്പ്, മെത്രാപ്പോലീത്താ ചികിത്സ മതിയാക്കി സന്തോഷമായി മടങ്ങിപ്പോയതിന്റെ ശേഷം ചില തൊഴിൽ തർക്കങ്ങളിൽപ്പെട്ടാണ് മരിക്കാനിടയായത്. സ്നേഹഭാവത്തിലെത്തിയ ചില തൊഴിലാളികൾ അദ്ദേഹത്തെ മുൻ വൈരാഗ്യങ്ങളുടെ പേരിൽ ചതിച്ച് കൊല്ലുകയായിരുന്നു. കത്തിക്കുത്തേറ്റ ഫിലിപ്പ് ഏതാനം നാൾ ആശുപത്രിയിൽ കിടന്നുവെങ്കിലും സുഖം പ്രാപിച്ചില്ല. അന്ത്യ ശുശ്രൂഷക്കെത്തിയ കഥാപുരുഷൻ ഒരക്ഷരം പോലും പറയാനാവാതെ നിയന്ത്രണം വിട്ടു തേങ്ങിത്തേങ്ങിക്കരയുകയാണുണ്ടായത്. ലാസറിന്റെ കല്ലറയ്ക്കുമുന്നിൽ കണ്ണീർവാർത്ത യേശുവിന്റെ ചിത്രവും പരുമല മാർ ഗ്രീഗോറിയോസിന്റെ കബറടക്കത്തിന് പ്രധാന കാർമ്മികനായി എത്തിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ നിരന്തരമായ തേങ്ങലുകളും വിങ്ങലുകളും നിമിത്തം ശുശ്രൂഷ നടത്താൻ അശക്തനായിത്തീർന്ന ചിത്രവും മനസ്സിലുള്ള നമുക്ക് ഇതിൽ അത്ഭുതമൊന്നും തോന്നേണ്ടതില്ല. സ്നേഹാധിക്യത്താൽ അധീരനാവുന്നത് സംയമനശീലന്നും ഭൂഷണമാണ്.)





മല്പാനച്ചന്റെ മനസ്സിന്റെ ആഴം അളക്കുക വിഷമമാണ്. എല്ലാം കണ്ടെത്തുകയും അപഗ്രഥിച്ച് മനസ്സിലാക്കുകയും ചെയ്യുന്ന ഗ്രഹണശക്തിയും നിരീക്ഷണ പാടവവും മല്പാനച്ചന് ജന്മസിദ്ധമാണെങ്കിലും അവ വെളിപ്പെടുത്താതിരിക്കാനുള്ള വിശാലതയും ആഴവും ആ പ്രവാചക ഹൃദയത്തിന് പണ്ടു മുതലേ ഉണ്ടായിരുന്നു. പല കാര്യങ്ങളും അദ്ദേഹം അറിഞ്ഞതായിപ്പോലും ഭാവിക്കുകയില്ല. ഒരു ശിഷ്യൻ ഓർമ്മിക്കുന്നു: "ദേവലോകത്ത് ചാപ്ലെയ്ൻ ആയി അദ്ദേഹം പ്രവർത്തിക്കുന്ന കാലം. അന്ന് വൈദിക വിദ്യാഭ്യാസം എം.ഡി. സെമിനാരിയിലാണ്. അവിടെനിന്ന് രണ്ടു ശെമ്മാശന്മാർ  മല്പാനച്ചന്റെ കൂടെ ദേവലോകത്തേക്ക് പോയിട്ടുണ്ട്. ആരാധന കഴിഞ്ഞപ്പോൾ മല്പാനച്ചനും ശെമ്മാശൻമാർക്കും പയറുപുഴുക്കും കഞ്ഞിയും, അവിടെയുള്ള സെമിനാരി വിദ്യാഭ്യാസംപോലും കഴിയാത്ത മാനേജർശെമ്മാശന് പ്രത്യേകം കാപ്പിയും പലഹാരങ്ങളും. കൂടെയുണ്ടായിരുന്ന ശെമ്മാശന്മാർക്ക് വല്ലാത്ത ശുണ്ഠി വന്നു. പക്ഷെ, മല്പാനച്ചൻ വളരെ ശാന്തനായി കഞ്ഞികുടിച്ച് 'ഒരക്ഷരം ഉരിയാടിപ്പോകരുത്' എന്ന് ശിഷ്യന്മാരായ ശെമ്മാശന്മാർക്കു താക്കീതു നല്കി.". ഹൃദയത്തിന്റെ ആഴം!! മറ്റൊരു ശിഷ്യന്റെ ഓർമ്മ ഇപ്രകാരമാണ്: "മല്പാനച്ചൻ 'എക്കാറ' യിൽ 'ഹോനാവ്യർഹോ' എന്ന ഗാനത്തിന്റെ നിറങ്ങൾ പഠിപ്പിക്കുകയാണ്. എത്ര ചൊല്ലിത്തന്നിട്ടും പഠിക്കാനൊക്കുന്നില്ല. കൂട്ടത്തിലൊരാൾ എട്ടു നിറങ്ങളും കൃത്യമായി മനസ്സിലാക്കിയിരിക്കുന്നു. പഠിച്ച ആൾ പിന്നീട് പാടി കൊടുത്തു തുടങ്ങി. ആ അഭിനവ മല്പാന്റെ പാടിക്കൊടുക്കൽ കൂട്ടുകാർക്ക് അസൂയ മൂലം സഹിക്കാനായില്ല. അവരിൽ കൗശലക്കാരനായ ഒരാൾ സമർത്ഥനായ കൂട്ടുകാരനോട് പഠിക്കാനെന്ന ഭാവത്തിൽ ഓരോ നിറങ്ങളും മാറിമാറി ചോദിക്കുവാൻ തുടങ്ങി. ഈ കൗശലക്കാരൻ പഠിക്കുവാൻ ശ്രമിക്കുന്നതിന്ന് പകരം രാഗം നേരത്തെ പഠിച്ച സമർത്ഥനായ കൂട്ടുകാരനെ വിചിത്രമായി പരീക്ഷിച്ച് തെറ്റ് വരുത്താനൊക്കുമോ എന്ന് പരീക്ഷിക്കുകയായിരുന്നു. തെറ്റുപറ്റിയാൽ ആ ആൾക്ക് മറ്റുള്ളവരേക്കാൾ വൈശിഷ്ട്യമൊന്നുമില്ലെന്ന് മല്പാനച്ചനെ ബോധ്യപ്പെടുത്തണമെന്നാണ് ആ വികല ബുദ്ധി ചിന്തിച്ചത്. മല്പാനച്ചൻ അത് പെട്ടെന്ന് ഗ്രഹിക്കുകയും ആ ഹീനശ്രമത്തെ വിലക്കുകയും താക്കീതു നല്കുകയും രാഗം പഠിച്ച ശിഷ്യനെ പരസ്യമായി പ്രശംസിക്കുകയും ചെയ്തു."

പ്രിയശിഷ്യരുമായി വ്യക്തിബന്ധം സ്ഥാപിക്കുന്നതിലും വ്യക്തിത്വങ്ങളെ അതിസൂക്ഷ്മമായി വിലയിരുത്തുന്നതിലും മല്പാനച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. വ്യക്തിബന്ധത്തെപ്പറ്റി ഒരു ശിഷ്യൻ സ്വന്തം അനുഭവം വിവരിക്കുന്നത് കേൾക്കുക:

"അവിവാഹിതനായ ഒരു പൂർണ്ണ ശെമ്മാശന് കശ്ശീശാപട്ടം കൊടുക്കുവാൻ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തീരുമാനിച്ചു. എങ്കിലും അവിവാഹിതനായി തുടരാൻ സാധിക്കുമോ എന്ന് പരീക്ഷിച്ചറിയാനായിട്ട്, 'കല്യാണം കഴിച്ചിട്ടു വാ, പട്ടം തരാം' എന്ന് പറഞ്ഞു; 'വിശപ്പ് ഏറുമ്പോൾ ആഹാരത്തിന് രുചി കൂടും' എന്ന് ഓർമ്മിപ്പിച്ചു. പക്ഷെ, ആ ശെമ്മാശൻ അവിവാഹിതനായി തന്നെ തുടരാൻ ആഗ്രഹിക്കുകയും വിവാഹിതനാകുന്നപക്ഷം പട്ടം ഏല്ക്കുകയില്ലാ എന്ന് നിശ്ചയിക്കുകയും ചെയ്തു. അവസാനം, ഗുരുവായിരുന്ന മല്പാനച്ചനാണ് ആ ശെമ്മാശന് വേണ്ടി വാദിച്ചത്. മല്പാനച്ചൻ പ. ബാവായോടു പറഞ്ഞു: "എനിക്കറിയാം, അയാൾക്കു പട്ടം കൊടുത്താൽ കുഴപ്പം ഒന്നും ഉണ്ടാകുകയില്ല."

മല്പാനച്ചൻ ഇടപെട്ട കാര്യമല്ലേ, പ. ബാവാ യാതൊരെതിർപ്പും കൂടാതെ കശീശാപട്ടം നൽകി. ഇന്നുവരെ ആ വൈദികൻ മല്പാനച്ചനോ പ. ബാവായ്ക്കോ നാണക്കേട് വരുത്തുന്ന യാതൊരു ദുർനടപടിയിലും വീണു പോയിട്ടില്ല. ശിഷ്യനിൽ അർപ്പിച്ച വിശ്വാസം വ്യക്തിപരമായ ബന്ധത്തിന്റെ അനന്തരഫലമാണ്."

ഔപചാരികമായ ക്ലാസ്സുമുറികളിലെ അധ്യാപനം മാത്രമല്ല മല്പാനച്ചൻ നിർവ്വഹിച്ചിരുന്നത്. ശിഷ്യന്മാരുടെ ഏത് സംശയങ്ങൾക്കും സംശയച്ഛേദിയായ പ്രായോഗിക പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിൽ അദ്ദേഹം പരാജയപ്പെടാറില്ല. ഒരനുഭവം ശിഷ്യൻ പങ്കുവെയ്ക്കുന്നു:

പല സഭകൾ ചേർന്നുള്ള യൂണിയൻ ആരാധന നടത്തുന്ന ഒരു സ്ഥലത്ത് പള്ളി ഉപകരണങ്ങൾ വാങ്ങുന്നതു പ്രശ്നമായി. ചോദ്യം മല്പനച്ചന്റെ മുന്നിൽ ഉന്നയിച്ചു. ഉത്തരം ഉടനെ കിട്ടി: സഭ നോക്കാനില്ല. ഓരോ വ്യക്തി ഓരോ ഉപകരണം കൊടുക്കട്ടെ. തമ്മിൽ തല്ലിപ്പിരിയുന്ന കാലത്ത് ഉപകരണങ്ങൾ, കുപ്പായങ്ങൾ, ഇവ പകുത്ത് കീറി എടുക്കേണ്ടിവരികയില്ല. സംഭാവന ചെയ്തവരുടെ സഭ ഏതാണെന്ന് നിശ്ചയം കാണുമല്ലോ."

മറ്റൊരു ശിഷ്യൻ ഗുരുവിന് ചോദ്യങ്ങൾ കത്തുമൂലം സമർപ്പിച്ചതും ഗുരു ആ ചോദ്യങ്ങൾക്ക് ഉത്തരം എഴുതി അയച്ചതും ഇവിടെ ചേർത്തുകൊള്ളട്ടെ.

**ചോദ്യം:** തൈലാഭിഷേക കൂദാശ ഒരുക്കം കൂടാതെ നടത്തിയാൽ ആ പട്ടക്കാരൻ സഭയുടെ ശാപത്തിന് പാത്രമാകുമോ?

**ഉത്തരം:** മറ്റു പട്ടക്കാർ ഉണ്ടെങ്കിൽ അവരെ ഏല്പിക്കണം. ഇല്ലെങ്കിൽ അത്യാവശ്യത്തിന്റെ പേരിൽ ചെയ്ത് കൊടുക്കണം.

**ചോദ്യം:** ജനുവരി 1-ാം തിയ്യതിയിലെ ചേലാകർമ്മപ്പെരുന്നാൾ ക്രിസ്തീയ സഭയുടെ മാറാനായപ്പെരുന്നാളിന്റെ പട്ടികയിൽ ഉൾപ്പെടുമോ?

**ഉത്തരം:** ഇല്ല. എന്നാലും ആണ്ടാരംഭമെന്ന നിലയിൽ എല്ലായിടത്തും വി. കുർബ്ബാനയുണ്ടായിരിക്കും.

**ചോദ്യം:** കോറെപ്പിസ്ക്കോപ്പായുടെ സാന്നിധ്യത്തിൽ മറ്റു പട്ടക്കാർ 'ശുബഹോ' ചൊല്ലാതിരിക്കുന്നതിന്റെ പ്രസക്തി എന്താണ്?

**ഉത്തരം:** സാധാരണയായി മറ്റു പട്ടക്കാർക്കും കോറെപ്പിസ്ക്കോപ്പാ വിട്ടുകൊടുക്കും.

**ചോദ്യം:** കാശീശാ റമ്പാനും കോറെപ്പിസ്ക്കോപ്പായും സന്നിഹിതരായിരിക്കുമ്പോൾ ആർക്കാണ് പ്രാഥമ്യം കല്പിക്കേണ്ടത്?

**ഉത്തരം:** നിമയദൃഷ്ട്യാ കോറെപ്പിസ്ക്കോപ്പായ്ക്കാണ് മൂപ്പ്. ഇരുവരും മാറിമാറി ചൊല്ലാം.

ഇതെഴുതുന്ന ആൾ ശെമ്മാശനായിരിക്കുന്ന കാലം. അന്ന് കോട്ടയം വൈദിക സെമിനാരിയുടെ പ്രിൻസിപ്പൽ ഫാ: പോൾ വർഗ്ഗീസ് ആണ്. 'ഓർത്തഡോക്സ് യൂത്ത്' മാസികയിൽ സംശയങ്ങൾക്ക് ഉത്തരമെഴുതുന്ന ഒരു പംക്തി ഫാ: പോൾ വർഗ്ഗീസ് കൈകാര്യം ചെയ്തിരുന്നു. ഒരിക്കൽ ആ പംക്തിയിലേക്കു വന്ന ഒരു ചോദ്യം ഇപ്രകാരം ആയിരുന്നു.

"നിൻ മുറിവുകളിൽ നിന്നേറ്റേൻ മൂറോൻ മണമെൻ നാഥാ......





നിന്നധരങ്ങളഹോ പട്ടിൻ നൂലോടൊത്തുള്ളൂ......" ഈ പാട്ട് എവിടെ നിന്നെടുത്തതാണ്?

ഫാ. പോൾ വർഗ്ഗീസ് ഉത്തരം നൽകിയതിപ്രകാരം: അതേതെങ്കിലും സുറിയാനി ഗീതത്തിന്റെ വിവർത്തനമാകാൻ സാധ്യതയുണ്ട്."

ഈ ഉത്തരം കഥാപുരുഷന് തീരെ പിടിച്ചില്ല. വൈദിക വിദ്യാർത്ഥികളായ ഞങ്ങളോട് അദ്ദേഹം ഉടനെ പ്രതികരിച്ചു: 'ഒരു നല്ല അധ്യാപകൻ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം അറിഞ്ഞുകൂടെങ്കിൽ അന്വേഷിച്ചറിഞ്ഞു സംശയനിവാരണം വരുത്തുകയാണ് വേണ്ടത്.' ആ ഗാനം പെങ്കീസാ നമസ്ക്കാരത്തിൽ ഉയിർപ്പ്പെരുന്നാളിന്റേതാണെന്ന് അദ്ദേഹം കൃത്യമായി ഉത്തരം നല്കുകയും ചെയ്തു.

മല്പാനച്ചന്റെ പ്രസംഗങ്ങൾ ഹൃദയസ്പർശിയായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുദ്രകൾ ആയിരുന്ന ലാളിത്യവും മിതത്വവും അവയിൽക്കാണാം. 'മിതം ച സാരം ച വചോ ഹി വാഗ്മിതാ' എന്ന ചൊല്ല് അദ്ദേഹത്തിൽ അന്വർത്ഥമായിരുന്നു. വാചാടോപം അദ്ദേഹത്തിന്റെ ശൈലിയല്ല. കഥപറഞ്ഞു കേൾവിക്കാരെ രസിപ്പിക്കുവാനോ പാട്ടുപാടി ആവേശഭരിതനാക്കുവാനോ കിഴവിക്കഥകൾ പറഞ്ഞു ഭക്തരെ ചൂഷണം ചെയ്യുവാനോ കപടഭക്തി അഭിനയിച്ച് ആളുകളെ ആകർഷിക്കുവാനോ ഒരിക്കലും അദ്ദേഹം ശ്രമിച്ചിരുന്നില്ല. കൺവെൻഷൻ പ്രസംഗങ്ങൾക്ക് അദ്ദേഹം പോകാറില്ല. പ്രശാന്തതയിൽ നടത്തപ്പെടുന്ന ധ്യാനപ്രസംഗങ്ങൾ ആവശ്യമായ ഒരുക്കത്തോടെ അദ്ദേഹം നടത്തുമായിരുന്നു. മല്പാനായിരുന്ന കാലത്ത് അദ്ദേഹം തയാറാക്കിയ ധ്യാനപ്രസംഗങ്ങളുടെ എഴുതിയ കുറിപ്പുകൾ, അദ്ദേഹം അത്തരം അവസരങ്ങളിൽ നടത്തിയ ഒരുക്കങ്ങളെക്കുറിച്ച് സ്വയം സംസാരിക്കുന്നവയാണ്. പ്രബോധനപരത, വിമർശനപരത, പശ്ചാത്താപത്തിലേക്കു നയിക്കൽ എന്നിവ കഥാപുരുഷന്റെ എല്ലാ പ്രസംഗങ്ങളുടെയും അനിവാര്യഘടകങ്ങളായിരുന്നു. ഒരു ശിഷ്യന്റെ ഓർമ്മകളിതാ:

സുപ്രസിദ്ധ സുവിശേഷ പ്രസംഗകനാണല്ലോ ഇപ്പോഴത്തെ ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്താ. അദ്ദേഹം വൈദിക സെമിനാരിയിലെ അധ്യാപകൻ ആയിരുന്ന കാലത്ത് മല്പാനച്ചന്റെ ഡിവോഷണൽ അഡ്രസ് കേട്ടിട്ട് പറഞ്ഞത്, "ഞാൻ പ്രസംഗം കേൾക്കാൻ ഉണ്ടായിരുന്നതുകൊണ്ടാണ് മല്പാനച്ചൻ ഇന്ന് ഇങ്ങനെ പ്രസംഗിച്ചത്" എന്നാണ്. അതായത് കേൾവിക്കാരിൽ ഓരോരുത്തനും തോന്നേണ്ടത്, 'പ്രസംഗകൻ എനിക്കുവേണ്ടി മാത്രമാണ് ഇന്ന് ഈ വിഷയം കൈകാര്യം ചെയ്തത് എന്നാണ്. ആയിരക്കണക്കിന് ശ്രോതാക്കൾ കാണും. എല്ലാവർക്കും ഇങ്ങനെ തോന്നിയാൽ പ്രസംഗം ഫലപ്രദമായി."

താനൊരു വാഗ്മിയോ പ്രസംഗകനോ അല്ല എന്ന് എല്ലാ പ്രസംഗങ്ങളുടെയും ആമുഖമായി ഏറ്റു പറയാറുണ്ടെങ്കിലും ഹൃദയസ്പർശിയായ പ്രസംഗങ്ങൾ ചെയ്യുന്ന പ്രായോഗിക വീക്ഷണം മുറ്റിയ മല്പാനച്ചനെ ശിഷ്യർക്കു മറക്കുവാനൊക്കുകയില്ല. ആ പ്രസംഗം ചെവിയിൽനിന്ന് ബുദ്ധിയിലേക്കുള്ളതല്ല; ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്കുള്ളവയാണെന്ന് അവർക്കു തിരിച്ചറിയാൻ കഴിഞ്ഞിരുന്നു.

സഹപ്രവർത്തകൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എഴുതുന്നു: "എന്നെ അതിശയിപ്പിച്ചിട്ടുള്ള ഒരു കാര്യം അദ്ദേഹത്തിന്റെ

വേദപുസ്തക പരിജ്ഞാനമായിരുന്നു. എനിക്കു ചില കൺവെൻഷൻ പ്രസംഗവിഷയങ്ങൾ ലഭിച്ചിരുന്നതുപോലും അദ്ദേഹവുമായുള്ള സംഭാഷണത്തിൽ നിന്നായിരുന്നു..... അദ്ദേഹത്തിന്റെ അച്ചടിച്ച പ്രസംഗങ്ങളും ലേഖനങ്ങളും സൃഷ്ടിപരമായ അനവധി നിർദ്ദേശങ്ങൾ ഉള്ളവയായിരുന്നു......"

വൈദിക സെമിനാരിയിൽ – ആദ്യം എം.ഡി. സെമിനാരിയിലും പിന്നീട് പഴയ സെമിനാരിയിലും – മല്പാനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് അദ്ദേഹത്തെ പറ്റി നിരീക്ഷിക്കുവാൻ കഴിഞ്ഞ കാര്യങ്ങൾ ഇതൊക്കെയാണ്. ഒരു ശിഷ്യൻ എഴുതുന്നു: "എനിക്കദ്ദേഹത്തെ അടുത്ത് അറിയാമായിരുന്നു. അദ്ദേഹം ഒരു മെത്രാച്ചനായ ശേഷം അല്പം അകലത്തിൽ ജീവിക്കേണ്ടി വന്നു. ഞാൻ വടക്കേ ഇന്ത്യയിൽ ആയിപ്പോയി. അദ്ദേഹത്തിന്റെ ഒരു ശിഷ്യനായിരുന്നതു കൊണ്ടും അദ്ദേഹത്തിന്റെ വീട്ടുകാരും അദ്ദേഹവുമായും വളരെ അടുത്ത് ഇടപെടുവാൻ സാധിച്ചതുകൊണ്ടും എനിക്കുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന അനിതരസാധാരണമായ ചില ഗുണങ്ങൾ വിശദീകരിക്കുകയാണ്.

1. അദ്ദേഹം സാധാരണ കുടുംബത്തിൽ ജനിച്ച സാധാരണക്കാരൻ ആയിരുന്നു. എന്നാൽ ആ കുടുംബം ദൈവഭയമുള്ളതും പ്രാർത്ഥനാ ജീവിതം ഉള്ളതുമായിരുന്നു. അസാധാരണമായ പല ഗുണവിശേഷങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും അവ മറ്റുള്ളവർ അറിയരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു.

2. ശിഷ്യന്മാരെ സ്നേഹിക്കുകയും വിശ്വസിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

3. മറ്റുള്ളവരെ കുറ്റം പറയുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. സത്യമായാൽ തന്നെയും മറ്റുള്ളവരുടെ കാര്യങ്ങൾ പറഞ്ഞു രസിക്കുന്ന സ്വഭാവം നന്നേ കുറവായിരുന്നു.

4. അസാധാരണമായ കഴിവുകളും അറിവുകളും മറ്റുള്ളവരിലേക്കു ഔചിത്യദീക്ഷ കൂടാതെ അടിച്ചേൽപിക്കുമായിരുന്നില്ല. അർഹിക്കുന്ന വിദ്യാദാഹമുള്ള പാത്രങ്ങൾ തന്നെ സമീപിക്കുമ്പോൾ മാത്രം അവരുമായി തന്റെ അതിരില്ലാത്ത വിജ്ഞാനം പങ്കു വെക്കുകയേ ചെയ്യുമായിരുന്നുള്ളൂ.

5. വലുതാവാൻ ആഗ്രഹിച്ചില്ല. പക്ഷെ, അനേകം പേരുടെ ഹൃദയത്തിൽ വലിയ സ്ഥാനവും അംഗീകാരവും നേടി; ഒരു യത്നവും കൂടാതെ.

6. മറ്റുള്ളവർ തന്റെ സേവനത്തിന് നിയോഗിക്കപ്പെട്ടവർ എന്ന് ചിന്തിക്കാതെ താൻ മറ്റുള്ളവരുടെ സേവനത്തിന് എന്ന മാതൃകാപരമായ രീതി സ്വീകരിച്ചു.

7. പാരമ്പര്യങ്ങളുടെ തനിമ നഷ്ടപ്പെടുത്താതെ പരിരക്ഷിച്ചു.

ദരിദ്രരോട് അതീവ കരുണയും ആർദ്രതയും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. താൻ ചെയ്യുന്ന കാരുണ്യപ്രവർത്തനങ്ങൾ ആരുടെയും ശ്രദ്ധയിൽപ്പെടാതിരിക്കുവാൻ അദ്ദേഹം ജാഗ്രത പുലർത്തി. "എം.ഡി. സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തിയിരുന്ന കാലത്ത് മാർ ഏലിയാ കത്തീഡ്രലിന്റെ ഒരു വശത്തുള്ള മുറിയിലാണ് മല്പാനച്ചൻ താമസിച്ചിരുന്നത്. സഹായാഭ്യർത്ഥനയുമായി പലരും മല്പാനച്ചന്റെ മുറിയിലേക്കു





വരുന്നത് എനിക്ക് പലതവണ കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അതേസമയം സമീപമുള്ള വേറെ മുറികളിൽ വേറെയും ചില സെമിനാരി അധ്യാപകർ താമസിക്കുന്നുണ്ടായിരുന്നു. സഹായാഭ്യർത്ഥനക്കാരാരും ആ മുറികളിലേക്കു ചെല്ലാറില്ല. സെമിനാരിയിൽനിന്ന് ലഭിക്കുന്ന തുച്ഛമായ ശമ്പളം മുഴുവൻ ദാനധർമ്മങ്ങളായി ചെലവഴിക്കുമായിരുന്നു. വീട്ടിൽനിന്ന് എന്തെങ്കിലും വാങ്ങുകയോ വീട്ടിലേക്കെന്തെങ്കിലും കൊടുക്കുകയോ ചെയ്യുന്ന പതിവ് മല്പാനച്ചനില്ലായിരുന്നു." കഥാപുരുഷന്റെ കുടുംബാംഗം കൂടെയായ ശ്രീ. എൻ.വി. തോമസിന്റെ സാക്ഷ്യമാണ് മുകളിൽ കൊടുത്തത്. അദ്ദേഹം തുടരുന്നു: "വലിയ ബാവാ തിരുമേനി നിർവ്വഹിക്കേണ്ട പ്രധാന ശുശ്രൂഷകൾക്കെല്ലാം യോഹന്നാൻ മല്പാനച്ചനെ കൊണ്ടു പോകുക സാധാരണയായിരുന്നു."

ലഭിച്ച അവസരങ്ങൾ ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്താത്ത ഒരുവനും ഒരു പരിധിക്കപ്പുറം വളരുവാൻ കഴിഞ്ഞിട്ടില്ലെന്ന് ചരിത്രവിദ്യാർത്ഥികൾക്കറിയാം. കഥാപുരുഷൻ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടപ്പോൾ പുതിയ മേച്ചിൽപുറത്തെ സമർത്ഥമായി ഉപയോഗപ്പെടുത്തി. വൈദിക വിഷയങ്ങൾ അനായാസേന പഠിപ്പിക്കുവാൻ നേരത്തെ നേടിയ അറിവുകളെ ദൃഢമാക്കുകയാണ് അദ്ദേഹം ആദ്യം ചെയ്തത്. വൈദിക സെമിനാരിയുടെ പ്രിൻസിപ്പൽ ആയി തന്റെ ഗുരുകൂടെയായ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ 1949 മുതൽ 51 വരെ നിയമിതനായപ്പോൾ അനുകൂലമായ അന്തരീക്ഷം പൂർണ്ണമായി. വടക്കും തെക്കുമായി നിലനിന്നിരുന്ന സഭാ പാരമ്പര്യങ്ങളെ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായിൽനിന്നും പരിചയപ്പെടുവാനും സാധ്യമായ ഒരനുപാതത്തിൽ അവയെ സമന്വയിപ്പിച്ച് വിദ്യാർത്ഥികൾക്കു ആരോഗ്യകരമായി സംഭാവന ചെയ്യുവാനും മല്പാനച്ചന് കഴിഞ്ഞു. വൈദിക ഗുരുവായിരിക്കേ ശെമ്മാശന്മാരെ സുറിയാനി ഭാഷയും സംഗീതവും മാത്രം പഠിപ്പിക്കുന്നതിൽ അദ്ദേഹം തൃപ്തനായിരുന്നില്ലെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഒരേകീകൃത സഭാ പാരമ്പര്യത്തെ സൃഷ്ടിച്ചെടുക്കൽ തന്റെ ദൗത്യമായി കഥാപുരുഷൻ ഏറ്റെടുത്തു. മലങ്കര സഭയുടെ പലഭാഗങ്ങളിൽനിന്നുമായി വരുന്ന വൈദിക വിദ്യാർത്ഥികൾ അവരവരുടെ ഇടവകകളിൽ നൂറ്റാണ്ടുകളായി നിലവിലിരിക്കുന്ന പാരമ്പര്യങ്ങളും ആരാധനാവൈചിത്ര്യങ്ങളും വൈകല്യങ്ങളും ഇടവകയുടെ ചരിത്രവും തങ്ങളുടെ പ്രിയപ്പെട്ട മല്പാനുമായി പങ്കുവയ്ക്കും. ഗുരുവാകട്ടെ അവയെല്ലാം ശ്രദ്ധാപൂർവ്വം ശ്രവിച്ച് അവയിലെ നെല്ലും പതിരും വേർതിരിച്ച് ശിഷ്യന്മാർക്കു നൽകും.

റഗുലർ കോഴ്സുകൾക്കു പുറമേ ഹ്രസ്വകാല പരിശീലനത്തിന്നായി വരുന്ന വിദ്യാർത്ഥികളും മല്പാനച്ചന്റെ ചുമതലയിൽ വരും. ജോലിയുള്ളവരും പ്രായമുള്ളവരും ഇടവകയിലെ പ്രത്യേക സാഹചര്യങ്ങളിൽ പട്ടമേൽക്കാൻ തിടുക്കമുള്ളവരും അത്തരക്കാരിലുണ്ടാവും. അവരിലൂടെയൊക്കെ നേടിയ പരപ്പേറിയ അനുഭവ വിജ്ഞാനമാണ് അദ്ദേഹത്തെ ഒരെഴുത്തുകാരനാക്കിയത്. വൈദിക സെമിനാരിയിലെത്തും മുമ്പ് കഥാപുരുഷൻ എന്തെങ്കിലും എഴുതിയിരുന്നതായി അറിവില്ല. ഏതാനും വർഷം മുമ്പ്മാത്രം ആരംഭിച്ച മലങ്കരസഭാ മാസിക അദ്ദേഹത്തെ എഴുത്തുകാരനാക്കുന്നതിൽ വഹിച്ച പങ്കു ചെറുതല്ല. ആ മാസികയ്ക്ക് വേണ്ടിയാണ് അദ്ദേഹം ലേഖനങ്ങൾ എഴുതിയത്. ആ ലേഖനങ്ങളാണ് മലങ്കരസഭയിൽ മുഴുവൻ അദ്ദേഹത്തെ അറിയപ്പെടുന്ന ആളാക്കി മാറ്റിയത്. മറ്റൊരു കർമ്മഭൂമി അദ്ദേഹം കണ്ടെത്തുകയായിരുന്നു. ●

# 5. പ്രവാചകന്റെ വഴി

**ശെ**മ്മാശന്മാരെ പഠിപ്പിക്കുവാൻ പ്രത്യേക ഒരുക്കങ്ങളൊന്നും അദ്ദേഹത്തിന് ആവശ്യമായിരുന്നില്ല എന്ന് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സാക്ഷ്യം കണ്ടുവല്ലോ. ഒഴിവുസമയങ്ങളെല്ലാം അദ്ദേഹം എഴുതുവാൻ ഉപയോഗിച്ചു. എഴുത്തുകൾ ദ്വിമുഖമായിരുന്നു. ശിഷ്യരിലൂടെ അദ്ദേഹം ശേഖരിച്ച സഭാ വൈകൃതങ്ങളെ തുറന്ന് കാട്ടി അവയ്ക്ക് പരിഹാരം നിർദ്ദേശിക്കലായിരുന്നു ഒരു മുഖം. സഭാഭരണക്കാരുടെ സഭേതര താല്പര്യങ്ങൾ, വൈദികരുടെ അഭക്തിജന്യങ്ങളായ ഇടവക ശുശ്രൂഷ, മദ്ബഹായിലെ ഉപകരണങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിലുള്ള അജാഗ്രത, ദിവ്യ കൂദാശകൾക്ക് സഹായികളെന്ന നിലയിൽ പങ്കാളികളാവുകയും പള്ളിയുപകരണങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിച്ച് കൈകാര്യം ചെയ്യുവാൻ നിയുക്തരാവുകയും ചെയ്യുന്ന ശുശ്രൂഷാ സ്ഥാനികളുടെ അക്ഷന്തവ്യമായ ഉദാസീനതകൾ, വി. ബലിക്കുള്ള അപ്പ വീഞ്ഞുകൾ തയാറാക്കുന്നതിലെ ശുഷ്കാന്തിക്കുറവുകൾ തുടങ്ങിയവയോട് രാജിയാകുവാൻ മല്പാനച്ചനിലെ പ്രവാചകൻ ഒരുക്കമായിരുന്നില്ല. ശുദ്ധീകരണ മാർഗ്ഗങ്ങളാകുവാൻ വിഭാവനം ചെയ്യപ്പെട്ട കൂദാശകളും നോമ്പുകളും പ്രാർത്ഥനകളും വെറും യാന്ത്രികമോ മാന്ത്രികമോ ആയ ചടങ്ങുകളായി തരം താഴുന്നതിലുള്ള ഹൃദയവ്യഥ വെളിവാക്കുന്നവയാണ് അദ്ദേഹത്തിന്റെ പല ലേഖനങ്ങളും. പള്ളിയുടെ പണം വ്യയം ചെയ്യുന്നതിലെ അക്രൈസ്തവമായ മുൻഗണനാക്രമം, വൈദിക വൃത്തി ഉപജീവനമാർഗ്ഗം മാത്രമായിത്തീരുന്നതിലെ ധർമ്മസങ്കടം, ഭക്തിയുള്ള ആളുകളെ അഭക്തരായ കൈക്കാരന്മാരും ഭരണക്കാരും ഭരിക്കുന്നതിലെ വൈരുദ്ധ്യവും കാപട്യവും, ഇവയെല്ലാം ആ യുവസന്യാസ വൈദികനെ ക്ഷുഭിതനാക്കുവാൻ പര്യാപ്തമായിരുന്നു.

ഓർത്തഡോക്സ് പ്രസംഗപ്പന്തലുകളിൽ ഓർത്തഡോക്സ് വിശ്വാസാനുഷ്ഠാനങ്ങൾ പരാമർശിച്ചുകൂടാ എന്ന് ശഠിക്കുന്ന എക്യുമെനിക്കൽ കാപട്യം അദ്ദേഹത്തിന് സഹിക്കാനാവുമായിരുന്നില്ല. തങ്ങളുടെ ദുശ്ശീലങ്ങളും ദുരാഗ്രഹങ്ങളും നിമിത്തം സാധാരണ വിശ്വാസികളെ വിശ്വാസം ത്യജിക്കുവാൻ പരോക്ഷമായി പ്രേരിപ്പിക്കുന്ന വൈദികരുടെ സഭാ ദ്രോഹ കൃത്യങ്ങളെ അർഹിക്കുന്ന രീതിയിൽ പൊതുജനമദ്ധ്യേ തുറന്നു കാട്ടുവാൻ അദ്ദേഹം ലേഖനങ്ങളെ ഉപകരണങ്ങളാക്കി. സുറിയാനി ഭാഷ വേണ്ടത്ര അറിയാൻ പാടില്ലെങ്കിലും ആ ഭാഷയിൽ പണ്ഡിതരാണ് എന്ന് നിഷ്കളങ്കരായ സഭാമക്കളെ തെറ്റിദ്ധരിപ്പിക്കുവാൻ ചില വൈദികർ കാട്ടിക്കൂട്ടുന്ന അഭിനയങ്ങളും കൃത്രിമത്വങ്ങളും പൊടിക്കൈകളും അദ്ദേഹത്തിന് പൊറുപ്പിക്കാൻ കഴിയുമായിരുന്നില്ല. ഇങ്ങനെയുള്ള നൂറുനൂറു വിഷയങ്ങളെപ്പറ്റി അദ്ദേഹം ലേഖനങ്ങളെഴുതി. ചിന്തോദ്ദീപകങ്ങളായ ലേഖനങ്ങൾ. വൃത്തിഹീനങ്ങളായ മദ്ബഹാ വിരികളും ദശകങ്ങളായി അഴുക്കുപറ്റിപ്പിടിച്ച് ദിവ്യശുശ്രൂകളിൽ ഉപയോഗിക്കപ്പെട്ടുപോന്ന ശോശപ്പാ, ചിത്തോല, അംശവസ്ത്രങ്ങൾ, ശീലക്കൂട്ടം, ക്ലാവുപിടിച്ച കാസാ പീലാസകൾ ഇവയെപ്പറ്റിയൊക്കെ മലങ്കരസഭയിലെ സാധാരണക്കാർ അറിഞ്ഞതുതന്നെ മല്പാനച്ചന്റെ ലേഖനങ്ങളിലൂടെയാണ്.

ഇതുകൂടാതെ അക്കാലത്ത് സന്ദർശിക്കുവാൻ ഇടയായിട്ടുള്ള പള്ളികളിൽ പൊതുസഭാ പാരമ്പര്യത്തിന് വിരുദ്ധമായുള്ള പതിവുകൾ





കണ്ടാൽ അവയെ ധീരമായി തിരുത്തുവാനും മല്പാനച്ചൻ ശ്രദ്ധിച്ചിരുന്നു. മല്പാനച്ചൻ യുവാവായിരുന്നെങ്കിലും വലിയ ബാവയുടെ പിൻബലമുണ്ടായിരുന്നതിനാൽ ഇടവകകളിലെ പ്രായമായ അച്ചന്മാർ പോലും മല്പാനച്ചന്റെ പ്രാമാണികതയെ ചോദ്യം കൂടാതെ അംഗീകരിച്ചിരുന്നു. ഈ ലേഖകൻ ഒരു ഇടവകയിലെ സംഭവം അദ്ദേഹത്തിൽനിന്ന് നേരിട്ട് കേൾക്കുവാൻ ഇടയായിട്ടുണ്ട്. തന്റെ ശിഷ്യന്റെ വിവാഹം പ്രമാണിച്ചാണ് അദ്ദേഹം അവിടെ വന്നത്. വളരെ പ്രായമുള്ള ആളായിരുന്നു വികാരിച്ചൻ. വി. കുർബ്ബാന ചൊല്ലുവാൻ നിയോഗിക്കപ്പെട്ട മല്പാനച്ചന് കാസായിൽ സമർപ്പിക്കുവാൻ വീഞ്ഞിന് പകരം ലഭിച്ചത് ഒരുതരം സ്ക്വാഷാണ്. അതാണ് അവിടെ ഉപയോഗിച്ചുപോരുന്നത് എന്ന് ശങ്കാലേശമെന്യേ വികാരിയച്ചൻ പറഞ്ഞപ്പോൾ മല്പാനച്ചൻ അന്തംവിട്ടു പോയി. (വികാരിയച്ചന്റെ മകളുടെ ഭർത്താവ് മാർത്തോമാ സഭയിലെ വൈദികൻ ആയിരുന്നു. ആ സഭയിൽ വീഞ്ഞിന് പകരം സ്ക്വാഷാണ് ഉപയോഗിച്ചിരുന്നത്. ജാമാതാവ് ആവശ്യാനുസരണം വീഞ്ഞിന് പകരം സ്ക്വാഷ് കൊണ്ടുവന്ന് കൊടുത്തിരുന്നതിനാൽ ഇതു ഉപയോഗിക്കുന്ന ശീലം ഉറച്ചുപോയി.) സഭാ പാരമ്പര്യം ചൂണ്ടിക്കാട്ടി മല്പാനച്ചൻ വല്യച്ചനെ തിരുത്തുകയും ശുദ്ധമായ വീഞ്ഞ് കുർബ്ബാനക്കുപയോഗിക്കുന്ന പാരമ്പര്യം അവിടെ പുനഃസ്ഥാപിക്കുകയും ചെയ്തു. അദ്ദേഹം മേല്പട്ടക്കാരനായിത്തീർന്നതിന്റെ ശേഷം അദ്ദേഹത്തിന്റെ ആസ്ഥാനത്ത് വി. കുർബ്ബാനയ്ക്കായി പ്രത്യേകം തയ്യാറാക്കിയ വീഞ്ഞ് എപ്പോഴും ലഭ്യമാക്കിയിരുന്നത് ഇത്തരം സംഭവങ്ങൾ മനസ്സിലുള്ളതുകൊണ്ടാണ്.

വിവാഹ ശുശ്രൂഷകൾക്കു മുഖ്യ കാർമ്മികൻ അംശവസ്ത്രം അണിയാത്ത ചില ഉദാഹരണങ്ങൾക്ക് അദ്ദേഹം ദൃക്സാക്ഷിയാകേണ്ടിവന്ന അനുഭവങ്ങൾ അദ്ദേഹം ഇതെഴുതുന്ന ആളിനോടു പറഞ്ഞിട്ടുണ്ട്. അതുപോലെ അംശവസ്ത്രമണിയാതെ മാമോദീസാ നടത്തുന്ന സംഭവങ്ങളും കഥാപുരുഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തുടർച്ചയായ മാർഗ്ഗനിർദ്ദേശങ്ങളും ശാസനകളും ലേഖനങ്ങളും കൊണ്ട് ഈ വിഷയങ്ങളിൽ ഏകീകരണം വരുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അദ്ദേഹത്തിലെ എഴുത്തുകാരന്റെ മറ്റൊരു മുഖം കുറെകൂടി സർഗ്ഗാത്മകതയെ വെളിപ്പെടുത്തുന്നു. സുറിയാനി ഭാഷയിൽ വിരചിതങ്ങളും സമ്പന്നവുമായ പ്രാർത്ഥനാക്രമങ്ങളെ വിവർത്തനം മൂലം മലങ്കരസഭയ്ക്കും മലയാള ഭാഷയ്ക്കും ഒരു മുതൽകൂട്ടാക്കിത്തീർത്തതിലാണീ സർഗ്ഗാത്മക വ്യാപരം കാണുന്നത്. പാശ്ചാത്യ ദേശങ്ങളിൽ വിദേശ സ്കോളർഷിപ്പുകൾ നേടി ദൈവശാസ്ത്രം പഠിച്ച് വൈദിക സെമിനാരിയിൽ അധ്യാപകരായി ചിലർ വിരാജിക്കുന്ന കാലമായിരുന്നു അത്. അവരിൽ പലർക്കും സുറിയാനി ഭാഷ, അതിന്റെ ദൈർഘ്യമേറിയ പ്രാർത്ഥനക്രമങ്ങൾ, അതിന്റെ സംഗീതസംവിധാനം, ക്രിയാനുഷ്ഠാനങ്ങൾ എന്നീ കാര്യങ്ങളോട് ഉള്ളിൽ വലിയ ബഹുമാനമൊന്നും ഉണ്ടായിരുന്നില്ല. വൈദിക സെമിനാരിയുടെ അന്തരീക്ഷത്തിൽ ഇവരുടെ അഭിപ്രായങ്ങൾക്കു വലിയ വിലയൊന്നും ലഭിച്ചിരുന്നില്ല എങ്കിലും അവരുടെ വീക്ഷണങ്ങളും നിലപാടുകളും വൈദിക വിദ്യാർത്ഥികളെ സ്വാധീനിക്കുക എളുപ്പമായിരുന്നു. നാളത്തെ സഭയിൽ സുറിയാനി ഭാഷയും സംഗീതവും ആരാധനാ ശൈലി തന്നെയും അപ്രസക്തമാവും എന്ന ചിന്ത വൈദിക വിദ്യാർത്ഥികളെ സ്വാധീനിച്ചതോടെ സുറിയാനി ഭാഷ, സംഗീതം എന്നി

വയുടെ പഠനത്തിൽ മുമ്പുണ്ടായിരുന്ന താല്പര്യം കുറഞ്ഞുവന്നു. നവീകരണ സഭയിലെ ആരാധനാപരിഷ്കാരങ്ങൾ പലരുടെയും മുമ്പിൽ മാതൃകയായിട്ടുണ്ടായിരുന്നു. സുറിയാനി ഭാഷയെക്കാളേറെ അതിന്റെ ആരാധനയും സംഗീതവും ഇഷ്ടപ്പെട്ടിരുന്ന മല്പാനച്ചൻ അതീവ ദുഃഖിതനായി. മാർ അപ്രേം, മാർ യാക്കോബ് തുടങ്ങി ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞരായ പണ്ഡിതർ രചിച്ച ഗാനങ്ങളിലെ വേദവ്യാഖ്യാനങ്ങളുടെ സുഗന്ധത്തിന് പകരം കൈയ്യടിച്ച് പാടി ആവേശം കൊള്ളുന്ന കുറെ സുവിശേഷ ഗാനങ്ങളും അവയിലെ വ്യാഖ്യാനവൈകൃതങ്ങളും ചിലപ്പോൾ വിശ്വാസവിരുദ്ധമായ വീക്ഷണങ്ങളും സഭയിൽ സ്ഥാനം പിടിച്ചുകൂടാ എന്ന് മല്പാനച്ചന് നിർബ്ബന്ധമായിരുന്നു. മൂവ്വാറ്റുപുഴയിൽ താമസിക്കുമ്പോൾ തന്റെ ഗുരുനാഥൻ ആരാധനാ വിവർത്തനത്തിലൂടെ നിശ്ശബ്ദമായി നടത്തിയ ആരാധനാ വിപ്ലവം ശിഷ്യന്റെ മനസ്സിൽ വേണ്ടുവോളമുണ്ടായിരുന്നു. വലിയ നോമ്പിലെയും ഹാശാ ആഴ്ചയിലെയും മൂന്ന് നോമ്പിലെയും നമസ്കാരക്രമങ്ങൾ വിവർത്തനം ചെയ്യപ്പെട്ടത് അങ്ങനെയാണ്. മലങ്കര സഭയിലെ ആരാധനാ സാഹിത്യചരിത്രത്തിൽ മല്പാനച്ചന്റെ പേർ അവിസ്മരണീയമാണ്. പ്രാർത്ഥനാജീവിതം കൊണ്ട് ശക്തിപ്രാപിക്കേണ്ടവർ ഭാഷാപരമായ പരിചയക്കുറവ് കൊണ്ട് തളരാതിരിക്കണം എന്ന പ്രേരണയാണ് അദ്ദേഹത്തെ വിവർത്തന സംരംഭത്തിലേക്ക് നയിച്ചത്. സോദ്ദേശ്യമായ തന്റെ വിവർത്തനത്തെപ്പറ്റി അദ്ദേഹം വിശദീകരിച്ചിട്ടുള്ളത് ഇങ്ങനെയാണ്.

"മൂലഭാഷയായ സുറിയാനിയിലുള്ള ജ്ഞാനവും പരിചയവും ശുശ്രൂഷാക്രമങ്ങളുടെ...... കാനോനാ നമസ്ക്കാരവും ഉപയോഗത്തിൽ നിലനില്ക്കുന്നതിന് ഇത്തരമൊരു വിവർത്തനം സഹായകരമായിരിക്കും. ഇത് എല്ലാ വൈദികരും ചൊല്ലുവാൻ കടപ്പെട്ടവരാകയാൽ ഇതിനെ ഉപേക്ഷിക്കുകയോ മടിയും ഉദാസീനതയും മൂലം വിട്ടുകളയുകയോ ചെയ്യുന്നത് വലിയൊരു കൃത്യവിലോപമായിരിക്കും. ഇത് സഭയുടെ പ്രാർത്ഥനയാകയാൽ സഭയുടെ വക്താക്കളായ വൈദികരിൽ കൂടിയാണ് അത് നടക്കേണ്ടത്. നിയമാനുസൃതമായ പ്രാർത്ഥനകൾ തികയ്ക്കാതെ വി. കുർബ്ബാന അനുഷ്ഠിക്കുവാൻ ഒരു വൈദികനും അധികാരമില്ല. അപ്രകാരം ലംഘനം ചെയ്യുന്ന വൈദികൻ സഭയുടെ ശിക്ഷയ്ക്കു പാത്രീഭൂതനാണ്. (കാനോനാ നമസ്ക്കാരത്തിന് കഥാപുരുഷൻ എഴുതിയ ആമുഖത്തിൽനിന്ന്).

സഭയുടെ പ്രാർത്ഥനാക്രമങ്ങളെക്കുറിച്ചുള്ള ആഴമേറിയ ഈ അവബോധം മൂലം അദ്ദേഹം യാത്രാ വേളകളിൽപ്പോലും സഹയാത്രികരൊത്ത് യാമപ്രാർത്ഥനകൾ നടത്തുന്നതിൽ പൂർവ്വപിതാക്കന്മാരെപ്പോലെ നിഷ്ഠയും ജാഗ്രതയും പ്രദർശിപ്പിച്ചിരുന്നു. നമസ്ക്കാരം ചൊല്ലിത്തീർക്കുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ശൈലി. അർത്ഥഗ്രഹണത്തോടെ ധ്യാനപൂർവ്വം പ്രാർത്ഥനാഗീതങ്ങൾ ആലപിക്കുന്ന അദ്ദേഹത്തിന്റെ നയനങ്ങൾ നിറഞ്ഞൊഴുകുന്നത് സാധാരണ സംഭവമായിരുന്നു. ഈ ആസ്വാദനവും പ്രാർത്ഥനാ ലഹരിയും സഭയിൽ നിലനിൽക്കണമെങ്കിൽ പ്രാർത്ഥനകൾ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടത് അനിവാര്യമെന്ന് അദ്ദേഹം മനസ്സിലാക്കി. അതിന്റെ ആദ്യഫലമാണ് കാനോനാ നമസ്ക്കാരത്തിന്റെ വിവർത്തനം. സുറിയാനിയിൽ തന്നെ നമസ്ക്കരിക്കണമെന്ന് നിർബ്ബന്ധമുണ്ടായി രുന്ന അന്നത്തെ സഭയിൽ ഈ വിവർത്തനത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടു





ക്കുവാൻ ആരുമുണ്ടായിരുന്നില്ല. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് നാളത്തെ സഭയിലേക്കാവശ്യമായ പദ്ധതികൾ ദീർഘവീക്ഷണത്തോടെ ആവിഷ്കരിക്കുവാൻ സഭാ നേതൃത്വം ഇന്നെന്ന പോലെ അന്നും ശ്രമിച്ചില്ല. അർത്ഥഗ്രഹണമുണ്ടായില്ലെങ്കിലും സുറിയാനിൽതന്നെ പാട്ടുകൾ ചൊല്ലിത്തികച്ചാൽ മതി എന്ന് യാഥാസ്ഥിതികരായ ഓർത്തഡോക്സ് പിതാക്കന്മാർ ശാഠ്യം പിടിച്ചിരുന്ന ഒരു കാലത്ത് യോഹന്നാൻ മല്പാൻ അരനൂറ്റാണ്ടിന് മുമ്പിൽക്കടന്നാണ് കാര്യങ്ങൾ ചിന്തിച്ചത്. അദ്ദേഹം ഭയപ്പെട്ടത് ക്രമേണ യാഥാർത്ഥ്യമായി. മൂലഭാഷയിലെ പ്രാർത്ഥനാക്രമങ്ങൾക്കു പകരം പല നിലകളിലും അപൂർണ്ണമായ പാമ്പാക്കുട നമസ്ക്കാരം കാനോനാ നമസ്ക്കാരത്തിന്റെ സ്ഥാനം കൈവശപ്പെടുത്തിയപ്പോഴാണ് യോഹന്നാൻ മല്പാനച്ചൻ രണ്ടു പതിറ്റാണ്ടിന് മുമ്പ് വിവർത്തനം ചെയ്തുവച്ച കാനോനാ നമസ്ക്കാരം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന കാര്യം ചിലരെങ്കിലും ചിന്തിച്ചത്. ഒടുവിൽ 1972 ൽ ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ്, കോട്ടയം ഈ വിവർത്തനത്തിന്റെ പ്രസാധനം ഏറ്റെടുത്തു. അതീവ ലളിതമായ ഈ ഗദ്യവിവർത്തനം ലഭ്യമായപ്പോഴാണ് തങ്ങൾ അതുവരെ ചൊല്ലിത്തികച്ചിരുന്ന പ്രാർത്ഥനകളുടെ കാവ്യാത്മകമായ അർത്ഥങ്ങളും ദൈവശാസ്ത്ര പ്രതിപാദനങ്ങളും അനേകരെ വിസ്മയിപ്പിച്ചത്. രണ്ടു പതിറ്റാണ്ടുകാലം ഈ ഗദ്യ വിവർത്തനം സഭയിൽ സാർവ്വത്രികമായിത്തന്നെ നിലവിലിരുന്നു. വെണ്ണിക്കുളം ശ്രീ. സി.പി. ചാണ്ടിയുടെ നേതൃത്വത്തിൽ ഈ ഗദ്യ വിവർത്തനത്തിന് വൃത്താനുവൃത്തം ഗാനപരിഭാഷ ഉണ്ടായതോടെ ഗദ്യ വിവർത്തനത്തിന്റെ സ്ഥാനം കുറഞ്ഞിട്ടുണ്ട്.

1956 ൽ പ്രസിദ്ധീകൃതമായ വലിയ നോമ്പിന്റേയും മൂന്ന് നോമ്പിന്റേയും, കഷ്ടാനുഭവ ആഴ്ചയുടെയും നമസ്ക്കാരങ്ങളുടെ വിവർത്തനങ്ങളാണ് കഥാപുരുഷന്റെ അതുല്യമായ മറ്റൊരു സംഭാവന. അതിന്റെ മുഖവുരയിൽ അദ്ദേഹം എഴുതുന്നു: "വി: സഭയുടെ ആണ്ടടക്കമുള്ള പ്രത്യേക ദിവസങ്ങളുടെ അനുഷ്ഠാനത്തിൽ വലിയ നോമ്പ്, കഷ്ടാനുഭവ ആഴ്ച മുതലായവ എത്രയും ഭക്തി സംവർദ്ധകം ആകുന്നുവെന്നും ആയിരിക്കേണ്ടതാണെന്നും അനുഭോക്താക്കൾ സമ്മതിക്കുമല്ലോ. സാധാരണ ചുറ്റുപാടിൽനിന്നും അതത് സംഭവങ്ങളുടെ അന്തരീക്ഷത്തിലേക്കു ചിന്തകളെ ഉയർത്തി ധ്യാനിക്കുകയും ആത്മീക ലഹരിയിൽ മതിമറക്കയും ചെയ്യത്തക്കവിധം ഭക്തിദ്യോതകങ്ങളും അർത്ഥഗംഭീരങ്ങളുമായ പ്രാർത്ഥനകളും ഗാനങ്ങളും നമുക്ക് അതിന്റെ മൂലഭാഷയിൽ സുലഭമായിട്ടുണ്ട്..... ഈ നാട്ടിൽ ഓരോ കാലങ്ങളിലും ഉണ്ടായിട്ടുള്ളവയും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നവയുമായ പുസ്കതങ്ങൾ തന്നെയും ഭാഗികമായ ചില തർജ്ജമകൾ മാത്രമാണ്.... മൂലഭാഷാപരിചയം, സംഗീതാഭിരുചി എന്നിവയുടെ അഭാവത്താൽ ആരാധന നഷ്ടപ്പെടുന്നതിനേക്കാൾ ഏതാദൃശമായ ഗദ്യവിവർത്തനം ഉപയോഗിക്കുന്നത് കൂടുതൽ സ്വാഗതാർഹങ്ങളായിരിക്കുമെന്നതിന് സംശയമൊന്നുമില്ല" (മൂന്നാം പതിപ്പ് – 1969).

മൂന്നു നോമ്പിന്റെ സമ്പൂർണ്ണ വിവർത്തനം പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹം അവകാശപ്പെട്ടു, "നമ്മുടെ സഭയിൽ ഇതഃപര്യന്തം രൂപം പ്രാപിക്കാതിരുന്ന ഒരു മലയാള വിവർത്തനമാണ് മൂന്നു നോമ്പിന്റെ ഈ സമ്പൂർണ്ണമായ പള്ളിയാരാധനാക്രമം....". അതെ, അദ്ദേഹത്തിന്റെ ശ്രദ്ധ എപ്പോഴും പ്രാർത്ഥനാ ക്രമങ്ങളിലാണ്. തന്റെ സഭയിലെ വൈദികരും ജനങ്ങളും സഭയുടെ അധികൃത പ്രാർത്ഥനകൾ മുറതെറ്റാതെ നടത്തി

അനുഗൃഹീതരാകണമെന്നും ആ അനുഗ്രഹം കൊണ്ട് ലോകത്തെ ശുദ്ധീകരിക്കണമെന്നും ആ പ്രവാചക വര്യൻ ആഗ്രഹിച്ചു.

കഥാപുരുഷന്റെ വിവർത്തന ചരിത്രവുമായി ബന്ധപ്പെട്ട് ചില പഴങ്കഥകൾ അനുസ്മരിക്കേണ്ടതുണ്ട്. മല്പാനച്ചന്റെ തർജ്ജമയിലെ ബുധനാഴ്ച നമസ്ക്കാരം മാത്രം അടർത്തിയെടുത്ത് ഗാനവല്ക്കലിച്ച് പ്രസിദ്ധപ്പെടുത്തുവാൻ സെമിനാരിയിലെ സഹപ്രവർത്തകനും പിന്നീട് പ്രിൻസിപ്പലുമായിരുന്ന വട്ടക്കുന്നേൽ മാത്യൂസ് കത്തനാർ തയാറായി. അതിന്റെ ലക്ഷക്കണക്കിന് പ്രതികളാണ് ചെലവായത്. ആ പുസ്തകത്തിലെങ്ങും അതിന്റെ അടിസ്ഥാന വിവർത്തകനെ സ്മരിച്ചിരുന്നില്ല. (പലപ്പോഴും അത്തരം പ്രസിദ്ധീകരണങ്ങൾക്കു വളരെ ക്ലേശിച്ച് വൃത്താനുവൃത്തം ഗാനം രചിച്ച തന്റെ പേരും വിട്ടുകളഞ്ഞിരുന്നതായി സഭാകവി വെണ്ണിക്കുളം ശ്രീ. സി.പി. ചാണ്ടി ഇതെഴുതുന്ന ആളോടു പറഞ്ഞിട്ടുണ്ട്.) അപ്രസിദ്ധമായ ഒരു കുഗ്രാമത്തിലെ അപ്രശസ്ത കുടുംബാംഗമായ ഒരു മല്പാൻ ആരാധന ക്രമങ്ങളുടെ വിവർത്തകനായും വക്താവായും അറിയപ്പെടുന്നത് വൈദിക സെമിനാരിയുടെ അന്നത്തെ അധികൃതർക്ക് സമ്മതമല്ലായിരുന്നിരിക്കാം. പില്ക്കാലത്ത് കഥാപുരുഷൻ നടത്തിയ ചില ആത്മഗതങ്ങളും സൂചനകളും അപ്രകാരം ചിന്തിക്കുവാൻ വഴി തരുന്നവയാണ്. മല്പാനച്ചന് ഭാഷാ പാണ്ഡിത്യമല്ലാതെ ആ പാണ്ഡിത്യം വിറ്റു കാശാക്കാനുള്ള വിപണി സംബന്ധിയായ നൈപുണ്യം ഒട്ടുമേ ഇല്ലായിരുന്നു. കാനോനാ നമസ്ക്കാരത്തിന്റെ വിവർത്തനം അപ്രകാശിതമായി കിടക്കുന്നതറിഞ്ഞു ചില കൊച്ചു മിടുക്കന്മാരായ വൈദിക വിദ്യാർത്ഥികൾ അത് അച്ചടിച്ച് സഹായിക്കാമെന്ന് പറഞ്ഞു. ദീർഘകാലം അതിന്റെ കൈയെഴുത്തു പ്രതി കൈവശം വച്ചിരുന്നുവെങ്കിലും അക്കാലങ്ങളിൽ അതൊരിക്കലും പ്രസിദ്ധീകൃതമായില്ലെന്ന്, വേദനിപ്പിക്കുന്ന ചില സ്മരണകൾ അയവിറക്കുന്നതിനിടയിൽ ഈ ലേഖകനോട് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഇരുപതു വർഷക്കാലത്തിലേറെ ഈ കൃതി അപ്രകാശിതമായിക്കിടന്നുവെന്നത് ലജ്ജാകരമായ സംഭവമായി അവശേഷിക്കുന്നു. പില്ക്കാലത്ത് കഥാപുരുഷൻ എഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു:

“.............. ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നുവെന്ന് കല്പിച്ചപ്രകാരം...... ഈ സഭയിൽ ആരെക്കൊണ്ടും പ്രവർത്തിപ്പിക്കുകയില്ല. ‘താൻ തിന്നുകയുമില്ല, മറ്റുള്ളവനെ തീറ്റുകയുമില്ല’ എന്ന രീതിയാണ് കാണുന്നത്. പരസ്പര ബഹുമാനവും സഹവർത്തിത്വത്തോടുകൂടിയ പ്രവർത്തനവും ഉന്നതതലം മുതലുണ്ടാകാതെ ഇത് ശരിയാകുകയില്ല. ദൈവം സഭയെ രക്ഷിക്കട്ടെ. പ്രകടനങ്ങളും ജാഥകളും മുദ്രാവാക്യങ്ങളും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ എന്റെ ഉള്ളു നീറുകയാണ്. ഇതുകൊണ്ടൊന്നും സഭയെ കെട്ടിപ്പടുക്കുവാൻ സാധിക്കുകയില്ലെന്ന് ഇവർ മനസ്സിലാക്കുന്നില്ലല്ലോ – അഗ്നിപർവ്വതത്തിന്റെ മുകളിലത്തെ ഉദ്യാനം പോലെ ചിലതെല്ലാം കണ്ട്, ഏതൊക്കെയോ നേടി എന്ന് ആശ്വസിക്കാമെങ്കിലും അന്തർഭാഗം വെന്തുരുകുകയാണെന്ന് അനേകർക്ക് അറിയാൻ പാടില്ല........” (ദാർശനികനായ കർമ്മയോഗി. പു.12).

ഒരു സ്വകാര്യ കത്തിലെ ഈ അഭിപ്രായപ്രകടനം ഒരു നിമിഷത്തിന്റെ വികാര വിക്ഷോഭമാകാനിടയില്ല. വൈദിക സെമിനാരിയിൽ താൻ മല്പാനായ കാലം മുതൽ സഭയെ നിയന്ത്രിക്കുന്ന കൈകളിലെ സ്വാർത്ഥതയും പരോൽക്കർഷാസഹിഷ്ണുതയും കർക്കശതയും പ്രദർശനപരതയും





അഹന്തയും ആവർത്തിച്ചുകാണപ്പെട്ടപ്പോൾ പുറപ്പെട്ട പ്രവാചക സഹജമായ ഒരു നിരീക്ഷണമായിട്ടു വേണം ഈ പ്രസ്താവനയെ ഗണിക്കേണ്ടത്.

കാനോനാ നമസ്ക്കാരത്തിന് സംഭവിച്ച ഈ അനാഥത്വം വലിയ നോമ്പിലെയും ഹാശാ ആഴ്ചയിലേയും മൂന്നു നോമ്പിലെയും നമസ്ക്കാരങ്ങളുടെ വിവിർത്തനത്തിനുണ്ടായില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാർ മുൻകൈയ്യെടുത്ത് 1956ൽ അത് പ്രസിദ്ധീകരിച്ചു. അവിടെയും ചില കബളിപ്പിക്കലുകൾ ഉണ്ടായി എന്ന് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും മറ്റും പ്രസ്താവിക്കുന്നത് കാണുക.

“........... നോമ്പിലേയും കഷ്ടാനുഭവ ആഴ്ചയിലെയും നമസ്ക്കാരങ്ങൾ ഗദ്യമായി അച്ചടിച്ചത് സഭ മുഴുവൻ ഉപയോഗിക്കുകയും പല റീപ്രിന്റുകൾ ഉണ്ടാവുകയും ചെയ്തു. സ്വന്തം ചെലവിൽ അച്ചടിച്ച് പലയിടത്തും വില്പനയ്ക്കു കൊടുത്തതിൽ അദ്ദേഹത്തിന് സാമ്പത്തിക നഷ്ടമല്ലാതെ ലാഭം ഉണ്ടായിട്ടില്ല. ആളുകൾക്ക് അദ്ദേഹത്തെ ചതിക്കുവാൻ ഒരു പ്രയാസവുമില്ലായിരുന്നു. കാരണം പിറകെ നടന്ന് വില ചോദിച്ചുവാങ്ങാറില്ലായിരുന്നു. നമ്മുടെ കച്ചവടക്കാർ പോലും അദ്ദേഹത്തിന് പുസ്തക വില കൊടുക്കാതിരുന്നിട്ടുണ്ട്. ഭാഗ്യസ്മരണീയനായ തീമോത്തിയോസ് പിതാവ് (പിതാവ് – ഔഗേൻ കാതോലിക്കാ) കഴിഞ്ഞാൽ സുറിയാനിയിൽ നിന്നുള്ള തർജ്ജമകൾ സഭയ്ക്കു നൽകിയവരുടെ കൂട്ടത്തിൽ കോനാട്ടു ഏബ്രഹാം മല്പാൻപോലും സേവേറിയോസ് ആബൂനേക്കാൾ അധികം ഈ രംഗത്ത് സഭയെ സഹായിച്ചുവോ എന്ന് ഞാൻ സംശയിക്കുന്നു.......”

“ശിഷ്യന്മാർ പലരും വാഗ്ദാനം ചെയ്തപ്രകാരം അതിന്റെ ആദായത്തിലൊരു ഭാഗം വിവർത്തകനായ മല്പാനച്ചന് നൽകിയില്ലെങ്കിലും അദദ്ദേഹം അതിൽ പരിഭവം പരസ്യമായി രേഖപ്പെടുത്തുകയോ തന്നെ കളിപ്പിച്ച ശിഷ്യന്മാരുടെ പേരുകൾ വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല.” (ഒരു ശിഷ്യന്റെ ഓർമ്മകളിൽ നിന്ന്)

വേറെയും ചില മേഖലകളിൽ സെമിനാരി മല്പാനെ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് കഥാപുരുഷൻ ആത്മകഥാരൂപത്തിൽ പിന്നീട് അനുസ്മരിച്ചിട്ടുണ്ട്. അദ്ദേഹം മല്പാനായിരിക്കവേ ആണ് സെമിനാരി പ്രിൻസിപ്പൽ ഉൾപ്പെടെ അഞ്ചുപേരെ ഒന്നിച്ച് സഭയിലാദ്യമായി മേല്പട്ട സ്ഥാനത്തേക്കു അവരോധിച്ചത്. മേല്പട്ടസ്ഥാനത്തിന്റെ പ്രത്യേക ക്രമങ്ങളും ക്രിയകളും അനുഷ്ഠാനങ്ങളും യോഹന്നാൻ മല്പാനച്ചനിൽനിന്ന് ഗ്രഹിച്ചുകൊള്ളുവാൻ പ. ബാവാ മെത്രാൻ സ്ഥാനാർത്ഥികകളെ ചട്ടം കെട്ടിയിരുന്നു. ഔദ്യോഗികമായി മെത്രാൻ സ്ഥാനാർത്ഥികളെ പരിശീലിപ്പിച്ചിരുന്നത് പലപ്പോഴും കഥാപുരുഷൻ ആയിരുന്നു. ഒന്നു രണ്ടുപേരൊഴിച്ച് മറ്റുള്ളവർ മല്പാനച്ചന്റെ അറിവുകൾ ഉപയോഗപ്പെടുത്തി. അന്നത്തെ അഞ്ചു മെത്രാൻ സ്ഥാനാർത്ഥികളിൽ അതി പ്രഗത്ഭനായ ഒരാൾ പട്ടംകൊട പുസ്തകം പകർത്തിയെഴുതിയതിൽ തനതായ ചില സ്വാതന്ത്ര്യങ്ങളും തെറ്റുകൾപോലും വരുത്തിയിരുന്നു. അത് ശ്രദ്ധയിൽ പെട്ടപ്പോൾ പ. ബാവാ ആ പുസ്തകം മല്പാനച്ചനെ ഏല്പിക്കുകയും മല്പാനച്ചൻ തിരുത്തലുകൾ വരുത്തിയ ശേഷമേ അതു ഉപയോഗിക്കാവൂ എന്ന് ആജ്ഞാപിക്കുകയും ചെയ്തു. മല്പാനച്ചൻ സ്വന്തം കൈയക്ഷരത്തിൽ നടത്തിയ എഡിറ്റിംഗുകൾ

ഫോട്ടോ കോപ്പി രൂപത്തിൽ പിന്നീട് പ്രചരിച്ചിട്ടുള്ള അതിന്റെ കോപ്പികളിൽ സൂക്ഷ്മ ദൃക്കുകൾക്കു കാണാൻ കഴിയും. മൂല ഭാഷയിൽ കിടക്കുന്ന നിർദ്ദേശങ്ങളും അതിന്റെ സാംഗത്യങ്ങളും വായിച്ചു ഗ്രഹിക്കാനാവാതെ സ്വന്തം ബുദ്ധിക്കു തോന്നിയ പോലെ വരുത്തിയ ദു:സ്വാതന്ത്ര്യങ്ങളാണ് ഇപ്രകാരം മല്പാനച്ചന്റെ എഡിറ്റിംഗിന് വിധേയമായത്.

(പള്ളി കൂദാശയുടെയും പട്ടം കൊടയുടെയും തൈലം കൂദാശയുടെയും ഒക്കെ ക്രമങ്ങൾ നടത്തുമ്പോൾ അവയുടെ പൊരുളും വ്യാഖ്യാനവും അറിയാതെ അവയുടെ കാർമ്മികർ കാണിച്ചുപോരുന്ന വ്യത്യസ്തതകൾ സൂക്ഷ്മ ദൃക്കുകൾക്കു അറിയാൻ പ്രയാസമില്ല. സഭയിലെ ഒരു പ്രധാന മേലധ്യക്ഷൻ ഇതര മേല്പട്ടക്കാരുടെ സഹകരണത്തിൽ നടത്തിയ രണ്ടു പള്ളിക്കൂദാശകളിൽ ഈ ലേഖകൻ പങ്കെടുത്തു. രണ്ടിടത്തും കൂദാശചെയ്തുപോന്ന തബ്ലൈത്തകളിൽ കാനോൻ വിധിയനുസരിച്ച് രേഖപ്പെടുത്തുവാനുള്ള കാര്യങ്ങൾ അദ്ദേഹം രേഖപ്പെടുത്തിയില്ല. അജ്ഞതയാണോ അശ്രദ്ധയാണോ കാരണം എന്നറിഞ്ഞുകൂടാ. മറ്റൊരു പ്രധാന മേലധ്യക്ഷൻ തബ്ലൈത്തായിൽ രേഖപ്പെടുത്തിയിട്ടുള്ളത് കദിശാസ് റൂഹോ കാദീശോ ഹോദെ തബ്ലൈത്തോ.... (അർത്ഥം: ഈ തബ്ലൈത്തായുടെ കൂദാശ പ. റൂഹാ നിർവ്വഹിച്ചു) എന്നാണ്. കാനോനിലും ക്രമത്തിലും ആ വാക്യം കിടക്കുന്നത് കദ്ശാസ് തിലീസോയൂസോകാദീശ്ത്തോ ഹോദെ തബ്ലൈത്തോ....." (അർത്ഥം: പരിശുദ്ധ ത്രിത്വം ഈ തബ്ലൈത്തായുടെ കൂദാശ നിർവ്വഹിച്ചു....) എന്നിങ്ങനെയാണ്. മറ്റൊരു പ്രധാന മേലധ്യക്ഷ സ്ഥാനാർത്ഥി ത്രിത്വ പരാമർശം കൂടാതെ ആ വാക്യം എഴുതിയത് കാണുവാനിടയായി, സുറിയാനിയിൽ എഴുതിയിരിക്കുന്ന ജ്ഞാപകം വായിച്ചു മനസ്സിലാക്കുവാൻ കഴിവില്ല, അറിയുന്നവരോടു ചോദിച്ച് കാര്യങ്ങൾ ശരിയായി മനസ്സിലാക്കുവാൻ മാത്രം വിനയവുമില്ല എന്ന് വന്നാൽ എന്തു ചെയ്യും? കാര്യങ്ങൾ വേണ്ടതുപോലെ മനസ്സിലാവാതെ വരുമ്പോൾ സ്വന്തം യുക്തി ഉപയോഗിച്ച് കാര്യങ്ങൾ നടത്തുന്ന പ്രതിഭാശാലികളും കുറവല്ല. പുതിയ പരിഷ്കാരങ്ങളായി പുതിയ പല പാരമ്പര്യങ്ങൾ സഭയിൽ പ്രത്യക്ഷപ്പെടുന്നതിന്റെയും പിന്നിൽ ഈ അജ്ഞതയുടെയും അവിനയത്തിന്റെയും പശ്ചാത്തലം കാണുന്നുണ്ട്. അജ്ഞതയെ ന്യായീകരിക്കുവാൻ അതിൽ ചിലർ പ്രാമാണികരായ പല പിതാക്കൻമാരേയും ഉദ്ധരിച്ച് അവർ അപ്രകാരം കാര്യങ്ങൾ ചെയ്തിരുന്നതായി അവകാശപ്പെടുകയും ചെയ്യും!!).

പ്രവാചക പ്രതിഭയായിരുന്ന കഥാപുരുഷനെ ആഴത്തിൽ മനസ്സിലാക്കുവാൻ ഫലപ്രദമായ മാർഗ്ഗം അദ്ദേഹത്തിന്റെ എണ്ണമറ്റ ലേഖനങ്ങളെ വിലയിരുത്തുകയാണ്. അവയിൽ സമാഹരണം കാത്തുകിടക്കുന്ന ലേഖനങ്ങൾ ധാരാളമുണ്ട്. യാതൊരു പ്രദർശനപരതയും ജാടയുമല്ലാതെ എഴുതപ്പെട്ട ലേഖനങ്ങളിൽ അദ്ദേഹം ഉന്നയിച്ചതായി നേരത്തെ ചൂണ്ടിക്കാട്ടിയ പ്രമേയങ്ങളും നിരീക്ഷണങ്ങളും വ്യഥകളും ഉത്കണ്ഠകളും വിഷാദങ്ങളും പരിഹാസങ്ങളും ശാസനകളും ആത്മഗതങ്ങളും ധ്വനികളും എല്ലാം മല്പാനച്ചന്റെ പ്രവാചക പ്രതിഭയുടെ വീക്ഷണങ്ങളും ദർശനങ്ങളും സഭാഭക്തിയും ഉദാഹരിക്കുന്നവയാണ്. ഇത്രയേറെ എഴുതിയിട്ടുള്ള വേറെ പിതാക്കന്മാർ സഭയിലുണ്ടായിട്ടില്ല. ഇത്രയേറെ ആഴത്തിലും പരപ്പിലും സഭയുടെ സർവ്വതോമുഖമായ വിഷയങ്ങളെ സമഗ്രമായി വിലയിരുത്തിയ ഒരു മല്പാനും സഭയിൽ – മലങ്കര സഭയിൽ – ഉണ്ടായിട്ടില്ല. അദ്ദേഹം എഴുതിയ ലേഖനങ്ങളെല്ലാം സമാഹരിക്കപ്പെട്ടാൽ അത് മലങ്ക





രസഭയ്ക്കൊരു മുതൽക്കൂട്ടായി തീരും. സഭാപ്രസിദ്ധീകരണങ്ങളുടെ സാധാരണ ലക്കങ്ങളും വിശേഷാൽ ലക്കങ്ങളും കഥാപുരുഷന്റെ ലേഖനമില്ലാതെ പ്രസിദ്ധപ്പെടുത്താതിരുന്ന ഒരു കാലം സഭയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യസഞ്ചയത്തിൽപ്പെട്ട നൂറുകണക്കിന് വൈദികർ അവരുടെ ചുമതലയിൽ പ്രസിദ്ധീകരിക്കപ്പെട്ട സുവനീറുകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനം നിർബ്ബന്ധമായും ഉൾപ്പെടുത്തുമായിരുന്നു. എഴുതിയതിന്റെ കോപ്പി സൂക്ഷിക്കുക പതിവില്ലാത്തതിനാൽ സമാഹരണം എളുപ്പമല്ല.

പ. പരുമല പിതാവിനെയും ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായെയും ഔഗേൻ ബാവായെയും ഉചിതമായൊരനുപാതത്തിൽ സമന്വയിപ്പിച്ച ഒരു വൈദികദർശനമാണ് അദ്ദേഹം രൂപപ്പെടുത്തിയെടുത്തത്. വിശ്വാസാനുഷ്ഠാനങ്ങളിൽ ഒരു ഒത്തുതീർപ്പിനും സന്നദ്ധനാകാത്ത ഒരു ഓർത്തഡോക്സ് ഭടനെ ആ ലേഖനങ്ങളിൽ തെളിഞ്ഞുകാണാം; ആരാധനയുടെ ആത്മാവിനെ ഉള്ളംകൈയ്യിൽ പ്രദർശിപ്പിച്ച് അനുഷ്ഠാനങ്ങളെ വ്യാഖ്യാനിക്കുന്ന ശ്രേഷ്ഠനായ ഒരു മല്പാനെ അവയിൽ കാണാം, അനുദിന സഭാജീവിതത്തിന്റെ പ്രശ്നങ്ങളെ അതിലളിതമായി അപഗ്രഥിച്ച് അവയ്ക്കു സമർത്ഥമായും പ്രായോഗികമായും പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന അനുഭവസമ്പന്നനായ ഒരാത്മീയ ഭിഷഗ്വരനെ അവയിൽ കാണാം, സഭയുടെ കെട്ടുപണിക്കാവശ്യമായ പ്ലാനുകളും പദ്ധതികളും സമഗ്രതയോടെ അവതരിപ്പിച്ച് അതിനാവശ്യമായ വിഭവ സമാഹരണം ഭാവനാപൂർവ്വം നിർവ്വഹിക്കുന്ന ഒരു എഞ്ചിനീയറെ അവയിൽ കാണാം; സ്വർഗ്ഗീയ ആരാധനകളെ അജാഗ്രതകൊണ്ടും ഉദാസീനതകൊണ്ടും അശുദ്ധവും വികലവുമാക്കിത്തീർക്കുന്ന വൈദികർക്കെതിരെ ചാട്ടവാറോങ്ങുന്ന രോഷാകുലനായ ഒരു പ്രവാചകവ്യക്തിത്വത്തെ അവയിൽ കാണാം; സർവ്വോപരി, ഇതെന്റെ സഭയാണ്. ഞാനിതിന്റെ കെട്ടുപണിക്കാരനും കാവൽക്കാരനും ആണ് എന്ന് ആവർത്തിച്ച് സ്വയം ബോധ്യപ്പെടുത്തുന്ന ഒരു കാര്യവിചാരകനെ ഇതിൽ കാണാം. സഭയുടെ ആഴങ്ങൾ ദർശിച്ച് ആസ്വദിച്ച തനിക്ക് ആഴങ്ങളെ പരിചയപ്പെടുത്തുവാൻ ചുമതലയുണ്ടെന്ന ദൗത്യബോധം കൊണ്ട് തിളച്ചുമറിയുന്ന ഒരു ദൈവപുരുഷനെ അവിടെ കാണാം. തന്മൂലം ആ ലേഖനങ്ങളെ അല്പം വിശദമായി പരിചയപ്പെടുത്തുവാൻ ഈ ജീവചരിത്രത്തിൽ ചെറിയ ഒരു യത്നം നടത്തുകയാണ്; വിശദമായ ചില പഠനങ്ങൾക്കു പ്രേരണയാകുമെന്ന പ്രത്യാശയോടെ.

ആരാധനയിൽ പട്ടക്കാരുടെ പ്രവർത്തനവും ജാഗ്രതയും ഐകരൂപ്യവും നിഷ്ഠയും വേണ്ടത്ര മാതൃകാപരമാവുന്നില്ലന്നറിഞ്ഞ അദ്ദേഹം പ്രതികരിക്കുന്നതു കാണുക:

"വി. കുർബ്ബാനയുടെയും മറ്റു ശുശ്രൂഷകളുടെയും അനുഷ്ഠാനത്തിൽ കഴിയുന്നതും ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാണ്.... തല്ക്കാലം കുർബ്ബാന വല്ലവിധത്തിലും ഒന്ന് ചൊല്ലി ചാത്തം കഴിക്കാനുള്ള ഉദ്ദേശ്യത്തിൽ പട്ടമേറ്റിട്ട് ഇടവകകളിൽ ചെന്നശേഷം ചില വൈദികർ ചെയ്യുന്ന സഭാദ്രോഹം ചില്ലറയല്ല. സെമിനാരികളിൽ നിന്ന് പഠിച്ചിറങ്ങുന്ന പട്ടക്കാരന്റെ ഒപ്പം ശമ്പളം, ഒരിടത്തും പഠിക്കാത്ത ആളിനും കിട്ടുമെങ്കിൽ പിന്നെ പഠിത്തത്തിന്റെ ആവശ്യമേ നേരിടുന്നില്ല. ശമ്പള സ്കെയിലാണല്ലോ ഇപ്പോഴത്തെ നോട്ടം. കുർബ്ബാനയിലെ പരസ്യപ്രാർത്ഥനകൾ അല്പം സംഗീതാത്മകത്വത്തോടുകൂടി ഒന്ന് അഭിനയിച്ചാൽ പട്ടക്കാരൻ കേമനാകാൻ വിഷമമില്ല. ചില പട്ടക്കാർ ആരാധനയോടു ചെയ്യുന്ന അവഹേ

ളനം സഹിച്ചും വഹിച്ചും ജനങ്ങൾ ഇപ്പോഴും കഴിഞ്ഞുകൂടുന്നുവെന്നതിൽ അവരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.... കറുത്തകുപ്പായം ഉപയോഗിക്കാതെ ശുശ്രൂഷകളിൽ കാർമ്മികത്വം വഹിക്കുന്ന ചില വൈദികർ ഉണ്ട്..... ശുശ്രൂഷയുടെ പ്രധാന ഭാഗങ്ങൾ വഹിക്കുകയാണ് കാർമ്മികത്വം. അത് ഔദ്യോഗിക വസ്ത്രധാരണത്തോടെയാകണം. കറുത്തകുപ്പായം ഉള്ളിലില്ലാതെ അംശവസ്ത്രംധരിച്ച് പട്ടക്കാർ കുർബ്ബാന ചൊല്ലുന്നതും ശെമ്മാശന്മാർ ശുശ്രൂഷിക്കുന്നതും നമുക്ക് അനുവദിച്ചിട്ടില്ല..... തൂയോബോ നടത്തുമ്പോഴും ഖണ്ഡിപ്പിന്റെ ശുശ്രൂഷ നടത്തുമ്പോഴും കാപ്പ മാറ്റിവച്ച് ചില വൈദികർ ശുശ്രൂഷ നടത്തുന്നുണ്ട്. അതായത് ജനങ്ങൾക്കു കാണാൻ സാധിക്കാത്ത അവസരത്തിൽ എന്തും ആകാമെന്നോ! ജനങ്ങളോടുള്ള ശങ്കപോലും ദൈവത്തോട് ഇല്ലെന്ന് വന്നിട്ടുണ്ട്.... നോമ്പുകളിൽ സ്വന്തം ഉള്ളറയിലിരുന്നു ഭക്ഷണനിയമം ലംഘിക്കുന്നത് പോരാഞ്ഞിട്ട് ഇടവകക്കാരുടെ വീടുകളിൽ ചെല്ലുമ്പോൾ അവരെ ലംഘനം പഠിപ്പിക്കുന്ന ഒരു ജോലി കൂടെ ഇപ്പോൾ ചില പട്ടക്കാർ തുടങ്ങിയിട്ടുണ്ട്. നോമ്പും കുമ്പിടീലും വ്രതങ്ങളും ഭാവിയിൽ ഒരു കാലയളവിൽ ആർക്കും പരിചയമില്ലാത്ത വെറും ഇതിഹാസ പദപ്രയോഗങ്ങളായിത്തീർന്നേക്കാം....നോമ്പില്ലാത്ത പട്ടക്കാരൻ നോമ്പിന്റെ കാര്യം പള്ളിയിൽ വിളിച്ചു പറയുന്നതെന്തിനാണ്?..... പാവപ്പെട്ടവരെയും അറിവില്ലാത്തവരെയും ആത്മീയ വേഷത്തിന്റെ മറവിൽ നിന്ന് ചൂഷണംചെയ്യുന്നുവെന്ന് വന്നാൽ പന്നെ മതത്തിന് നിലനിൽക്കാൻ അർഹതയോ അവകാശമോ ഇല്ല..... കാപ്പയിട്ടിരിക്കുന്ന അവസരത്തിൽ ആരും എതിരു പറയുകില്ലെന്ന് വിചാരിച്ച് ജനങ്ങളോട് കുർബ്ബാന സമയത്ത് എന്ത് അസംബന്ധവും പറഞ്ഞുകളയാമെന്ന് ചിലർ വ്യാമോഹിക്കുന്നുണ്ട്. പൊതുയോഗത്തിലും പള്ളിക്കു പുറത്തുംവച്ച് പറയേണ്ടത് കുർബ്ബാന സമയത്തല്ല തട്ടിവിടേണ്ടത്. എതിരാളിയെ ബന്ധിച്ചിട്ടിട്ട് മർദ്ദിക്കുന്നതിന് തുല്യമായ നീച മനഃസ്ഥിതിയാണത്. കാപ്പ ഇട്ടിട്ടില്ലെങ്കിലും ആ പട്ടക്കാരനേക്കാൾ അറിവും ഭക്തിയും ഉള്ളവർ ജനങ്ങളുടെ കൂട്ടത്തിൽ ഉണ്ടെന്ന് വന്നേക്കാം. പട്ടക്കാർ ആരാധനയിൽ പാലിക്കേണ്ട ചിട്ടകളും സ്വയശിക്ഷണവും വലിയ ബുദ്ധിമുട്ടായി തോന്നിയേക്കാവുന്നവരുണ്ട്. അങ്ങനെ ഇക്കാര്യങ്ങളൊക്കെ ബുദ്ധിമുട്ടായി തോന്നുന്നവർ ഈ സ്ഥാനം പ്രാപിക്കുവാൻ ഇനിയെങ്കിലും ബുദ്ധിമുട്ടാതിരിക്കുകയാവും ഉത്തമം..... നോമ്പും നമസ്ക്കാരവും ശിക്ഷണവുമാകുന്ന ഇമ്പമുള്ള നുകം സന്തോഷത്തോടും പിറുപിറുപ്പില്ലാതെയും വഹിക്കുന്ന വൈദികരിൽ കൂടി മാത്രമേ സഭ ഉയരൂ...... പ്രാർത്ഥനാ സ്വഭാവമുള്ള ജനത്തിന്റെ മുമ്പിൽ പ്രാർത്ഥനയില്ലാത്ത പട്ടക്കാരൻ പരാജിതനാകുന്നതിൽ അത്ഭുതപ്പെടാനില്ല.... ശമ്പളം വാങ്ങുന്നതുകൊണ്ട് കൂലിക്കാരന്റെ വിധേയത്വം കാണിക്കാനല്ല, മാതൃകായോഗ്യമായി ജനങ്ങൾക്കു നേതൃത്വം കൊടുപ്പാനത്രേ സാധിക്കേണ്ടത്.... മേല്പട്ടക്കാരുടെ സന്നിധിയിൽ നല്ലപിള്ള ചമഞ്ഞിട്ട് ഇടവകയിൽ ചെന്നതിന് ശേഷം എന്ത് ദുഃസ്വാതന്ത്ര്യവും ആകാമെന്ന് വക്കരുത്..... സഭയെ ഉപേക്ഷിക്കുന്ന പട്ടക്കാരനേക്കാൾ, സഭയിൽ നിന്നുകൊണ്ട് നിയമലംഘനം ചെയ്ത് അതിനെ അപമാനിക്കുന്ന പട്ടക്കാരനാണ് കുറ്റക്കാരനായിരിക്കുന്നത്..... മേൽപ്പറഞ്ഞ ക്രമരാഹിത്യങ്ങൾ വർധിക്കാതെ മേലധികാരസ്ഥാനങ്ങളിൽനിന്നുള്ള സത്വര ശ്രദ്ധ പതിയേണ്ടതാണ്...."

'പള്ളിയിലെ ക്രമക്കേടുകൾ' എന്ന പേരിൽ കഥാപുരുഷൻ അക്കാലത്തെഴുതിയ ലേഖനത്തിൽ, പട്ടക്കാരുടെ ഭാഗത്തുള്ള അശ്രദ്ധ





കൾ പള്ളിയെ പരാജയപ്പെടുത്തുന്നവിധങ്ങൾ ഹൃദയസ്പൃക്കായി വർണ്ണിക്കുന്ന പരാമർശങ്ങൾ കാണുന്നുണ്ട്. 'എന്റെ പിതാവിന്റെ ഭവനം പ്രാർത്ഥനാഭവനമെന്ന് വിളിക്കപ്പെട്ടിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെയും കൊള്ളക്കാരുടെയും ഗുഹയാക്കിത്തീർത്തിരിക്കുന്നു' എന്ന് ഹൃദയവേദനയോടെ യെരൂശലേം ദേവാലയത്തിൽവച്ച് ക്ഷുഭിതനായി സംസാരിച്ച യേശുവിനെ മല്പാനച്ചന്റെ ഈ ലേഖനം അനുസ്മരിപ്പിക്കാതിരിക്കുകയില്ല. കഥാനായകന്റെ പ്രവാചക വീക്ഷണം മറനീക്കി പ്രത്യക്ഷപ്പെടുന്നത് കാണുക.

"....... മണിമാളികകളും പൊൻകുരിശുകളും ഇനിയുള്ള കാലത്ത് ആരെയും ആകർഷിക്കാൻ പോകുന്നില്ല. അതിനേക്കാൾ കാര്യമായിട്ടുള്ളത് തല്ക്കാലം ഉള്ള മരക്കുരിശു ചിലന്തി വല കെട്ടാതെയും, മെഴുകുതിരിക്കാലുകൾ മെഴുകുതിരി ഒലിച്ചിറങ്ങാതെയും സൂക്ഷിക്കുകയാണ്...... നാലു പേരുടെ മുമ്പിൽ മുഷിഞ്ഞിറങ്ങാൻ പ്രയാസമുള്ള ഇക്കാലത്ത് ആയുഷ്കാല പര്യന്തം വെള്ളം കണ്ടിട്ടില്ലാത്ത ശുശ്രൂഷക്കുപ്പായങ്ങൾ ഉപയോഗിക്കുവാൻ അസാമാന്യ ധൈര്യം തന്നെവേണം... കാസാ, പീലാസാ, ധൂപക്കുറ്റി മുതലായവ ക്ലാവു പിടിച്ച് കറുത്ത് അറപ്പു തോന്നുന്ന വിധത്തിൽ ആയിത്തീർന്നാലും ഒരു സങ്കോചവും കൂടാതെ വീണ്ടും ഉപയോഗിക്കുന്ന പതിവുണ്ട്.... ഇതിലെല്ലാം ഭയങ്കരവും ദയനീയവുമായ സംഗതി വി. കുർബ്ബാനയ്ക്കുള്ള അപ്പവും വീഞ്ഞും തയാറാക്കുന്ന സംഗതിയാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളെക്കാളും ശ്രേഷ്ഠമെന്ന് നാം വിശ്വസിക്കുന്ന ദൈവകുമാരന്റെ തിരുശരീരരക്തങ്ങൾക്കുള്ള അപ്പവും വീഞ്ഞും നിർമ്മിക്കുന്നത് കണ്ടിരുന്നെങ്കിൽ!! ദൈവം തമ്പുരാൻ ക്ഷമിക്കട്ടെ. പൂപ്പ് പിടിച്ച് കയ്പായ പുളിപ്പ് കുഴച്ച് വച്ച് കനച്ച വെളിച്ചെണ്ണ വിളക്കിൽനിന്നെടുത്ത് പുരട്ടി അടിച്ചുകാച്ചിയെടുക്കുന്ന കറുത്ത സാധനം പീലാസായിൽ വയ്ക്കുവാൻ മടിയില്ലെന്ന് വന്നാൽ എന്തു പറയാനാണ്? പഴക്കം ചെന്ന മുന്തിരിങ്ങാ ചെളികളയാതെ വെള്ളത്തിൽ ഇട്ടു പിഴിഞ്ഞെടുത്തു തലനീര് അകത്താക്കി ബാക്കിയുള്ളതൊലിയും മട്ടും കൂടി കുറച്ചു വെള്ളത്തിൽ ഒന്നുകൂടി പിഴിഞ്ഞ് മദ്ബഹായിലേക്കു കൊണ്ടുചെല്ലാൻ മടിക്കാത്ത വർഗ്ഗമേ! നിന്റെ പ്രാർത്ഥനയും ശുശ്രൂഷയും കുർബ്ബാനയും ആര്, എവിടെ കൈക്കൊള്ളാനാണ്?'

ആരാധനാകാര്യങ്ങളിൽ വൈദികരുടെ ഭാഗത്ത് കാണുന്ന അജാഗ്രതയെ പറ്റി ഈ സ്വരത്തിൽ യോഹന്നാൻ മല്പാനച്ചനെപ്പോലെ മറ്റാരും ഉറക്കെ ചിന്തിക്കുകയോ ഗൗരവമായി പരാമർശിക്കുകയോ ചെയ്തതായി അറിവില്ല. കുട്ടിക്കാലം മുതൽ ആരാധനാകാര്യങ്ങൾക്കു ഉയർന്ന പരിഗണനകൾ നൽകിവന്ന കഥാപുരുഷന് ഇപ്രകാരമല്ലാതെ പ്രതികരിക്കുവാൻ കഴിയുമായിരുന്നില്ല. പള്ളിയും പള്ളിക്കാര്യങ്ങളും അലക്ഷ്യമായി വിടുന്നത് അദ്ദേഹത്തിന് അസഹ്യമായിരുന്നതിനാലാവണം ഇങ്ങനെ എഴുതിയത്:

".......കട്ടിലും പായും തലയിണയും ഉടുതുണികളും മുറുക്കാൻപൊതിയും അപ്പക്കൊട്ടയും ഇറച്ചിക്കൊട്ടയും ഒളിച്ചു വച്ചിരിക്കുന്ന വെളിച്ചെണ്ണയും എന്നു വേണ്ട വീടുകളിലെ നിത്യോപയോഗ സാധനങ്ങളും കണ്ടെടുക്കാവുന്ന പള്ളികളും ഒരു പക്ഷേ മദ്ബഹാകളും ഉണ്ട്. കർത്താവിനെ പരാജിതനാക്കാൻ ഇതിൽ കൂടുതൽ ഒന്നും വേണ്ട."

ശരിയും തെറ്റും വ്യവച്ഛേദിച്ചു പറയുന്ന ശൈലിയാണദ്ദേഹത്തിന്റെ

ത്. 'കിടപ്പും ഭക്ഷണവും പള്ളിയകത്തു പാടില്ല' എന്ന് സഭയുടെ വക്താവായി പഠിപ്പിക്കുന്ന മല്പാനച്ചനിലെ കാനോൻ സംസ്ക്കാരം പ്രകടമാണ്. നമ്മുടെ സഭയിൽ കാനോൻ വിദഗ്ധരായി ചിലരുണ്ടെങ്കിലും കാനോൻ സംസ്ക്കാരം നേടിയിട്ടുള്ളവർ അംഗുലീപരിമിതരാണ്. അവരിൽ പ്രഥമഗണനീയ സ്ഥാനം കഥാപുരുഷനുണ്ട്. അദ്ദേഹത്തിന്റ പ്രബോധനങ്ങൾ തികച്ചും സാധാരണങ്ങളും പ്രായോഗികവുമായിരിക്കുമ്പോൾതന്നെ അവയിലെ പ്രവാചകശബ്ദം അവഗണിക്കാനാവാത്തവിധം പ്രകടമാണ്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ യോഹന്നാൻ സ്നാപകനും സ്തേഫാനോസ് ശെമ്മാശനും പ്രവാചക കഥാപാത്രങ്ങളെന്ന നിലയിൽ അതുല്യരാണ്. അദ്ദേഹം എഴുതുന്നു:

"ത്യാഗത്തിനും നീതിക്കും വേണ്ടി അധികാരി വർഗ്ഗത്തെ വെല്ലുവിളിക്കുകയും നിർദ്ദാക്ഷിണ്യം ശാസിക്കുകയും ചെയ്ത യോഹന്നാൻ മാംദാനായ്ക്കും സ്തേഫാനോസിനും ഒരു സാധാരണ മരണം അന്തസ്സിന് ചേരാത്തതായിരുന്നു. അതുകൊണ്ട് ദൂരവ്യാപകങ്ങളായ ഫലങ്ങളെ ഉല്പാദിപ്പിക്കുന്ന വിലയേറിയതും അഭിമാനകരവും ആയ രക്തസാക്ഷിത്വത്തേക്കാൾ കുറഞ്ഞ ഒരന്ത്യം ദൈവം അവർക്കു കൊടുത്തില്ല" (വഴിത്തിരുവിലെ വെല്ലുവിളികൾ. പു. 98). യോനാ പ്രവാചകനെപ്പറ്റി എഴുതുമ്പോഴും കഥാപുരുഷനിലെ പ്രവാചകൻ ഉന്മേഷം കൊള്ളുന്നത് ശ്രദ്ധിക്കേണ്ടതാണ്.

"......... യഥാർത്ഥ പ്രവാചകന് കല്ലും തടിയും (കുരിശു) ആയിരിക്കാം അനുഭവം കിട്ടുന്നത്. പ്രാമാണ്യത്തെയോ മറ്റുളളവരുടെ ദൃഷ്ടിയിൽ നല്ല പിള്ള ചമയുന്നതിനെയോ ആഗ്രഹിക്കുന്നവന് ദൈവത്തിന്റെ സാക്ഷിയായിരിപ്പാൻ കഴിയുന്നതല്ല. മറ്റുള്ളവരെ പ്രീണിപ്പിക്കുവാൻ ചെയ്യുന്ന പ്രസംഗം ദൈവത്തിന്റെ വേല ആകുകയില്ല. അധികാരികളുടെ പ്രീതിക്കുവേണ്ടി, അല്ലെങ്കിൽ കാര്യസാധ്യത്തിന്നായി തിന്മയെ നന്മയെന്നും വെളിച്ചത്തെ അന്ധകാരമെന്നും പറയുന്നവനും ദൈവ പക്ഷത്തുള്ളവനല്ല" (ടി. പുസ്തകം പു. 52).

ബാഹ്യമോ ലളിതമോ ആയ ചികിത്സയിലൂടെ പരിഹരിക്കപ്പെടാവുന്നവയാണ് സഭയുടെ പ്രശ്നങ്ങൾ എന്ന ലാഘവ സമീപനം അദ്ദേഹത്തിനില്ല. ഭൗതികമായ സ്ഥാനങ്ങളും സ്ഥാപനങ്ങളും ഒരു സഭയെ ആത്യന്തിക തകർച്ചയിൽനിന്ന് രക്ഷിക്കുവാൻ ശക്തമാവുകയില്ലെന്ന് തന്നെയാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. അതു ഉറക്കെപ്പറയുവാനും അദ്ദേഹം മടിച്ചിരുന്നില്ല." ഞായറാഴ്ച ദിവസങ്ങളിലും കർത്താവിന്റെ മറ്റു ദിവസങ്ങളിലും വി. കുർബ്ബാന കാണുവാൻ സൗകര്യമുണ്ടായിട്ട് അതു കാണാതിരിക്കുന്നതും പ്രധാന സന്ദർഭങ്ങളിൽ അത് അനുഭവിക്കാതിരിക്കുന്നതും ഗൗരവതരമായ ഒരു കുറവായി ആരും കാണാതിരിക്കുന്നത് വിശ്വാസത്തിന്റെ നിലപാടിൽ ഉള്ള പാപ്പരത്തത്തെയാണ് കാണിക്കുന്നത്..... സഭയ്ക്കുണ്ടാകുന്ന അനർത്ഥങ്ങളെക്കുറിച്ചും അസ്വസ്ഥതകളെ കുറിച്ചും ആവേശപൂർവ്വം സംസാരിക്കുന്ന ചിലരെ കണ്ടിട്ടുണ്ട്. അവർ മനസ്സിലാക്കണം, വി. കുർബ്ബാനയെ അനാദരിച്ചും അവഗണിച്ചും ഇപ്പോഴത്തേതുപോലെ കഴിഞ്ഞു കൂടുന്നേടത്തോളം കാലം സംതൃപ്തിയോ, 'നല്ലനാളെ'യോ കണി കാണുവാൻ സാധിക്കുകയില്ലെന്ന് കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ അവഹേളിക്കുന്നവർ ഇപ്പോഴുള്ള വൈഷമ്യങ്ങൾക്കോ ഇതിൽ കൂടുതൽ വൈഷമ്യങ്ങൾക്കോ അർഹരാണെന്ന് പറയുവാൻ മടിക്കേണ്ട ആവശ്യമില്ല. ഈ തകർച്ച താൽക്കാലിക സുത്ര





ങ്ങൾ കൊണ്ടൊന്നും സുഖപ്പെടുവാൻ പോകുന്നില്ല" (ടി. പുസ്തകം 65).

സഭയുടെ തകർച്ചക്കു കാരണമായേക്കാവുന്ന അച്ചടക്കരാഹിത്യത്തെ വിശദാംശങ്ങളിൽ മനസ്സിലാക്കുവാനും അവയെ തുറന്ന് കാട്ടുവാനും യോഹന്നാൻ മല്പാൻ ശ്രദ്ധിച്ചുപോന്നിട്ടുണ്ട്.

"സഭയിൽ പെടാത്തവർക്കു കുറി എഴുതുന്നതും, സഭയിൽപെടാത്തവർക്ക് കൂദാശകൾ കൊടുക്കുന്നതും സഭയിൽപെടാത്തവരുടെ കർമ്മങ്ങളിൽ സഭാംഗങ്ങൾ സംബന്ധിക്കുന്നതുമെല്ലാം" അദ്ദേഹത്തിന്റെ ശ്രദ്ധയിൽ അക്കാലം മുതൽ പതിഞ്ഞ വിഷയങ്ങളാണ്. അതീവ ലളിതമായ കാര്യങ്ങളെ പ്രതിപാദിക്കുവാനും ധ്വനിമര്യാദയിൽ ആവശ്യമുള്ളപ്പോൾ വിമർശനം നടത്തുവാനും മല്പാനച്ചൻ ശ്രദ്ധിച്ചിട്ടുള്ളത് സൂക്ഷ്മദൃക്കുകൾക്കു കാണാൻ പ്രയാസമില്ല. സഭയിലെ വൈദിക-അവൈദിക സ്ഥാനങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ ഒരു അവലോകനം ശ്രദ്ധിക്കുക:

"............ എപ്പിസ്കോപ്പസി ഒരു ഇറക്കുമതിച്ചരക്കല്ല. അതു ഇറക്കുമതിച്ചരക്കാണെങ്കിൽ സഭയെയും ഒരു ഇറക്കുമതിച്ചരക്കായി കാണേണ്ടിവരും. അവൈദികനായ ഒരാളിൽകൂടി ഒരു ക്രിസ്തീയ സഭയെ നിലനിറുത്തുവാൻ ഗത്യന്തരമില്ല. അല്ല, അവൈദികനിലൂടെ സഭയെ നിലനിർത്തുവാൻ കഴിയണമെങ്കിൽ വല്ല ഗവേഷണവും ഇനിയും ഉണ്ടായെങ്കിലേ സാധിക്കൂ. ഈയിടെ ഒരു നവീന ഗവേഷണ ഫലമായി മോശ വൈദികനല്ലെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട് പോലും!! യേശുക്രിസ്തു പുരോഹിതനല്ലെന്നും എപ്പിസ്കോപ്പാമാരെന്ന് ഒരു കൂട്ടർ തന്നെ ഉണ്ടായിട്ടില്ലെന്നും ഇനിയും കണ്ടുപിടിക്കാൻ ഇക്കണക്കിന് സാധ്യതയുണ്ട്. (വി. മാർതോമാ ശ്ലീഹായ്ക്ക് പൗരോഹിത്യ നൽവരം സിദ്ധിച്ചിട്ടില്ലെന്ന് യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ ഗവേഷണഫലം 1970 ൽ പുറത്തുവരുന്നതിന് ഒരു ദശകം മുമ്പാണ് ഇതെഴുതുന്നത്. - ഗ്രന്ഥകാരൻ)......ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടാകുകയും ഓരോന്നിന്റെയും കൃത്യങ്ങൽ വ്യത്യാസപ്പെട്ടിരിക്കുകയും ഓരോരുത്തർക്കും വ്യത്യസ്തമായ ചുമതലകൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു...... എല്ലാ അവയവങ്ങളിലും ഒരേ രക്തമാണ് വ്യാപരിക്കുന്നത്. ഇതുപോലെ സഭാംഗങ്ങളെന്ന നിലയിൽ വൈദികരും അവൈദികരും ആയ എല്ലാവരിലും ഒരേ ആത്മാവാണ് വ്യാപരിക്കുന്നതെങ്കിലും സ്ഥാനങ്ങൾക്ക് (വരങ്ങൾക്ക്) വ്യത്യാസമുണ്ട്. കൈയുടെ ഒരു വിരൽ മുറിഞ്ഞാൽ വേദനയുണ്ടാകുമെങ്കിലും അതുകൊണ്ട് ആ ആൾ മരിക്കുന്നില്ല. എന്നാൽ തല മുറിഞ്ഞാലോ? മരണം നിശ്ചയം.... വൈദികരും ജനങ്ങളും സഭാ ഗാത്രത്തിലെ ജീവന് തുല്യാവകാശികളാണ്. എങ്കിലും ചുമതലകളിൽ വ്യത്യാസമാണുള്ളത്.... തല തലയുടെ പ്രവൃത്തി ചെയ്യുന്നതുകൊണ്ട് കൈകാലുകളുടെ സ്വാതന്ത്ര്യത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. എന്നാൽ കാൽ കുഴിയിലോ മുള്ളിലോ പതിയാൻ ഇടയാകുമ്പോൾ അതിനെ നിയന്ത്രിക്കുവാൻ തലക്കുളളിൽ വല്ലതുമുണ്ടെങ്കിൽ സാധിക്കുന്നതാണ്......' (സഭയും വ്യക്തിസ്വാതന്ത്ര്യവും എന്ന ലേഖനം).

മാമോദീസാ ഏറ്റ എല്ലാവരും പുരോഹിതന്മാരാണ് എന്ന പ്രോട്ടസ്റ്റന്റ് ചിന്താഗതി മലങ്കരസഭയിലേക്കു നുഴഞ്ഞു കയറുവാൻ തുടങ്ങുന്ന കാലമായിരുന്നു അത്. പ്രോട്ടസ്റ്റന്റ് സ്ഥാപനങ്ങളിൽ ദൈവശാസ്ത്ര പഠനം നിർവ്വഹിക്കുകയും പ്രോട്ടസ്റ്റന്റ് സഭകൾക്കു ബഹുഭൂരിപക്ഷമുള്ള 'സഭകളുടെ ലോക കൗൺസിലുമായി പല തലങ്ങളിൽ ബന്ധപ്പെടുകയും

ചെയ്ത മലങ്കര ഓർത്തഡോക്സ് സഭയിലെ ചില ചിന്തകന്മാർ അക്കാലത്ത് സഭാംഗങ്ങളെല്ലാം പുരോഹിതർ എന്ന ലൂതറൻ ചിന്ത സ്വകാര്യ ചർച്ചകളിലും മറ്റും ഉന്നയിച്ചു തുടങ്ങിയിരുന്നു. സഭയുടെ ഔദ്യോഗിക ഗുരുവെന്ന നിലയിൽ കഥാപുരുഷന് അപ്രകാരമുള്ള ചിന്തകളോട് പ്രതികരിക്കാതിരിക്കുവാൻ കഴിയുമായിരുന്നില്ല. മാമോദിസാ മൂലം ഒരാൾക്ക് ലഭിക്കുന്ന സഭാ ഗാത്രത്തിലെ പങ്കാളിത്തം പൗരോഹിത്യത്തിലേക്കുള്ള പങ്കാളിത്തമാണെന്ന ചിന്ത ഓർത്തഡോക്സ് വിശ്വാസത്തിലില്ലെന്ന് അദ്ദേഹം തീർത്തും വ്യക്തമാക്കി. സഭാ ഗാത്രത്തിന്റെ ശിരസ്സാണ് പൗരോഹിത്യം. അത് സഭയിലാണ്, സഭക്കുവേണ്ടിയുമാണ്. പുരോഹിതൻ സഭാഗാത്രത്തിലെ ശിരസാണ് എന്ന അലങ്കാരത്തിന്റെ ധ്വനി മൂധുര്യം ആസ്വാദ്യമായിരിക്കുന്നു. വൈദിക സെമിനാരിയിൽ തന്നെയും ചില അധ്യാപകർ ഓർത്തഡോക്സ് സഭയ്ക്കു സമ്മതമല്ലാത്ത ചിന്താഗതി വച്ചു പുലർത്തിയിരുന്നതുകൊണ്ടാണ് കഥാപുരുഷൻ അലങ്കാരങ്ങളുടെയും ധ്വനിയുടെയും സഹായം തേടി ഈ കാര്യം വിശദീകരിച്ചത്. "ഒരു സെമിനാരി നമുക്കുള്ളതുകൊണ്ട് നമ്മുടെ പൂർവ്വീക വിശ്വാസങ്ങൾക്കു മങ്ങലേറ്റുകൊണ്ടിരിക്കയാണ്" എന്ന് കഥാപുരുഷൻ ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ ഈ ഗ്രന്ഥകാരനോടു പറഞ്ഞ വാക്യം ഓർത്തു പോകുന്നു. ഇതുപറയാനുണ്ടായ പശ്ചാത്തലവും ഇവിടെ വ്യക്തമാക്കാം.

തൊഴിയൂർ സഭയിൽ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് (കൂത്തൂർ) ഭരണം നടത്തുന്ന കാലം. ഓർത്തഡോക്സ് സഭയും തൊഴിയൂർ സഭയും തമ്മിൽ യോജിക്കണമെന്നും അതിനായി എന്തു ത്യാഗവും നിർവ്വഹിക്കാമെന്നും അദ്ദേഹം കഥാപുരുഷനോട് ആവർത്തിച്ചു ഓർമ്മിപ്പിക്കുമായിരുന്നു. എന്നാൽ ഈ നിർദ്ദേശവുമായി സഭാകേന്ദ്രത്തിലെത്തുന്ന കഥാപുരുഷനോട് ഒരിക്കൽപോലും അന്നത്തെ സഭാതലവൻ ആശാവഹമായി പ്രതികരിച്ചിട്ടില്ലാത്തതിനാൽ അദ്ദേഹം തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തുമായിരുന്നു. അക്കാലത്ത് കഹനെത്താ, കന്തീലാ തുടങ്ങിയ ശുശ്രൂഷകൾ കൃത്യമായും നിഷ്കൃഷ്ടമായും പരിശീലിക്കുവാൻ തൊഴിയൂർ മെത്രാപ്പോലീത്താ കഥാപുരുഷന്റെ സഹായം തേടി. ചികിത്സയിലായിരുന്ന അദ്ദേഹം സ്വശിഷ്യനായ ഈ ഗ്രന്ഥകാരനെ ആ ചുമതലയേല്പിച്ചു. അക്കാലത്ത് ഒഴിവുദിനങ്ങളിലും ശനിയാഴ്ചകളിലും ഞാൻ തൊഴിയൂർ അരമനയിലെത്തുകയും അവിടെ വച്ചോ തൊട്ടടുത്തുള്ള അദ്ദേഹത്തിന്റെ സഹോദരന്റെ ഭവനത്തിൽ വച്ചോ ശുശ്രൂഷാക്രമങ്ങൾ പരിശീലിപ്പിക്കുകയും ചെയ്തുപോന്നു. ഏതാനും മാസങ്ങളോടെ അതുപൂർത്തിയായി. ഇതിന്റെ തുടർച്ചയെന്നോണമാണ് അന്ന് നിയുക്ത മെത്രാനായിക്കഴിഞ്ഞിരുന്ന ആലത്തൂർ പനക്കൽ യൗസേപ്പു കത്തനാർ അച്ചനായിരിക്കുമ്പോഴും പിന്നീട് മെത്രാനായ ശേഷവും മേല്പട്ടക്കാർ നടത്തുവാനുള്ള വിവിധ പട്ടംകൊടകളും പള്ളികൂദാശയും മറ്റും അദ്ദേഹത്തെ പരിശീലിപ്പിക്കുവാൻ ഇതെഴുതുന്ന ആളിന് അവസരമുണ്ടായത്. സഭാചരിത്രപ്രധാനമായ ചില സുസ്താത്തിക്കോനുകളും കൈയെഴുത്തു സുറിയാനിഗ്രന്ഥങ്ങളും അവിടെവച്ച് പരിശോധിക്കുവാനും അവയുടെ ഒരു ആധികാരിക കാറ്റ്ലോഗ് നിർമ്മിക്കുവാനും അദ്ദേഹം മേല്പട്ടം സ്വീകരിച്ചപ്പോൾ ഈ ബന്ധത്തിന്റെ മധുരസ്മരണകൾ നിലനിറുത്തുവാൻ പള്ളികൂദാശയുടെ (മലയാളവിവർത്തനം) കൈയെഴുത്തുഗ്രന്ഥം അദ്ദേഹത്തിന് സമ്മാനിക്കുവാനും ഈ ഗ്രന്ഥകർത്താവിന്





അവസരമുണ്ടായി. ഈ രണ്ടു മെത്രാപ്പോലീത്തമാരിൽനിന്നും ആ സഭയുടെ തൽക്കാലത്തെ ശോചനീയ സ്ഥിതി ഗ്രഹിച്ചത് കഥാപുരുഷനെ അറിയിച്ചുകൊണ്ട് ഞാൻ എഴുതി.

"ഒരു വൈദിക സെമിനാരി സ്വന്തമായി ഇല്ലാത്തതു കൊണ്ട് സ്വന്തം ഈടുവെയ്പ്പുകൾ ഉപയോഗിക്കാനറിയാത്ത വികലതകൾ അവിടെ ധാരാളമുണ്ട്...." ഈ കത്തിന്നെഴുതിയ മറുപടിയിൽ കഥാപുരുഷൻ എഴുതിയ വാക്യമാണ് മേൽ ഉദ്ധരിച്ചത്. ".....നമുക്കൊരു സെമിനാരി......."

ഓർത്തഡോക്സ് സെമിനാരിയെക്കുറിച്ച് ഇപ്രകാരം എഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്, സുറിയാനി പാരമ്പര്യവും സുറിയാനി ഭാഷയും അറിയാത്ത മെത്രാന്മാർ സഭയിൽ വർദ്ധിക്കുകയും അവർ ആംഗ്ലേയ ഭാഷയിൽ പ്രൊട്ടസ്റ്റന്റുകാരായ ആംഗ്ലേയ പണ്ഡിതൻമാർ എഴുതി വിടുന്ന കാര്യങ്ങൾ ഓർത്തഡോക്സ് സഭയുടെ വിശ്വാസമായി തെറ്റിദ്ധരിക്കുകയും മലങ്കരസഭയിലെ വൈദികരാവാനുള്ള വിദ്യാർത്ഥികൾക്ക് ഈ ആംഗ്ലേയ വിശ്വാസങ്ങൾ ഓർത്തഡോക്സ് വിശ്വാസങ്ങളെന്ന നിലയിൽ പകർന്നുകൊടുക്കുകയും ചെയ്യുന്ന സാഹചര്യമാവാം. ഓർത്തഡോക്സ് സഭയുടെ സുറിയാനി പാരമ്പര്യമാണ് മലങ്കരസഭ നിലനിറുത്തേണ്ടത് എന്ന കഥാപുരുഷന്റെ ചിന്ത സുറിയാനി ഭാഷാനഭിജ്ഞരായ പുത്തൻ തലമുറയിലെ വേദ പണ്ഡിതന്മാർക്ക് സ്വീകാര്യമായിരുന്നില്ല. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് വളർന്ന് സാധാരണക്കാരിൽ സാധാരണക്കാരനായി വിദേശ വിദ്യാഭ്യാസമൊന്നും സിദ്ധിച്ചിട്ടില്ലാത്ത ഒരു ശാന്തശീലനെ സുറിയാനി പാണ്ഡിത്യത്തിന്റെ പേരിൽ, മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രാമാണിക വക്താവായി അംഗീകരിക്കുവാൻ പലർക്കും പല കാരണങ്ങളാൽ വൈമനസ്യമായിരുന്നു. എന്നിരുന്നാലും തന്റെ ലേഖനങ്ങളിൽ ഒരു ഏകാംഗപ്പോരാളിയുടെ വീറും ഉത്സാഹവും അദ്ദേഹം ആജീവനാന്തം നിലനിറുത്തിയിരുന്നതായി കാണാം. 'സഭയുടെ ചാരിത്ര്യം' എന്ന ലേഖനത്തിൽ അദ്ദേഹം എഴുതി:

"മലങ്കര സുറിയാനി സഭ ഒരു ഓർത്തഡോക്സ് സഭയായതുകൊണ്ട് മറ്റ് ഓർത്തഡോക്സ് സഭകളോടല്ലാതെ ഇവിടത്തെ ഇതര ക്രൈസ്തവ സമൂഹങ്ങളോട് വിശ്വാസത്തിൽ ഐക്യതയില്ല. അവൾക്കഭിമാനിക്കാൻ ഒരു വസ്തുതയുണ്ട്. അവൾ ഇതഃപര്യന്തം അവളുടെ ചാരിത്ര്യം നഷ്ടപ്പെടുത്തിയിട്ടില്ല..... കുനൻകുരിശും മാവേലിക്കര പടിയോലയുമെല്ലാം ഈ ചാരിത്ര്യ സംരക്ഷണത്തിന് വേണ്ടിയുള്ള ഏറ്റുമുട്ടലുകളുടെ പ്രകടനങ്ങളാണ്... ഈ നിർണ്ണായകഘട്ടത്തിൽ അവളോടുള്ള വിശ്വസ്തതയ്ക്കു ഭംഗം വരാതെയും വിശ്വാസസംബന്ധമായ അവളുടെ ചാരിത്ര്യത്തിന് കളങ്കം ചേർക്കാതെയും നാം കൂറുള്ളവരായിരിക്കണം. നമ്മുടെ വിശ്വാസാചാരങ്ങൾക്കും മാറ്റമില്ലാത്ത പാരമ്പര്യങ്ങൾക്കും എതിരായി അന്യരോ സ്വന്തക്കാരോ തന്ത്രങ്ങൾ പ്രയോഗിക്കുന്നതായാൽ അതിനെ എതിർക്കേണ്ടത് നമ്മുടെ ചുമതലയാണ്. ഇതിനോട് താല്പര്യമില്ലാത്തവർ ഇതിനെ ത്യജിക്കയല്ലാതെ ഇതിൽ നിന്നുകൊണ്ട് ഇതിനെ ഉപദ്രവിക്കുവാൻ അനുവദിച്ചുകൂടാ... മറ്റുള്ളവരിൽ കുറ്റബോധം വരുത്താതെ അവരെ പ്രീതിപ്പെടുത്തുവാനാണ് ആത്മീയ പ്രവർത്തനങ്ങൾ നടത്തുന്നതെങ്കിൽ അതെത്രയോ ജുഗുപ്സാവഹമാണ്. ചിലർ സംസാരിക്കാറുണ്ട്: "താനതു ചെയ്താൽ ഇന്ന തിരുമേനിക്ക് അല്ലെങ്കിൽ അച്ചന് ഇഷ്ടമാവില്ല" എന്ന്. അങ്ങനെയുള്ളവർ ഒരു കാര്യം ഓർക്കുന്നത് കൊള്ളാം.

നാം കർത്താവിൽ വിശ്വസിക്കുന്നതും സത്യവിശ്വാസം പാലിക്കുന്നതും ഏതെങ്കിലും തിരുമേനിമാരെയോ പട്ടക്കാരെയോ വീട്ടുകാരെയോ ബോധ്യപ്പെടുത്താൻ വേണ്ടിയായിരിക്കരുത്. പ്രത്യുത അത് നമ്മുടെ ചുമതലയും ആവശ്യവുമായതുകൊണ്ടാണ്. മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങളും സഭയ്ക്കാണ് കീഴ്പെട്ടിരിക്കുന്നത്.... സഭയിൽപെട്ടവനെന്ന് ഭാവിച്ച് അതിനെ ദ്രോഹിക്കുന്നവനേക്കാൾ അതിനെ പരിത്യജിക്കുന്നതായിരിക്കും ഉപകാരം...... പഴയ മഹത്വപല്ലവി പാടാതെ ഇന്ന് നാം എങ്ങനെ മുമ്പോട്ടു പോകണം എന്നുള്ളത് നമ്മുടെ പ്രവർത്തനങ്ങളുടെ ലാക്കായിരിക്കണം. നമ്മുടെ സഭയുടെ വീക്ഷണ ഗതിയിൽ ഇന്നുള്ള വേദവിപരീതങ്ങൾ എന്തെല്ലാമെന്നും അവയോട് നമുക്കുണ്ടായിരിക്കേണ്ട നയം ഏതു വിധത്തിൽ ആയിരിക്കണമെന്നും ചർച്ച ചെയ്തു വ്യക്തമാക്കിക്കൊടുക്കേണ്ടത് മേലാലുള്ള നിലനില്പിന് അപരിത്യാജ്യമാണ്......"

വർത്തമാനകാലത്ത് സഭ കൈകൊള്ളേണ്ടുന്ന വിശ്വാസപരമായ നിലപാടുകൾ മാത്രമല്ല, പ്രായോഗിക വിഷയങ്ങളിൽ സഭ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണെന്ന കാര്യത്തിലും അദ്ദേഹത്തിന് അശേഷം സംശയമുണ്ടായിരുന്നില്ല. അദ്ദേഹം എഴുതുന്നു:

"...... അവനവന്റെ സുഖത്തിനും ധനസമ്പാദനത്തിനും വേണ്ടി ഏത് നീച മാർഗ്ഗങ്ങളെയും അവലംബിക്കാമെന്നും ശാസ്ത്രീയ വിജ്ഞാനത്തെ തെറ്റിദ്ധരിച്ച് മനുഷ്യൻ സ്വയം പര്യാപ്തനാണെന്നും ദൈവാശ്രയത്തിന്റെ ആവശ്യം ഇല്ലെന്നും പാപം എന്ന ഒന്ന് ഇല്ലെന്നും ഏതു വിധത്തിലുള്ള സുഖമായാലും ആയത് ആസ്വദിക്കുന്നതാണ് ജീവിതമെന്നും വ്യാമോഹിച്ചുപോവുകയാണ്. ബുദ്ധിപരമായ അറിവോടൊന്നിച്ച് ദൈവികമായ അറിവിനെയും വ്യക്തികളുടെ ഉള്ളിൽ വർദ്ധിപ്പിച്ചുകൊണ്ടു വരേണ്ട കടപ്പാട് സഭയ്ക്കുണ്ട്." (സഭയിലെ മാണിക്യരത്നങ്ങൾ)

കഥാപുരുഷൻ ചൂണ്ടിക്കാട്ടിയ പ്രവർത്തന ശൈലി ഏറ്റെടുക്കുവാൻ ഇന്നും സഭ മടിച്ചുനിൽക്കുകയാണ്. ദൈവം പ്രവർത്തിച്ചുകൊള്ളും എന്ന വിശ്വാസം മനുഷ്യന്റെ ഉദാസീനതയ്ക്കും അകർമ്മണ്യതയ്ക്കും നീതീകരണമാവുകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. 1958ൽ സഭയിൽ സമാധാനം ഉണ്ടായപ്പോൾ ആ ലഹരിയിൽ സ്വന്തം ഉത്തരവാദിത്വങ്ങൾ മുടി തൊട്ട് അടിവരെ എല്ലാവരും വിസ്മരിച്ചപ്പോൾ മല്പാനച്ചനിലെ പ്രവാചകൻ മാത്രം ഉണർന്നിരുന്നു ഉറക്കെ ചിന്തിച്ചു:

"....... സമാധാനം ഉണ്ടായിക്കഴിഞ്ഞു എന്ന് വിചാരിച്ച് ഇനിയുമൊന്നും ചെയ്യാനില്ലാത്തതു പോലെ നാം മൗനമായിരിക്കുകയല്ല വേണ്ടത്. അതുപോലെ ലൗകികമായ സന്തോഷപ്രകടനങ്ങളിലും സ്വീകരണ സന്നാഹങ്ങളിലും മാത്രം നിമഗ്നരായി കഴിയുകയുമല്ല.... ഈ സമാധാനത്തിന്റെ അടിസ്ഥാനത്തിൽ മറ്റു സമുദായങ്ങൾ കൂടി യോജിച്ച് ഏക യോഗമായ ഒരു ഭാരതീയ സഭ രൂപമെടുക്കുകയാണെങ്കിൽ ഭാരതത്തിലേക്ക് കൊടുക്കാവുന്നതിലേക്കും വലിയ സംഭാവനയായിരിക്കും അത്..... വിലയേറിയ ഒരു സന്ദർഭം കർത്താവ് തന്നിരിക്കുന്നു..... സംഭവിച്ച കാര്യങ്ങൾക്കു നാം നന്ദിയുള്ളവരും സംഭവിപ്പാനുള്ള കാര്യങ്ങൾക്കു നാം സന്നദ്ധതയുള്ളവരും ആയിരിക്കണം. (എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ടി. പുസ്തകം - പു. 124-29).

സമാധാനമുണ്ടായിക്കഴിഞ്ഞിട്ടും ആ ചരിത്രയാഥാർത്ഥ്യത്തോട് ഇണങ്ങാനാവാതെ പുറം തിരിയുന്നവരെ ഉദ്ദേശിച്ച് അദ്ദേഹം എഴുതി:





സത്യത്തെ അസത്യമെന്നും പകലിനെ രാത്രിയെന്നും പുലമ്പുന്നവരുടെ മേൽ ഭാവി തലമുറ വിധിയെഴുതുമെന്ന് ഓർക്കണം' (ടി. പു - 114). വ്യർത്ഥങ്ങളായ വിജയപ്രകടനങ്ങളും ബാലിശങ്ങളായ വാഗ്വാദങ്ങളും നമ്മുടെ ഭാവിപ്രശ്നങ്ങളിൽ നമ്മെ ഒട്ടും സഹായിക്കുകയില്ല.. ലോകത്തിൽ അനുദിനം പൊട്ടിമുളച്ചുകൊണ്ടിരിക്കുന്ന പുതിയ പ്രശ്നങ്ങളും പലതും കണ്ടില്ല കേട്ടില്ല എന്നുള്ള വിധത്തിൽ ഉപേക്ഷിക്കത്തക്കവ ആയിരിക്കുകയില്ല.... സർവോദയം, ഭൂദാനം, കുടുംബസംവിധാനം, മുതലാളി-തൊഴിലാളിബന്ധം, സാമ്പത്തിക സമീകരണം മുതലായ വിവിധ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവയ്ക്കുത്തരം കൊടുപ്പാൻ കർത്താവിന് കഴിയുമെങ്കിൽ ക്രൈസ്തവസഭകൾക്കും കഴിയേണ്ടതാണ്" (പു. 82). "......കേസിൽ ജയമുണ്ടായാലും ഭരണപരവും വിശ്വാസസംബന്ധവുമായ കുത്തഴിവിന് പരിഹാരം ഉണ്ടാകാതെയിരുന്നാൽ എന്തെങ്കിലും നാം സാധിക്കുമെന്ന് ആശിക്കേണ്ട.... പള്ളി സഭയ്ക്കുവേണ്ടിയാണ്. അല്ലാതെ സഭ പള്ളിക്കുവേണ്ടിയല്ല നിൽക്കേണ്ടത്.... സഭയേക്കാൾ വലുതല്ല പള്ളി. പട്ടക്കാർ വന്ന് കുർബ്ബാന ചൊല്ലിയില്ലെങ്കിൽ അതു കുറ്റമായി കണക്കാക്കാവുന്നതു പോലെ ജനങ്ങൾ വന്ന് സംബന്ധിച്ചില്ലെങ്കിൽ അതും ലംഘനമാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഒരു കർമ്മവും ഇന്ദ്രജാലം പോലെ ഒരുവനിൽ രൂപാന്തരം വരുത്തുകയില്ല."

ഇങ്ങനെ നിരീക്ഷിച്ചാൽ യോഹന്നാൻ മല്പാച്ചന്റെ ലേഖനങ്ങളെല്ലാം ഉദ്ധരിക്കേണ്ടി വരും. ഈ തലമുറയിൽ യാതൊരു ഇടയനും ചെയ്തിട്ടില്ലാത്തവിധം അദ്ദേഹം സഭയെ കുറിച്ച് ഭാരപ്പെടുകയും അനേകരെ പ്രബുദ്ധരാക്കുകയും ചെയ്തു. ഒരുപക്ഷേ, സഭയെ പറ്റി ഇത്രമേൽ ആഴമേറിയ ദു:ഖവും ഉത്കണ്ഠയും പ്രദർശിപ്പിച്ച ഒരാളെക്കൂടെ സഭാചരിത്രവിദ്യാർത്ഥികൾക്കു കഴിഞ്ഞ നൂറ്റാണ്ടിന്റെ ചരിത്രത്തിൽ പരിചയപ്പെടാൻ കഴിഞ്ഞിരിക്കും. അദ്ദേഹവും ആ തലമുറയിൽ ഒരു മല്പാൻ ആയിരുന്നു. ചാത്തുരുത്തിൽ ഗീവർഗ്ഗീസ് മല്പാൻ. അദ്ദേഹം അയച്ചിരുന്ന ലേഖനസമാനമായ ധീര കല്പനകളിൽ പ്രകടമായിരുന്ന അമർത്തിയ നെടുവീർപ്പുകളും ഏങ്ങലടികളും മലങ്കരസഭ ഈ നൂറ്റാണ്ടിൽ കേട്ടത് യോഹന്നാൻ മല്പാനച്ചന്റെ ലേഖനങ്ങളിൽനിന്നാണ്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിൽ പലതും അനേകർ ശ്രദ്ധിച്ചുവെങ്കിലും അവ പ്രാവർത്തികമാക്കുവാൻ ആരും ചെറുവിരൽ പോലും അനക്കിയില്ല. മല്പാനച്ചന്റെ ഭാവനാസ്വപ്നമായിരുന്ന 'ഭാരതസഭ' എന്ന സങ്കൽപം പില്ക്കാലത്തെ ചില സഭാതലവന്മാർ സ്വന്തം സ്വപ്നമായി അവകാശപ്പെട്ടുവെങ്കിലും ആ വഴിയിൽ എന്തെങ്കിലും പ്രവർത്തിച്ചതായി അറിവില്ല. സഭയുടെ പരിഗണനാവിഷയങ്ങളുടെ മുൻഗണനാക്രമത്തിൽ സാരമായ വ്യതിയാനങ്ങൾ പിന്നീട് വന്നതാവാം കാരണം. ആശയങ്ങൾ വിളയിപ്പിച്ചെടുക്കുന്നവർക്ക് പലപ്പോഴും അതു കർമ്മപഥത്തിൽ വരുത്തുവാനുള്ള കർമ്മശേഷിയും സംഘാടക പാടവവും ഒത്തുചേർന്നു എന്ന് വരികയില്ല. കർമ്മശേഷിയും സംഘാടകശേഷിയും ഉള്ളവർക്ക് പലപ്പോഴും തനിമയുള്ള ആശയങ്ങളെ ജനിപ്പിക്കുവാൻ കഴിഞ്ഞില്ലെന്ന് വരാം. രണ്ടു ശേഷികളും സമന്വയിപ്പിക്കുവാൻ കഴിയുമ്പോഴേ സമൂഹം വളരുകയുള്ളൂ. ക്രിയാശേഷിയും സംഘാടക ശേഷിയും കഥാപുരുഷന് കുറവായിരുന്നു. എന്നാൽ ഈ തലമുറയിലെ സൈദ്ധാന്തിക സഭാനേതൃത്വം വഹിക്കുവാൻ അദ്ദേഹത്തേക്കാൾ അനുയോജ്യരായി ആരും അറിയപ്പെട്ടിട്ടില്ല. ആഴമേറിയധ്യാനവും തപസ്സും മനനവും സഭാസ്നേഹവും സഭാജ്ഞാ

നവും ഒത്തുചേർന്ന ആ പ്രതിഭാധനന്റെ സർഗ്ഗ ചൈതന്യം മുറ്റിയ ഖനിയിൽനിന്നും വിജ്ഞാന പരിപക്വമായ ആശയങ്ങൾ ഇപ്പോഴും കർമ്മപഥം തേടി – ശാപമോക്ഷം തേടി – കിടപ്പുണ്ട് ആ ലേഖനങ്ങളിൽ. ഒരു നൂറു വർഷത്തേക്കു സഭാതലവന്മാരായി വരുന്നവർക്കു സ്വീകരിക്കാവുന്ന കർമ്മ പദ്ധതികളുടെ ബ്ലൂപ്രിന്റ് അവയിൽനിന്ന് ശേഖരിക്കുവാൻ കഴിയും. അവയെ അംഗീകരിക്കുവാനും അവയുടെ തിളക്കവും തനിമയും തിരിച്ചറിയുവാനും അസൂയ ഇല്ലാത്ത ഒരു മനസ്സുവേണമെന്ന് മാത്രം.

1947 മുതൽ അദ്ദേഹം പള്ളം സെഹിയോൻ പളളി വികാരിയായിരുന്നു. 1957 വരെ അവിടെ തുടർന്നു. അതിനിടയിൽ സെമിനാരി ചാപ്പലിന്റെ ചുമതലയും വഹിച്ചിരുന്നു. 57 മുതൽ ദേവലോകം അരമന ചാപ്പലിലെ വികാരിയായി പ്രവർത്തിച്ചു. ഇപ്രകാരം വിരലിലെണ്ണാവുന്ന പള്ളികളിലേ കഥാപുരുഷൻ വൈദികൻ എന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ളൂ. ഒരു ദശകത്തോളം അദ്ദേഹം വികാരിയായി പ്രവർത്തിച്ച പള്ളം ഇടവകക്കാർ അദ്ദേഹത്തിന്റെ സേവനക്കാലത്തെ ആ ഇടവകയുടെ ചരിത്രത്തിലെ സുവർണ്ണകാലഘട്ടമെന്നാണ് ഇപ്പോഴും വിശേഷിപ്പിച്ചുപോരുന്നത്. ശനിയാഴ്ച ഉച്ചതിരിഞ്ഞ് പള്ളിയിലെത്തിയാൽ തിങ്കളാഴ്ച കാലത്തേ പള്ളിയിൽനിന്ന് പോകൂ. വൈദികനും ജനങ്ങളും തമ്മിൽ പള്ളിയുടെ പശ്ചാത്തലത്തിൽ കണ്ടുമുട്ടുകയും സംവദിക്കുകയും ദിവ്യ സംസർഗ്ഗം അനുഭവിക്കുകയും പ്രബോധനങ്ങൾ നടത്തുകയും വേണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ആരാധനയിൽ അദ്ദേഹം കാണിച്ച ശുഷ്കാന്തി അനേകരെ സഭാജീവിതത്തിലേക്ക് ആദായപ്പെടുത്തുകയും ജീവിതാന്ത്യംവരെ ആ സ്വർഗ്ഗീയാനുഭവത്തിൽ അഭംഗുരം തുടരുവാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നതായി അവർ സാക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ശുശ്രൂഷകളെ 'ജീവനുള്ള ആരാധന' എന്ന് ആ ഇടവകക്കാർ അനുസ്മരിക്കുന്നത് രോമാഞ്ചത്തോടെ ഈ ലേഖകൻ കേട്ടിട്ടുണ്ട്. കഥാപുരുഷന്റെ സഹപ്രവർത്തകൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എഴുതുന്നു: "ആരാധന അനാവശ്യമായി നീട്ടുന്നതിൽ അദ്ദേഹത്തിന് താല്പര്യമില്ലായിരുന്നു. എന്നാൽ പ്രധാനമായവ ഒന്നും വിടുകയോ ധൃതിയിൽ നടത്തുകയോ ചെയ്കയില്ലായിരുന്നു." നോമ്പിലെയും കഷ്ടാനുഭവ ആഴ്ചയിലെയും നമസ്ക്കാരങ്ങളുടെ മൂലഭാഷയിലുള്ള ദീർഘമായ വർണ്ണനകളും ഭാവനകളും സംഭാഷണങ്ങളും കാവ്യാത്മക ഗീതങ്ങളും അദ്ദേഹം സ്വന്തം തർജ്ജിമയിൽ വിട്ടു കളഞ്ഞത് അവ നമസ്ക്കാരങ്ങളുടെ ദൈർഘ്യം വർദ്ധിപ്പിക്കുമെന്നതിനാലാണ്. അവ ദയറാകളിൽ നടത്തിയാൽ മതിയെന്ന പക്ഷക്കാരനായിരുന്നു കഥാപുരുഷൻ.

വി. കുർബ്ബാനക്കും മറ്റും ധരിക്കുന്ന സാധാരണ വസ്ത്രങ്ങൾ മറ്റ് അവസരങ്ങളിൽ ഉപയോഗിക്കുക പതിവില്ലാതിരുന്ന അദ്ദേഹം ശാരീരിക-മാനസിക-ആത്മീയ വെണ്മയോടും ഒരുക്കത്തോടും കൂടെയാണ് ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചിരുന്നത്. വി. കുർബ്ബാനയിൽ അല്പം സമയം പ്രബോധനം നടത്തുക മല്പാനച്ചന്റെ പതിവായിരുന്നു. വളരെ ലളിതമായ ഭാഷയിൽ, വളരെ പ്രായോഗികമായ ഉദാഹരണങ്ങൾ ഉപയോഗിച്ചും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടും വേദപുസ്തകഭാഗങ്ങൾക്ക് ഭാഷ്യം ചമക്കുവാൻ അദ്ദേഹത്തിന്നുണ്ടായിരുന്ന പാടവം അസാമാന്യമാണ്. മാർ ദീവന്നാസ്യോസ് ബർസ്ലീബിയുടെ സുറിയാനിയിലുള്ള വേദവ്യാഖ്യാനമാണ് അദ്ദേഹം പലപ്പോഴും അവലംബമാക്കിയിരുന്നത്. കുർബ്ബാന തക്സായും ഏവൻഗേലിയോനും അടക്കം അദ്ദേഹം ഉപയോ





ഗിച്ച എല്ലാ പുസ്തകങ്ങളും സുറിയാനിയിൽ മാത്രമായിരുന്നെങ്കിലും ഒരിക്കലും തന്റെ സുറിയാനി പാണ്ഡിത്യം ജനങ്ങളെ വിളിച്ചറിയിക്കുന്നതിൽ അദ്ദേഹം തല്പരനല്ലായിരുന്നു. തൽസമയ വിവർത്തനം നടത്തിയേ അദ്ദേഹം ഏതുക്രമവും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാറുള്ളൂ. മദ്ബഹായിൽ കാണുന്ന അശ്രദ്ധകൾ, അജാഗ്രതകൾ, അശുദ്ധികൾ, അച്ചടക്കരാഹിത്യങ്ങൾ എന്നിവയോട് മുഖഭാവം കൊണ്ടുമാത്രം വിപ്രതിപത്തി കാണിക്കുകയും ആരാധനകൾക്കുശേഷം പരിഭവസ്വരത്തിൽ മാത്രം ഓരോന്നിന്റേയും കാരണക്കാരെ സൗമ്യമായി തിരുത്തുകും ചെയ്തുപോന്നു. ആണ്ടുതക്സാ ക്രമങ്ങളോ മറ്റോ നടത്തുവാനുള്ളപ്പോൾ ശുശ്രൂഷക്കാരെ മുൻകൂട്ടി പരിശീലിപ്പിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തുമായിരുന്നു. കഥാപുരുഷന്റെ കൂടെനിന്ന് ശുശ്രൂഷകൾകണ്ട് പഠിക്കുക ഭാഗ്യമായിക്കരുതിയിരുന്ന സെമിനാരിയിലെ അവസാനവർഷ ശെമ്മാശൻമാർ എപ്പോഴും മല്പാനച്ചന്റെ കൂടെ കാണുമെന്നതിനാൽ അദ്ദേഹം അവരുടെ സഹായത്തോടെ നയിക്കുന്ന ആരാധനകളുടെ സ്വർഗ്ഗീയത ഒന്നുവേറെതന്നെയായിരുന്നു.

അപവാദ വിമുക്തമാക്കുവാൻ എപ്പോഴും ഇടവകയിൽ പോകുമ്പോൾ ഒന്നോ രണ്ടോ വൈദിക വിദ്യാർത്ഥികളെ അദ്ദേഹം കൂടെ കൊണ്ടുപോകുമായിരുന്നു. തന്മൂലം അവിവാഹിതനായ മല്പാനച്ചന്റെ സംശുദ്ധിയെപ്പറ്റി ആർക്കും ഒരു പരാതിയും ഒരിക്കലും ഇല്ലായിരുന്നു. മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എഴുതുന്നു:

"അദ്ദേഹത്തിന്റെ മുഖപ്രസാദവും പരാതിരാഹിത്യവും സ്നേഹവും രുചിച്ചറിയാതെ പോയവർ ഭാഗ്യഹീനരാണ്. ചില കാര്യങ്ങളിൽ എനിക്ക് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ വേദവാക്യം പോലെ ആയിരുന്നു. സുവിശേഷവേല സഭ ചെയ്യാത്തതിൽ അദ്ദേഹം അമർഷം കൊള്ളുമായിരുന്നു. ചില കാര്യങ്ങളെങ്കിലും സേവേറിയോസ് ആബൂന്റെ നിർദ്ദേശപ്രകാരം ഞാൻ മനസ്സ് മാറ്റിയിട്ടുണ്ട്. എന്റെ സ്വന്തം ജ്യേഷ്ഠ സഹോദരനായി ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യാൻ കാരണം അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയിൽ എനിക്കുണ്ടായിരുന്ന വലിയ മതിപ്പായിരുന്നു."

ഇടവക പ്രവർത്തനത്തിൽ സണ്ടെസ്ക്കൂൾ പ്രവർത്തനത്തിലായിരുന്നു മല്പാനച്ചന് ഏറെ താല്പര്യം. ഈ താല്പര്യം ജീവിതകാലമത്രയും അദ്ദേഹം നിലനിർത്തി. താൻ നടത്തിയ ഇടവകകളിലൊക്കെയും സീനിയർ ക്ലാസിൽ പഠിപ്പിക്കുവാൻ അദ്ദേഹം കാണിച്ച ഉത്സാഹം മാതൃകാപരം തന്നെയായിരുന്നു. മരണാസന്നനായപ്പോൾ എഴുതിയ മരണപത്രത്തിലും ഈ ആഭിമുഖ്യം തെളിഞ്ഞുകാണുന്നത് ശ്രദ്ധിക്കുക:

"നല്ല വിശ്വാസികളായ തലമുറകളെ വാർത്തെടുക്കുന്നതിൽ ഇതര വിദ്യാലയങ്ങളോടൊപ്പം സണ്ടെസ്ക്കൂളും അതിന്റെ പങ്കുനിർവ്വഹിക്കുന്നുണ്ട്. സണ്ടെസ്ക്കൂൾ പഠനത്തെ പ്രോത്സാഹിപ്പിക്കുവാനായി വളരെ ആഗ്രഹിക്കുന്നു. ആയതിന്ന് എന്റെ ബാങ്കു നിക്ഷേപങ്ങളിൽനിന്നും ഇരുപത്തി അയ്യായിരം രൂപ മാറ്റിവച്ച് പ്രത്യേകമായി ബാങ്കിൽ നിക്ഷേപിച്ച് കിട്ടുന്ന വാർഷിക പലിശ കൊല്ലംതോറും അതത് വർഷങ്ങളിലെ കൊച്ചി മെത്രാസനത്തിലെ സണ്ടെസ്ക്കൂൾ വിദ്യാർത്ഥികളിൽ ഓരോ ക്ലാസിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്കു നൽകേണ്ടതാണ്...... മാർ സേവേറിയോസ് സണ്ടെസ്ക്കൂൾ കുട്ടികളിൽ ഓരോ

ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നവർക്കു എന്റെ ബാങ്കു നിക്ഷേപത്തിന്റെ വാർഷിക പലിശ ഭാഗിച്ച് നൽകേണ്ടതാണ്."

പലപ്പോഴും ഇടവകയിലെ അധ്യാപകരെയും കുട്ടികളെയും ഒന്നിച്ചിരുത്തി പൊതുവായ പ്രബോധനം നൽകുക മല്പാനച്ചന്റെ ഇഷ്ടപരിപാടികളിലൊന്നായിരുന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കിലും ഒരു മല്പാൻ ഒളിഞ്ഞിരിക്കുമായിരുന്നു. പട്ടക്കാർ വീടുതോറും കയറിയിറങ്ങി നടത്തുന്ന ഭവനസന്ദർശനപരിപാടിയോട് കഥാപുരുഷന് വലിയ ആഭിമുഖ്യമില്ലായിരുന്നു. വിശ്വാസികൾ പള്ളിയിൽ വന്ന് അവിടെ തവണ മുറയിൽ താമസിക്കുന്ന വൈദികനോട് പ്രശ്നങ്ങൾ പങ്കിടുന്ന പഴയ പതിവിനെ പ്രോത്സാഹിപ്പിക്കുവാൻ അദ്ദേഹം ഉദ്യമിച്ചിരുന്നു. മലങ്കരസഭയുടെ പല ഭാഗങ്ങളിലുമായി വൈദികർക്കു ക്വാർട്ടേഴ്സ് ഉണ്ടാവാനുള്ള പ്രധാന കാരണം മല്പാനച്ചന്റെ പ്രോത്സാഹനമായിരുന്നു. ഭവനസന്ദർശനത്തിന് വരാവുന്ന പിഴവുകൾ അന്നേ അദ്ദേഹം നിരീക്ഷിച്ചിരുന്നു. പട്ടക്കാർക്ക് താമസിക്കുവാൻ പള്ളിയിൽ ക്രമീകരണമുണ്ടാവുകയും അവർ അതതു പള്ളികളിൽ യാമപ്രാർത്ഥനകൾ മുറപ്രകാരം നടത്തുകയും വേണം. പട്ടക്കാരന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനകളിൽ ജനം പങ്കെടുക്കണം. പള്ളിയിൽവച്ച് ജനങ്ങൾ പട്ടക്കാരനിൽനിന്ന് ആവശ്യമെങ്കിൽ കൗൺസിലിംഗും മറ്റും സ്വീകരിക്കണം. പള്ളിയിൽ നടക്കുന്ന ആത്മീയ പ്രസ്ഥാനങ്ങൾക്കു വൈദികന്റെ നേതൃത്വം ലഭിക്കണം – ഇതൊക്കെയായിരുന്നു ഇടവക ഭരണത്തെപ്പറ്റി കഥാപുരുഷന്റെ സങ്കല്പങ്ങൾ. ഈ സങ്കലപങ്ങൾക്കൊത്തു സ്വന്തം പള്ളികളിൽ അദ്ദേഹം പ്രവർത്തനമേഖലകൾ ആവിഷ്കരിച്ചിരുന്നതായി ഇടവകക്കാർ ആഹ്ലാദപൂർവ്വം സാക്ഷിക്കുന്നു. അലസതയും ഉദാസീനതയും അകർമ്മണ്യതയും കലർന്ന നിമിഷങ്ങൾ ആ ജീവിതത്തിലില്ലായിരുന്നു. ഒഴിവുസമയങ്ങളിൽ അദ്ദേഹം ഏതെങ്കിലും സുറിയാനി രാഗങ്ങൾ ഉരുവിട്ടു കൊണ്ടിരിക്കും അല്ലെങ്കിൽ സുറിയാനി വാക്കുകൾ വായുവിലെഴുതി പദങ്ങളും അക്ഷരങ്ങളും നഷ്ടപ്പെടാതെ നോക്കും. മറ്റു ചിലപ്പോൾ ഏതെങ്കിലും ചിന്തകളെ താലോലിച്ചുകൊണ്ടിരിക്കും; അതുമല്ലെങ്കിൽ വായനയിലായിരിക്കും. എഴുതിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ് അദ്ദേഹം അധികസമയവും കാണപ്പെടുക. കത്തുകൾക്കു മറുപടി എഴുതുക അദ്ദേഹത്തിന്റെ നിഷ്ഠകളിലൊന്നായിരുന്നു. മിക്കവാറും കാർഡിലേ എഴുതാറുള്ളൂ. അനതിദീർഘങ്ങളായ കത്തുകൾക്ക് കാർഡ് മതി എന്ന നിഷ്ഠ അദ്ദേഹത്തിന്റെ ലളിതമായ വ്യക്തിത്വത്തെ പ്രതിനിധാനം ചെയ്യുന്നു.

അല്പം ഭ്രമമുണ്ടായിരുന്നത് അംശവസ്ത്രങ്ങളിൽ മാത്രം ആയിരുന്നു. കാർമ്മിക വസ്ത്രങ്ങൾ ഏറ്റവും ശുചിയായും വൃത്തിയായും ഭംഗിയായും ഉപയോഗിക്കണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമായിരുന്നു. അവയുടെ തിളക്കവും വിലക്കൂടുതലും അദ്ദേഹത്തെ ഒരിക്കലും ആകർഷിച്ചിട്ടില്ല. എന്നാലും ഒരു പുതിയ തുണി എപ്പോൾ എവിടെ കണ്ടാലും അത് കാപ്പാ തയ്പ്പിക്കുവാൻ എത്രകണ്ട് അനുയോജ്യമാണ് എന്ന ചിന്ത അദ്ദേഹത്തിൽ ഉയരുമായിരുന്നു.

കൺവെൻഷൻ പ്രസംഗങ്ങളോട് ഒരുകാലത്തും അദ്ദേഹത്തിന് ആഭിമുഖ്യം ഉണ്ടായിരുന്നില്ല. ഓർത്തഡോക്സ് കൺവെൻഷൻ പന്തലുകളിൽ ഓർത്തഡോക്സ് സഭയുടെ വിശ്വാസപരമായ പരാമർശങ്ങൾ വന്നുകൂടെന്ന് മുൻകൂട്ടി നിർദ്ദേശം നൽകുന്ന കൺവെൻഷൻ ഭാരവാഹികളോട് അദ്ദേഹത്തിന് പുച്ഛവും അപ്രകാരമുള്ള മുൻനിർദ്ദേശങ്ങൾ ശിരസ്സാവ





ഹിച്ച് സുവിശേഷ വേല നിർവ്വഹിക്കേണ്ടി വരുന്ന പ്രസംഗൈക മിഷനറിമാരോട് അദ്ദേഹത്തിന് സഹതാപവുമായിരുന്നു. 'ആത്മീയ കാര്യങ്ങളും ബാഹ്യപ്രകടനങ്ങളും' എന്ന ലേഖനത്തിൽ കഥാപുരുഷൻ എഴുതി:

'സഭയുടെ ഒരു ജോലി അധ്യാപക വൃത്തിയാണ്.... സഭയുടെ ഈ അധ്യാപക വൃത്തിയ്ക്ക് സ്റ്റഡി ക്ലാസ്സുകളും പാപബോധത്തിനും ആത്മീയ പുരോഗമനത്തിനുമായി ധ്യാനയോഗങ്ങളും എത്രയും കാര്യക്ഷമമായി ഇടവക തോറും നടക്കേണ്ടിയിരിക്കുന്നു. അല്ലാതെ ഒരു കഥാപ്രസംഗം പോലെ ഒരു പ്രസംഗ പ്രകടനം നടത്തുന്നതുകൊണ്ടോ പ്രകടനത്തിന് വേണ്ടി മാത്രം കുറെ ആളുകൾ പള്ളിപ്പറമ്പിൽ കൂടുന്നതുകൊണ്ടോ യാതൊന്നും സാധിക്കുവാൻ പോകുന്നില്ല....... ഇപ്പോഴത്തെ കൺവെൻഷൻ സമ്പ്രദായം സഭയ്ക്കു പ്രയോജനമായിത്തീർന്നേക്കാവുന്ന വിധത്തിൽ, അനിയന്ത്രിതമായിപ്പോകുന്നതിനെ നിയന്ത്രണാധീനമാക്കി കൊണ്ടുവരുവാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പള്ളിപ്പറമ്പുകൾ തോറും വേനൽക്കാലാരംഭത്തോടുകൂടി പന്തലുകളും കൊട്ടും പാട്ടും ഉയർന്നു തുടങ്ങും........ പ്രസംഗിക്കുന്നത് ആരാണെന്നോ എന്താണെന്നോ വിവേചിക്കുവാൻ ത്രാണിയില്ലാത്ത നമ്മുടെ ചില സഭാംഗങ്ങൾ പന്തലും തമ്പേറടിയും ഉള്ള ഇടം നോക്കി രാവിലെ മുതൽ കയറിയിറങ്ങുന്ന ഒരു ദുഷിച്ച പാരമ്പര്യം ചില ദിക്കുകളിൽ ഉണ്ടായി വരുന്നുണ്ട്..... വിശ്വാസം പഠിപ്പിക്കാത്തതുകൊണ്ടുള്ള കുറവ് കൺവെൻഷൻ പ്രസ്ഥാനത്തിൽകൂടി പരിഹരിക്കുവാൻ സാധ്യമല്ലാതെ വന്നിരിക്കുന്നു" (പു. 169).

"........പ്രസംഗയോഗങ്ങളോ പ്രാർത്ഥനായോഗങ്ങളോ സഭയുടെ ലവലിൽ നടത്തപ്പെടുമ്പോൾ വിശ്വാസൈക്യമില്ലാത്തവരെ സഹകരിപ്പിക്കുവാൻ ഓർത്തഡോക്സ് സഭയ്ക്കു സാദ്ധ്യമല്ല. കാരണം പ്രസംഗങ്ങളും ശുശ്രൂഷകളും ഓർത്തഡോക്സ് സഭാദൃഷ്ടിയിൽ വിശ്വാസത്തിൽനിന്ന് ഭിന്നമായ കാര്യങ്ങളല്ല.... ഈ കൺവെൻഷൻ വിഭ്രാന്തി എവിടേയ്ക്കാണ് ഈ സഭയെ വലിച്ചിഴക്കുന്നതെന്ന് അറിയാൻ പാടില്ല.... വിശ്വസ കാര്യം പറയരുത് എന്നാണല്ലോ പല കൺവെൻഷൻ ഭാരവാഹികളുടെയും മുദ്രാവാക്യം" (പു. 200).

വേദവാക്യങ്ങളുടെ മറപിടിച്ച് നല്ല ഭാഷയിൽ രസകരങ്ങളായ ഏതാനും കഥകളും ഈണത്തിലുള്ള ഏതാനും ഗാനങ്ങളും അവതരിപ്പിച്ച് രണ്ടു മണിക്കൂർ നേരം ശ്രോതാക്കളെ രസിപ്പിക്കുവാനുള്ള ഒരു പരിപാടിയായി തീരുന്നുവെന്നതാണ് കൺവെൻഷനുകളിൽ കഥാപുരുഷൻ കാണുന്ന കുറവുകൾ. ജീവാവസാനം വരെയും അദ്ദേഹം ഈ അവലോകനവും നിലപാടും ഉപേക്ഷിച്ചില്ല. പല കൺവെൻഷൻ പ്രസംഗകരും അതൊരു പ്രൊഫഷണൽ കല എന്ന നിലയിൽ മികവും തികവും കൈവരിക്കുവാൻ ശ്രമിക്കുകയല്ലാതെ പ്രസംഗവിഷയങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുവാൻ തരിമ്പും ശ്രമിക്കുന്നില്ല എന്ന തിരിച്ചറിവ് അദ്ദേഹത്തിലുണർത്തിയ വിഷാദചിന്തകളാവാം ഈ പ്രതികരണത്തിന്റെ ഹേതുവും പശ്ചാത്തലവും.

ശാന്തരിൽ ശാന്തൻ എന്ന് സർവ്വരാലും വിശേഷിപ്പിക്കപ്പെട്ടിരുന്ന കഥപുരുഷൻ ഒരിക്കലും മാമൂൽപ്രിയൻ അല്ലായിരുന്നു. "മാറ്റുവിൻ ചട്ടങ്ങളെ' എന്ന് ഉല്പതിഷ്ണുത്വമുറ്റിയ വാക്കുകൾ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ മുഴങ്ങിക്കേൾക്കാം. ആചാരങ്ങളും കൂദാശകൾതന്നെയും ജീവിതത്തോടു സംവദിക്കാതെ കുറെ ചടങ്ങുകളും മറ്റുമായി മാറുന്നത് അദ്ദേഹം നിരീ

ക്ഷിക്കുകയും ആ പ്രവണതക്കെതിരെ നിതാന്ത ജാഗ്രത പുലർത്തുവാൻ സ്വന്ത തലമുറയെ ഉണർത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഉള്ളിൽ അശാന്തമായ ഒരു മനസ്സും വെല്ലുവിളികളോട് സഭാപരമായി പ്രതികരിക്കുന്ന പ്രവാചകനും ആജീവനാന്തം സ്ഥിതി ചെയ്തിരുന്നു. ശാന്തതയും ധ്വനിയും നർമ്മവും നിറഞ്ഞ കമന്റുകളും നിരീക്ഷണങ്ങളും ഒക്കെ ആ വ്യക്തിത്വത്തിന്റെ നിഗൂഢതകളെ പ്രത്യക്ഷമാക്കുന്ന നിദർശനങ്ങൾ ആയിരുന്നു.

കപട ഭക്തി തൊട്ടു തീണ്ടിയിട്ടില്ലാത്ത ഒരു ജീവിതത്തിന്റെ ഉടമയാണ് കഥാപുരുഷൻ. തന്റെ വേദവായനകളും ധ്യാനവും ഉപവാസവും കുമ്പിടീലും ഒക്കേ സഹപ്രവർത്തകരും ശിഷ്യരും അറിയാതിരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ അദ്ദേഹം സ്വീകരിച്ചിരുന്നതായി ശിഷ്യന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സ്ഫടിക തുല്യം സുതാര്യമായ ആ പുണ്യജീവിതത്തിൽ എന്തെങ്കിലും അഭിനയങ്ങളോ അവകാശവാദങ്ങളോ പോർവിളികളോ അക്ഷമയോ നാം കാണുകയില്ല. സ്വന്തം വിജ്ഞാനത്തിന്റെ ആഴത്തെപ്പറ്റിയും പരപ്പിനെപ്പറ്റിയും അദ്ദേഹം മൗനം പാലിച്ചു. എന്നാലും ജിജ്ഞാസുക്കൾ സംശയങ്ങളുമായി സമീപിക്കുന്നത് അദ്ദേഹത്തെ ഏറ്റവും അധികം ആഹ്ലാദിപ്പിച്ച അനുഭവങ്ങളായിരുന്നു. അദ്ദേഹത്തെ അധികമായി സമീപിച്ച ശിഷ്യർക്കൊക്കെ അധിക വിഭവങ്ങൾ കിട്ടിയിട്ടുണ്ട്.

1958 ലെ സുപ്രീംകോടതി വിധി ഓർത്തഡോക്സ് നിലപാടുകളെ ശരിവച്ചതും തുടർന്ന് ഡിസംബറിൽ യാക്കോബ തൃതീയൻ പാത്രിയർക്കീസും ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കായും പരസ്പര സ്വീകരണ കല്പനകൾ കൈമാറി സഭയിൽ സമാധാനം വരുത്തിയതും യോഹന്നാൻ മല്പാനെ സവിശേഷമായി സന്തോഷിപ്പിച്ചു. തന്റെ ഗുരുവും താനും പതിനഞ്ചു വർഷം മുമ്പ് സ്വീകരിച്ച നിലപാടുകൾക്ക് സാർവ്വത്രികമായ അംഗീകാരം സഭാസമാധാനത്തോടെ കൈവന്നതിനാലാണീ വലിയ ആഹ്ലാദമുണ്ടായത്. ഈയൊരു സാഫല്യത്തിന്റെ പ്രതീക്ഷയിൽ താൻ മാനസികമായി അനുഭവിച്ച സംഘർഷങ്ങളും തന്റെ വന്ദ്യ ഗുരുനാഥൻ ശാരീരികമായും മാനസികമായും അനുഭവിച്ച പീഢകളും കഥാപുരുഷന്റെ ഓർമ്മയിൽ തെളിഞ്ഞുവന്നു. ദൈവം സഭയെ സന്ദർശിച്ചുവെന്ന് മല്പാനച്ചൻ കൂടെകൂടെ പറയുമായിരുന്നു. കേസ് ജയിക്കുകയും സാങ്കേതികമായി സഭ യോജിക്കുകയും ചെയ്തുവെങ്കിലും നേരത്തെ സൃഷ്ടിക്കപ്പെട്ടിരുന്ന പിളർപ്പ് ഒരു ദിവസം കൊണ്ടു നികത്തുക സാദ്ധ്യമായിരുന്നില്ല. മലങ്കര സഭയിൽ കാതോലിക്കേറ്റ് പുനഃസ്ഥാപിക്കുകയും ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായ്ക്ക് മെത്രാൻ പട്ടം നൽകുകയും ചെയ്ത അബ്ദുൽ മശിഹാ പാത്രിയർക്കീസ് മുടക്കപ്പെട്ടവനും തന്മൂലം വ്യർത്ഥനും ആകയാൽ കാതോലിക്കായെ വൃദ്ധൻ പുന്നൂസ് എന്ന് പത്രിയർക്കാ ഭാഗം ആക്ഷേപമായി വിശേഷിപ്പിക്കുമായിരുന്നു. പത്തുമുപ്പതു കൊല്ലമായി അപ്രകാരം വിശേഷിപ്പിക്കുകയും ചിന്തിക്കുകയും ചെയ്ത ഒരു തലമുറ ഒരു സമാധാന പ്രഖ്യാപനം കൊണ്ട് മാത്രം വൈകാരിക സമാധാനത്തിന് സജ്ജരാവുകയില്ല എന്ന് മല്പാനച്ചൻ നിരീക്ഷിച്ചു. 1958 വരെയുള്ള നിലപാടുകളുടെ അബദ്ധങ്ങളെ തുറന്ന് കാണിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്ന ബോധപൂർവ്വമായ ഒരു ശ്രമം ഔദ്യോഗികമായി തന്നെ സഭയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് യോഹന്നാൻ മല്പാനച്ചൻ ആഗ്രഹിച്ചെങ്കിലും ആരും അതിന് തുനിഞ്ഞില്ല. എന്തെങ്കിലും ബോധവല്ക്കരണം നടത്തുന്ന ശ്രമങ്ങളുണ്ടായാൽ വൈകാരിക ഐക്യം തകരുമെന്ന്





അടിതൊട്ടു മുടിവരെ എല്ലാവരും ഏറ്റുപാടി. നിശ്ശബ്ദമായിരുന്നാൽ ക്രമേണ ആളുകൾ പഴയ കാര്യങ്ങളൊക്കെ വിസ്മരിക്കുമെന്നും സമാധാനം സുദൃഢമാകുമെന്നും അവർ പ്രതീക്ഷിച്ചുവെന്ന് വേണം കരുതുവാൻ.

മലങ്കരയുടെ ഈ നിസ്സംഗഭാവം യോഹന്നാൻ മല്പാനച്ചന് അഭിമതമല്ലായിരുന്നു. അദ്ദേഹത്തിന്റെ ഭാഷയിൽ, 'ഇരുമ്പ് നാരായം വിഴുങ്ങിയിട്ട് ചുക്കുവെള്ളം കിടിച്ചാൽ ദഹനമുണ്ടാകുകയില്ല.' അതിന് ഓപ്പറേഷൻ തന്നെ വേണം. ഓപ്പറേഷൻ നിശ്ചയമായും വേദനാജനകം തന്നെ. പക്ഷെ, അകത്ത് കിടക്കുന്ന ഇരുമ്പുനാരായങ്ങൾ പുറത്ത് കളഞ്ഞാലേ രോഗിയ്ക്ക് പൂർണ്ണ സൗഖ്യം വരൂ എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ആ തലമുറയിലെ പണ്ഡിതരായ സഭാനേതാക്കളെല്ലാം മൗനം പാലിച്ചപ്പോൾ പ്രവാചകസഹജമായ ഉത്തരവാദിത്വബോധത്തോടെ എൻ.എ. യോഹന്നാൻ മല്പാൻ തൂലിക ചലിപ്പിച്ചു. ബോധവൽക്കരണം മനസ്സിൽ കണ്ടുകൊണ്ട് അദ്ദേഹം എഴുതി: "....... കർത്താവ് തന്റെ കാരുണ്യാതിരേകത്താലും ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ നിരവധി സിദ്ധന്മാരുടെ പ്രാർത്ഥനാ സഹായത്താലും അദ്ഭുതകരമാംവണ്ണം നമ്മുടെ സഭയിൽ സമാധാനം വരുത്തിയിരിക്കുന്നു. നമ്മുടെ പുണ്യമോ യോഗ്യതയോ അല്ല, ദൈവത്തിന്റെ അളവറ്റ കൃപയാൽ ഉണ്ടായിരിക്കുന്ന ഈ സമാധാനം ചിന്തകന്മാരുടെയും നിയമവിദഗ്ധന്മാരുടെയും കണ്ണുകളിൽ ആശ്ചര്യമായിത്തീർന്നിരിക്കുകയാണ്. അരശതാബ്ദക്കാലത്തെപരിശ്രമം കൊണ്ട് സാധിക്കാതിരുന്ന കാര്യം അര ഞൊടിയിടയിൽ തീരണമെങ്കിൽ അതിൽ ദൈവശക്തിയുടെ പ്രവർത്തനമുണ്ടെന്ന് സമ്മതിച്ചേ തീരൂ...... സഭയിലെ ഉപരിമണ്ഡലങ്ങളിൽപ്പെട്ടവർ തമ്മിൽ സമാധാനമായി എങ്കിലും അമ്പതുകൊല്ലത്തെ പിരിച്ചൽ മൂലം വന്നുകൂടിയ മാനസികമായ അകൽച്ച സാധാരണക്കാരിൽ അൽപ്പാൽപ്പമായിട്ടെങ്കിലും അവശേഷിച്ചാൽ അത് അത്ഭുതമല്ല, സ്വാഭാവികമാണ്. വലിയ സംഗതി നടന്നു കഴിഞ്ഞു, അതിനോടനുബന്ധിച്ച് സഭയാകമാനം ഏകാഭിപ്രായത്തിലും ഏകാത്മാവിലും വരേണ്ടത് അത്യാവശ്യമാണ്...... കഴിഞ്ഞ സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ ഇടയാകാതെ സൂക്ഷിക്കണം. സമാധാനം ഉണ്ടായിക്കഴിഞ്ഞു എന്ന് വിചാരിച്ച് ഇനിയും ഒന്നും ചെയ്വാനില്ലാത്തുതുപോലെ നാം മൗനമായിരിക്കയല്ല വേണ്ടത്. അതുപോലെ ലൗകികമായ സന്തോഷപ്രകടനങ്ങളിലും സ്വീകരണങ്ങളിലും മാത്രം നിമഗ്നരായിക്കഴിയുകയുമല്ല, പ്രത്യുത നമ്മുടെ സഭയുടെ കർമ്മപദ്ധതികളുടെ പ്രഥമാധ്യായം ആരംഭിക്കുകയാണ് ചെയ്യേണ്ടത്" (ടി. പു. 127)

യോഹന്നാൻ മല്പാനച്ചന്റെ ഈ പരിദേവനം ആരും ശ്രദ്ധിച്ചതായി തോന്നുന്നില്ല. സഭയിലാകമാനം രഥഘോഷയാത്രകളും എഴുന്നെള്ളിപ്പുകളും സമ്മേളനങ്ങളും ഗ്രൂപ്പ് ഫോട്ടോകളും മാത്രമായി സഭാ സമാധാനം അകർമ്മണ്യതയിലേക്കാഴുന്നത് യോഹന്നാൻ മല്പാനെ വേദനിപ്പിച്ചു. തന്റെ മുൻഗാമികൾക്ക് സാക്ഷാത്കരിക്കുവാൻ കഴിയാതെ പോയ സമാധാനം തന്റെ കാലത്ത് കൈവന്നതിൽ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായ്ക്ക് അനല്പമായ അഭിമാനമുണ്ടായിരുന്നു. തന്റെ വാർദ്ധക്യത്തിൽ അതിൽ കൂടുതലൊന്നും അദ്ദേഹത്തിന് ചെയ്യാനാവുമായിരുന്നില്ല. നിഷ്കളങ്കമായ ആ അഭിമാനം തന്നെയും ചിലപ്പോൾ അതിരു കവിഞ്ഞുപോയിരുന്നുവോ എന്ന് സംശയിക്കേണ്ടതുണ്ട്. വിനോദഭാഷണമായിട്ടാണെങ്കിലും ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ പറഞ്ഞ ഒരു നർമ്മോക്തി കഥാപുരുഷൻ ഈ ഗ്രന്ഥകാരനോട് ഇപ്രകാരം ഉചിതമായ ഒരു സന്ദർഭ

ത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്: ' മാർപ്പാപ്പയും താനും തമ്മിൽ ഒരു വ്യത്യാസവുമില്ല' എന്ന അർത്ഥമാണ് ആ നർമ്മോക്തിയുടെ താല്പര്യം. ഏതായാലും സഭായോജിപ്പ് അന്തിമലക്ഷ്യമായി കാണുവാൻ മല്പാനച്ചന്റെ ക്രാന്തദർശിത്വം തയ്യാറല്ലായിരുന്നു. ഭാരതീയ സഭ രൂപമെടുക്കുകയാണെങ്കിൽ ഭാരതത്തിന് കൊടുക്കാവുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കും അത്. സഭയുടെ ദൗത്യം യഥാർത്ഥത്തിൽ വിജയിക്കണമെങ്കിൽ വിശ്വാസ സംബന്ധമായ ഒരൈക്യം ഉണ്ടാവേണ്ടത് അത്യാവശ്യമാണ്..... പാത്രിയർക്കീസ് എന്ന സ്ഥാനിയുടെ അധികാരം അദ്ദേഹത്തിന്റെ മുടക്കു കല്പനകൾ ഇവയാണ് മലങ്കര സഭയുടെ ധർമ്മസങ്കടങ്ങളുടെ അടിസ്ഥാന ഹേതു എന്ന് നിരീക്ഷിച്ച അദ്ദേഹം അർത്ഥ ശങ്കക്കിടയില്ലാത്തവിധം കാര്യങ്ങൾ വ്യക്തമാക്കുന്നത് കാണുക:

"എല്ലാ കാതോലിക സഭകളുടെയും ഉപദേശമനുസരിച്ച് മാമോദീസാ, മൂറോൻ മുതലായ കൂദാശകൾ പോലെ പട്ടത്വവും ആവർത്തിക്കപ്പെടുന്നില്ല; ആവർത്തിക്കപ്പെടുന്നത് മഹാപാപവുമാണ്. മാറ്റമില്ലാത്ത ആത്മ നൽവരങ്ങൾ കൊടുക്കാനല്ലാതെ എടുക്കുവാൻ കഴിയുന്ന അധികാരം ദൈവം സഭയിൽ ആരെയും ഭരമേല്പിച്ചിട്ടില്ല. കെട്ടാനും അഴിക്കുവാനുമുള്ള അധികാരം പാപമോചനം കൊടുക്കുവാനും കൊടുക്കാതിരിക്കുവാനും ഉള്ള അധികാരമാണ്. അത് പട്ടം കൊടുത്തതിന് ശേഷം തിരികെ എടുക്കുവാനുള്ള അധികാരമാണെന്ന് പലരും തെറ്റായി ചിന്തിച്ചുപോകാവുന്നതാണ്.... ഒരുവൻ മാമോദീസാ മുങ്ങിയാൽ അത് എന്നേക്കുമായിട്ടാണ്. ഒരുവൻ പട്ടമേറ്റാൽ അത് എന്നേക്കുമായിട്ടാണ്... ശിക്ഷാർഹനായ പട്ടക്കാരനെ ശിക്ഷിക്കേണ്ടത് മേലധികാരത്തിൽ നിന്നാണ്. ഒരു പട്ടക്കാരനുള്ള വലിയ ശിക്ഷ മുടക്കാണ്. കർമ്മങ്ങൾ നടത്തുന്നതിൽനിന്നും തടയുന്ന പ്രവൃത്തിയാണ് മുടക്ക്. അല്ലാതെ ആ പട്ടക്കാരനെ അത്മായക്കാരനാക്കിത്തീർക്കുന്ന യാന്ത്രികപ്രവർത്തനമല്ല മുടക്ക്..... മുടക്കിയാൽ പട്ടം പോകും എന്നുള്ള ധാരണ എങ്ങനെയോ ചില ആളുകളിൽ കടന്നുകൂടിയിട്ടുള്ളത് വേദശാസ്ത്രപരമായ അജ്ഞതയാണ്. മുടക്കിയാൽ പട്ടം പോകുമെങ്കിൽ ഇന്ന് ലോകത്തിൽ ഒരു സഭക്കും പട്ടം കാണുകയില്ല.... ഒരു പ്രത്യേക തലവനിൽനിന്ന് സ്ഥാനം പ്രാപിച്ചെങ്കിലേ സാധുത്വമുള്ളു എന്ന് മലങ്കര സഭയ്ക്കാകട്ടെ, പട്ടത്വമുള്ള മറ്റു സഭകൾക്കാവട്ടെ വിശ്വാസമില്ല.... ഭരണസംബന്ധമായ ക്രമീകരണങ്ങൾക്കുവേണ്ടിയും വിശ്വാസാചാരപരമായ ഐക്യതയെ പാലിക്കുന്നതിനുവേണ്ടിയും മേല്പട്ടക്കാർതന്നെ അവരിൽനിന്ന് ഒരാളെ നായകനായി തെരഞ്ഞെടുക്കുന്നു. ആ വിധത്തിൽ പാത്രിയർക്കീസന്മാർ, കാതോലിക്കമാർ മുതലായ സ്ഥാനികൾ സഭയിലുണ്ട്..... ഈ സംഗതികളുടെ വെളിച്ചത്തിൽ മലങ്കര സഭയിലെ കാര്യങ്ങൾ നിഷ്പക്ഷതയോടെ പഠിക്കുമ്പോൾ ആരും ഒരു നന്മയും ബലികഴിക്കാതെ തന്നെ സമാധാനം എത്രയോ ക്ഷിപ്രസാധ്യമാണെന്ന് കാണാം.... തൽക്കാല കാര്യസാധ്യത്തിനായി അഭിപ്രായങ്ങൾ തട്ടിവിടുന്നതും പ്രചരിപ്പിക്കുന്നതും ദൈവത്തിന്മേലും ദൈവസ്ഥാപിതമായ നിയമങ്ങളിന്മേലും കയ്യേറ്റം ചെയ്കയാണെന്ന് ഓർക്കേണ്ടതാണ് (പു. 122,123).

പത്രോസിന്റെ സിംഹാസനത്തിന്റെ അതുല്യതയെപ്പറ്റി തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കപ്പെടുന്നത് കണ്ടപ്പോൾ അദ്ദേഹം സംശയച്ഛേദിയായ സ്വരത്തിലെഴുതി: "...... സഭയുടെ ഭരണ കേന്ദ്രങ്ങൾക്ക് സിംഹാസനമെന്ന് പറയുന്നു. വി. പത്രോസിന്റെ സിംഹാസനമെന്ന് പറഞ്ഞാൽ വി. പത്രോസിനാൽ സഭ സ്ഥാപിക്കപ്പെട്ട ഒരു പ്രദേശം പില്ക്കാലത്ത് ഒരു സഭാകേ





ന്ദ്രമായിത്തീർന്നു എന്നല്ലാതെ, ഒരു കസേര അവിടെ കൊണ്ടുചെന്ന് സ്ഥാപിച്ചു എന്നർത്ഥമില്ലല്ലോ...... അനേകം സിംഹാസനങ്ങൾ ഉണ്ടായിരുന്നത് സഭയുടെ അനൈക്യത്തിന് കാരണമായിരുന്നില്ല. കാരണം വിശ്വാസത്തിലുള്ള വ്യത്യാസമേ സഭയുടെ അസമാധാനത്തിന് കാരണമായിരുന്നുള്ളു. അല്ലാതെ ഇന്ന സഭ ഇന്ന സിംഹാസത്തിന്റെ കീഴിലായതുകൊണ്ട് എന്തെങ്കിലും കുറവ് ഉണ്ടെന്ന് കരുതിയിരുന്നില്ല. കരുതിയാൽ തന്നെ അത് എത്രയോ അർത്ഥശൂന്യമാണ്. മലങ്കരസഭ ഉൾപ്പെട്ട പൗരസ്ത്യസഭ മാർത്തോമ്മാ ശ്ലീഹായുടെ സ്ഥാപനയായിരുന്നതുകൊണ്ടും മറ്റു സിംഹാസനങ്ങളുടെ കാല ചരിത്രത്തോടൊപ്പം തന്നെ പൗരസ്ത്യ സഭയ്ക്ക് കേന്ദ്രമുണ്ടായിരുന്നതുകൊണ്ടും അത് തോമ്മാശ്ലീഹായുടെ സിംഹാസനം എന്ന് പറയപ്പെട്ടുവരുന്നത് മുകളിൽ പറഞ്ഞ അർത്ഥത്തിലാണ് (പു. 181 – 195).

1958ൽ സഭാ യോജിപ്പുണ്ടായപ്പോൾ തന്നെ അങ്ങിങ്ങുണ്ടായ വിരുദ്ധ ചിന്താഗതികൾ മല്പാനച്ചന്റെ നിപുണ ശ്രോത്രങ്ങളിൽ പതിയുകയും അദ്ദേഹം അതിനോട് പണ്ഡിതോചിതമായി പ്രതികരിക്കുകയും ചെയ്തതിന്റെ മികച്ച ഉദാഹരണമാണിവിടെ നാം കാണുന്നത്. കാര്യങ്ങൾ വിശദമാക്കിയാൽ ഭിന്നതകൾ വളരുമെന്ന് സംഭ്രാന്തി നിലനിൽക്കേ 'രാജാവ് നഗ്നനാണ്' എന്ന് ചൂണ്ടിക്കാണിച്ച നിഷ്കളങ്ക ബാലനെപ്പോലെ അദ്ദേഹം സഭയുടെ അധ്യാപന ജോലി നിർവ്വഹിക്കുകയായിരുന്നു. മെത്രാൻ സ്ഥാനം ലഭിക്കാനിടയുള്ള ഒരാൾ ആ സ്ഥാനത്തേക്ക് പരിഗണിക്കപ്പെടുകയും അംഗീകരിച്ച് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നത് വരെ വിവാദവിഷയങ്ങളിൽ മൗനം ദീക്ഷിക്കണമെന്ന പതിവുകളൊന്നും മല്പാനച്ചനെ അലോസരപ്പെടുത്തിയില്ല. അദ്ദേഹത്തിനെപ്പോഴും ഉന്നം പൊതുസഭയുടെ ക്ഷേമം ആയിരുന്നു. മല്പാനച്ചന്റെ ലേഖനങ്ങൾക്ക് അങ്ങിങ്ങു ഫലമുണ്ടായി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തെ ചൊല്ലിയും സിംഹാസനത്തെചൊല്ലിയും മുടക്കിനെചൊല്ലിയും ഉണ്ടായിരുന്ന തെറ്റിദ്ധാരണകൾ അനേകരിൽനിന്ന് ദൂരീകരിക്കുവാൻ ആ ലേഖനങ്ങൾക്ക് കഴിഞ്ഞു. ഏതാനും വർഷങ്ങൾ കഴിഞ്ഞ്, ഭിന്നതകൾ വീണ്ടും തലപൊക്കിയപ്പോൾ മുമ്പ് പാത്രിയർക്കീസ് ഭാഗത്തായിരുന്ന അക്ഷരാഭ്യാസമുള്ള പല വൈദികരും മുൻ നിലപാടിലേക്കു തിരിച്ചു പോകാൻ വിസമ്മതിക്കുക മാത്രമല്ല ഐക്യത്തിന്റെ ശക്തരായ വക്താക്കളാകുക കൂടി ചെയ്തത് മല്പാനച്ചന്റെ ലേഖനങ്ങൾ മുഖേനയുള്ള അധ്യാപനത്തിന്റെ മികവിനെയും വിജയത്തേയും കുറിക്കുന്നു. സാഹിത്യം ഒരു കലയാണെന്നും അത് ആശയപ്രകാശന പ്രചരണോപാധി ആണെന്നും മനസ്സിലാക്കിയ ആചാര്യന്മാർ നമുക്ക് അധികമില്ലല്ലോ. ഒരു സാഹിത്യകാരൻ എന്ന നിലയിൽ യോഹന്നാൻ മല്പാൻ വിലയിരുത്തപ്പെടുകയോ ആദരിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്ന് തോന്നുന്നു.

1958 കുംഭം 5–ാം തിയ്യതി അദ്ദേഹത്തിന്റെ പിതാവും 1965 സെപ്തംബർ 20–ാം തിയ്യതി മാതാവും നിര്യാതരായി. സ്വഹസ്ത ഡയറിക്കുറിപ്പിൽ ഈ രണ്ടു നിര്യാണങ്ങളും 1958ലെ സഭാസമാധാനവും 64ലെ കാതോലിക്കാസ്ഥാനാരോഹണവും 1965ൽ പാമ്പാടി തിരുമേനിയും 66ൽ മാർ തേവോദോസ്യോസ് തിരുമേനിയും കാലം ചെയ്തതും രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഡയറിയിൽ രേഖപ്പെടുത്തിയ സംഭവങ്ങളിൽ സഭാ സമാധാനം മാത്രം കഥാപുരുഷൻ അടിവരയിട്ട് എഴുതിയിരിക്കുന്നു. ആ സംഭവം അദ്ദേഹം എത്ര പ്രാധാന്യത്തോടെയാണ് പരിഗണിച്ചതെന്ന് അടിവര വ്യക്തമാക്കുന്നുണ്ട്. ●

# 6. മഹാ പുരോഹിതൻ

യോജിച്ച സഭയിൽ പല മെത്രാസനങ്ങളും വൈധവ്യാവസ്ഥയിലാ
യിരുന്നു. അങ്കമാലിയുടെ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോ
ലീത്തായും കൊച്ചിയുടെ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലി
ത്തായും കാലം ചെയ്തിരുന്നു. മലബാറിന്റെ അധ്യക്ഷൻ പത്രോസ് മാർ
ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രായാധിക്യത്തിലായിരുന്നു. പല
ഭദ്രാസനങ്ങളും പുനർവിഭജനത്തിന് പാകമായതിനാൽ പുതുതായി
അഞ്ചു മേൽപട്ടക്കാർ സഭയിലുണ്ടാകണമെന്ന് അഭിപ്രായമുയർന്നു. അങ്ങ
നെയാണ് 1964ൽ ഡിസംബർ 28ന് കോട്ടയം എം.ഡി. സെമിനാരിയിൽ
മലങ്കര അസോസിയേഷൻ സമ്മേളിച്ചത്. കഥാപുരുഷനോടൊപ്പം ഫാ.
കെ. ഫീലിപ്പോസ്, സി.കെ തോമസ് റമ്പാൻ, ഫാ. പോൾ വർഗ്ഗീസ്, ഫാ.
എം.വി. ജോർജ്ജ് എന്നിവർ മേൽപ്പട്ട സ്ഥാനത്തേക്ക് ആ സമ്മേളന
ത്തിൽവെച്ച് തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പിൽ ഏറ്റവും അധികം
വോട്ടുകൾ നേടിയത് നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ ആയിരുന്നു
വെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥി
കൾക്കു ഭരണഘടന പ്രകാരം സുന്നഹദോസിന്റെ അംഗീകാരം ആവ
ശ്യമായിരുന്നു. ചില സീനിയർ മെത്രാപ്പോലീത്തമാർ വിസമ്മതിച്ചതിനാൽ
ഫാ. പോൾ വർഗ്ഗീസ്, ഫാ. എം.വി. ജോർജ്ജ് എന്നിവർക്ക് മേൽപ്പട്ട
സ്ഥാനം അന്ന് ലഭിച്ചില്ല. ശേഷം മൂന്ന് പേരിൽ കഥാപുരുഷൻ ഉൾപ്പെടെ
രണ്ടുപേർ കോട്ടയം പഴയ സെമിനാരിയിൽ വെച്ച് 65 ഫെബ്രുവരി 26-ാം
തിയ്യതി റമ്പാൻ സ്ഥാനം പ്രാപിച്ചു. പ. ഔഗേൻ കാതോലിക്കാ ആ പുണ്യ
കർമ്മത്തിന് നേതൃത്വം നൽകി.

എൻ.എ. യോഹന്നാൻ റമ്പാൻ മേൽപട്ടസ്ഥാനത്തേക്കുള്ള വിളിയെ സ്വീകരിച്ച് റമ്പാൻ സ്ഥാനമേറ്റതോടെ അതിനുള്ള ഒരുക്കങ്ങൾ ഊർജ്ജിതപ്പെടുത്തി. തന്നോടൊപ്പം മെത്രാന്മാരാകാനുള്ള രണ്ടുപേർക്ക് മെത്രാൻ സ്ഥാനത്തിനടുത്ത പ്രത്യേക ശുശ്രൂഷകൾ പരിചയിപ്പിക്കുവാൻ പ. ഔഗേൻ ബാവായോടൊപ്പം കഥാപുരുഷനും സഹായി ആയിത്തീർന്നു. മെത്രാസന ഭരണത്തെക്കുറിച്ച് അദ്ദേഹം ആഴത്തിൽ ചിന്തിച്ചത് ഇക്കാലത്താണ്. അക്രാരം അദ്ദേഹം ചിന്തിച്ചതിന്റെ തെളിവുകൾ 1965ലെ ഡയറിയുടെ അവസാന പേജിൽ അദ്ദേഹം കുറിച്ചിട്ടിട്ടുണ്ട്. ആ വിഷയങ്ങൾ താഴെ ചേർക്കുന്നു:

**1. ഇടവക പുനർവിഭജനം**

വേലികെട്ടാതെ കൃഷിയിറക്കാനൊക്കുമോ? ഇതായിരുന്നു അദ്ദേഹത്തിന്റെ മുമ്പിൽ ഉദിച്ച പ്രശ്നം. വേലികെട്ടാൻ അതിർത്തിയെവിടെ? മലങ്കരസഭയിൽ ഒരു ബാലി കേറാമലയാണത്. ഇതുവരെയും ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിലും ആ വഴിയെ ആദ്യം ചിന്തിച്ച ആൾ എന്ന ബഹുമതി കഥാപുരുഷനുള്ളതാണ്. ഒരു പള്ളിയുടെ തൊട്ടടുത്ത് താമസിക്കുന്ന ആളാണെങ്കിലും അയാൾ മറ്റൊരു ഇടവകയുടെ അംഗമായി തുടരാൻ മലങ്കരസഭയിൽ തടസമൊന്നുമില്ല. തൽഫലമായി വലിയ ഇടവകകളിലെ അംഗങ്ങൾ ആ ഇടവകയിൽനിന്ന് വളരെ ദൂരെ താമസിക്കേണ്ടിവന്നാലും പുതിയ താമസസ്ഥലത്തുള്ള ചെറിയ ഇടവകയിൽ അംഗത്വം സ്വീകരിക്കേണ്ടതില്ല. എന്നാൽ പലപ്പോഴും സൗകര്യത്തെ





മുൻനിർത്തി മാതൃഇടവകയിലെ എഴുത്തുവാങ്ങി ആത്മീയ ആവശ്യങ്ങൾ നിവർത്തിക്കാൻ സമീപ ഇടവകയെ ആശ്രയിക്കുകയും ചെയ്യും. വലിയ ഇടവകകൾ പലപ്പോഴും വാടകക്കെട്ടിടങ്ങൾ, നിലം, പുരയിടങ്ങൾ, സമ്പന്നമായ ഭണ്ഡാരങ്ങളിലെ വരവുകൾ തുടങ്ങിയ ഇനങ്ങൾമൂലം സ്വയം പര്യാപ്തത നേടിയിരിക്കുമെന്നതിനാൽ അവിടത്തെ ഇടവകക്കാരാവുക സാമ്പത്തികമായി താരതമ്യേന ആയാസരഹിതമായ കാര്യമാണ്. പുതിയ ഇടവകകളുടെ പരിതഃസ്ഥിതി അതല്ലല്ലോ. ദൈനംദിന നടത്തിപ്പിന്നായി അവ പലപ്പോഴും ഇടവകക്കാരുടെ മേൽ ദുർവഹമായ ഭാരങ്ങൾ കയറ്റി വയ്ക്കുവാൻ നിർബ്ബദ്ധമാവുന്ന അവസ്ഥയിലാണ്. ഇടവകകൾക്കു കൃത്യമായ ദൂരത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെട്ട അതിർത്തികൾ പ്രഖ്യാപിച്ചാൽ പല ചെറിയ ഇടവകകൾക്കും അത് ആരോഗ്യകരമായ വളർച്ചക്കു അവസരം നൽകുമെന്ന് കഥാപുരുഷൻ ചിന്തിച്ചു. പട്ടക്കാരുടെ സേവനം കാര്യക്ഷമവും ഫലപ്രദവും ആവാൻ ഇതാവശ്യവുമാണ്. ഞായറാഴ്ച കുർബ്ബാന കഴിഞ്ഞ് മൈലുകളോളം ദൂരെതാമസിക്കുന്ന ഇടവകക്കാരന്റെ വീട്ടിലെ ആത്മീയ ആവശ്യങ്ങൾക്കായി പോകേണ്ടിവരുന്ന വൈദികന് ഇടവകയിലെ ആത്മീയ സംഘടനകളെയോ ആരാധനാപരമായ കാര്യങ്ങളെയോ പ്രോത്സാഹിപ്പിക്കുവാൻ സമയം എവിടെ? നേർച്ചകൾ, ഭവന ശുദ്ധീകരണം, ശ്രാദ്ധ അടിയന്തിരങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്കായി പട്ടക്കാരുടെ സമയം വ്യയം ചെയ്യപ്പെടുന്ന അനിവാര്യത കുറയ്ക്കണമെങ്കിൽ നിശ്ചയമായും ഇടവകകളുടെ പുനർവിഭജനം അനുപേക്ഷണീയമാണെന്ന് അദ്ദേഹം ചിന്തിച്ചു.

**2. പള്ളി റിക്കാർഡുകൾ**

നമ്മുടെ പള്ളികളിൽ അവശ്യം ഉണ്ടായിരിക്കേണ്ടുന്ന റിക്കാർഡുകൾ എന്തൊക്കെയാണെന്നും അവ ആരുടെയൊക്കെ കൈവശത്തിലും ചുമതലയിലും സൂക്ഷിക്കണമെന്നും സഭാഭരണഘടനയിൽ കൃത്യമായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇടവക തലങ്ങളിൽ അതൊന്നും നാളിതുവരെ ശ്രദ്ധിക്കപ്പെട്ടിട്ടില്ല. മാറിമാറിവരുന്ന കൈക്കാരന്മാർ, സെക്രട്ടറിമാർ ഇവരാണ് പള്ളി റിക്കാർഡുകൾ മിക്കപ്പോഴും കൈകാര്യം ചെയ്യുന്നത്. ഈ സ്ഥാനികൾ പ്രത്യേക പരിശീലനം ലഭിക്കാത്തവരും ഇടവകയിലെ ആശാസ്യവും അനാശാസ്യവുമായ പതിവുകൾ വച്ചുപുലർത്തണമെന്ന് ശാഠ്യമുള്ളവരുമാകയാൽ സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി റിക്കാർഡുകൾ കൈകാര്യം ചെയ്യുന്നതിൽ പലപ്പോഴും ശ്രദ്ധിക്കാറില്ല. ഇടവക രജിസ്റ്ററും വരുമാന രജിസ്റ്ററും യഥാവസരം ക്രമപ്പെടുത്തി സൂക്ഷിക്കാതിരിക്കുക നിമിത്തം വിവാഹ കൂദാശയോ, മാമോദീസയോ നടത്തേണ്ടിവരുന്ന ഘട്ടങ്ങളിൽ വധൂവരന്മാരുടെ ഇടവകാംഗത്വത്തെപ്പറ്റിയോ അവരുടെ കുടിശ്ശികകളെപ്പറ്റിയോ മറ്റോ പരസ്യമായ തർക്കങ്ങൾ ഉണ്ടാവുന്നത് സാധാരണമായിരുന്നു. പല സഭക്കാരും ചിലപ്പോൾ നാനാജാതി മതസ്ഥരും കൂടി വരുന്ന ഇത്തരം ഘട്ടങ്ങളിൽ കൂദാശകളുടെ സൗരഭ്യത്തിന് പകരം വാഗ്വാദം, വിലപേശൽ, പോരുവിളി തുടങ്ങിയ ലജ്ജാകരവും അപമാനകരവുമായ ചർച്ചകൾ പള്ളികളിൽ അരങ്ങേറേണ്ടിവരുന്നത് പള്ളി റിക്കാർഡുകളിൽ വേണ്ടത്ര ശ്രദ്ധപാലിക്കാത്തതു കൊണ്ടാണ്. മാമോദീസ, വിവാഹം, ശവസംസ്ക്കാരം, ഇടവക രജിസ്റ്റർ തുടങ്ങിയ പള്ളി റിക്കാർഡുകളിലെ വിവരങ്ങൾ അപൂർണ്ണങ്ങളും അബദ്ധപൂർണ്ണങ്ങളും ആയതിനാൽ പിൽക്കാലത്ത് ഏതെങ്കിലും സർട്ടിഫിക്കറ്റ് നൽകേണ്ടിവരുമ്പോൾ കലഹമുണ്ടാകേണ്ടിവരുന്ന സന്ദർഭങ്ങൾ ചുരുക്കമല്ല. ആവ

ശ്യമായ രേഖകൾ കൂടാതെ ഇടവകാംഗത്വം നൽകുക ഈ സഭയിൽ
സാധാരണമാണ്. ടൗൺ ഇടവകകളെ സംബന്ധിച്ച് ഇക്കാര്യം കൂടുതൽ
പ്രസക്തമാണ്. അംഗങ്ങളെ വർദ്ധിപ്പിക്കാനുള്ള ധൃതിയിൽ അന്യസഭാം
ഗങ്ങളെയും വേണ്ടത്ര വിവരങ്ങൾ ശേഖരിക്കാതെ ഇടവകാംഗത്വം നൽകി
സ്വീകരിച്ച ഉദാഹരണങ്ങൾ ഇതെഴുതുന്ന ആളിന്റെ അറിവിലുണ്ട്. പട്ട
ക്കാരാണെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം ലഭിച്ചവരാ
ണെങ്കിലും അതിലേക്കൊന്നും പ്രവേശിക്കാതെ എന്റെ ദൗത്യം കൂദാശാ
നുഷ്ഠാനം മാത്രമാണെന്ന ഭാവത്തിൽ കഴിയാൻ കൂടുതൽ താല്പര്യം
കാട്ടുന്നത് കൂദാശാനുഷ്ഠാനത്തോടുള്ള സ്നേഹത്തെ പ്രതിയാണെങ്കിൽ
ക്ഷമിക്കാമായിരുന്നു. തന്റെ അധികാരാവകാശങ്ങൾ കൈക്കാരനെയും
സെക്രട്ടറിയേയും ഏല്പിക്കുക വഴി അവരെ പ്രീണിപ്പിച്ച് കൈയിലെടു
ക്കാനുള്ള എളുപ്പ വഴിയായിട്ടാണ് പലപ്പോഴും ഈ റിക്കാർഡ് സംബന്ധ
മായ ജോലികളിൽ നിന്ന് വൈദികർ പിൻവലിയുന്നത് എന്ന് വന്നാലോ?
ഏതായാലും കൃത്യമായും സത്യസന്ധമായും പള്ളി റിക്കാർഡുകൾ രേഖ
പ്പെടുത്തുവാൻ ആവശ്യമായ സംവിധാനം സഭയിലുണ്ടാകേണ്ടതുണ്ടെന്ന്
നമ്മുടെ നിയുക്ത മെത്രാൻ ഗൗരവമായി ചിന്തിച്ചു.

**3. ശമ്പളം, സ്ഥലം മാറ്റം, ശമ്പള സ്കെയിൽ മുതലായവയുടെ ഏകീകരണം:**

നരിമറ്റത്തിൽ യോഹന്നാൻ റമ്പാൻ അദ്ദേഹത്തിന്റെ കർമ്മപദ്ധതി
യിൽ മൂന്നാമത്തെ പരിഗണന നൽകിയ വിഷയമാണിത്. മലങ്കരസഭയിൽ
പതിനെട്ട് നൂറ്റാണ്ട് പിന്നിട്ടപ്പോൾ പോലും അമ്പത്തിഅഞ്ചു ദേവാലയ
ങ്ങളേ ഉണ്ടായിരുന്നുള്ളു. അപ്രകാരമുള്ള പുരാതന ദൈവാലയങ്ങളെ
കേന്ദ്രീകരിച്ച് എളിയ ജീവിതം നയിക്കുവാനാണ് നമ്മുടെ പൂർവ്വികർ
ഇഷ്ടപ്പെട്ടിരുന്നത്. വലിയൊരു ദേവാലയം - അവിടെ ആവശ്യാനുസ
രണം വൈദികർ - ഇതായിരുന്നു അക്കാലങ്ങളിലെ ദേവാലയ സംവിധാ
നം. ഇടവകക്കാർ യോഗം ചേർന്ന് തെരഞ്ഞെടുത്ത് നിർദ്ദേശിക്കുന്ന
ആളിനെ പട്ടം കൊടുത്ത് നിയമിക്കുക എന്നതിൽ കവിഞ്ഞു ഒരു മേല്പ
ട്ടക്കാരന് ഇടവകപ്പള്ളികളിൽ കർത്തവ്യങ്ങളൊന്നുമില്ലായിരുന്നു. പള്ളിയും
വരുമാനവും വൈദികരും ഇടവകയുടേത് എന്ന ഒരു ശൈലി അക്കാലത്ത്
സമ്മതവും സാർവ്വത്രികവും ആയിരുന്നു. വൈദികർക്ക് ശമ്പളം എന്ന
ആശയം അന്ന് സഭയിലില്ലായിരുന്നു. പ്രത്യുത അവർക്ക് അവകാശമായി
നിശ്ചിത വരുമാനം പള്ളിയിൽനിന്ന് നൽകുമായിരുന്നു. വൈദികരാകട്ടെ,
ഇടവകയുടെ വേതനം പറ്റി ഉപജീവനം നടത്തേണ്ടുന്ന സാമ്പത്തിക പരാ
ധീനതയുള്ളവർ ആയിരുന്നുമില്ല. ഒരു സ്ഥലത്ത് മികച്ച സാമ്പത്തികശേ
ഷിയുള്ളതും കുലീനത്വമുള്ളതും വിദ്യാഭ്യാസം നേടിയതുമായ ഉന്നത
കുടുംബങ്ങളിൽനിന്ന് മാത്രമേ അക്കാലങ്ങളിൽ വൈദികരെ തെരഞ്ഞെ
ടുക്കുമായിരുന്നുള്ളൂ.

എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി കേരളചരിത്രത്തിൽ
ഗണ്യമായ പരിവർത്തനങ്ങൾ സംഭവിച്ചു. മൈസൂർ വ്യാഘ്രത്തിന്റെ മല
ബാർ-കൊച്ചി ആക്രമണം അവിടങ്ങളിലെ ജനങ്ങൾ പ്രാണരക്ഷാർത്ഥം
പലായനം ചെയ്യുവാൻ ഇടയാക്കി. അങ്കമാലി-കണ്ടനാട്-കോട്ടയം ഭദ്രാ
സനങ്ങളിലെ പല ക്രൈസ്തവ സമൂഹങ്ങളും അപ്രകാരം ഉടലെടുത്തവ
യാണ്. മലബാറിൽ ക്രൈസ്തവർ നാമാവശേഷമായതിന്റെ കഥ അന്വേ
ഷണ വിഷയമാക്കാവുന്ന സംഗതിയാണ്. തന്റെ കുടുംബത്തിലെ പൂർവ്വി
കർ കടത്തനാട്ടുകാരായിരുന്നുവെന്ന് മാത്യൂസ് പ്രഥമൻ ബാവ പലപ്പോഴും





അനുസ്മരിച്ചിരുന്നു. അമ്പാട്ട്, കുറ്റിക്കാട്ടിൽ, തെക്കേക്കര, ചേട്ടാകുളങ്ങര തുങ്ങിയ പല കുടുംബാംഗങ്ങളും അവർ പൂർവീകമായി ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് ആർത്താറ്റ്-കുന്നംകുളം പ്രദേശത്തു നിന്ന് ജീവനും കൊണ്ട് ഓടിപ്പോയവരാണെന്ന് ഇതെഴുതുന്ന ആളിനോട് പറഞ്ഞിട്ടുണ്ട്. വടക്കൻ കേരളത്തിലെ കോട്ടയം, വടകര തുടങ്ങിയ സ്ഥല നാമങ്ങൾ മദ്ധ്യകേരളത്തിലെ ക്രൈസ്തവ കേന്ദ്രങ്ങൾക്ക് വന്നതെങ്ങനെ എന്നും ഇത്തരുണത്തിൽ പരിചിന്തനം ചെയ്യാവുന്നതാണ്.

ഇംഗ്ലീഷുകാർ 'കോളണൈസേഷ' ന്റെ ഭാഗമായി പ്രദർശിപ്പിച്ചു പോന്ന സാഹസിക മനോഭാവം കേരള ക്രൈസ്തവരിൽ സാഹസിക ബോധം ഉണർത്തി. പരമ്പരാഗത ഭൂമിയിൽ പരമ്പരാഗത കൃഷി നടത്തി സംതൃപ്തവും പരിമിത പ്രശ്നങ്ങളുമായി നാളുകൾ പിന്നിട്ടവർ ദൂരദേശങ്ങളിൽ കുറഞ്ഞ വിലയിൽ കൂടുതൽ ഭൂമി കൈവശപ്പെടുത്തുവാനും അവിടെ നാണ്യവിളകൾ കൃഷി ചെയ്യുവാനും ആരംഭിച്ചു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും വനപ്രദേശങ്ങളും ആൾപ്പാർപ്പില്ലാത്ത വിശാലഭൂമികളും ഈ കുടിയേറ്റത്തിന്റെ ഫലമായി കൊച്ചുകൊച്ചു ഗ്രാമങ്ങളായി രൂപാന്തരപ്പെട്ടു. ചെറിയ ഗ്രാമങ്ങളിൽ ആരാധനാലയങ്ങൾ ആവശ്യമായി. പത്തൊമ്പതാം നൂററാണ്ടുമുതൽ ദേവാലയങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുവാൻ ഇത് കാരണമായി. എന്നാൽ ഈ ദേവാലയങ്ങൾ പലപ്പോഴും പ്രാചീന ദേവാലയങ്ങളെപ്പോലെ അതിശക്തങ്ങളായിരുന്നില്ല. കുടിയേറ്റം ശക്തിപ്പെട്ടതോടെ പഴയ ദേവാലയങ്ങളുടെ ശക്തിയും ഉലഞ്ഞു. മാതൃദേവാലയങ്ങളിലെ അവകാശങ്ങൾ സ്വീകരിച്ചു കൊണ്ടുതന്നെ അയൽപ്രദേശങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള കുടിയേറ്റ ദേവാലയങ്ങളിൽ ഞായറാഴ്ചകളിലെ തവണ നടത്തുവാൻ വൈദികർ നിയോഗിക്കപ്പെട്ടു. ഈ ശിഥിലമായ കാലാവസ്ഥയിൽ വൈദികരുടെ പഴയ നിലവാരവും അന്തസ്സും കുലീനതയും നിലനിർത്തുവാൻ കഴിയാതെപോയി. അനുയോജ്യരായ ആളുകളെ കണ്ടെത്താനാവാതെ വന്നപ്പോൾ പഴയ മാനദണ്ഡങ്ങളിൽ കുറെശ്ശെ വെള്ളം ചേർത്തുതുടങ്ങി. ക്രമേണ വൈദികവൃത്തി ഉപജീവനമാർഗ്ഗമായി പരിണമിച്ചു എന്ന് പറഞ്ഞാൽ മതിയല്ലോ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ മലങ്കരസഭ കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കണ്ടനാട്, അങ്കമാലി, കൊച്ചി എന്നിങ്ങനെ വിഭജിക്കപ്പെട്ടപ്പോൾ ആരാധനാലയങ്ങൾ സ്ഥാപിച്ച് ഭദ്രാസനം ശക്തിപ്പെടുത്തുവാൻ മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ ശക്തമായ ശ്രമം ആരംഭിച്ചു. പള്ളികളുടെ എണ്ണം വീണ്ടും കൂടി. ചെറിയ ഇടവകയിലും വലിയ ഇടവകയിലും വൈദികന്റെ കൃത്യം ഒന്നുതന്നെയാണെങ്കിലും വൈദികന് വേതനം നൽകുന്ന കാര്യത്തിൽ എല്ലാ ഇടവകകളും ഒരു പോലെ ആയിരുന്നില്ല. ഓരോ ഇടവകയിലെ വൈദികന്റെയും വേതനം ഇടവകയുടെ സമ്പത്തിക ശക്തി, ഇടവകയും വൈദികനും തമ്മിലുള്ള ബന്ധം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായി. വേതന വ്യത്യാസം വൈദികരുടെ അസംതൃപ്തിക്കു കാരണമായി. ഒരു പള്ളിയിൽനിന്ന് മറ്റൊരു പള്ളിയിലേക്ക് സ്ഥലം മാറുമ്പോഴാണ് വ്യത്യാസം പ്രശ്നങ്ങളായി മാറുന്നത്. പഴയ ഇടവകകളിലാവട്ടെ വൈദികർ സ്ഥലം മാറ്റത്തിനതീതരെന്ന നിലയിൽ കഴിഞ്ഞുകൂടി. അവർക്ക് ശമ്പളത്തിന് പുറമെ പ്രോവിഡണ്ട് ഫണ്ട്, ലീവ് ആനുകൂല്യം, ചികിത്സാ സൗകര്യം, വാർദ്ധക്യകാല പെൻഷൻ എന്നീ സംരക്ഷണങ്ങൾ ലഭിക്കുമായിരുന്നു. ഇടവക പട്ടക്കാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അവർ ഇടവകകളെ എന്ത് വിലകൊടുത്തും പ്രീണിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധരായിരുന്നു.

തന്മൂലം ശക്തമായ ഒരിടവക എപ്പോഴും അവരുടെ പിന്നിൽ അവർക്കുവേണ്ടി അണിനിരക്കുമെന്നതിനാൽ മെത്രാപ്പോലീത്തമാർ അവരെ സ്ഥലം മാറ്റുക എന്ന സാഹസത്തിനൊരുമ്പെടുമായിരുന്നില്ല. ഫലത്തിൽ സുരക്ഷിതത്വം സ്ഥിരാവകാശമായി അനുഭവിക്കുന്നവരും അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും അനുഭവിക്കുന്നവരുമായ രണ്ട് തട്ടുകൾ വൈദികരുടെ ഇടയിൽ എവിടെയും കാണുമായിരുന്നു.

ഒരു പൊതു വേതന വ്യവസ്ഥയും സ്ഥലം മാറ്റ പദ്ധതിയും ആവിഷ്കരിക്കുന്നതുമൂലമേ ഈ ദുഷിച്ച പ്രവണതയ്ക്ക് മോചനമുണ്ടാവൂ എന്ന് യോഹന്നാൻ റമ്പാച്ചൻ വിശ്വസിച്ചിരുന്നതുകൊണ്ടാണ് അദ്ദേഹം ഈ വിഷയം തന്റെ കർമ്മപദ്ധതിയുടെ ഭാഗമാക്കിയത്. പട്ടംകൊടയുടെ സമയത്ത് ഇന്ന പള്ളിക്കുവേണ്ടി പട്ടം കൊടുത്തു എന്ന് പറയുന്നതിനാൽ ആ വൈദികൻ ആ ഇടവകയുടെ മണവാളൻ ആണെന്നും ആ ബന്ധം വേർപെടുത്തുവാൻ ആർക്കും അധികാരമില്ല എന്നും ചില ഇടവകപ്പട്ടക്കാർ സ്വന്തം താല്പര്യങ്ങൾക്കു പ്രമാണമുണ്ടാക്കുവാനായി പ്രചാരവേല ചെയ്തിരുന്നുവെങ്കിലും കഥാപുരുഷന് ആ വാദഗതി സ്വീകാര്യമായിരുന്നില്ല. അദ്ദേഹം പില്ക്കാലത്ത് എഴുതുക തന്നെ ചെയ്തു: "........എന്നാൽ ഇങ്ങനെ പിതൃസ്വത്തായി പള്ളി കിട്ടി എന്നൊരു പട്ടക്കാരൻ അവകാശപ്പെടുന്നതുപോലെ ഒരു ഭദ്രാസനം പിതൃസ്വത്തായി കിട്ടി എന്ന് യാതൊരു മെത്രാന്മാരും അവകാശപ്പെടാൻ ഉള്ള പാരമ്പര്യം ഇല്ലാ എന്നാണ് എന്റെ അറിവ്. ഒരു ഭദ്രാസനത്തിലേക്കു ഒരു മെത്രാപ്പോലീത്തായെ അയച്ചാൽ അദ്ദേഹത്തിന്റെ കാലം മുഴുവൻ ആ ഭദ്രാസനവുമായി കഴിഞ്ഞുകൊള്ളണം എന്ന പതിവ് ഉണ്ടുപോലും!! അതിന് പറയുന്ന ഒരു പ്രമാണം ഇതാണ്: മെത്രാപ്പോലീത്ത ഭദ്രാസനത്തെ വിവാഹം കഴിക്കുന്നതിനാൽ മാറ്റം പാടില്ല. കേൾക്കുമ്പോൾ പ്രഥമദൃഷ്ട്യാ ഈ വാദം ശരിയെന്ന് തോന്നാം. പക്ഷെ, ഒരു ഭാര്യക്ക് രണ്ട് ഭർത്താക്കന്മാർ ഒരേസമയം പാടില്ല എന്ന് കർശനമായി ശഠിക്കുന്ന സഭ ഒരു ഭദ്രാസനത്തിന് രണ്ടു മെത്രാപ്പോലീത്താമാരെ നിയമിക്കരുത്. അതുപോലെ ഒരു ഭർത്താവിന് രണ്ടു ഭാര്യമാർ ഒരേസമയം പാടില്ല എന്ന് വ്യവസ്ഥപ്പെടുത്തിയ സഭയിൽ ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ രണ്ടു ഭദ്രാസനഭരണവും ഏല്പിക്കുവാൻ പാടുള്ളതല്ല. ഇത് രണ്ടും ഇന്ന് മലങ്കരസഭയിൽ പ്രാബല്യത്തിലിരിക്കുന്ന കാര്യമാകയാൽ പിതാക്കന്മാരുടെ അടിയന്തിര ശ്രദ്ധക്കു വിടുന്നു.. ഇപ്പോൾ ചില വൈദികരും ഇതേ മാമൂല് പിടിച്ചിരിക്കുന്നു. ആവശ്യമുള്ളവരെ സ്ഥലം മാറ്റാൻ വേണ്ടി വന്ന നിയമപ്രകാരം മൂന്ന് കൊല്ലം കഴിഞ്ഞാൽ ഇടവകയിൽനിന്ന് വൈദികനെ മാറ്റണം. വൈദികന്റെ പട്ടത്തിന്റെയോ പാട്ടത്തിന്റെയോ ഫലനം പോലെ വരുമാനമുള്ള ഇടവകകളിൽ വളരെക്കാലം തുടരുന്ന അനേക വൈദികരും ഇന്ന് സഭയിലുണ്ട്. ഒരു പക്ഷേ അവർക്കും നാളെ വാദിക്കാം. 'ഞാൻ ഇടവകയെ വിവാഹം കഴിച്ചിരിക്കുന്നതിനാൽ എന്റെ കാലം മുഴുവൻ ഇവിടെ തുടരണം' അങ്ങനെ അവർ പറയാതിരിക്കുവാൻ പ്രാർത്ഥിക്കുന്നു."

**4. ദേവാലയസ്ഥാപനം, ആധാരം**

ഓർത്തഡോക്സ് സുറിയാനിക്കാർ ചിതറിപ്പാർക്കുന്ന പല സ്ഥലങ്ങളിലും അവർക്ക് ദേവാലയവും ആരാധനയും ഇടയനും ഇല്ലാത്തതിനാൽ അവർ കാലക്രമേണ മറ്റു പല സഭാവിഭാഗങ്ങളിലേക്കും ചേക്കേറിയ പല അനുഭവങ്ങളും കഥാപുരുഷനുണ്ടായിട്ടുണ്ട്. ആ അനുഭവങ്ങൾ





അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽ പകർത്തട്ടെ:

"...............അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി അച്ചനായിരിക്കുമ്പോൾ ആണല്ലോ ആന്റമാനിൽ ആദ്യമായി പോവുകയും അവിടെ രണ്ടുമൂന്ന് ഇടവകകൾ ക്രമീകരിക്കുകയും പള്ളികൾ വയ്ക്കുകയും ചെയ്തത്. മാതൃസഭയുടെ സഹായ സഹകരണങ്ങൾ ലഭിക്കാത്തതിനാൽ അതിൽ പലരും സമൂഹമായി മറ്റു വകുപ്പുകളിലേക്കു പരിവർത്തനം ചെയ്തതായിട്ടാണ് കണ്ടത്......... നമ്മുടെ ഇടവക ജനങ്ങളിൽ ആരെങ്കിലും രോഗിയായി കിടന്നാൽ ഒന്നുപ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടാൽ പോലും പട്ടക്കാരെ കിട്ടി എന്ന് വരില്ല. ഈ സന്ദർഭം നോക്കി മറ്റു ക്രിസ്തീയ വകുപ്പുകാർ അവിടെപോവുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കൂടെക്കൂടെ അന്വേഷിക്കുകയും ചെയ്തെന്ന് വരും. തന്മൂലം ആ വീട്ടുകാർക്ക് അവരോട് എതിർപ്പ് പറയാൻ പാടില്ലാത്തവണ്ണം മാനസികമായ ബന്ധത്തിൽ എത്തിച്ചേരും...... ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നുണ്ടെന്നും ഇതിന് പ്രതിവിധി ഒന്നും ചെയ്യാൻ ഈ സഭയ്ക്കു കഴിവും കടപ്പാടും വേണ്ടതല്ലേ എന്നും ആരെങ്കിലും ചിന്തിക്കാറുണ്ടോ എന്ന് ചോദിച്ചുപോകുകയാണ്. ആയതിനാൽ ജനങ്ങൾക്കു നേരിടുന്ന പ്രശ്നങ്ങൾ എന്തെന്നും സംഭവിച്ചിട്ടുള്ള ഒഴുക്കിൽ അവരെ സഹായിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെന്നും അറിഞ്ഞു പ്രവർത്തിക്കാനാവശ്യമായ പരിശീലനം കൊടുത്ത് സജ്ജരാക്കപ്പെടുന്ന കുറെ വൈദികരും സുവിശേഷകരും ഉണ്ടാകേണ്ടത് അടിയന്തിര ആവശ്യമായിത്തീർന്നിരിക്കുന്നു. ഈ വക സംഗതികളെക്കുറിച്ച് സങ്കടമറിയിച്ചാൽ ക്ഷമയോടെ വായിക്കുക പോലും ചെയ്യാതെ ചവറ്റുകുട്ടയിൽ എറിയുന്ന സമ്പ്രദായങ്ങൾ അവസാനിപ്പിച്ചെങ്കിലല്ലാതെ ഇതിനൊന്നും വ്യത്യാസം വരാൻ പോകുന്നില്ല....." കാൽ നൂറ്റാണ്ടിന് ശേഷവും താൻ മുൻഗണന നല്കിയ ഒരു വിഷയം പ്രാവർത്തികമാക്കാനാവാത്ത അവസ്ഥയെപ്പറ്റി അന്ത്യവർഷങ്ങളിൽ അദ്ദേഹം എഴുതിയ ലേഖനത്തിലെ പ്രസക്ത ഭാഗമാണ് ഉദ്ധരിച്ചത്.

ആവശ്യമായ സ്ഥലങ്ങളിലെല്ലാം ദേവാലയങ്ങൾ സ്ഥാപിക്കാൻ സഭയുടെ പൊതു ബഡ്ജറ്റിൽ വക കൊള്ളിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചിന്തിച്ചു. പല വലിയ ഇടവകകളിലേയും തീർത്ഥാടന കേന്ദ്രങ്ങളിലേയും വരുമാനങ്ങൾ അതത് സ്ഥലത്ത് മോടിവരുത്തുവാനും ആർഭാടം വർദ്ധിപ്പിക്കുവാനും ആയിത്തീരാതെ ഇത്തരം ക്രിയാത്മക പദ്ധതികളിലേക്ക് ചാല് വെട്ടി ഒഴുക്കണമെന്ന് അദ്ദേഹം ചിന്തിച്ചു.

ദേവാലയസ്ഥാപനം അനധികൃതമായിക്കൂടാ എന്നതാണ് കഥാപുരുഷന്റെ മറ്റൊരു ചിന്ത. പല വീട്ടുകാരുടെയും പേരിൽ പള്ളിയുടെ ആധാരം എഴുതുന്നത് പില്ക്കാലത്ത് ഇടവകയിൽ അസ്വസ്ഥതകൾക്കു വളം വയ്ക്കുമെന്നതിനാൽ ദേവാലയം വയ്ക്കുന്നത് സഭയുടെ ഔദ്യോഗിക സ്ഥാനികളുടെ പേരിൽ രജിസ്റ്റർ ചെയ്ത സ്ഥലത്തായിരിക്കണമെന്ന് കഥാപുരുഷൻ നിഷ്കർഷിച്ചു. നിവൃത്തിയുള്ളിടത്തോളം ദേവാലയം പൂർത്തിയാക്കിയാൽ അതിന്റെ അഭിഷേകവും മുദ്രണവും നടത്തിയിട്ടേ അവിടെ ആരാധന നടത്താവൂ എന്ന് അദ്ദേഹം ചിന്തിച്ചു. ഒരു കുഞ്ഞു ജനിച്ചാൽ അതിന്റെ മാമോദീസാ അനിവാര്യമായിരിക്കുന്നതുപോലെ ഒരു ദേവാലയം പണിതാൽ ആയതിന്റെ പൂർണ്ണകൂദാശ നടത്തിയിരിക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം ചിന്തിച്ചിരുന്നു.

**5. പൊതുസ്ഥലങ്ങളുടെ ആദായം**

വാങ്ങിപ്പോയ പിതാക്കന്മാരുടെ കബറിടങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ ഇടവക കാര്യങ്ങളിൽനിന്ന് വേർതിരിച്ച് സഭയുടെ പൊതു മേൽനോട്ടത്തിൽ കൊണ്ടുവരണമെന്ന് കഥാപുരുഷൻ ആഗ്രഹിച്ചിരുന്നു. അവിടങ്ങളിലെ കാര്യനിർവ്വഹണം ഒരിടവകയുടെ ഭാവനയനുസരിച്ച് സംവിധാനം ചെയ്താൽ പോരാ എന്നും സഭയുടെ മുഴുവൻ മേൽനോട്ടവും ഉണ്ടായാലേ അത്തരം സ്ഥലങ്ങളും സ്ഥാപനങ്ങളും ഭക്തിസംവർദ്ധകങ്ങളും ആധ്യാത്മിക ചൈതന്യപ്രദവും ആകൂ എന്നും അദ്ദേഹം വിശ്വസിച്ചു. ആ ദർശനത്തിന് പിന്നിൽ ഹൂദായ കാനോന്റെ സംസ്കാരമുണ്ടെന്നത് തീർച്ച. കോതമംഗലവും മണർകാടും പരുമലയും വടക്കൻ പറവൂരും നിരണവും മഞ്ഞനിക്കരയും വാകത്താനവും പാമ്പാക്കുടയുമെല്ലാം സഭയുടെ മേലന്വേഷണത്തിന് വിധേയമാക്കിയിരുന്നുവെങ്കിൽ ആ കേന്ദ്രങ്ങൾക്കും സഭയ്ക്കും വിശ്വാസികൾക്കും അതു കൂടുതൽ പ്രയോജനപ്രദമാകുമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അവിടങ്ങളിലെ വരുമാനം പൊതു സഭയുടെ ചുമതലകളിൽ നടക്കേണ്ടുന്ന സുവിശേഷവത്കരണം, ദേവാലയസ്ഥാപനം, ആത്മീയ സംഘടനകൾ എന്നീ വിശാല താല്പര്യങ്ങൾക്കുവേണ്ടി ദീർഘവീക്ഷണത്തോടെ ഉപയോഗിക്കേണ്ടതാണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. എപ്പിസ്ക്കോപ്പസിയുടെ വിനിയോഗം അത്തരം ക്രിയാത്മക കാര്യങ്ങളെ ബലപ്പെടുത്താൻ വേണ്ടിയാകണമെന്ന് അദ്ദേഹം ചിന്തിച്ചു. എപ്പിസ്കോപ്പസിയുടെ പേരിൽ നാടിന്റെ നാനാഭാഗത്തും അവരവരുടെ ഇടവകകളുടെ സുരക്ഷിതത്വത്തിനും കാലോചിതമായ അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിച്ചുണ്ടാക്കുന്ന സ്ഥാപനങ്ങളെ കയ്യടക്കുവാൻ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം അനുകൂലിച്ചില്ല. പള്ളി കൂദാശാവേളകളിൽ പള്ളിയുടെ താക്കോൽ ആരാധനാ മധ്യേ മദ്ബഹായിൽ വെച്ച് പള്ളിപ്പണി കമ്മറ്റിക്കാരിൽനിന്ന് ഏറ്റുവാങ്ങി വികാരിയച്ചനെ ഏല്പിക്കുന്ന തലത്തിലേക്ക് എപ്പിസ്കോപ്പസിയെ വ്യാപിപ്പിക്കുന്നതിലും അദ്ദേഹത്തിന് താല്പര്യമില്ലായിരുന്നു. എന്നാൽ സഭ ഏറ്റെടുക്കേണ്ട ദൗത്യങ്ങളെ സമയബന്ധിതമായി നിർവ്വഹിക്കത്തക്കവിധം ഒരു പരിപാടി പരസ്യമായി പ്രഖ്യാപിക്കണമെന്നും ആ പരിപാടിക്കാവശ്യമായ ചെലവിനങ്ങൾക്കായി പൊതു സ്ഥാപനങ്ങളിലെ വരുമാനങ്ങൾ വിനിയോഗിക്കപ്പെടണമെന്നും അദ്ദേഹം പരസ്യമായി അഭിപ്രായപ്പെട്ടു. ഈ കൃത്യം ഏതെങ്കിലും ഒരു സ്ഥാനി തനിയെ ചെയ്യാവുന്ന ഒരു ശൈലിയല്ല. വ്യവസ്ഥാപിതമായി ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന ഒരു സംവിധാനമാണ് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്. എത്ര ഉന്നതസ്ഥാനീയനായാലും സഭയുടെ ട്രസ്റ്റ് തനിയെ കൈകാര്യം ചെയ്യുവാൻ ആരെയും ഓർത്തഡോക്സ് സഭ അനുവദിച്ചിട്ടില്ലെന്നും സഭയുടെ ചെറുതും വലുതുമായ കാര്യങ്ങൾ സിന്നഡിക്കൽ തത്വം ആധാരമാക്കി പ്രാവർത്തികമാക്കണമെന്നും അർത്ഥശങ്കക്കിടയാവാതെ അദ്ദേഹം വ്യക്തമാക്കി.

**6. ആരാധനാക്രമങ്ങൾ, ക്രമീകരണങ്ങൾ**

കഥാപുരുഷന്റെ ജീവിതത്തിലെപ്പോഴും പരിഗണനയിലിരുന്ന ഒരു വിഷയമാണ് സഭയുടെ ആരാധന: മലങ്കര സഭയിൽ ഉപയോഗിച്ചുവരുന്ന സുറിയാനി ആരാധനാക്രമങ്ങളെ അദ്ദേഹം പ്രാണന് തുല്യം സ്നേഹിച്ചിരുന്നു. അവ രൂപപ്പെടുത്തിയ പിതാക്കന്മാരോട് അദ്ദേഹത്തിന് വലിയ മതിപ്പുമായിരുന്നു. വേദപുസ്തക സംഭവങ്ങളും വാക്യങ്ങളും ആദർശങ്ങളും ചിന്തകളും ഏതോ ഭക്തഹൃദയങ്ങളിൽ ഉണർത്തിയ ഭക്തിപാരവശ്യത്തിന്റെ ആവിഷ്കാരമാണ് മലങ്കരസഭയിൽ ഉപയോഗിച്ചുപോ





രുന്ന ആരാധനാക്രമങ്ങളെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സഭയുടെ വിശ്വാസപരമായ നിലപാടുകൾ മുഴുവൻ ആരാധനാ ക്രമങ്ങളിൽ സംഗ്രഹിച്ചുവച്ചിട്ടുള്ളതിനാൽ അവയെ സൂക്ഷ്മമായി ഗ്രഹിക്കുവാനുള്ള ശേഷി വൈദികർക്കെങ്കിലും ഉണ്ടാകേണ്ടത് ആവശ്യമെന്ന് അദ്ദേഹം കരുതി. ആരാധനയെ അതിന്റെ ആത്മാവിൽ അറിയുവാനും ആദരിക്കുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. സങ്കീർണ്ണങ്ങളായ ചില ക്രിയാനുഷ്ഠാനങ്ങൾ ഉൾക്കൊള്ളുന്ന ചില ആരാധനാക്രമങ്ങൾ, മൂലഭാഷയിൽ കിടക്കുന്ന നിർദ്ദേശങ്ങൾ വായിച്ചു ഗ്രഹിക്കുവാനുള്ള ശേഷിയില്ലായ്മ മൂലം വികലമായിത്തീരുന്നത് അദ്ദേഹം ശ്രദ്ധിച്ചു. കാലാകാലങ്ങളിലായി കൂട്ടിച്ചേർത്ത് കുഴഞ്ഞ ആരാധന എഡിറ്റു ചെയ്തു പരിഷ്കരിക്കുവാനും അനിവാര്യമായ ഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തിയ ആരാധന ക്രമങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം ആഗ്രഹിച്ചു. സഭയുടെ പല ഭാഗത്തുനിന്നും ചില വലിയ പ്രമാണികളിൽനിന്നും ആരാധനക്രമങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന പതിവ് നിർത്തുകയും ഔദ്യോഗികമായി പ. സുന്നഹദോസ് നിയന്ത്രിക്കുന്ന ഒരു സമിതിയുടെ പരിശോധനക്കുശേഷം മാത്രം പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്നും അദ്ദേഹം ചിന്തിച്ചു. പല മേല്പട്ടക്കാർ ഒന്നിച്ച് നടത്തുന്ന പള്ളികൂദാശകളിലും മറ്റും നിലവിലുള്ള വൈവിധ്യങ്ങളും പാരമ്പര്യങ്ങളും ഏകീഭവിപ്പിക്കുവാൻ ആ സന്യാസ പ്രവാചകൻ ഒരുങ്ങുകയായിരുന്നു. അതുപോലത്തന്നെ പട്ടം കൊട പള്ളികൂദാശ എന്നീ ക്രമങ്ങളിലെ വിവർത്തനത്തിൽ വന്നിട്ടുള്ള ചില പോരായ്മകൾ പരിഹരിക്കുവാനും സംസ്കൃത പദ ബഹുലമായ ഗാനങ്ങളെ ലളിതമാക്കുവാനും അദ്ദേഹം ചിന്തിച്ചിരുന്നു. പള്ളികൂദാശയ്ക്ക് പങ്കെടുക്കുന്ന പല മേല്പട്ടക്കാരുടെയും കൈവശമുള്ള കൈയ്യെഴുത്തു ക്രമങ്ങളിലെ ഗാനങ്ങളുടെ പദ രചന പലപ്പോഴും വ്യത്യസ്തമായിരുന്നതിനാൽ ഒന്നിച്ചു പാടുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടായിരുന്നു. ഓരോ പുസ്തകത്തിന്റേയും പിന്നിൽ ഓരോ പ്രാമാണികത്വമുള്ള മേല്പട്ടക്കാരുടെ പേർ കൂടി കാണുമെന്നതിനാൽ ഒന്നിനേയും നിരാകരിക്കുവാൻ സാധ്യമല്ലായിരുന്നു. തെറ്റുണ്ടെങ്കിൽ പോലും അവരവർ പരിചയിച്ച രീതികൾ വ്യത്യാസപ്പെടുത്തുവാൻ ആരും സന്നദ്ധരല്ലായിരുന്നു. അതുമൂലമാണ് സിന്നഡ് തീരുമാനപ്രകാരം ഇക്കാര്യത്തിൽ ഏകീകരണമുണ്ടാക്കുവാൻ ശ്രമിക്കണമെന്ന് കഥാപുരുഷൻ തീരുമാനിച്ചത്.

**7. പട്ടക്കാരുടെ പഠനം**

ദീർഘകാലം സഭയിൽ മല്പാനായി സേവനം അനുഷ്ഠിച്ച കഥാപുരുഷന്റെ വലിയൊരു ചിന്താവിഷയമായിരുന്നു ഇത്. ഒരു വൈദിക വിദ്യാർത്ഥി വൈദികനായി ഇടവകയിൽ ചെന്നാൽ അതുവരെ പഠിച്ചതും പരിശീലിച്ചുമായ എല്ലാ പരിചയങ്ങളും ഉപേക്ഷിക്കപ്പെടുകയും ഒരു വൈദികന്റെ മിനിമം പ്രവർത്തനത്തിൽ പരമിതപ്പെടുകയും ചെയ്യുന്ന ഒരു ഗതികേട് അദ്ദേഹം ശ്രദ്ധിച്ചിരുന്നു. കുടുംബസ്ഥരായി ജീവിക്കുന്ന വൈദികർ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ പോലും മുറപോലെ ചൊല്ലുവാൻ അശക്തരായിത്തീരുന്നതുകണ്ട് അദ്ദേഹം ദു:ഖിച്ചു. സുറിയാനി സംഗീതം - എക്കാറ - ഓർമയിൽ നിന്ന് നഷ്ടപ്പെട്ടുപോയവരാണ് പ്രായമായ പല വൈദികരും. രണ്ടു പരിഹാര മാർഗ്ഗങ്ങളാണ് കഥാപുരുഷൻ ഇക്കാര്യത്തിൽ നിർദ്ദേശിച്ചിരുന്നത്. പട്ടക്കാർ പള്ളിയിൽ പ്രതിദിന ആരാധനകൾ നടത്തണം എന്ന് അനുശാസിക്കുകയാണ് ഒരു മാർഗ്ഗം. (കൊച്ചിയിൽ ശമ്പള പരിഷ്ക്കരണം നിലവിൽ വരുത്തിയപ്പോൾ വൈദികരുടെ സേവനത്തിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു). രണ്ടാമത്തെ

മാർഗ്ഗം വൈദികർക്കായി ഇടക്കിടെ റിഫ്രഷർ കോഴ്സുകൾ നടത്തുക എന്നതാണ്.

**8. പള്ളിഭരണം**

പള്ളി ഭരണത്തിന്റെ പ്രധാന ചുമതലക്കാരനായി വൈദികനെ ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും വൈദികരിൽ ഏറിയ കൂറും ആ ഉത്തരവാദിത്വങ്ങളെപ്പറ്റി ഭാവനയില്ലാതെ കേവലം പൂജാരികളായിത്തീരുന്ന കാഴ്ചയാണ് അദ്ദേഹം കണ്ടത്. ആദായം മുഖ്യപരിഗണനാവിഷയമാക്കിയ പല വൈദികരും ഭരണരംഗം മറ്റു ചുമതലക്കാരെ ഏല്പിച്ച് വരുമാനമുണ്ടാക്കുന്ന കലയിൽ സോത്സാഹം പ്രവർത്തിക്കുന്നതായി അവിടുന്ന് മനസ്സിലാക്കി. ഇടവക തലത്തിലെ പ്രവാചകൻ ആയി അയയ്ക്കപ്പെടുന്ന വൈദികൻ കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങുന്ന അവസ്ഥയിൽ ഇടവകകളിൽ പ്രവാചകദൗത്യം നഷ്ടപ്പെട്ടുപോകുന്നത് അദ്ദേഹം കണ്ടു. ഭരണഘടന വ്യക്തമാക്കുന്ന ഭരണസ്ഥാനങ്ങൾ വൈദികർ സത്യസന്ധമായും പ്രവാചക സഹജമായ ഉൾക്കാഴ്ചയോടെയും കാര്യക്ഷമമായും നിവൃത്തിക്കണമെന്ന് കഥാപുരുഷൻ പള്ളിത്തർക്കങ്ങൾ പരിഹരിക്കുവാനുള്ള ശ്രമങ്ങളിൽ വ്യക്തമാക്കുമായിരുന്നു.

**9. പള്ളി ഭരണത്തിന് പുറമേയുള്ള ജോലികൾ**

പള്ളി ഭരണത്തിൽ വൈദികർ പരാജയമടയാനുള്ള പ്രധാന കാരണങ്ങളിലൊന്ന് അവരുടെ സാമ്പത്തിക പരാധീനതയാണെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു. മറ്റു ജോലികൾ ചെയ്യുന്ന യോഗ്യരായ ആളുകൾ വൈദികരാവുന്നത് അദ്ദേഹം എപ്പോഴും സ്വാഗതം ചെയ്തിരുന്നു. പ്രത്യേകിച്ചും സഭയിലെ ചെറിയ ഇടവകകൾ, ചാപ്പലുകൾ തുടങ്ങിയ ചുരുങ്ങിയ ശമ്പളം മാത്രം കൊടുക്കുവാൻ കഴിവുള്ള പള്ളികളിൽ ആപ്രകാരം ഇതര വരുമാനമുള്ളവരെ വൈദികരായി നിയമിച്ചാൽ ഇടവകകൾക്കു സാമ്പത്തിക ആശ്വാസം ലഭിക്കുമെന്ന് അദ്ദേഹം കണ്ടു. തന്നെയുമല്ല, അപ്രകാരം ഇതര ജോലിയുള്ളവരെ വൈദികസ്ഥാനത്തേക്കു നിയോഗിച്ചാൽ വിദ്യാസമ്പന്നരായ കുറെപ്പേരെ വൈദിക രംഗത്തേക്കാകർഷിക്കുവാൻ കഴിയുമെന്ന് അദ്ദേഹം ചിന്തിച്ചു. നിർഭയരായി പ്രവാചക ദൗത്യം നിർവ്വഹിക്കുവാൻ ഇപ്രകാരമുള്ളവർക്ക് കഴിഞ്ഞേക്കുമെന്ന് അദ്ദേഹം ചിന്തിച്ചു. പില്ക്കാലത്ത് സ്വന്തം ഭദ്രാസനത്തിൽ ഇപ്രകാരം അര ഡസൻ വൈദികരെ അദ്ദേഹം വൈദിക രംഗത്തേക്കു ആനയിക്കുകയും ഇതര ജോലിയിലിരുന്ന് റിട്ടയർ ചെയ്തവരിൽ യോഗ്യരായിട്ടുള്ള ആളുകളെ ആവശ്യമായ വൈദിക പരിശീലനത്തിന് ശേഷം വൈദികരാക്കുന്ന ശ്രേഷ്ഠമായ സമ്പ്രദായം സുന്നഹദോസ് അംഗീകാരത്തോടെ പ്രയോഗത്തിൽ വരുത്തുകയും ചെയ്തു.

**10. ജോലിയിൽ നിന്ന് വിരമിക്കുന്ന പട്ടക്കാരുടെ സുരക്ഷിതത്വം**

സേവനത്തിലിരിക്കേ വേണ്ടത്ര സുരക്ഷിതത്വം ഇല്ലാത്ത വൈദികർ വാർദ്ധക്യകാലത്ത് അക്ഷരാർത്ഥത്തിൽ അനാഥരായിത്തീരുന്നത് കഥാപുരുഷൻ ശ്രദ്ധിച്ചിരുന്നു. പ്രത്യേകിച്ചും ഇടവകപ്പട്ടക്കാർ എന്ന സമ്പ്രദായം അവസാനിക്കുകയും വൈദികരുടെ സ്ഥലം മാറ്റം നടപ്പിൽ വരികയും ചെയ്തതോടെ വൈദികരെ വാർദ്ധക്യത്തിൽ സഹായിക്കുവാൻ ഒരു ഇടവകയ്ക്ക് ബാധ്യതയില്ലെന്നു വന്നു. അവരെ സംരക്ഷിക്കുവാൻ ഭദ്രാസന കേന്ദ്രങ്ങൾ ശക്തമല്ലെന്നും വന്നു. തന്മൂലം മരണംവരെ റിട്ടയർ ചെയ്യാതിരിക്കുവാൻ വൈദികരും ശ്രമിച്ചുപോന്നു. വാർദ്ധക്യ സഹജമായ ദുർബ്ബലതകൾ മൂലം വൈദിക കൃത്യങ്ങൾ അനുഷ്ഠിക്കാൻ കഴി





യാത്തവർ പോലും റിട്ടയർ ചെയ്യാതിരിക്കുന്നത് റിട്ടയർ ചെയ്താലുണ്ടാകാവുന്ന അരക്ഷിതാവസ്ഥയെ ഭയപ്പെട്ടിട്ടാണെന്ന് കഥാപുരുഷന് ബോധ്യമായി.

ഏതായാലും തനിക്കു ലഭിക്കാനിരിക്കുന്ന ഭദ്രാസനത്തിൽ ഒരിടയൻ എന്നനിലയിൽ തന്റെ ദൗത്യങ്ങളെ മുൻഗണനാക്രമത്തിൽ ലിസ്റ്റ് ചെയ്യുവാനാണ് കഥാപുരുഷൻ ഈ ഡയറിക്കുറിപ്പിൽ ശ്രമിച്ചിട്ടുള്ളതെന്ന് വ്യക്തം. ഈ കർമ്മമേഖലകളെപ്പറ്റി ജീവിതാന്ത്യം വരെ അദ്ദേഹം തികച്ചും ബോധവാൻ ആയിരുന്നു.

1966–ൽ സ്മര്യപുരുഷൻ മേല്പട്ടസ്ഥാനത്തേക്കു അഭിഷിക്തനാവുകയും കൊരട്ടി സീയോൻ സെമിനാരിയിൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ സിംഹാസനപ്രതിഷ്ഠിതനാവുകയും ചെയ്തു.

ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഒട്ടേറെ കാരണങ്ങളാൽ കൊച്ചി ഭദ്രാസനത്തിന് സഭാപരമായി പല പ്രത്യേകതകളുമുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സന്ദർശനവുമായി ബന്ധപ്പെട്ട കൊടുങ്ങല്ലൂർ, പാലൂർ (ചാട്ടുകുളങ്ങര), കോട്ടയ്ക്കാവ് (പറവൂർ) തുടങ്ങിയ സ്ഥലങ്ങളും കേരളത്തിലെ ഏക ക്രൈസ്തവ രാജവംശമായ വില്ലാർവട്ടം രാജാവ് ഭരണം നടത്തിയ ചേന്ദമംഗലം, കോട്ടയിൽ കോവിലകം, ഒന്നാം മാർത്തോമ്മായെ വാഴിച്ച ആലങ്ങാട്, കൊച്ചി രാജാവിന്റെ ആദ്യകാല തലസ്ഥാനങ്ങളായ പഴയന്നൂർ, പെരുമ്പടപ്പ്, വന്നേരി തുടങ്ങിയ ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങളും ചാവക്കാട്, പൊന്നാനി, ചേറ്റുവാ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളും കൊച്ചിയുടെ അതിർത്തിയിൽ പെടുന്നു. (1911 കന്നി 29–ാം തിയ്യതി ആലുവാ സെമിനാരിയിൽ നിന്ന് 199–ാം നമ്പർ ആയി അബ്ദുള്ള പാത്രിയർക്കീസ് ബാവാ അയച്ച കല്പനയിൽ പോലും "പാലൂർ മെത്രാസന ഇടവകയെന്ന് പേർ കൊടുത്തിരിക്കുന്ന ആർത്താറ്റ് – മുളന്തുരുത്തി മുതലായ പള്ളികൾ ഉൾപ്പെടുത്തിയിരിക്കുന്ന കൊച്ചി ബ്രിട്ടീഷ് മെത്രാസന ഇടവകക്കാരായ" എന്ന് രണ്ടുഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.) സഭാചരിത്രത്തിൽ മാർത്തോമ്മാ ശ്ലീഹാ, ക്നായി ത്തോമ്മായോടൊപ്പം വന്ന യൗസേപ്പ് മെത്രാൻ തൊട്ട് 1665–ൽ വന്ന ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ, പത്രോസ് തൃതീയൻ, അബ്ദുള്ളാ ദ്വിതീയൻ, അബ്ദുൽ മശീഹാ തുടങ്ങിയ പാത്രിയർക്കീസന്മാരും മലങ്കരസഭാ സന്ദർശനം ആരംഭിക്കുന്നത് ഈ മെത്രാസന പരിധിയിൽപെട്ട കൊടുങ്ങല്ലൂർ, ആർത്താറ്റ് പള്ളികളിൽ നിന്നാണ്. 1599 ലെ ഉദയംപേരൂർ സുന്നഹദോസിൽ, ഏറെ സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും ഉണ്ടായിട്ടും ധീരമായി നിസ്സഹകരിച്ച് മലങ്കരയുടെ പൂർവ്വീകതയെ മുറുകെ പിടിച്ചതായി ഇട്ടൂപ്പ് റൈട്ടരും നിരവധി സഭാ ചരിത്രകാരന്മാരും ചൂണ്ടിക്കാട്ടിയ രണ്ട് ഇടവകകളിൽ ഒന്ന് (ചാട്ടുകുളങ്ങര–പാലൂർ–ആർത്താറ്റ്) കൊച്ചിയിലായിരുന്നു. ആധുനിക കാല സഭാചരിത്രം കൂടെ പരിഗണിച്ചാൽ, പകലോമറ്റം കുടുംബ വാഴ്ചയ്ക്കു ശേഷം മലങ്കര സഭയ്ക്കു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ (കോട്ടയം പഴയ സെമിനാരി സ്ഥാപകൻ), പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ (കോട്ടയം എം.ഡി. പരുമല സെമിനാരികളുടെ സ്ഥാപകൻ), കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് (കടുങ്ങമംഗലം), മാർ ഈവാനിയോസ് (പരുമല) ചാത്തുരുത്തി ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് (പ. പരുമല തിരുമേനി), മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് (സ്ലീബാദാസ

സമൂഹ സ്ഥാപകൻ), പൗലൂസ് മാർ പീലക്സിനോസ് (ശ്രേഷ്ഠബാവാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ), പൗലൂസ് മാർ സേവേറിയോസ് (കുന്നാകുളം-ആർത്താറ്റ്), യാക്കൂബ് മാർ പോളിക്കാർപ്പോസ് (കൊരട്ടി), ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് (കോട്ടയം), പൗലൂസ് മാർ മിലിത്തിയോസ്, ബന്യാമിൻ മാർ ഒസ്താത്തിയോസ് എന്നീ പിതാക്കന്മാരെ സംഭാവന ചെയ്ത പ്രദേശമാണിത്. ഇവരെക്കൂടാതെ കത്തോലിക്കാ-മാർത്തോമ്മാ-തൊഴിയൂർ സഭകളെ പരിഗണിച്ചാൽ കാട്ടുമങ്ങാട്ടു മെത്രാന്മാർ ഉൾപ്പെട്ട ഒരു ഡസനിലേറെ പിതാക്കന്മാർ വേറെയും ഈ പ്രദേശത്ത് നിന്ന് രൂപപ്പെട്ടിട്ടുണ്ട്.

നിയതമായ അർത്ഥത്തിൽ കൊച്ചി സംസ്ഥാനം ഒരു മെത്രാസനമായി രൂപവത്ക്കരിക്കപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ നാലാം പാദത്തിലാണ്. 1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ സ്വന്തം താല്പര്യങ്ങൾക്കു വേണ്ടത്ര അംഗീകാരം ലഭിക്കാതെ പോയതിൽ രോഷംപൂണ്ട പത്രോസ് തൃതീയൻ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്ന ഏക മെത്രാപ്പോലീത്തായുടെ കീഴിലായിരുന്ന മലങ്കര സഭയെ വിഭജിച്ച് മലങ്കര മെത്രാന്റെയും മലങ്കസഭയുടെയും ശക്തി പരിമിതപ്പെടുത്തുവാൻ പ്രയോഗിച്ച തന്ത്രമായിരുന്നു മലങ്കരയിലെ ആദ്യത്തെ മെത്രാസന വിഭജനം. കൊല്ലം, നിരണം, തുമ്പമൺ, കോട്ടയം, കണ്ടനാട്, അങ്കമാലി എന്നിവയോടൊപ്പം കൊച്ചി ഭദ്രാസനം 1876 ൽ നിലവിൽ വരികയും കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽവെച്ച് മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനോടൊപ്പം (പ്രഥമ കാതോലിക്കാ മലങ്കരയിൽ) പത്രോസ് തൃതീയൻ ബാവായാൽ 1877 ൽ വാഴിക്കപ്പെട്ട കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് കൊച്ചിയുടെ പ്രഥമ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെടുകയും ചെയ്തു. പക്ഷെ, അദ്ദേഹം കൊച്ചി ഭദ്രാസന ഭരണം കൈയ്യേറ്റതായോ കൊച്ചി മെത്രാസനം അദ്ദേഹത്തെ സ്വീകരിച്ചതായോ തെളിവുകളില്ല. മലങ്കര മെത്രാന്റെ സമ്മതവും സാന്നിധ്യവുമില്ലാതെ സ്ഥാനമേല്ക്കുകയും മലങ്കര മെത്രാന്റെ ജന്മദേശം ഉൾപ്പെട്ട മെത്രാസനത്തിൽ നിയമിതനാവുകയും ചെയ്ത അദ്ദേഹത്തിന് 'ജനങ്ങൾ സ്വീകരിക്കാത്തതിനെത്തുടർന്ന് ഭരണം ലഭിച്ചില്ല' എന്ന് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ഒരു കോടതി മൊഴിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണമേൽക്കുവാൻ ഭാഗ്യമില്ലാതെ അദ്ദേഹം 1886ൽ അന്തരിക്കുകയും കടുങ്ങമംഗലത്ത് കബറടക്കുകയും കൊച്ചി ഭദ്രാസനം മുമ്പെന്നപോലെ മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ തുടരുകയും ചെയ്തു.

പിന്നീട് അബ്ദുള്ള പാത്രിയർക്കീസ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ മുടക്കിയതുമൂലം സഭ വിഭജിതമായപ്പോൾ കൊച്ചിയിലും ഭിന്നതയുണ്ടായി. പാത്രിയർക്കാ അനുകൂലികളായ ഇടവകകൾ, ബദൽ മെത്രാനായി വാഴിക്കപ്പെട്ട കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിന്റെ കീഴിലും മുടക്കിനെ അനുകൂലിക്കാത്ത ഇടവകകൾ മലങ്കര മെത്രാപ്പോലീത്തായുടെ കീഴിലും തുടർന്നു. പിന്നീട് പാത്രിയർക്കീസ് ഭാഗത്തെ കൊച്ചിക്ക് മുളയിരിക്കൽ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1946ൽ നിയമിതനായി. അദ്ദേഹത്തിന്റെ കാലത്താണ് കൊച്ചി ഭദ്രാസനത്തിന് കൊരട്ടിയിൽ ഇന്ന് കാണുന്ന വിധം ഒരു ആസ്ഥാനം ഉണ്ടാകുന്നത്. അദ്ദേഹം ആദ്യം മാമ്പ്ര സീനായ് ആശ്രമത്തിൽ ആണ് വാസം ആരംഭിച്ചത്. 1958ൽ സഭാ സംയോജനം ഉണ്ടായതോടെ രണ്ടു ഭാഗങ്ങൾ ഒന്നായപ്പോൾ പൗലൂസ് മാർ സേവേറിയോസ് യോജിച്ച





കൊച്ചിയെ 3 കൊല്ലം നയിച്ചു. അദ്ദേഹം അകാലചരമം പ്രാപിച്ചപ്പോൾ (1962) തുമ്പമൺ ഭദ്രാസനത്തിന്റെ ദാനിയേൽ മാർ പീലക്സിനോസ് കൊച്ചിയുടെ ഭരണത്തിനായി നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പിൻഗാമിയായിട്ടാണ് 1966ൽ നമ്മുടെ സ്മര്യപുരുഷൻ കൊച്ചിയുടെ ഇടയശുശ്രൂഷയിൽ ചുമതലയേറ്റത്. ചുമതലയേറ്റ് അദ്ദേഹം എല്ലാ പള്ളികൾക്കുമായി അയച്ച പ്രഥമ പൊതു കല്പന ഇവിടെ പൂർണ്ണമായും ഉദ്ധരിക്കുകയാണ്. അദ്ദേഹത്തിന്റെ ഇടയ സങ്കല്പങ്ങൾ, കാഴ്ചപ്പാടുകൾ, പ്രവർത്തനപദ്ധതികളുടെ മുൻഗണനാക്രമം എന്നിവയെപ്പറ്റി വിശദമായി ആ ലേഖനത്തിൽ പരാമർശിച്ചിട്ടുണ്ട്.

നമ്പർ 1/66

**ദൈവകൃപയാൽ**

**കൊച്ചി ഭദ്രാസന ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽനിന്നും.**

(മുദ്ര)

പ്രിയരെ,

നിങ്ങളുടെ ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ ആദ്യമായി നിങ്ങളെ സംബോധന ചെയ്ത് ഇതെഴുതുന്നതിനിടയാക്കിയ കാരുണ്യവാനായ ദൈവത്തെ സ്തോത്രം ചെയ്യുന്നു വി. സഭയിൽ സമാധാനം സംജാതമായതിന് ശേഷം മേൽപ്പട്ടസ്ഥനത്തേക്കു നടന്ന തെരഞ്ഞെടുപ്പിൽ മലങ്കര അസോസിയേഷൻ നമ്മേയും തെരഞ്ഞെടുക്കുകയും പ. സുന്നഹദോസ് അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തതനുസരിച്ച് കഴിഞ്ഞ ഓഗസ്റ്റ് 28-ാം തിയ്യതി കോലഞ്ചേരി പള്ളിയിൽ വച്ച് മോറാൻ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ പൗരസ്ത്യ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പ. സുന്നഹദോസിന്റെ സഹകരണത്തിൽ നമ്മേയും സ്ഥാനാഭിഷേകം ചെയ്തു. സഭാ മാനേജിംഗ് കമ്മിറ്റിയുടെ ആലോചന പ്രകാരം പ. സുന്നഹദോസ് കൊച്ചി ഭദ്രാസനത്തിലേക്കു നമ്മെ നിർദ്ദേശിക്കുകയും പ. കാതോലിക്കാ ബാവാ തിരുമേനി അപ്രകാരം നമ്മെ നിയമിച്ച് 1966 സെപ്തം: 24-ാം തിയ്യതി 385-ാം നമ്പർ ആയി കല്പന പുറപ്പെടുവിക്കുകയും ചെയ്തതനുസരിച്ച് ഈ ഭദ്രാസനത്തിന്റെ ശുശ്രൂഷ നിർവ്വഹിക്കുവാനുള്ള ചുമതല നമ്മിൽ നിക്ഷിപ്തമായി. തദനന്തരം കഴിഞ്ഞ ഒക്ടോബർ 21-ാം തിയ്യതി ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽവെച്ച് ഭദ്രാസനാഭിമുഖ്യത്തിൽ നിങ്ങൾ എത്രയും സമുചിതമായി നമുക്കു നൽകിയ സ്വീകരണത്തിൽ നാം സിംഹാസനപ്രതിഷ്ഠിതനാകുകയും ഭദ്രാസന ശുശ്രൂഷ കൈയ്യേൽക്കുകയും ചെയ്തു. പ്രഗത്ഭരും പ്രശസ്തരുമായ നമ്മുടെ മുൻഗാമികളെയും അവരുടെ സേവന വൈപുല്യത്തെയും ഈയവസരത്തിൽ നാം അനുസ്മരിക്കുന്നു. പ്രത്യേകിച്ചും ഭാഗ്യസ്മരണാർഹനായ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ നിരന്തര അധ്വാനങ്ങളുടെ ഫലമായി ഈ ഭദ്രാസനത്തിന് കൈവന്നിട്ടുള്ള നേട്ടങ്ങളെ വിസ്മയഭരിതനായി വീക്ഷിപ്പാൻ മാത്രമേ നമുക്കു കഴിയുന്നുള്ളൂ. പുണ്യശ്ലോകനായ തിരുമേനി സമാരംഭിച്ച പ്രസ്ഥാനങ്ങൾ അദ്ദേഹത്തിന്റെ വിയോഗാനന്തരം ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയും പിന്നീട് പ. കാതോലിക്കാ ബാവാ തിരുമേനിയും സമർത്ഥമായി കൈകാര്യം ചെയ്തുപോന്നത് ഇപ്പോൾ ബലഹീനനായ നമ്മുടെ കൈകളിൽ എത്തിച്ചേർന്നിരിക്കയാണ്. ഇനിയും ചെയ്യേണ്ടിയ കാര്യങ്ങളെക്കുറിച്ച് ദൈവ

മുമ്പാകെ പ്രാർത്ഥനാപൂർവ്വം നാം ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇതിനിട
യിൽ നമ്മുടെ ഭദ്രാസന കൗൺസിൽ നാം വിളിച്ചുകൂട്ടുകയും പല കാര്യ
ങ്ങളും ആലോചിക്കുകയും ചെയ്തു.

കൊച്ചി ഭദ്രാസനത്തെയോ അതിലെ പള്ളികളെയോ പട്ടക്കാരെയോ
ജനങ്ങളെയോ അതിലുള്ള പ്രശ്നങ്ങളെയോ അടുത്തറിയുന്നതിന് ഇതിന്
മുമ്പ് അവസരം ലഭിച്ചിട്ടില്ലാത്തതുകൊണ്ട് ഇടവകയുടെ നടത്തിപ്പിൽ
യാതൊരുമുൻ നിർണ്ണയത്തിനും സാധ്യമല്ലാത്തതുമൂലം നിങ്ങളെല്ലാവ
രെയും നേരിട്ടറിയുവാൻ നാം ഏറ്റം ആഗ്രഹിക്കുന്നു. അടുത്തുതന്നെ
എല്ലാ പള്ളികളും ക്രമമായി സന്ദർശിക്കുവാൻ ഒരുങ്ങുകയാണ്.
സന്ദർശനത്തിന് നിങ്ങൾക്കു പ്രത്യേക അവസരങ്ങൾ ആവശ്യമെങ്കിൽ
വിവരം നമ്മെ അറിയിക്കാവുന്നതാകുന്നു. നിങ്ങൾ ഭദ്രാസന കേന്ദ്രവു
മായി എപ്പോഴും സമ്പർക്കത്തിലിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു.
സൗകര്യമുള്ളവർ കൊരട്ടിയിൽ നമ്മുടെ സെമിനാരിയിൽ വരുന്നതും
എത്രയും സന്തോഷപ്രദമാണ്.

ഈ അവസരത്തിൽ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ചില ചിന്തകൾ
കൂടെ നിങ്ങളെ അറിയിക്കട്ടെ. പ. പാത്രിയർക്കീസ് ബാവാ തിരുമേനി
യും, പ. കാതോലിക്കാ ബാവാ തിരുമേനിയും സഭയിലെ സമാധാനം
സുസ്ഥിരമാക്കിയെങ്കിലും നമ്മുടെ പല പള്ളികളിലും സമാധാനത്തിന്റെ
പൂർണ്ണമായ സൗഭാഗ്യം കളിയാടുന്നില്ലെന്നത് ഒരു ദുഃഖ സത്യമത്രേ. വ്യവ
ഹാരങ്ങളം മത്സരങ്ങളും നിസ്സഹകരണവും നമ്മുടെ ഇടയിൽ ഇനിയും
നടമാടുന്നത് ലജ്ജാകരമാണെന്ന് നിങ്ങൾ ഓർക്കണം. അന്ധകാരത്തിന്റെ
കാലത്തുണ്ടായിരുന്ന ദുരവസ്ഥ സമാധാന സൂര്യന്റെ വെളിച്ചത്തിൽ
തിരോഭവിക്കുക തന്നെ വേണം. പള്ളികൾ നമ്മുടെ ആരാധനയ്ക്കും കൂട്ടാ
യ്മക്കും ഉള്ളവയും ആത്മീക വർദ്ധനവിന് സഹായിക്കുന്നവയുമായ
കേന്ദ്രങ്ങളാണ്. അവിടെ സമർപ്പിതമാകുന്ന ധനം ദൈവനാമ മഹത്വത്തിന്
ഉപയുക്തമാകാതെ മറ്റു വിധത്തിൽ ദുരുപയോഗപ്പെടുന്നുണ്ടെങ്കിൽ ദൈവ
തിരുസന്നിധിയിൽ അതിന്റെ സമാധാനം ബോധിപ്പിക്കേണ്ടി വരുമെന്ന്
നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നമുക്ക് അനേകം പള്ളി
കൾ ഉണ്ടാകേണ്ടിയിരിക്കുന്നു. വ്യവസായ പ്രധാനമായ കേന്ദ്രങ്ങളിലും
പുതിയ കുടിയേറ്റസ്ഥലങ്ങളിലും നമുക്കു പള്ളികളും വിദ്യാഭ്യാസ പ്രധാന
മായ സ്ഥലങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾക്കു ഹോസ്റ്റലുകളും ഉണ്ടാ
വേണ്ടത് നമ്മടെ സഭയുടെ നിലനില്പിന് ആവശ്യമത്രേ. പഴയ പള്ളി
കളും സമൃദ്ധിയേറിയ പള്ളികളും ഇക്കാര്യത്തിൽ ശ്രമിക്കേണ്ടിയിരിക്കു
ന്നു. പള്ളികൾക്കു ക്രമമായ ഭരണവും ശരിയായ കണക്കുകളും ഓഡിറ്റു
കളും ആവശ്യമാണ്. ബഡ്ജറ്റും തെരട്ടും തയ്യാറാക്കുകയും ജീവകാരു
ണ്യപ്രവർത്തനങ്ങൾക്കും സുവിശേഷഘോഷണങ്ങൾക്കും മറ്റ് അധ്യാത്മ
പ്രവർത്തനങ്ങൾക്കും അവയിൽ ഗണ്യമായ സ്ഥാനം നൽകുകയും ചെയ്യു
ന്നതിൽ വൈദികരും ഭരണസമിതികളും പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യ
ണം. ഇതുപോലുള്ള സംഗതികൾക്കായി ഭദ്രാസന പൊതുയോഗം, ഭദ്രാ
സന കൗൺസിൽ എന്നിവയുടെ യോഗങ്ങൾ ഇടയ്ക്കിടെ കൂടണമെന്ന്
നാം ആഗ്രഹിക്കുന്നു. പള്ളികളിൽ ഇപ്പോഴുള്ളതും മേലാൽ ഉണ്ടാകാ
വുന്നവയുമായ ഭിന്നതകൾ വ്യവഹാരം കൂടാതെ പറഞ്ഞവസാനിപ്പിക്കു
ന്നതിന് ആലോചിക്കുന്നതിൽ നമ്മെ സഹായിപ്പാനായി ഒരു അനുരഞ്ജ
നക്കമ്മറ്റിയോ സമിതിയോ തെരഞ്ഞെടുക്കപ്പെടണമെന്ന് നമുക്കാഗ്രഹ
മുണ്ട്.

വീണ്ടും നമ്മുടെ ഭദ്രാസനത്തിൽ സഭാ സേവനത്തിന് കൂടുതൽ





പേരെ ആവശ്യമായിരിക്കുന്നു. നല്ല പരിശീലനവും സേവന സന്നദ്ധതയും
കാര്യശേഷിയും ഉള്ള ഭക്തന്മാരായ വൈദികർ കൂടുതൽ ഉണ്ടാകേണ്ടി
യിരിക്കുന്നു. ഓരോ ഇടവകയിൽ നിന്നും സേവന തല്പരരായ യുവാ
ക്കന്മാരെ വൈദികസ്ഥാനത്തേക്കു തെരഞ്ഞെടുക്കണമെന്നും അവരുടെ
പരിശീലനത്തിന് ശേഷം വൈദിക ജോലിയിലേക്കു നിയമിക്കണമെന്നും
നാം ആഗ്രഹിക്കുന്നു. ഇപ്പോഴുള്ളവരും ഇനി ഉണ്ടാകുന്നവരുമായ നമ്മുടെ
വൈദികരുടെ സുസ്ഥിതിയെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. മാന്യ
മായ വേതനം ലഭിക്കാതെ ഒരു വൈദികന് സ്വകൃത്യങ്ങൽ ശരിയായി
നിർവ്വഹിപ്പാൻ സാധ്യമല്ല. അതുകൊണ്ട് വൈദികർക്കു ശരിയായ പ്രതി
ഫലം കൊടുക്കുവാൻ തക്ക പദ്ധതികൾ ഉടനടി ഉണ്ടാകുകയും പള്ളിക
ളിലെ വരുമാനങ്ങൾ ഏകീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് സംബ
ന്ധിച്ച് ഭദ്രാസനപ്പൊതുയോഗം കൂടി കാര്യമായി ചിന്തിക്കണമെന്നാണ്
നമ്മുടെ അഭിപ്രായം.

നമ്മുടെ പള്ളികൾ ആധ്യാത്മിക ചൈതന്യത്തിന്റെ ശക്തികേന്ദ്ര
ങ്ങളായിത്തീരുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സണ്ടേസ്ക്കൂളുകൾ,
യവജന സമാജങ്ങൾ, വനിതാ സമാജങ്ങൾ എന്നിവ ഇപ്പോഴുള്ളിടത്ത്
കൂടുതൽ ശക്തിപ്പെടുത്തുകയും ഇല്ലാത്തിടത്ത് ഉടനെ ആരംഭിക്കുകയും
ചെയ്യണമെന്നും ഇക്കാര്യങ്ങളിൽ നമ്മുടെ ബ: വൈദികരും ഭരണസമി
തികളും വേണ്ടത്ര ശ്രദ്ധിക്കണമെന്നും നാം താല്പര്യപ്പെടുന്നു. പള്ളിയും
പള്ളി ഉപകരണങ്ങളും പള്ളിപ്പരിസരങ്ങളും എത്രയും വൃത്തിയായും
ഭക്തിദ്യോതകമായും ഇരിക്കുന്നതിലും പള്ളിയിലെ ആരാധനകൾ മനോ
ഹരങ്ങളായിത്തീരുന്നതിന് ഗായകസംഘങ്ങളെയും ശുശ്രൂഷകന്മാരെയും
പരിശീലിപ്പിക്കുന്നതിലും അവർ ഉത്സാഹിച്ച് പ്രവർത്തിക്കണം. ഇനിയും
ഇതുപോലെ അനേകകാര്യങ്ങൾ പറവാനുണ്ട്. അവ യഥാവസരം
നിങ്ങളെ അറിയിക്കുന്നതുമാണ്. നിങ്ങൾ സഭയോടും ഭദ്രാസനത്തോടും
കൂറുള്ളവരും സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടവരും ആയിരിക്കണം. സഭ
യുടെയും പള്ളികളുടെയും പുരോഗതി നിങ്ങൾ ചിന്താവിഷയമാക്കുകയും
നിങ്ങളുടെ ചിന്താഫലങ്ങൾ നമ്മെ അറിയിക്കുകയും ചെയ്യണമെന്ന് നാം
താല്പര്യപ്പെടുന്നു.

വീണ്ടും പ്രിയരെ, നിങ്ങളുടെ ഇടയനും ഭരണകർത്താവുമെന്ന നില
യിൽ പ്രാർത്ഥനകളിൽ നമ്മെ സ്മരിക്കണമെന്നും നമ്മുടെ സേവനങ്ങൾ
നിങ്ങൾക്ക് എത്രയും സഹായകമായിത്തീരുവാനും ദൈവസന്നിധിയിൽ
ലജ്ജയില്ലാത്ത വേലക്കാരനായി നിൽക്കുവാനുമായി അപേക്ഷിക്കണ
മെന്നും നാം ഓർമ്മിപ്പിക്കുന്നു. പൂർവ്വപിതാക്കന്മാരോടുകൂടിയിരുന്നു
അവരെ നടത്തിയ ദൈവ തൃക്കൈ നമ്മെയും നടത്തട്ടെ. നമ്മുടെ ബല
ഹീന പ്രാർത്ഥനകളിലും കുർബ്ബാനകളിലും നിങ്ങളെല്ലാവരെയും പൊതു
വായി നാമും സ്മരിക്കുന്നതാണ്.

ദൈവമായ കർത്താവ് തന്റെ അദൃശ്യമായ വലത്തു തൃക്കൈ നീട്ടി
നിങ്ങളെയും നിങ്ങളുടെ കുടംബത്തെയും നിങ്ങളുടെ പ്രവർത്തനങ്ങ
ളെയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**1966 നവം. 8–ാം തിയ്യതി**
**കൊരട്ടി സീയോൻ സെമിനാരിയിൽ നിന്നും,** (ഒപ്പ്)

സ്മര്യപുരുഷന്റെ വിനയം, ദൈവാശ്രയം , ദൗത്യബോധം, വിശക
ലനപാടവം, സഭാദർശനം, വിശ്വാസനിഷ്ഠ, പ്ലാനിംഗ് തുടങ്ങി ഒട്ടേറെ
മുഖങ്ങൾ ഈ പ്രഥമ ഇടയലേഖനം പ്രതിഫലിപ്പിക്കുന്നുണ്ട്.

1958 ലെ യോജിപ്പിന് ശേഷം നടന്ന ഈ ആദ്യ മെത്രാൻ വാഴ്ച സഭയിൽ പല പ്രതികരണങ്ങളുണ്ടാക്കിയത് നാം കാണാതിരുന്നുകൂടാ. മെത്രാപ്പോലീത്താ സ്ഥാനാർത്ഥികളുടെ നിലവാരത്തെക്കുറിച്ച് സഭയിൽ ഉന്നതമായ ഒരവബോധം സഭയിൽ പരക്കെ ഉണ്ടായി എന്നതാണ് പ്രധാനപ്പെട്ട ഒരുകാര്യം. തെരഞ്ഞെടുക്കപ്പെട്ടവർ സെക്കുലർ തലത്തിലും സഭാവിഷയങ്ങളിലും ഉന്നത ബിരുദങ്ങൾ നേടിയവരായിരുന്നു. യൂണിവേഴ്സിറ്റി ബിരുദം നേടിയിട്ടില്ലാത്ത ഒരാൾ ഏറ്റവും കൂടുതൽ വോട്ടുകൾ നേടി വിജയിച്ചുവെങ്കിലും ആ സ്ഥാനാർത്ഥി മല്പാനെന്ന നിലയിൽ സഭയുടെ പ്രശംസ പിടിച്ചുപറ്റിയ സുറിയാനി പണ്ഡിതനായിരുന്നു.

രണ്ടാമത്തെ കാര്യം മലങ്കര അസോസിയേഷൻ എത്രതന്നെ ഉന്നതസ്ഥാനീയരെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്താലും എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരം ലഭിച്ചില്ലെങ്കിൽ ആ ആൾക്കു സ്ഥാനം കിട്ടുകയില്ല എന്ന തിരിച്ചറിവാണ്. ഫാ. പോൾ വർഗ്ഗീസ്, ഫാ. എം.വി. ജോർജ്ജ് എന്നീ അതിപ്രശസ്തർക്കുപോലും സുന്നഹദോസിന്റെ പച്ചക്കൊടി കിട്ടാത്തതുമൂലം മേല്പട്ടസ്ഥാനം ലഭിച്ചില്ല എന്നത് മലങ്കര അസോസിയേഷന്റെ നൈഷ്ഫല്യത്തെപ്പറ്റി ചിന്തിക്കുവാൻ അനേകരെ പ്രേരിപ്പിച്ചു. മറ്റൊരുകാര്യം പഴയ പാത്രിയർക്കീസ് ക്യാമ്പിലുണ്ടായ പരിഭ്രാന്തിയാണ്. ആ ഭാഗത്ത് നിന്ന് അനേകം പേർ മത്സരിച്ചുവെങ്കിലും ആരും തെരഞ്ഞെടുക്കപ്പെട്ടില്ല. വിദ്യാഭ്യാസ യോഗ്യത, ജീവിത സാക്ഷ്യം, സാർവ്വത്രിക ജനസമ്മതി എന്നീ കാര്യങ്ങളിലെ പിന്നോക്കാവസ്ഥമൂലമാണ് അവർക്ക് അംഗീകാരം കിട്ടാതെ പോയത് എന്ന് വരികിലും ഓർത്തഡോക്സ് പക്ഷക്കാരുടെ മൃഗീയ ഭൂരിപക്ഷമാണ് തങ്ങളുടെ തോൽവിക്ക് കാരണമെന്ന് അവർ വിശ്വസിക്കുകയും അവരവരുടെ തട്ടകങ്ങളിൽ അപ്രകാരം പ്രചരിപ്പിക്കുകയും ചെയ്തു. അവരിൽ ചിലർ മെത്രാന്മാരാവാൻ വേണ്ടി മാത്രം പിറന്നവരാണെന്ന് നിഷ്ക്കളങ്കമായി വിശ്വസിച്ചിരുന്നു. മെത്രാൻസ്ഥാനത്തേക്കു മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി യൂണിവേഴ്സിറ്റിയിലെ ഉന്നതബിരുദങ്ങൾ അനിവാര്യമായും അടിസ്ഥാനയോഗ്യതയായി മാറുന്നുഎന്ന് തിരിച്ചറിഞ്ഞ അവർ തങ്ങൾക്കൊരിക്കലും ഈ കാലാവസ്ഥയിൽ മേല്പട്ട സ്ഥാനം ലഭിക്കുകയില്ലെന്ന് മനസ്സിലാക്കി. ഏതെങ്കിലും തരത്തിൽ ജനങ്ങളുടെ മതിപ്പ് നേടി തെരഞ്ഞെടുപ്പിൽ വിജയിച്ചാലും സുന്നഹദോസ് അനുകൂലിച്ചില്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടാലും നിഷ്ഫലമാകാം എന്ന് അറിയത്തക്ക വിവേകവും അവരിൽ ചിലർക്കുണ്ടായിരുന്നു.

പാത്രിയർക്കാ വിഭാഗത്തിന് ഒരു ഭരണഘടനയില്ലാത്തതുമൂലം അന്നേവരെ മെത്രാൻ തെരഞ്ഞെടുപ്പ് ശൈലി ഇതല്ലായിരുന്നു. അതത് മെത്രാസനത്തിന് അതത് മെത്രാസനത്തിലെ ഒരംഗത്തെ തെരഞ്ഞെടുക്കുകയായിരുന്നു മിക്കവാറും ആ ഭാഗത്തെ പതിവ്. സഭയുടെ സാർവ്വത്രികമായ പങ്കാളിത്തം തെരഞ്ഞെടുപ്പിൽ ആവശ്യമില്ലാത്തതുകൊണ്ട് പ്രാദേശിക സമ്മതിയോ മറ്റോ മതിയായിരുന്നു മേല്പട്ടസ്ഥാനം പ്രാപിക്കുവാൻ. സഭാഭരണഘടന ബാധകമായതോടെ പലരുടെയും സ്വപ്നങ്ങൾ ഒരിക്കലും പൂവണിയുകയില്ലെന്ന് തീർച്ചയായി. എന്നാൽ നേതൃസ്ഥാനമോഹികൾക്കു മാത്രമേ ഈ ഇച്ഛാഭംഗം കാര്യമായ പ്രശ്നമായിത്തോന്നിയുള്ളൂ. നിലവാരമുള്ള മേല്പട്ടക്കാർ സഭയിലുണ്ടാകുന്നതിൽ ജനസാമാന്യം സന്തോഷിക്കുന്നതുകണ്ടപ്പോൾ നിരാശരായവർ നിരാശ പരസ്യമായി പ്രകടിപ്പിച്ചില്ല. എന്നാലും കൊച്ചിയിലും അങ്കമാലിയിലും ആദ്യമായി ഭദ്രാസനത്തിന് പുറത്തുള്ളവർ ഭദ്രാസനഭരണമേറ്റ





പ്പോൾ ആ ഭദ്രാസനത്തിലെ ഭൂരിപക്ഷത്തിന്നുണ്ടായ അപരിചിതത്വം മറച്ചുവച്ചിട്ടാവശ്യമില്ല. കോട്ടയത്തുകാരായ മെത്രാന്മാർ, തെക്കൻ മെത്രാച്ചൻ എന്ന് അങ്കമാലി–കൊച്ചി മെത്രാന്മാരെ അന്ന് അസംതൃപ്ത വിഭാഗങ്ങൾ രഹസ്യവൃത്തങ്ങളിൽ വിശേഷിപ്പിച്ചിരുന്നു.

മേൽപട്ട സ്ഥാനം സ്വീകരിച്ച് ഏറെ താമസിയാതെ റഷ്യ, റൂമേനിയ തുടങ്ങിയ കിഴക്കൻ ഓർത്തഡോക്സ് സഭകൾ സന്ദർശിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഇന്നത്തെ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് (അന്ന് ഫാ. എം.വി. ജോർജ്ജ്) തുടങ്ങിയവർ അംഗങ്ങളായ ഡലിഗേഷൻ സംഘത്തെ കഥാപുരുഷനാണ് നയിച്ചത്. ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളുടെ ആരാധനാനുഷ്ഠാനങ്ങൾ നേരിൽ കാണുവാനും അവയെ പൗരസ്ത്യ പാരമ്പര്യങ്ങളോട് താരതമ്യം ചെയ്തു അപഗ്രഥിക്കുവാനും അദ്ദേഹം ശ്രമിച്ചു. സുറിയാനി സഭയുടെ ആരാധനകളിൽ മർമ്മഗ്രാഹിയായിരുന്ന അദ്ദേഹത്തിന് ആരാധനകളെപ്പറ്റിയും അനുഷ്ഠാനങ്ങളെപ്പറ്റിയും ഒരാഗോളവീക്ഷണം രൂപപ്പെടുത്തുവാൻ ഈ സന്ദർശനം ഉതകി. ഇതാദ്യത്തെ വിദേശയാത്രയായിരുന്നു അദ്ദേഹത്തിന്. എൺപതുകളിൽ ഒരു അമേരിക്കൻ യാത്ര കൂടി അദ്ദേഹം നടത്തുകയുണ്ടായി. തന്റെ ശിഷ്യരിൽ ഒരാളായ ഡോ. മക്കാറിയോസ് മെത്രാച്ചന്റെയും ചില ബന്ധുമിത്രാദികളുടെയും നിർബ്ബന്ധപ്രകാരമായിരുന്നു ഈ യാത്ര.

കൊച്ചി ഭദ്രാസന ചുമതലയേറ്റ് അധികം വൈകാതെ സ്മര്യപുരുഷന് ഒരുകാര്യം വ്യക്തമായി. തന്റെ ഭാവനയിലുള്ള ഒരുസഭയുടെ ചിത്രമല്ല കൊച്ചിക്കുള്ളത്. അവിടെ നിരവധി പഴയ പള്ളികളുണ്ടെങ്കിലും അവയൊക്കെ സഭയുടെ പൊതുധാരയിൽനിന്ന് വ്യത്യസ്തമായി സ്വന്തം വ്യതിരിക്ത പാരമ്പര്യങ്ങളിൽ മുഖം ഒളിപ്പിക്കുവാൻ ശ്രമിക്കുന്നവരാണെന്ന് അദ്ദേഹത്തിന് തോന്നി. അവരിൽ പലർക്കും സ്വന്തം ഭരണഘടനകൾപോലും ഉണ്ടായിരുന്നു. അവ പലകാര്യങ്ങളിലും സഭാഭരണഘടനയ്ക്ക് വിരുദ്ധവും ആയിരുന്നു. സഭാഭരണഘടനയോട് വിധേയത്വം പുലർത്തിയിരുന്ന ഇടവകയിൽപോലും അവരുടെ താല്പര്യങ്ങൾ വരുമ്പോൾ ഭരണഘടനയ്ക്കെതിരെ സംഘടിക്കുന്ന വിധിവൈപരീത്യം അദ്ദേഹം നോക്കിക്കണ്ടു. ഭദ്രാസനത്തിൽ മുളന്തുരുത്തി, കരിങ്ങാച്ചിറ, ആരക്കുന്നം, കാഞ്ഞിരമറ്റം, അയ്യമ്പിള്ളി, ചെറായി, കുന്നംകുളം, പഴഞ്ഞി, ചേലക്കര തുടങ്ങിയ അതിശക്തമായ ഇടവകകളിൽ വൈദികരെ സ്ഥലം മാറ്റുന്ന പാരമ്പര്യം ഇല്ലായിരുന്നു. പൊതുശമ്പള പദ്ധതിയേക്കാൾ ശമ്പളവും വരുമാനവും അവർക്കു വിവിധ ഇനങ്ങളിൽ ലഭിച്ചിരുന്നതിനാൽ ഭദ്രാസനത്തിൽ നടപ്പാക്കാൻ പോകുന്ന ഏത് ശമ്പള പദ്ധതിയേക്കാളും അവർ ഭയപ്പെട്ടിരുന്നത് ഭരണഘടനയുടെ പിന്തുണയോടെ വരാനിരിക്കുന്ന സ്ഥലം മാറ്റമാണ്. ഭരണഘടന തങ്ങളുടെ സുരക്ഷിതത്വത്തിന് ഭീഷണിയാണെന്ന് അവർ കണ്ടു. എറണാകുളം, തൃശ്ശൂർ തുടങ്ങിയ ഇടവകകൾ വൈദികരുടെ സ്ഥലം മാറ്റം നടപ്പിൽ വരുത്തിയിരുന്നുവെങ്കിലും തങ്ങൾക്കഭിമതരായ വൈദികരെ തങ്ങൾ നിർദ്ദേശിക്കുന്നമുറയ്ക്ക് മെത്രാപ്പോലീത്താ നിയമിച്ചുകൊള്ളണമെന്ന പാരമ്പര്യമാണ് അടുത്തകാലം വരെ അവർ പുലർത്തിയിരുന്നത്. വരുമാനം ഏകീകരിക്കുന്ന കാര്യത്തിലും ഒരു പൊതുമാനദണ്ഡം സ്വീകരിക്കുവാൻ വലിയ ഇടവകകൾ ഒരുക്കമായിരുന്നില്ല. ഫലത്തിൽ അശക്തമായ കൊച്ചു ഇടവകകളുടെ ഭരണം മാത്രമേ കൊച്ചിയുടെ മെത്രാപ്പോലീത്തായ്ക്ക് നിർവ്വഹിക്കുവാനുണ്ടായിരുന്നുള്ളൂ.

എന്നിരുന്നാലും അദ്ദേഹം നിരന്തരമായ സന്ദർശനങ്ങളിലൂടെ ഇടവകളുടെ മനം കവരുക തന്നെ ചെയ്തു. ശാന്തശീലനും മിതഭാഷിയും സാത്വികനും ആരാധനാമർമ്മജ്ഞനും സുറിയാനി ഭാഷാപണ്ഡിതനുമായ അദ്ദേഹം കുറഞ്ഞ കാലത്തിനുള്ളിൽ ആരാധനാപാത്രമായി. ദശകങ്ങളായി പരിശീലിച്ചു പോന്ന ഇടവകപ്പാരമ്പര്യങ്ങളെ അദ്ദേഹം പെട്ടെന്ന് പിഴുതെറിയാൻ തുനിഞ്ഞില്ല. വൈദികരുടെ ഒരു പുതിയ നേതൃനിര സൃഷ്ടിച്ച് അവരിലൂടെ ഭദ്രാസനത്തെ ബോധവല്ക്കരിച്ച് ആവശ്യമായ പരിഷ്കാരം നൽകാമെന്ന് അദ്ദേഹം ചിന്തിച്ചു. വൈദികർ തുലോം കുറവായ കൊച്ചിയിൽ ഒരു സംഘം പുതിയ വൈദികർ രൂപപ്പെട്ടു വന്നത് അപ്രകാരമാണ്. ദാസ് കുരിയാക്കോസ്, റോയി വെട്ടിക്കാട്ടിൽ, തോമസ് പൊന്നാംകുഴി, മത്തായി മൂലങ്കുഴി, ജോസഫ് ചീരൻ, ഗീവർഗ്ഗീസ് കൊള്ളന്നൂർ, കെ.പി. ഐസക്, ജോസഫ് തോലത്ത്, ജോൺ ഉറുമ്പിൽ, കെ. കെ. കുരിയാക്കോസ്, കെ.എം. കുരിയാക്കോസ്, ജോർജ്ജ് ചീരൻ, മത്തായി പനക്കൽ, ജോസഫ് കാരമല, ജോർജ്ജ് മറ്റം, എ.ടി. യോഹന്നാൻ, കെ.പി. ജേക്കബ്, തോമസ് മ്യാലിൽ, സി.എസ്. തോമസ്, ജോൺ പുലിക്കോട്ടിൽ, കുരിയാക്കോസ് തണ്ണിക്കോട്ട്, സി.ടി. ജോസ്, എൻ.പി. കുരിയാക്കോസ്; കെ.ഐ. ഏലിയാസ് തുടങ്ങി ഇരുപത്തിഅഞ്ചിലധികം വൈദികരെ അദ്ദേഹം പ്രത്യേകം സ്വന്തം നിലയിൽ വൈദിക പരിശീലനം നൽകി ഭദ്രാസനത്തിൽ വൈദികുടെ ഒരു പുതിയ അണി ക്രമീകരിച്ചു. അതോടൊപ്പം സണ്ടെസ്ക്കൂൾ, യുവജനപ്രസ്ഥാനം, സ്ത്രീസമാജം എന്നീ ആത്മീയപ്രസ്ഥാനങ്ങൾക്ക് ഉത്സാഹികളായ പ്രവർത്തകരെ ഭദ്രാസനതലത്തിൽ നിയമിച്ചു. ഭദ്രാസനത്തെ അര ഡസനിലധികം മേഖലകളായി തിരിച്ച് ഗ്രൂപ്പ് ഓർഗനൈസർമാരെയും മറ്റും നിയോഗിച്ചു. മെത്രാപ്പോലീത്തായുടെ ചിന്തകളും ആഹ്വാനങ്ങളും പ്രചരിപ്പിക്കുവാൻ 'പഴയ സീയോൻ സന്ദേശം' മാസിക പുനർജീവിപ്പിച്ചു. വിവിധ ഇടവകകളിലെ വരുമാന ഏകീകരണത്തിനും വൈദികരുടെ ശമ്പള പരിഷ്കരണത്തിനും കമ്മീഷനുകൾ നിയമിക്കപ്പെടുകയും അവയുടെ റിപ്പോർട്ടുകൾ പ്രാവർത്തികമാക്കുകയും ചെയ്തു. വൈദികർക്ക് ലീവ് സാലറി, ചികിത്സാ സഹായം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. വൈദികരുടെ സ്ഥലം മാറ്റത്തെപ്പറ്റി ഉറക്കെചിന്തിക്കുന്ന ലേഖനങ്ങൾ 'സീയോൻ സന്ദേശം' മാസികയിൽ തുടരെത്തുടരെ പ്രത്യക്ഷപ്പെട്ടു. ദശകങ്ങളായി ഒരേ ഇടവകയുടെ സുഗന്ധവും ദുർഗന്ധവും മനസ്സോടം മനസ്സുകൂടാതെയും ആസ്വദിച്ചും അനുഭവിച്ചും പോന്ന വൻ ഇടവകകളിലെ വൈദികർക്കു തങ്ങളുടെ സുരക്ഷിത താവളങ്ങൾ നഷ്ടപ്പെട്ടേക്കുമെന്ന ഭയം ശക്തമായി. തങ്ങൾ കയ്യാളിയിരുന്ന ഭദ്രാസന ഭരണത്തിന്റെ പല തലങ്ങളിലും വൈദികരുടെ പുതിയ തലമുറ പ്രവർത്തനോത്സുകരായി വരുന്നത് അവരെ കൂടുതൽ പരിഭ്രാന്തരാക്കി.

ക്രമമായി പള്ളികൾ സന്ദർശിക്കുമെന്ന് പ്രഥമ ഇടയ ലേഖനത്തിൽ സൂചിപ്പിച്ചിരുന്നെങ്കിലും അത് കൃത്യമായി പാലിക്കുവാൻ കഥാപുരുഷന് കഴിഞ്ഞില്ല. അന്ന് മലങ്കര സഭയിലുണ്ടായിരുന്ന മേല്പട്ടക്കാർ പ്രായേണ വാർദ്ധക്യത്തിലെത്തിയിരുന്നു. ഔഗേൻ ബാവാ 82, മാത്യൂസ് മാർ അത്താനാസ്യോസ് 59, പാമ്പാടി മാർ ഗ്രീഗോറിയോസ് 81, പത്രോസ് മാർ ഒസ്താത്തിയോസ് 80, തോമ്മാ മാർ ദീവന്നാസ്യോസ് 79, മാത്യൂസ് മാർ ഈവാനിയോസ് 77, മാത്യൂസ് മാർ കുറിലോസ് 51, ദാനിയേൽ മാർ പീലക്സിനോസ് 56, പൗലൂസ് മാർ പീലക്സിനോസ് 55 എന്നിങ്ങനെയായിരുന്നു അവരുടെ അന്നത്തെ പ്രായം. ആ നിലയിൽ നോക്കുമ്പോൾ





46 കാരനായ സ്മര്യപുരുഷൻ താരതമ്യേന യുവാവായമെത്രാപ്പോലീത്താ ആയിരുന്നു. വൈദിക സെമിനാരിയിലെ മല്പാനെന്ന നിലയിൽ അദ്ദേഹത്തെ മലങ്കരസഭയിലെങ്ങുമുള്ള അദ്ദേഹത്തിന്റെ ശിഷ്യരായ വൈദികർ അവരവരുടെ പള്ളികളിലെ പരിപാടികൾക്കു നിരന്തരം ക്ഷണിക്കുമായിരുന്നു. നിവൃത്തിയുള്ളിടത്തോളം ആരെയും നിരാശരാക്കരുതെന്ന ജീവിതപ്രമാണമുള്ള മെത്രാപ്പോലീത്താ കഴിവുള്ളിടത്തോളം എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ ശ്രമിച്ചുപോന്നു.

വൈദിക സെമിനാരി, കർമ്മേൽ ദയറാ, പത്തനംതിട്ട, കോട്ടയം ഭദ്രാസനം എന്നീ കേന്ദ്രങ്ങളിൽ പട്ടംകൊടകൾക്കു സ്മര്യപുരുഷൻ സ്ഥിരമായി ക്ഷണിക്കപ്പെടുമായിരുന്നു. അതതു മെത്രാസനാദ്ധ്യക്ഷന്മാരുടെ രോഗാവസ്ഥയും മറ്റ് അസൗകര്യങ്ങളുമായിരുന്നു കാരണം. അക്കാലങ്ങളിൽ കൊച്ചി ഭദ്രാസനത്തിൽ മാത്രമല്ല കേരളത്തിലെങ്ങും നടന്നിട്ടുള്ള പള്ളി കൂദാശകളിൽ സ്മര്യപുരുഷന്റെ സാന്നിധ്യം ഉറപ്പാക്കുവാൻ അതത് ഭദ്രാസന മെത്രാപ്പോലീത്താമാർ ശ്രമിച്ചിരുന്നു. സന്നിഹിതനാകുന്ന സ്ഥലത്ത് അദ്ദേഹം ജൂനിയർ ആയാലും സീനിയർ ആയാലും ആരാധനകൾക്ക് നേതൃത്വം വഹിക്കുന്നത് അദ്ദേഹം തന്നെയായിരിക്കും. മലങ്കരസഭയിൽ ഈ സ്ഥാനം മുമ്പ് ലഭിച്ചിട്ടുള്ളത് പ. പരുമലപ്പിതാവിന് മാത്രമായിരുന്നു. അങ്കമാലി പള്ളിയിൽ പരേതനായ പാറയ്ക്കലച്ചന്റെ കന്തീലാ ശുശ്രൂഷയുടെ രംഗം അദ്ദേഹത്തെ അനുഗമിച്ച ഗ്രന്ഥകാരൻ ഓർക്കുന്നു. സ്മര്യപുരുഷനെക്കാൾ സീനിയർ ആയി പൗലൂസ് പീലക്സിനോസ്, ഡോ. മാർ തെയോഫിലോസ് എന്നീ പിതാക്കന്മാർ സന്നിഹിതരായിരുന്നവെങ്കിലും ആരാധനക്ക് നേതൃത്വം നൽകിയത് സ്മര്യപുരുഷനായിരുന്നു.

മാർത്തോമ്മാ ശ്ലീഹ ഒരു വൈദികൻ പോലുമായിരുന്നില്ലെന്ന് വ്യാഖ്യാനിക്കുന്ന യാക്കുബ് തൃതീയൻ ബാവായുടെ 203/70–ാം നമ്പർ കല്പനയെ തുടർന്ന് അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളിൽ പ്രതിസന്ധി ഉരുണ്ടുകൂടിയെങ്കിലും അക്ഷോഭ്യനായി കഥാപുരുഷൻ പുതിയ സാഹചര്യത്തെ നേരിട്ടു. തർക്കവിഷയങ്ങളുടെ നിജാവസ്ഥയെക്കുറിച്ച് അദ്ദേഹം വൈദിക യോഗങ്ങൾ വിളിച്ചുകൂട്ടി ക്ലാസ്സുകൾ നടത്തി. പട്ടക്കാർ വ്യക്തിപരമായി തന്റെ നിലപാടുകളെ അന്ധമായി പിൻതുടരുന്നതിനേക്കാൾ സത്യം അസത്യത്തിൽനിന്ന് വേർതിരിച്ചറിഞ്ഞു സത്യത്തെ പിന്തുണക്കുന്ന നിലപാടെടുക്കുകയാണ് അഭികാമ്യമെന്ന് അദ്ദേഹം കാര്യങ്ങൾ വ്യക്തമാക്കി. കൊരട്ടി, കുണ്ടുകാട്, കണ്ണാറ, വട്ടുള്ളി, വട്ടായി തുടങ്ങി ആവശ്യമായ സ്ഥലങ്ങളിലെല്ലാം വിശദീകരണയോഗങ്ങൾ സംഘടിപ്പിക്കുകയും പ്രഗത്ഭ പണ്ഡിതന്മാരെ പങ്കെടുപ്പിച്ച് തർക്കവിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുപ്പിക്കുകയും ചെയ്തു. ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡിഫൻസ് കമ്മറ്റികൾ ആദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപവത്കരിക്കപ്പെട്ടു.

എന്നാൽ വിശദീകരണയോഗങ്ങൾകൊണ്ട് ഉദ്ദേശിച്ചത്ര ഫലം ഉണ്ടായില്ല. ആളുകൾ അധികവും ഉറക്കം നടിക്കുന്നവരായിരുന്നു. അവരെ ഉണർത്തുക അസാധ്യം തന്നെയായിരുന്നു. ഒരു സമാന്തര ഭരണത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും അവർതൃപ്തരാകുമായിരുന്നില്ല. മെത്രാൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഏതാനും പേർ മെത്രാസനത്തിലുണ്ടായിരുന്നു. സ്ഥലം മാറ്റം ഭയപ്പെട്ട പല വൈദികർ ഭദ്രാസനത്തിലുണ്ടായിരുന്നു, സാമാന്യ വിദ്യാഭ്യാസം പോലുമില്ലാത്തതിന്റെ പേരിൽ വൈദിക

സ്ഥാനം നിഷേധിക്കപ്പെട്ട ചിലർ ഭദ്രാസനത്തിലുണ്ടായിരുന്നു, അച്ചട
ക്കരാഹിത്യത്തിന്റെ പേരിൽ ശാസിക്കപ്പെട്ട ചിലരുമുണ്ടായിരുന്നു. അവ
രൊക്കെ പാത്രിയർക്കാ ഭക്തിയുടെ പേരിൽ സംഘടിപ്പിക്കപ്പെട്ടു. ആ
പൊതുവികാരത്തിന്റെ മറവിൽ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാമെന്ന്
അവർ കരുതി. മലങ്കരസഭയിലെങ്ങും അത്തരം സാഹചര്യം രൂപപ്പെട്ടു
വന്നതുകൊണ്ട് അവർക്ക് നേതൃത്വവും മറ്റും ലഭിക്കുവാൻ പ്രയാസമു
ണ്ടായിരുന്നില്ല.

അക്കാലത്താണ് കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്താ
യുടെയും പിൻഗാമിയെ നിശ്ചയിക്കുവാൻ മലങ്കര അസോസിയേഷൻ കൂടി
യത്. പ്രമുഖമായും രണ്ടു സ്ഥാനാർത്ഥികളാണ് രംഗത്തുണ്ടായിരുന്നത്.
ഒന്ന് തുമ്പമൺ മെത്രാസനത്തിന്റെ ദാനിയേൽ മാർ പീലക്സിനോസ്
മെത്രാപ്പോലീത്താ. അദ്ദേഹം പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ
അസിസ്റ്റന്റ്, സുന്നഹദോസ് സെക്രട്ടറി, വിദ്യാർത്ഥി-യുവജനപ്രസ്ഥാന
ങ്ങളുടെ അധ്യക്ഷൻ എന്നീ നിലകളിൽ പ്രശസ്തനും കാതോലിക്കേറ്റിന്റെ
വിട്ടുവീഴ്ചയില്ലാത്ത വക്താവും ആയിരുന്നു. മറ്റൊരു സ്ഥാനാർത്ഥി
മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു.
അദ്ദേഹം ബാഹ്യകേരള മെത്രാസനാധ്യക്ഷനും വൈദിക സെമിനാരി
പ്രിൻസിപ്പലും ആയിരുന്നു. 1934 ലെ സഭാഭരണഘടനയിൽ 'പാത്രി
യർക്കീസ്' എന്ന് മാത്രം ബുദ്ധിപൂർവ്വം പ്രയോഗിച്ചിടത്തെല്ലാം അത്
'അന്ത്യോഖ്യാ പാത്രിയർക്കീസ്' ആണെന്ന് ഭേദഗതി ചെയ്തു ഭരണഘ
ടനയിൽ ചേർക്കാൻ നേതൃത്വം നൽകിയ അദ്ദേഹം തന്മൂലം സഭയിലെ
പാത്രിയർക്കാ അനുഭാവികളായ വടക്കൻ ഭദ്രാസനങ്ങളുടെ പിന്തുണ
തേടുകയായിരുന്നു. വൈകാരിക ഐക്യം സഭയിൽ സ്ഥാപിതമാകുന്ന
തിന് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ സഭാതലവ
നാകുന്നതാണ് അഭികാമ്യമെന്ന നിലപാട് അവർ എടുത്തതങ്ങനെയാ
ണ്. ഏതായാലും 1967 ലെ ഭരണഘടനാ ഭേദഗതിക്കുശേഷം പാത്രി
യർക്കീസ് ഭാഗത്തിന്റെ ശബ്ദവും ഭാവവും പരുഷമായിത്തുടങ്ങിയെന്ന്
നിപുണ ശ്രോതാക്കൾക്ക് മനസ്സിലാക്കുവാൻ പ്രയാസമില്ല.

എന്നാൽ സ്മര്യപുരുഷൻ കാലാതീതമായ പരിവർത്തനങ്ങൾ സഭ
യിലുണ്ടാകുവാനുള്ള ദാഹവുമായി മുന്നോട്ടുവന്നു. മാർഗ്ഗനിർദ്ദേശം
നൽകുവാനുള്ള കർത്തവ്യം സഭ നിറവേറ്റുന്നതിന്റെ ഭാഗമായി സഭയിലെ
മുഖ്യ പ്രസിദ്ധീകരണമായ 'മലങ്കര സഭാമാസിക' ശക്തിപ്പെടുത്തുന്നതിൽ
അദ്ദേഹം വ്യാപൃതനായി. 26-2-69 ൽ ചേർന്ന എപ്പിസ്കോപ്പൽ സുന്ന
ഹദോസ് സ്മര്യപുരുഷനെ ഇക്കാര്യത്തിൽ ചുമതലപ്പെടുത്തിയതായി
സുന്നഹദോസിന്റെ മിനിട്സിൽ കാണുന്നുണ്ട്. സഭയിലെ ശിഥിലീകര
ണപ്രവണതകൾക്കെതിരെയും സഭയിൽ ആരംഭിക്കേണ്ടുന്ന നവീകരണ
സംരംഭങ്ങൾക്കു ആഹ്വാനം നൽകിക്കൊണ്ടും അദ്ദേഹം അക്കാലത്ത്
സുന്നഹദോസിനെ പ്രതിനിധാനം ചെയ്തുകൊണ്ട് ഒട്ടേറെ ലേഖനങ്ങ
ളെഴുതി. ആദ്യത്തെ അഞ്ചാറു നൂറ്റാണ്ടുകളിലുണ്ടായ വേദവിപരീതങ്ങളെ
ചർവ്വിത ചർവ്വണം ചെയ്യുന്നതിന് പകരം ആനുകാലികമായി സഭ നേരി
ടുന്ന വിശ്വാസവിപരീതങ്ങളെ തുറന്നു കാട്ടുവാനും അവയോടുള്ള സഭ
യുടെ സമീപനം വ്യക്തമാക്കുവാനും അദ്ദേഹം സുന്നഹദോസിൽ നിര
ന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ
കേൾക്കുക:

"........... വേദവിപരീതങ്ങളോടു പ്രതിഷേധം കാണിക്കുവാൻ ഉള്ള





വൈമുഖ്യമാണ് ഇന്നത്തെ സഭയുടെ ദുർവിധി. പ്രസംഗകന്മാരും
കൺവെൻഷനുകളും ബൈബിൾ സ്റ്റഡിയും സെമിനാറും സണ്ടേ
സ്ക്കൂളും പ്രാർത്ഥനാ യോഗങ്ങളും എല്ലാം എല്ലാമുണ്ട്. മൂന്ന്, നാല്,
അഞ്ച് നൂറ്റാണ്ടുകളിലെ വേദവിപരീതങ്ങളുടെ കാര്യമല്ലാതെ ഇരുപതാം
നൂറ്റാണ്ടിലെ വേദവിപരീതങ്ങളെക്കുറിച്ചാർക്കും പറയാൻ ധൈര്യമില്ല.
മൃതിയടഞ്ഞ ചില വേദവിപരീതികളെ പ്രതിഷേധിക്കുന്നതല്ലാതെ
ആധുനിക കാലത്തെ വേദവിപരീതികളെ ചൂണ്ടിക്കാണിക്കുവാൻ കെല്പി
ല്ലാതെ വന്നിരിക്കുന്നു. അറിയോസ്, നെസ്തോർ, മക്കദോനിയോസ്, എവു
ത്തിക്കോസ്, ലേയോൻ മുതലായവരെ പ്രതിഷേധിക്കുന്ന ശബ്ദമല്ലാതെ
പിന്നീടുണ്ടായ വേദവിപരീതികളെക്കുറിച്ച് ആരും മിണ്ടാത്തത് പിന്നീട്
നാം വളർച്ച പ്രാപിച്ചിട്ടില്ലെന്നതിന്റെ ലക്ഷണമായി കണക്കാക്കരുതോ?
മശിഹായുടെ കന്യകാജനനം, ദൈവത്വം എന്നിവയെ തള്ളിപ്പറയുന്നവർ
ഇപ്പോഴില്ലേ? പൗരോഹിത്യം, കൈവെപ്പ്, കൂദാശകളുടെ ആവശ്യം എന്നി
വയെ നിരസിക്കുന്നവർ ഇപ്പോഴില്ലേ? വേദവിപരീതികളോട് പുതിയ സമീ
പനമാണ് വേണ്ടതെങ്കിൽ ആദിമ നൂറ്റാണ്ടുകളിലെ വേദവിപരീതികളോടും
പുതിയ സമീപനം എന്തുകൊണ്ട് പാടില്ല? ഇന്നയിന്ന ഉപദേശങ്ങൾ വേദ
വിപരീതമാണ്, ഇന്നയിന്ന കൂട്ടരോട് ഇന്നയിന്ന വിധത്തിലേ സഹകരി
ക്കാവൂ എന്നുള്ള മാർഗ്ഗനിർദ്ദേശം എന്നും ഉണ്ടായിക്കൊണ്ടിരിക്കേണ്ടതാ
ണ്....." സഭയ്ക്കു പുറമെയും അകമെയും ഉണ്ടായിക്കൊണ്ടിരിക്കുന്ന വേദ
വിപരീതങ്ങളോട് സന്ധിയില്ലാസമരം നടത്തുവാൻ മേല്പട്ടക്കാരും പട്ട
ക്കാരും അരമുറുക്കി രംഗത്തിറങ്ങേണ്ട ചുറ്റുപാടുകൾ ഉണ്ടായിക്കഴിഞ്ഞു"
(പ. പരുമല ബാവാ - സിൽവർ ജൂബിലി സുവനീർ, കുന്നംകുളം).

1970 മുതൽ 1983 വരെയുള്ള വർഷങ്ങളിലായി സഭയിൽ നിലവിലുള്ള
പല ആനുകാലിക വിഷയങ്ങളെക്കുറിച്ചും ചർച്ച നടത്തുകയും ഔദ്യോ
ഗിക നിലപാടുകളും മാർഗ്ഗനിർദ്ദേശങ്ങളും പ്രഖ്യാപിക്കുകയും ചെയ്യു
ന്നതിന് സുന്നഹദോസിൽ നിർണ്ണായക നേതൃത്വം നൽകിയിരുന്നത് കഥാ
പുരുഷനാണ്. സുന്നഹദോസ് സെഷനുകളിൽ ധ്യാനപ്രസംഗത്തിനും
സുന്നഹദോസ് പരിസമാപ്തിയിൽ വി. കുർബ്ബാനയ്ക്കും നേതൃത്വം
നൽകുവാൻ കഥാപുരുഷനാണ് സ്ഥിരമായി നിയോഗിക്കപ്പെട്ടിരുന്നത്.
മലങ്കരസഭയിലെ ആശ്രമങ്ങൾക്കും ദയറാകൾക്കും പൊതുനിയമാവലി
രൂപപ്പെടുത്തുവാൻ സുന്നഹദോസ് 1970 ൽ നിയോഗിച്ച കമ്മിറ്റിയുടെ
കൺവീനർ കഥാപുരുഷൻ ആയിരുന്നു. അക്കാലത്ത് ദയറാകളെപ്പറ്റി
അദ്ദേഹം നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്: "പ്രാർത്ഥനയും
ധ്യാനവും നടത്തുന്നതിന്നായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ
പോലും നിയമാനുസൃത പ്രാർത്ഥനകൾ ലംഘിക്കപ്പെടുകയും ധ്യാന
പ്രാർത്ഥനകൾ നടത്താതിരിക്കുകയും ചെയ്യുന്നുണ്ട്. രഹസ്യപ്രാർത്ഥന
കളും ധ്യാനങ്ങളും നടത്തുവാനുള്ള ആശ്രമങ്ങളിൽ തന്നെ അത് നട
ക്കുന്നില്ല....." (പരുമല ബാവാ). എഴുപതുകളിൽ അഖില മലങ്കര മർത്ത
മറിയം സമാജത്തിന്റെ പ്രസിഡന്റ് ആയും സുന്നഹദോസിന്റെ
സ്റ്റാൻഡിംഗ് കമ്മറ്റി അംഗമായും വർക്കിംഗ് കമ്മറ്റി അംഗമായും അദ്ദേഹം
പ്രവർത്തിച്ചിട്ടുണ്ട്. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ
സുന്നഹദോസ് യോഗങ്ങളിൽ പോകാറില്ലായിരുന്നുവെന്ന് ചില
പില്ക്കാല നിരീക്ഷകർ പരാമർശിച്ച് കേട്ടിട്ടുണ്ട്. ആ നിരീക്ഷണത്തിൽ
ഭാഗികസത്യം മാത്രമേയുള്ളൂ. ആദ്യകാലങ്ങളിൽ അദ്ദേഹം പതിവായി
സുന്നഹദോസ് യോഗങ്ങളിൽ പങ്കെടുക്കുമായിരുന്നു. പിന്നീട് പങ്കെടു
ക്കാതായപ്പോൾ അദ്ദേഹം പറഞ്ഞിരുന്ന കാരണം മാർ ഗീവർഗ്ഗീസ്

ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ വാക്കുകളിൽ കേൾക്കുക:
“......എന്തിന് സമയം പാഴാക്കുന്നു എന്ന ചിന്തയായിരുന്നു അദ്ദേഹത്തി
ന്.” ഒരു പ്രവാചക മനസ്സാക്ഷിയുടെ ഉടമ എന്ന നിലയിൽ അദ്ദേഹം
എപ്പോഴും തലമുറകൾക്കു മുമ്പിൽക്കടന്ന് ചിന്തിച്ചിരുന്ന ഭാവനാശാലി
യായിരുന്നു. അദ്ദേഹത്തെ ഉൾക്കൊള്ളുവാനോ ചിലപ്പോൾ മനസ്സിലാ
ക്കുവാൻ പോലുമോ സമകാല തലമുറയിലെ ഉന്നതർക്കും കഴിഞ്ഞിരു
ന്നില്ല. സുന്നഹദോസിലെ ആദ്യവർഷങ്ങളിലെ സജീവ നേതൃത്വത്തിന്
ശേഷം അദ്ദേഹത്തിലുണ്ടായ നിരാശ ഒരു സ്വകാര്യ സംഭാഷണത്തിൽ
പ്രതിഫലിക്കുന്നത് കാണുക:

“പണ്ടു കൊച്ചു നിക്കറും ഇട്ട് നടന്ന കാലത്ത്, അച്ചനായാൽ ഈ
സഭയിൽ വളരെയേറെ നല്ല കാര്യങ്ങൾ ചെയ്യാമെന്ന് വിചാരിച്ചില്ലേ?
ഇപ്പോൾ എന്തുപറ്റി? അടി ഏറ്റതല്ലേയുള്ളു. ഞാൻ അച്ചനായിരുന്നപ്പോൾ
ഓർത്തു, മെത്രാനായാൽവൻകാര്യങ്ങൾ ചെയ്യാമെന്ന്. പക്ഷെ, അകത്തു
വന്ന് കഴിഞ്ഞപ്പോൾ അറിഞ്ഞു കള്ളന്മാരുടെ ഗുഹയിൽ ആണ് വന്ന്
പറ്റിയിരിക്കുന്നതെന്ന്. എന്റെ അച്ചാ ഈ ചുവന്ന കുപ്പായത്തിനകത്ത്
ഇത്രയും വഞ്ചനയും കള്ളത്തരങ്ങളുമാണ് ഒളിപ്പിച്ചിരുന്നതെന്ന് ഞാൻ
അറിഞ്ഞിരുന്നെങ്കിൽ ‘ ഈ ചുവന്ന പടുതാ’ ഞാൻ വലിച്ചിടുകയില്ലായി
രുന്നു. വലിയ ബാവായെപ്പോലുള്ള വിശുദ്ധന്മാരുടെ പുറകേ ഇറങ്ങിത്തി
രിച്ചു ചെന്നു പറ്റിയത് മറ്റെവിടെയോ ആയിരുന്നു” (ദാർശ. ....കർമ്മയോഗി.
പു. 24).

ഔഗേൻ കാതോലിക്കായുടെ കാലത്തും മാത്യൂസ് പ്രഥമൻ ബാവാ
യുടെ ആദ്യകാലത്തും കഥാപുരുഷൻ സുന്നഹദോസിന്റെ പ്രതിപുരുഷൻ
എന്ന നിലയിൽ ആരാധനാസാഹിത്യം, സഭാപാരമ്പര്യങ്ങൾ, അനുഷ്ഠാ
നങ്ങൾ, അച്ചടക്കം എന്നീ മേഖലകളിൽ സർവ്വസമ്മതമായി പ്രവർത്തി
ച്ചിരുന്നു. അക്കാലത്തെ ലേഖനങ്ങളിൽ പ്രവാചക ശബ്ദം തന്നെയാണ്
നാം കേൾക്കുക. ഉദാഹരണങ്ങൾ വളരെയുണ്ടെങ്കിലും ചിലത് മാത്രം
ഉദ്ധരിക്കുന്നു: “നിരീശ്വരന്മാരോടും അവിശ്വാസികളോടും യാതൊരു
അനുരഞ്ജന മനോഭാവവും കാണിക്കാൻ പാടില്ല...... പള്ളി, തങ്ങൾ
പണം ചെലവു ചെയ്തുണ്ടാക്കിയതാണ്. പട്ടക്കാർക്ക് ശമ്പളമോ വരുമാ
നമോ കൊടുക്കുന്നത് ഞങ്ങളാണ്. തങ്ങൾ പള്ളിയിൽ കയറിയില്ലെങ്കിലും
കുർബ്ബാനകണ്ടില്ലെങ്കിലും തങ്ങളുടെ ആവശ്യം നടത്തിക്കിട്ടണം എന്ന
മനോഭാവമാണ് പലരും പ്രകടിപ്പിക്കുന്നത്.... വൈദികരുടെ ഇപ്പോഴത്തെ
പാരതന്ത്ര്യം നിലനില്ക്കുന്നിടത്തോളം കാലം നവോത്ഥാനമൊന്നും
ഉണ്ടാകാൻ പോകുന്നില്ല......” (നിരണം സുവനീർ 1981 മെയ്).
“നായ്ക്കൾക്കെറിയുന്ന ഉച്ഛിഷ്ടങ്ങൾപ്പോലെ നിയമലംഘകരിൽ നിന്ന്
പൊഴിയുന്ന ആദായങ്ങളെ മാത്രം നോക്കി അവരുടെ ആവശ്യങ്ങൾ നട
ത്തിക്കൊടുക്കുവാൻ തയാറാകുന്ന പള്ളിച്ചുതലക്കാർ ഉണ്ടെന്ന് അറിയു
ന്നത് എത്രയോ ലജ്ജാവഹം. അതിലും നല്ലത് പിച്ചച്ചട്ടിയുമെടുത്ത് വഴി
യരികിൽ ഇരിക്കുന്നതാണ്. തെറ്റ് തെറ്റാണ് എന്നും തെറ്റിൽനിന്ന് തിരി
യേണ്ടത് ഒരു ജീവന്മരണപ്രശ്നമാണെന്നും മനസ്സിലാക്കിക്കൊടുക്കാതെ
എങ്ങനെയാണ് ‘അതിക്രമക്കാരെ വഴികൾ പഠിപ്പിക്കുന്നത്?’ നിയമലം
ഘകന്മാരോടും ദുർവൃത്തന്മാരോടും കൂടെ പന്തിഭോജനം നടത്തുന്നതും
അവർക്കു സ്വാഗതമാശംസിക്കുന്നതും അവരുടെ അശുദ്ധമായ പണത്തി
നവേണ്ടി നിയമലംഘനം ചെയ്യുന്നതും കൂട്ടുനിൽക്കുന്നതും ആർക്കും
ഭൂഷണമല്ല, നീതിയുമല്ല....” (ദാർശ. പു. 18). “നാം ജീവിക്കുന്ന കാലയ
ളവ് ഏതാണെന്നും നമ്മുടെ ചുറ്റുപാടും സംഭവിക്കുന്നതെന്താണെന്നും





നാം മനസ്സിലാക്കിയേ മതിയാവൂ....... കാളവണ്ടിയുടെ യുഗത്തിൽനിന്ന് സ്ഫുട്നിക്ക് യുഗത്തിൽ ലോകം എത്തിക്കഴിഞ്ഞു. ആകാശഗോളങ്ങൾ നമ്മുടെ അയൽപക്കത്തായി. എന്നിട്ടും നമ്മുടെ ചുമതലകൾ നാം അറിഞ്ഞുപ്രവർത്തിക്കുവാൻ സമയം ആയില്ലെന്നോ? (ടി. പു. 20) ‘....... ക്രിസ്തീയ മൂല്യങ്ങൾ പാവപ്പെട്ടവർക്കു മാത്രമല്ല ഉൽക്കൃഷ്ട ചിന്തകർക്കും പണ്ഡിതന്മാർക്കും ധനവാന്മാർക്കും ബുദ്ധിജീവികൾക്കും ആവശ്യമാണ് എന്ന് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ട ഭാരിച്ച കർത്തവ്യം നമുക്കുണ്ട്....’ (ടി. പുറം 25). “..... മാർ ഒസ്താത്തിയോസ് തിരുമേനി ഒച്ചപ്പാടില്ലാത്ത ജീവിതത്താൽ മലങ്കരസഭയിൽ വിപ്ലവം സൃഷ്ടിച്ച ഇതിഹാസ പുരുഷൻ ആണ്. ആ വിപ്ലവം, തമ്പുരാക്കന്മാരും ഏമാന്മാരും ആയിരുന്നവരുടെ പള്ളികളിൽ, ക്രിസ്തുവിൽ സ്വതന്ത്രരായിത്തീർന്ന അടിയാർക്കു കൂടെ പ്രവേശനം കൊടുത്തതത്രേ. അയിത്തവും ഉച്ചനീചത്വവും കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലയളവിൽ കുലീനന്മാരുടെയും നാടുവാഴികളുടെയും തർജ്ജനങ്ങളെ ലേശം പോലും കൂസാതെ പള്ളി പ്രമാണികളുടെയും മേമ്പൂട്ടുകാരുടെയും ഹുങ്കാരത്തെ പുഞ്ചിരിയോടെ സ്വാഗതം ചെയ്തു സുറിയാനി സമുദായത്തിന്റെ ചരിത്രനദിയിൽ അണകെട്ടി അതിന്റെ ഗതിയെ വേറൊരു വഴിയായി തിരിച്ചുവിട്ടു” (ടി. പു. 27,28).

ഈ ഉദ്ധരണികൾ കഥാപുരുഷനിലെ പ്രവാചക ദർശനത്തെയും ശബ്ദത്തെയും അവഗണിക്കാനാവാത്തവിധം വെളിപ്പെടുത്തുന്നു. അന്തസ്സാരശൂന്യമായ സഭാനടപടികളെ തുറന്ന് കാട്ടുവാനും ഒരു ഗതിമാറ്റത്തിന്റെ അനിവാര്യത സഭയെ ബോധ്യപ്പെടുത്തുവാനും കഥാപുരുഷൻ തീവ്രമായി അധ്വാനിച്ചു. കാപട്യങ്ങളോടുള്ള സന്ധിയില്ലാസമരം മഹാപുരോഹിതസ്ഥാനത്തുവന്ന ശേഷവും അദ്ദേഹം തുടരുകതന്നെ ചെയ്യുന്നത് കാണുക.

“നല്ല കാര്യമെന്നും മാതൃകാപരമെന്നും പുറമെ നമുക്കു പറയാവുന്ന പല സംഗതികളും നടക്കുമ്പോൾ അകമേ മതരാഹിത്യവും കപടഭക്തിയും വിശ്വസവഞ്ചനയുമാണ് നടമാടുന്നത്. മനുഷ്യന്റെ വഞ്ചനയെയും കാപട്യത്തെയും തന്ത്രങ്ങളെയും മൂടുന്നതിന് കൈക്കൂലി കൊടുത്താൽ ദൈവത്തെ കൂട്ടുകാരനായി ലഭിക്കുമെന്ന് വിചാരിക്കുന്നതുതന്നെ മതത്തിന്റെ വലിയ അധഃപതനത്തെയല്ലയോ കാണിക്കുന്നത്. മതത്തെ തോലിപിക്കുകുയം ദൈവത്തെ അപമാനിക്കുകയും യേശുമശിഹാ ചെയ്തതെല്ലാം വ്യർത്ഥങ്ങളാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്ന വികൃതമായ ഏതോ ഊഹാപോഹങ്ങൾ മാത്രമാണ് ചലരെ പള്ളി ഭക്തന്മാരായും നേർച്ചകളുടെയും വഴിപാടുകളുടെയും കാര്യസ്ഥന്മാരായും രൂപംകൊടുത്തുകൊണ്ടിരിക്കുന്നത്..’ (ടി. പു. 39). “......... ഇരുമ്പുനാരായം വിഴുങ്ങിയിട്ടു ചുക്കുവെള്ളം അതിന്ന് പരിഹാരമായിക്കുടിക്കുന്നതുപോലെയാണ്, അനുതപിക്കാതെയും അനീതിയിൽനിന്നും അക്രമത്തിൽനിന്നും പിന്തിരിയാതെയും ഇരുന്നിട്ട് ദൈവത്തിനോ പുണ്യവാന്മാർക്കോ കുറെ നേർച്ചകാഴ്ചകൾ കൊടുത്തിട്ട് പിന്നെയും പഴയപടി മുന്നോട്ടുജീവിച്ചാൽ മതിയെന്ന് തെറ്റിദ്ധരിക്കുന്ന അബദ്ധജീവിതം.....’ (പു. 40). ഒരു മാമോദീസായോ കുമ്പസാരമോ ഇന്ന പള്ളിയിൽ കൊണ്ടുപോയി നടത്തിയാൽ കൂടുതൽ അനുഗ്രഹം ഏതോ കിട്ടുമെന്ന് വിചാരിക്കുന്നത് അബദ്ധമായ ധാരണയാണെന്നേ പറയാനുള്ളു (പു. 43).

തെറ്റുകൾ തെറ്റാണെന്ന് പറയാനുള്ള ചങ്കൂറ്റം – അതാണ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ പ്രവാചകനെന്ന നിലയിൽ അന

ന്യനാക്കുന്ന പ്രധാന ഘടകം. തെറ്റും ശരിയും വ്യവച്ഛേദിച്ച് പറയാൻ ചുമതലപ്പെട്ടവർ നിശ്ശബ്ദത പുലർത്തുന്ന ഒരു തലമുറയിൽ ഈ അഭിനവ യൂഹാനോൻ 'മരുഭൂമിയിലെ വഴി കാട്ടുന്ന പ്രവാചക ശബ്ദമായി തിരിച്ചറിയപ്പെടേണ്ടിയിരിക്കുന്നു. ആ ശബ്ദത്തിന്റെ ആധികാരികത ശ്രദ്ധിക്കുക.

'പള്ളിക്കുള്ളിലും മദ്ബഹായിലും ചിത്രങ്ങൾ വക്കണമെന്ന് നിർബ്ബന്ധമുണ്ടെങ്കിൽ കർത്താവിന്റെയും വി. മാതാവിന്റെയും വിശുദ്ധന്മാരുടെയും ചിത്രങ്ങൾ മാത്രമേ വക്കാവൂ. ഒരു സ്മാരക ഹാളോ മ്യൂസിയമോ പോലെ പള്ളിയെ കരുതുവാനോ മറ്റു ചിത്രങ്ങൾ വക്കുവാനോ പാടില്ല. ദിവംഗതരാകുന്ന മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും ചിത്രങ്ങൾ പള്ളിക്കുള്ളിൽ സ്ഥാനം പിടിച്ചുതുടങ്ങിയിരിക്കുന്ന ഒരു പതിവ് ചിലർ അവലംബിച്ചുകാണുന്നു. അത് പ്രോത്സാഹന ജനകമല്ല. ശരിയായ നടപടിയുമല്ല. പള്ളിയുടെ ബഹുമാനവും ഗൗരവവും കുറഞ്ഞുപോകുന്നതിന് കാരണമാവുകയും ചെയ്യും" (ടി. പു. 59).

കഥാപുരുഷന്റെ വീക്ഷണവും പാണ്ഡിത്യവും അനന്യതയും അറിയാമായിരുന്ന മലങ്കര സുന്നഹദോസ് അദ്ദേഹത്തെ വലിയൊരു ചരിത്രദൗത്യം ഭരമേല്പിച്ചു. സഭയിലെ ആരാധനാക്രമങ്ങൾ ഏകീകരിക്കുവാൻ ആവശ്യമായ നടപടിക്രമം വിശദമായും ആധികാരികമായും തയ്യാറാക്കുക എന്നതായിരുന്ന ആ ദൗത്യം. 1977 ൽ പ. മാത്യൂസ് പ്രഥമൻ കതോലിക്കായുടെ അധ്യക്ഷതയിൽ ചേർന്ന ജൂലായ് സിന്നഡ് ആണ് ഈ തീരുമാനം കൈക്കൊണ്ടത്. കഥാപുരുഷന് മാത്രം ചെയ്യാവുന്ന ഒരു മഹൽകൃത്യമെന്ന നിലയിലാണ് ഈ ദൗത്യം കഥാപുരുഷനെ പ. സുന്നഹദോസ് ഏല്പിച്ചത്. ഓർത്തഡോക്സ് സഭയുടെ ആരാധനാനുഷ്ഠാന പാരമ്പര്യത്തിന് വിലമതിക്കാനാവാത്ത ഒരു സംഭാവനയായിത്തീരും ആ ദൗത്യനിർവ്വഹണം എന്ന് അന്നാരെങ്കിലും ചിന്തിച്ചുവോ ആവോ!!

സഭയിലെ ആരാധനാനുഷ്ഠാനങ്ങൾക്കും ക്രിയകൾക്കും വ്യക്തമായ ഒരേകീകൃത സംവിധാനം പലരുടെയും സ്വപ്നമായിരുന്നുവെങ്കിലും ഇരുപതു നൂറ്റാണ്ടുകളായിട്ടും സാധിച്ചിരുന്നില്ല.

അനേകകാര്യങ്ങളിൽ വൈവിധ്യം പരിരക്ഷിക്കുന്ന ഒരു സഭയിൽ ഒരേകീകരണം സുസാധ്യമായിരുന്നില്ല. ഏകീകരണത്തെപ്പറ്റി ഏറ്റവും അധികം ഉള്ളിൽത്തട്ടിചിന്തിച്ച വ്യക്തി എന്ന നിലയിലാണ് സുന്നഹദോസ് ഈ ഭാരിച്ച ചുമതല കഥാപുരുഷനെ ഏല്പിച്ചത്. ആ ഗ്രന്ഥത്തിന്റെ വിജയകരമായ പൂർത്തീകരണത്തിന് കഥാപുരുഷൻ ചെയ്ത കഠിനാധ്വാനത്തെ തപസ്സ് എന്നാണ് വിശേഷിപ്പിക്കേണ്ടത്.

നേരത്തെ മല്പാനായിരുന്നപ്പോൾ മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയിരുന്ന വൈദിക വിദ്യാർത്ഥികളിലൂടെ സമാഹരിച്ച വിവിധ പ്രാദേശിക പാരമ്പര്യങ്ങളെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് സുറിയാനി സഭയുടെ ആധികാരിക ഗ്രന്ഥങ്ങൾ അദ്ദേഹം വീണ്ടും വിശദമായി പരിശോധിച്ചു. സൽഗായും മ്നാറസ് കുദിശായും ഹൂദായ കാനോനും ബർസ്ലീബി, മൂശെബർ കീപ്പ, മാർ അപ്രേം, മാർ ഈവാനിയോസ് (ക്രിസോസ്റ്റം) തുടങ്ങിയവരുടെ ആരാധനാ വ്യാഖ്യാനങ്ങളും പലവുരു വായിച്ചപഗ്രഥിച്ചു; അവയെ നിരന്തരം ധ്യാനിച്ചു. പൂർവ്വീക മല്പാന്മാർ സുറിയാനി കൈയ്യെഴുത്ത് ഗ്രന്ഥങ്ങളിലായി എഴുതിവച്ച കുറിപ്പുകളും നിർദ്ദേശങ്ങളും വ്യാഖ്യാനങ്ങളും സൂക്ഷ്മമായി പരിശോധിച്ചു. സമാന്തര സഭകളുടെ ആരാധനാ സംവിധാനവും അവയ്ക്കു നമ്മുടേതുമായുള്ള സാമ്യവ്യത്യാ





സങ്ങളും പഠനവിഷയമാക്കി. സ്വന്തം നിഗമനങ്ങളുടെയും കണ്ടെത്തലുകളുടെയും ആഴവും തിളക്കവും കുറ്റമറ്റതാക്കുവാൻ പ്രാമാണിക മല്പാന്മാരുമായി നിരന്തരം ആശയവിനിമയം നടത്തി. ചിലപ്പോൾ ചിന്താശീലരായ ശിഷ്യരോടും സഹമെത്രാന്മാരോടും വൈവിധ്യങ്ങളെ കുറിച്ച് ചർച്ച നടത്തി. പത്രോസ് മൂന്നാമൻ മുതൽ മലങ്കരയിൽ ഉപയോഗിച്ചുപോന്ന കൈയ്യെഴുത്തുക്രമങ്ങളെയും ശീമയിൽ ഉപയോഗത്തിലുള്ള ക്രമങ്ങളെയും അദ്ദേഹം താരതമ്യം ചെയ്തു. പരുമല പിതാവിന്റെയും വട്ടശ്ശേരിൽ മല്പാന്റെയും ശിഷ്യൻ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുമായുള്ള അടുത്ത സംസർഗ്ഗം, ആരാധനാസംബന്ധമായ കാര്യങ്ങളിൽ ആരോഗ്യകരമായ ഒരു കാഴ്ചപ്പാട് കഥാപുരുഷനിൽ സൃഷ്ടിച്ചിരുന്നു. ശീമയിലെ സുഗന്ധം മുഴുവൻ ഹൃദയത്തിലൊതുക്കിക്കൊണ്ടുവന്ന ഔഗേൻ ബാവായുടെ ശിഷ്യത്വം ഉചിതമായ ഒരു പശ്ചാത്തലവും ജിജ്ഞാസുവായ ആ മഹാപുരോഹിതന്റെ മനസ്സിൽ ഒരുക്കിയിരുന്നു.

തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം ഈ ഗ്രന്ഥനിർമ്മാണമായിരുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നാലുപതിറ്റാണ്ടുകാലത്തെ പഠനവും ഗവേഷണവും അക്ഷരങ്ങളിൽ പ്രത്യക്ഷപ്പെട്ടു. മലങ്കരയുടെ മഹാമല്പാന് മാത്രം കരഗതമാക്കാനാവുന്ന സൗഗന്ധികപുഷ്പം അദ്ദേഹം ആ രചനയിലൂടെ തലമുറകൾക്കായി സമ്മാനിച്ചു. പള്ളിയും ആരാധനയുമായി ബന്ധപ്പെട്ടു ഒരു സാധാരണ കപ്യാർ മുതൽ പാത്രിയർക്കീസ് വരെയുള്ള സ്ഥാനികൾ ചെയ്യേണ്ടുന്ന ലഘുവും ഗുരുവും ആയ അനുഷ്ഠാനക്രമങ്ങളെയും കർമ്മങ്ങളെയും മർമ്മവേധിയായ മല്പാൻ കരതലാമലകം പോലെ സൂക്ഷ്മാവലോകനത്തിന് വിഷയമാക്കി. അദ്ദേഹത്തിന്റെ ഭൗതിക സാന്നിദ്ധ്യം നമുക്കു നഷ്ടപ്പെട്ടുവെങ്കിലും ആത്മീയ സാന്നിധ്യം പരിമളം പ്രസരിപ്പിച്ചുകൊണ്ട് 'ശുശ്രൂഷാ സംവിധാനം' എന്ന ഗ്രന്ഥത്തിൽ നിറഞ്ഞുനില്ക്കുന്നു. മലങ്കരസഭയിലെ വൈദികർ – മേല്പട്ടക്കാരും പട്ടക്കാരും – സഹോദരീ സഭകളിലെ മേല്പട്ടക്കാരും പട്ടക്കാരും എന്നുവേണ്ട വിദേശസഭകളിലെ അധ്യക്ഷൻമാർ പോലും രഹസ്യമായും ഒട്ടൊക്കെ പരസ്യമായും 'ശുശ്രൂഷാ സംവിധാന'ത്തെ പ്രമാണ ഗ്രന്ഥമാക്കിയിരിക്കുന്നു. പട്ടക്കാരും മേല്പട്ടക്കാരും ശുശ്രൂഷക്കാരും അനുഷ്ഠിക്കുന്ന-കർമ്മങ്ങളുടെ ബാഹ്യക്രിയകൾ തൊട്ട് പ്രതീകാർത്ഥങ്ങൾ വരെ അസങ്കീർണ്ണമായ ലാളിത്യത്തോടെ മെത്രാപ്പോലീത്താ ഈ ഗ്രന്ഥത്തിൽ വരച്ചുകാട്ടിയിരിക്കുന്നു.

ആരാധനാപരിഷ്കരണമെന്ന് പറഞ്ഞു ഇന്ന് അനേകർ സ്ഥാനത്തും അസ്ഥാനത്തും ചൂണ്ടിക്കാട്ടുന്ന പല നിർദ്ദേശങ്ങളും ഈ പുസ്തകം ചർച്ച ചെയ്ത് സകാരണം ഉപേക്ഷിച്ചവയാണെന്ന് അനേകർക്കും അറിഞ്ഞുകൂടാ. മാർ സേവേറിയോസ് പിതാവിന്റെ തട്ടകത്ത് തങ്ങളും പ്രാമാണികളെന്ന് ഭാവിക്കുന്ന ചിലർ ''ശുശ്രൂഷാ സംവിധാന' ത്തിന് സമാന്തരമായി ലേഖനങ്ങൾ എഴുതിയിട്ടുള്ളതും അവ പുസ്തക രൂപത്തിൽ സമാഹരിക്കപ്പെട്ടിട്ടുള്ളതും ഓർമ്മയിൽ വരുന്നു!!

എന്നാൽ ഇത്ര അവധാനപൂർവ്വം യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിന്റെ അഭ്യർത്ഥനപ്രകാരം തയാറാക്കിയ ഈ ഗ്രന്ഥം പൂർത്തിയായപ്പോൾ പ. സുന്നഹദോസ് അതിനെ അലക്ഷ്യഭാവത്തിൽ അവഗണിച്ചുവോ എന്ന് തൽഗ്രന്ഥകർത്താവിന് തോന്നി. അക്കാലത്തെ സുന്നഹദോസ് മിനിട്സ് ഇതുസംബന്ധിച്ച് ചില സൂചനകൾ തരുന്നത് ശ്രദ്ധിക്കുക. "ആരാധനാ നടപടിക്രമം തയാറാക്കുന്നതിന് 1977 ജൂലായിൽ കൂടിയ പ. സുന്നഹദോസ് ചുമതലപ്പെടുത്തിയ യൂഹാ

നോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തയാറാക്കിയ നടപടി
ക്രമം പ. സുന്നഹദോസിൽ സമർപ്പിച്ചു. പ്രസ്തുത നടപടിക്രമം പരി
ശോധിച്ച് അവസാന രൂപം നൽകി പ. സുന്നഹദോസിൽ സമർ
പ്പിക്കുവാൻ അദ്ദേഹത്തിന് പുറമേ മാത്യൂസ് മാർ കൂറിലോസ്, ജോസഫ്
മാർ പാക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാരെയും കോനാട്ട്
ഏബ്രഹാം മല്പാൻ, കോരത് മല്പാൻ എന്നീ വൈദികരും ഉൾപ്പെട്ട
ഒരു കമ്മറ്റിയെ പ. സുന്നഹദോസ് നിയമിച്ചു. കമ്മറ്റിയുടെ കൺവീനർ
യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആയിരിക്കുന്ന
താണ്...." (21-2-78 മുതൽ 24-2-78 വരെ സോഫിയാ സെന്ററിൽ ചേർന്ന
സിന്നഡ് മിനിട്സ്.)

'ആരാധനാ നടപടിക്രമങ്ങൾ തയാറാക്കുന്നതിന് ചുമതലപ്പെടുത്തി
യിരുന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള
കമ്മറ്റിയുടെ റിപ്പോർട്ട് സ്റ്റാന്റിംഗ് കമ്മറ്റിയുടെ ആലോചനയ്ക്കു വിട്ടു"
(4-2-78 മുതൽ 8-2-78 വരെ സോഫിയായിൽ ചേർന്ന സുന്നഹദോസിന്റെ
മിനിട്സ്).

പരിശുദ്ധ സുന്നഹദോസിന്റെ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയി
ലേക്കു വിട്ട 'നടപടിക്രമ' ത്തെപ്പറ്റി പിന്നീടുള്ള സുന്നഹദോസിന്റെ നട
പടിക്രമങ്ങളിൽ യാതൊരു പരാമർശവും കാണുന്നില്ല. താൻ കഠിന തപ
സ്സനുഷ്ഠിച്ച് രചിച്ച ഒരു യത്നത്തെ കളിപ്പന്തുപോലെ തട്ടിക്കളഞ്ഞത്
അദ്ദേഹത്തെ വേദനിപ്പിച്ചു. 1980 ജൂലൈയിൽ കൂടിയ സുന്നഹദോസിൽ,
തന്നെ ഭദ്രാസന ഭരണത്തിൽനിന്ന് ഒഴിവാക്കുവാൻ കഥാപുരുഷൻ ആവ
ശ്യപ്പെട്ടതിന്റെ പിന്നിൽ ശാരീരികമായ രോഗത്തിന്റെ അവശകതകളോ
ടൊപ്പം ഈ മാനസിക വ്യഥയുടെ ഭാരവും ഉണ്ടായിരുന്നു. (പിന്നീട് ആ
പുസ്തകം വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ച
പ്പോൾ ഗ്രന്ഥകർത്താവിന്റെ പേരായി കഥാപുരുഷന്റെ പേർ ചേർക്കുന്ന
തിന് പകരം ഈ ഗ്രന്ഥനിർമ്മാണത്തിന് യൂഹാനോൻ മാർ സേവേറി
യോസ് മെത്രാപ്പോലീത്തായുടെ കുറിപ്പുകളോട് കടപ്പാടുണ്ട് എന്നാണ്
ആദ്യ പതിപ്പിൽ ചേർത്തിരുന്നത്). ഈ മാനസിക കാലാവസ്ഥകൾ ഒക്കെ
ചേർന്നാകാം സുന്നഹദോസിലെ പങ്കാളിത്തം ഒരു പാഴ്വേലയാണെന്ന
നിഗമനത്തിൽ അദ്ദേഹത്തെ എത്തിച്ചത്.

കൊച്ചി ഭദ്രാസനത്തിന്റെ ഭരണഭാരം കൈയ്യേറ്റപ്പോൾ ഭദ്രാസന
ത്തിന്റെ സാമ്പത്തിക ഭദ്രത നന്നേ പരുങ്ങലിൽ ആയിരുന്നു. അരമന
വക നിലങ്ങൾ പാട്ടമൊന്നും അളക്കാതെ പാട്ടക്കാർ കൈവശപ്പെടുത്തി
യിരുന്നു. മൂന്നു നാലു കൊല്ലത്തെ അനാഥാവസ്ഥ അരമനയെയും ഓഫീ
സിനെയും അക്ഷരാർത്ഥത്തിൽ അനാഥമാക്കിയിരുന്നു. അവ വീണ്ടും
പ്രർത്തനക്ഷമമാക്കുന്നതിന്ന് ആദ്യകാലത്ത് ഫാ. ജോസഫ് വെണ്ടറപ്പി
ള്ളിയും പില്ക്കാലങ്ങളിൽ ഫാ. കെ.സി. ജോസഫും വഹിച്ച പങ്ക് എടു
ത്തുപറയേണ്ടതാണ്. ഫാ. കെ.സി. ജോസഫ് ഭദ്രാസന സെക്രട്ടറി ആയി
രിക്കുമ്പോഴാണ് പള്ളികൾക്കും പ്രസ്ഥാനങ്ങൾക്കും പ്രത്യേകം ഫയലു
കൾ ഉണ്ടാക്കി ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തിയത്. ഓഫീസ് മുറി
യോട്ടു ചേർന്ന് ഭദ്രാസന സെക്രട്ടറിയുടെ മുറി സജ്ജീകരിച്ചതും കൊച്ചി
ഭദ്രാസന ഡയറക്ടറി പ്രസിദ്ധീകരിച്ചതും ശമ്പള പദ്ധതിയുടെ ഭാഗമായി
എല്ലാ വൈദികർക്കും സർവ്വീസ് ബുക്ക് വിതരണം ചെയ്തതും ഇക്കാ
ലത്തെ ഭരണപരമായ പരിഷ്കാരങ്ങളായിരുന്നു. കഥാപുരുഷന്റെ ശ്രമ
ഫലമായി വിസ്തൃതമായ അരമനപുരയിടം സുന്ദരമായ ഒരു തെങ്ങിൻതോ





പ്പായി മാറിയതും ഇക്കാലത്താണ്. ഭദ്രാസനം സാമ്പത്തികമായി ശോഷി
ച്ചപ്പോഴൊക്കെ കൈമുത്തുകണക്കിൽ ലഭിച്ച പണം ചെലവഴിക്കുവാൻ
മെത്രാപ്പോലീത്താ തയാറായിരുന്നു. തറവാട്ടിലെ സ്വത്ത് ഭാഗം വച്ചപ്പോൾ
തന്റെ ഭാഗം വ്യവസ്ഥയൊന്നും കൂടാതെ സഹോദരന് നല്കിയ കഥാ
പുരുഷൻ സമ്പത്തിന്റെ അടിമയായിരുന്നില്ല. എന്നാലും പണം അശ്രദ്ധ
മായി ചെലവിടുന്നതിനെ അദ്ദേഹം അനുകൂലിക്കുമായിരുന്നില്ല. പണം
സ്വരൂപിച്ച് പൊതുസ്ഥാപനങ്ങൾ ആരംഭിക്കുവാനും പ്രസിദ്ധീകരണം
സജീവമാക്കുവാനും അദ്ദേഹം മനസ്സിൽ പരിപാടികൾ ആസൂത്രണം
ചെയ്തിരുന്നു.

എന്നാൽ '72 ന് ശേഷം സഭയിലുണ്ടായ കക്ഷി മത്സരങ്ങൾ അദ്ദേ
ഹത്തിന്റെ എല്ലാ കണക്കുകൂട്ടലുകളെയും കീഴ്മേൽ മറിച്ചു. കൊച്ചി ഭദ്രാ
സനത്തിൽ കുന്നംകുളം, പഴഞ്ഞി പ്രദേശത്തുള്ള പള്ളികളും തൃശ്ശൂർ,
എറണാകുളം പള്ളികളും മാത്രമേ '58ന് മുമ്പ് കാതോലിക്കാ ഭാഗത്താ
യിരുന്നുള്ളൂ. കുടിയേറ്റ കോളനികളിലുണ്ടായ പില്ക്കാല ഇടവകകൾ
ബഹുഭൂരിഭാഗവും പാത്രിയർക്കീസ് ഭാഗത്ത് നിലയുറപ്പിച്ചവയായിരുന്നു.
മാത്രമല്ല അവർ പാത്രിയർക്കീസ് അനുഭാവികളുമായിരുന്നു. തന്മൂലം എഴു
പതുകളിൽ കക്ഷിവഴക്കുകൾ പുനരാരംഭിച്ചപ്പോൾ കുന്നംകുളം-പഴഞ്ഞി
പ്രദേശത്തെ പള്ളികളും തൃശ്ശൂർ-എറണാകുളം പള്ളികളും ഒഴിച്ചുള്ള
മറ്റു പള്ളികൾ മെത്രാസനത്തിന് പൂർണ്ണമായും നഷ്ടപ്പെടുമായിരുന്നു.
അങ്കമാലിയിലും കണ്ടനാട്ടും അതാണ് സംഭവിച്ചത്. എന്നാൽ കൊച്ചി
യിൽ അങ്ങനെ സംഭവിച്ചില്ല. പഴയ പാത്രിയർക്കീസ് കോട്ടകളിലെല്ലാം
വിള്ളലുകളുണ്ടായി. കഥാപുരുഷനെയും തദ്വാരാ കാതോലിക്കായെയും
അനുകൂലിച്ച ഒരു വിഭാഗം എല്ലാ ഇടവകകളിലും രൂപപ്പെട്ടു. പെങ്ങാമു
ക്ക്, ചേലക്കര, വട്ടുള്ളി, എളനാട്, വട്ടായി, മണലിത്തറ, കട്ടിളപൂവ്വം, ചുവ
ന്നമണ്ണ്, കണ്ണാറ, ചവറാംപാടം, വാണിയമ്പാറ, തേനിടുക്ക്, കരിപ്പാക്കു
ന്ന്, പൂളാക്കൽ തുടങ്ങി ഒട്ടുവളരെ പള്ളികളിൽ കാതോലിക്കാ വിഭാഗ
ത്തിന് അനുയായികളുണ്ടായി. കഥാപുരുഷന്റെ വ്യക്തിപ്രഭാവവും കറ
കളഞ്ഞ പ്രാർത്ഥനാജീവിതവും ശിഷ്യരായ വൈദികരിലൂടെ ഇടവകക
ളിലേക്ക് പ്രസരിച്ചതായിരുന്നു കാരണം. വൈദിക സെമിനാരിയിലെ
നിർദ്ദിഷ്ട യോഗ്യത നേടാനവസരം ലഭിക്കാത്ത ഏതാനും പേരെ കഥാ
പുരുഷൻ വ്യക്തിഗതമായ പരിശീലനം നൽകി വൈദികസ്ഥാനത്ത് അവ
രോധിച്ചത് വലിയ 'സഭാദ്രോഹ' മായി എന്ന് പലപ്പോഴായി ചില 'സഭാ
സ്നേഹികൾ' സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം പരിശീലിപ്പിച്ച ഈ
വൈദികരുടെ ത്യാഗനിർഭരമായ സേവനമാണ് കൊച്ചി ഭദ്രാസനത്തിൽ
ഓർത്തഡോക്സ് സഭയുടെ സാധുവായ നിലപാടുകൾക്ക് വേരോട്ടം
സാധ്യമാക്കിയത് എന്നത് അനിഷേധ്യമായ വസ്തുതയാണ്. വധഭീഷ
ണിയെ നേരിട്ടും ശാരീരിക മർദ്ദനം സഹിച്ചും ക്രൂരമായ ഒറ്റപ്പെടുത്ത
ലിന് വിധേയരായും വർഷങ്ങളോളം കൃത്യമായ ശമ്പളത്തിന്റെ പരിര
ക്ഷണം വേദനയോടെ നഷ്ടപ്പെടുത്തിയും കോടതിയുടെ വരാന്തകളിൽ
അലഞ്ഞും വക്കീലന്മാരുടെ വരാന്തകളിലും പോലീസ് സ്റ്റേഷനുകളുടെ
തിണ്ണകളിലും വില്ലേജ് ഓഫീസുകളുടെയും ആർ.ഡി.ഒ. മാരുടെയും വീട്ടു
പടിക്കലും നിരന്തരം കയറി ഇറങ്ങേണ്ടി വന്ന കുറെ വൈദികർ കൊച്ചി
ഭദ്രാസനത്തിലെന്ന പോലെ മറ്റെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന്
സംശയമാണ്. പിന്നീട് ഭദ്രാസനം വിഭജിക്കപ്പെട്ടപ്പോൾ അവരിൽ പലരും
കുന്നംകുളം ഭദ്രാസനത്തിലായിപ്പോയി.

(ഒരു സ്വകാര്യ കത്തിൽ മെത്രാപ്പോലീത്താ എഴുതുന്നത് കാണുക:

"ഇന്ന് അനേകം ഇടവകകളിൽ കേസ് കൊടുമ്പിരിക്കൊണ്ടിരിക്കയാണ്.
നമ്മുടെ അനേകം പട്ടക്കാർക്ക് ശമ്പളമോ വരുമാനമോ കിട്ടുന്നില്ല. അവർ
സഞ്ചരിക്കുന്നതു തന്നെ ആപത്ശങ്കയോടു കൂടിയാണ്. വിധികൾ അനു
കൂലമായി ലഭിച്ചാലും പോലീസിനെ അനുകൂലമാക്കുവാൻ പണവും കണ്ടു
കാഴ്ചകളും വാരിക്കോരി കൊടുക്കാതെ ചിലേടത്ത് കുർബ്ബാന ചൊല്ലാൻ
പോലും സാധിക്കുന്നില്ല. ന്യൂനപക്ഷമുള്ള നമ്മുടെ ആളുകളെകൊണ്ട്
ഇത് എത്രനാൾ വഹിക്കുവാൻ സാധിക്കും എന്നുള്ളതാണ്
ഇന്നത്തെപ്രശ്നം. കേന്ദ്രപ്രവർത്തകർ ഇതൊന്നും മനസ്സിലാക്കുന്നില്ല.
മനസ്സിലാക്കിയാലും ആശ്വാസത്തിന്റേതായി ഒരു പ്രതികരണം അവി
ടെനിന്നെങ്ങും ഉണ്ടാവാൻ പോകുന്നില്ല. അവരവരുടെ മഹിമ, അധികാ
രം, ആദായം ഇതെല്ലാം കൂട്ടിക്കൂട്ടി വെക്കുന്നതിന്ന് ഈ വേഷവും
സ്ഥാനവും അനേകർക്ക് ഉപകരിക്കുന്നുണ്ട്. വടക്കൻ ഇടവകകളിലും മറ്റും
ഈ പ്രശ്നങ്ങൾ രൂക്ഷതരമായപ്പോൾ സഭയിൽനിന്നും ആധികാരികമായി
ഇതെല്ലാം കൈകാര്യം ചെയ്തുകൊള്ളുമല്ലോ എന്ന് പ്രതീക്ഷിച്ചു;
എങ്കിലും അതെല്ലാം അസ്ഥാനത്തായിരുന്നുവെന്ന് മനസ്സിലായി......."
(ദാർശനികനായ....... പു. 8,9).

1979 ലെ ഫെബ്രുവരിയിൽ കഥാപുരുഷൻ അയച്ച ഒരു സ്വകാര്യ
കത്തിന്റെ ഉള്ളടക്കം അദ്ദേഹം അക്കാലത്തനുഭവിച്ച വ്യഥകൾ അനാവ
രണം ചെയ്യുന്നത് കാണുക. 'ഞാൻ മിക്കവാറും എല്ലാ കാര്യങ്ങ
ളിൽനിന്നും കഴിഞ്ഞ ജൂൺ മുതൽ വിരമിച്ചിരിക്കുകയാണ്. അസിസ്റ്റന്റ്
തിരുമേനിയെ ആവശ്യപ്പെട്ടത് അത് കൊണ്ടാണ്'. 'ആർക്കും പ്രവർത്തി
ച്ചുകൂടാത്ത രാത്രി വരുന്നു' എന്ന് കർത്താവ് കല്പിച്ച പ്രകാരം, ഈ
സഭയിൽ ആരെക്കൊണ്ടും 'ഒന്നും പ്രവർത്തിപ്പിക്കുകയില്ല. താൻ തിന്നു
കയുമില്ല, മറ്റുള്ളവരെ തീറ്റിക്കുകയുമില്ല' എന്ന രീതിയാണ് സഭയിൽ
കാണുന്നത്. പരസ്പര ബഹുമാനവും സഹവർത്തിത്തത്തോടു കൂടിയുള്ള
പ്രവർത്തനവും ഉന്നതതലം മുതലുണ്ടാവാതെ ഇത് ശരിയാവുകയില്ല.
ദൈവം സഭയെ രക്ഷിക്കട്ടെ (പു. 12). മറ്റൊരുകത്തിൽ അദ്ദേഹത്തിലെ
വിമർശകൻ ശബ്ദിക്കുന്നതുകാണുക:

'ആരും അപ്രമാദിത്തം ഉള്ളവരല്ല. എങ്കിലും നീക്കാവുന്ന ക്രമക്കേ
ടുകൾ നീക്കേണ്ടത് സഭയുടെ ഇന്നത്തെ ആവശ്യമാണ്. നമ്മുടെ കാര്യ
ങ്ങൾ ഭംഗിയായി നടന്നിരുന്നുവെങ്കിൽ തൊഴിയൂർ മെത്രാൻ നമ്മോടു
കൂടി ചേരുമായിരുന്നു. അപ്പോസ്തോലികമായ കൈവെപ്പും ക്രമീകൃത
മായ ഭരണവും ഉള്ള ഒരു സഭയിൽ ഉൾപ്പെട്ടുനില്ക്കാനാണ് അദ്ദേഹം
ആഗ്രഹിച്ചത്. അതിന് നമ്മുടെ സഭ പര്യാപ്തമായി അദ്ദേഹം കണ്ടില്ല.
നമുക്കു കൈവെപ്പിന് കുറവില്ല. വ്യവസ്ഥാപിത ഭരണമില്ലാത്തതുകൊണ്ട്
കൈവെപ്പ് ഫലപ്രദമാക്കാൻ മാർഗ്ഗങ്ങളില്ല. പേരറിയാൻ പാടില്ലാത്ത
സാധുക്കൾ പ്രാർത്ഥനാശീലന്മാരായി ഈ സഭയിലുള്ളതുകൊണ്ട് ഇത്
നിലനില്ക്കുകയാണ്. ദൈവം സഭയെ അധ:പതനത്തിൽനിന്ന് രക്ഷിക്ക
ട്ടെ (പു. 13). മലങ്കരസഭ അത്ഭുതകരമായി വളർന്ന് കരുത്താർജ്ജിക്കു
ന്നുവെന്ന് വൈതാളികന്മാർ എല്ലാ ലോകസമ്മേളനങ്ങളിലും വൻകരക
ളിലും ചെന്ന് തമ്പേറടിക്കുമ്പോഴാണ് കേരളത്തിലെ ഈ പ്രവാചകൻ
പ്രവാചകോചിതമായി സത്യത്തെ നിർഭയം വിളംബരം ചെയ്തത് എന്നത്
വിസ്മരിച്ചുകൂടാ. സഭാ നേതൃത്വസ്ഥാനങ്ങൾ സഭാസ്നേഹികളായ ഈ
വൈദികരെ ആദരിക്കുവാനോ അംഗീകരിക്കുവാൻ പോലുമോ മനസ്സു
കാണിക്കാത്തതിന്റെ ഭാരം മാർ സേവേറിയോസ് പിതാവിന് അന്ത്യകാലം
വരെ ഉണ്ടായിരുന്നു. ഓരോ ഇടവകകളിലും മുളച്ചുപൊങ്ങിയ വ്യവഹാ





രങ്ങൾ കേന്ദ്രത്തിലുള്ള ലിറ്റിഗേഷൻ ചുമതലക്കാർ ശ്രദ്ധിക്കുമെന്ന
പ്രതീക്ഷ നിറവേറാതെ വന്നപ്പോൾ, നാളതുവരെ കൈമുതലായി അദ്ദേഹം
സൂക്ഷിച്ചുവന്ന ശേഖരം അക്കാര്യത്തിന് അദ്ദേഹം വിനിയോഗിച്ചു. കോട
തിച്ചെലവുകൾ, വക്കീൽ ഫീസുകൾ,വിവിധ വകുപ്പുകളിലേക്കുള്ള കൈമ
ടക്കുകളും കണ്ടുകാഴ്കളും എന്നിങ്ങനെ കണക്കിൽകൊള്ളിക്കാവുന്ന
വയും കൊള്ളിക്കാനാവാത്തവയുമായ ഒട്ടേറെ ചെലവുകൾക്കായി
കൊരട്ടി അരമനയിൽ ആവശ്യക്കാരുടെ എണ്ണം കൂടിക്കൊണ്ടേവന്നു. ഇതി
നിടയിലാണ് കൃത്യമായ ശമ്പളമൊന്നും ലഭിക്കാത്ത വൈദികരുടെ
ജീവിത യാതനകൾ. കാര്യം വിദഗ്ധമായി അവതരിപ്പിക്കേണ്ട സമിതിക
ളിലും സന്ദർഭങ്ങളിലും സമർത്ഥമായി അവതരിപ്പിച്ച് ധനസമാഹരണം
നടത്തുന്ന കലയിൽ ഒരിക്കലും പാടവം കാണിച്ചിട്ടില്ലാത്ത ആ പിതാവ്
തന്റെ ഭാവനയിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ച വൻധന
ശേഖരം ഈ വിപത്തിനെ നേരിടുവാൻ വിനിയോഗിച്ചു. (സഭയിൽ വന്ന്
ചേർന്ന വിഷമസന്ധിയെ സമർത്ഥമായി മുതലെടുത്ത് കലക്കവെള്ള
ത്തിൽ മീൻപിടിച്ചവരെയും പുര കത്തുമ്പോൾ കഴുക്കോൽ ഊരി കൈവ
ശപ്പെടുത്തിയവരെയും നമുക്കുകാണുവാൻ കഴിയും. പക്ഷെ, കഥാപുരു
ഷനെ സാമ്പത്തികമായും മറ്റും വഞ്ചിച്ചവർക്ക് പിൽക്കാലത്ത് സംഭവിച്ച
ദുര്യോഗങ്ങൾ അനേകരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരുകാര്യം അക്കാ
ലത്ത് തൃശ്ശൂർ മേഖലയിലെ ഡിഫൻസ് കമ്മറ്റി കൺവീനറായി
പ്രവർത്തിച്ച ഈ ഗ്രന്ഥകാരൻ ഓർക്കുന്നു. കണ്ണാറയിൽ അക്കാലത്ത്
താമസിച്ചിരുന്ന ഇടയക്കാട്ടിൽ ഇ.കെ. ജോൺ അച്ചൻ ആയിരുന്നു അക്കാ
ലത്തെ വട്ടായി പള്ളി വികാരി. അദ്ദേഹം തൃശ്ശൂർ മേഖലയിൽ പാത്രി
യർക്കാ കക്ഷിയെ കരുപ്പിടിപ്പിക്കുവാൻ അക്ഷീണ യത്നം ചെയ്ത ദേഹ
മായിരുന്നു. (കഥാപുരുഷനിൽനിന്ന് വ്യക്തിഗതവും സ്വാർത്ഥപരവും
ആയ ആനുകൂല്യങ്ങൾ ലഭിക്കാത്തതിന്റെ വ്യക്തിവിരോധമായിരുന്നു
അദ്ദേഹത്തിന്റെ നിലപാടിന്റെ പിന്നിലെ പ്രേരണയും പ്രചോദനവും.)
അദ്ദേഹത്തിന്റെ സ്വാധീനത്തിലായിരുന്ന ഇടവകക്കാരെ കാര്യങ്ങൾ
പറഞ്ഞു ഗ്രഹിപ്പിക്കുവാൻ ആ പ്രദേശത്ത് ഒരു വിശദീകരണയോഗം
സംഘടിപ്പിക്കുകയുണ്ടായി. വട്ടായി ഇടവക അതിർത്തിക്കടുത്ത് സ്ഥാപി
തമായിരുന്ന ഒരു തുറസ്സായ കുരിശിൻതറയിൽ നിന്ന് പ്രസംഗിക്കാനാ
യിരുന്നു തീരുമാനം. മെത്രാപ്പോലീത്തായും ആ മേഖലയിലെ വൈദി
കരും ജനങ്ങളും തൊട്ടടുത്ത പറമ്പായി പള്ളിയിൽ സമ്മേളിച്ച് കുരി
ശിൻ തറയിലേക്ക് യാത്രയായി. സ്ഥലത്തെത്തിയപ്പോൾ വട്ടായി ഇടവ
കയിലെ പ്രമാണിമാരായ ചില ചട്ടമ്പികൾ ആക്രമണസന്നദ്ധരായി. കുരി
ശിൻതറ കീഴ്പെടുത്തിയിരുന്നു. അവരുടെ കൈകളിൽ നീണ്ട വടികൾ
ഉണ്ടായിരുന്നു. കുരിശിൻതറയിലെത്തിയ കഥാപുരുഷൻ ഉൾപ്പെടെയു
ള്ളവരോട് ഒരാൾ തലക്കുമീതെ വടി ഉയർത്തിക്കൊണ്ട് ഭീഷണിപ്പെടുത്തി;
"ആരെങ്കിലും തറയിലേക്കു കാലെടുത്തുവച്ചാൽ........." ആരും കാലെടു
ത്തുവച്ചില്ല. സമീപത്തുള്ള വിശാലമായ നെൽപാടത്ത് കഥാപുരുഷന്റെ
നിർദ്ദേശപ്രകാരം വിശദീകരണ യോഗം നടന്നു. യോഗത്തിന്റെ ഫലമായി
അത്ഭുതങ്ങളൊന്നും സംഭവിച്ചില്ല. താൻ നിയമിച്ച വികാരിയച്ചൻ തന്നെ
സ്വീകരിച്ചില്ലെന്ന് മാത്രമല്ല ശാരീരികമായി ആക്രമിക്കുവാൻ റൗഡികളെ
ചട്ടംകെട്ടിയ സംഗതി അദ്ദേഹത്തെ അഗാധമായി വേദനിപ്പിച്ചു. നിറക
ണ്ണുകളോടെയാണ് അദ്ദേഹം അന്ന് പ്രസംഗിച്ചത്. ആ നിറകണ്ണുകളെ
ദൈവം നിഷ്ഫലമാക്കിയില്ല എന്ന് പിന്നീട് ആ അച്ചന് സംഭവിച്ച വിധി
വൈപരീത്യങ്ങളെ സ്വന്തം കണ്ണുകൊണ്ടു കാണുവാനും സ്വന്തം ചെവി
കൊണ്ടു കേൾക്കുവാനും കഴിഞ്ഞവർക്ക് സാക്ഷിക്കുവാൻ കഴിയും. വടി

ഓങ്ങിയ ആളിന്റെ കുടുംബം പിന്നീട് ആ ഇടവകയിൽ സമാധാനയത്നങ്ങളുടെ വക്താക്കളാകാൻ അവരുടെ ഹൃദയങ്ങളെ ദൈവം രൂപാന്തരപ്പെടുത്തി.

മൂന്നോ നാലോ വൈദികരെ കഥാപുരുഷൻ പ്രത്യേക ചുമതലകൾക്കായി ആദ്യം മുതലേ നിയോഗിക്കുമായിരുന്നു. ദീർഘനാളത്തെ പരിചയം കൊണ്ടു തന്നെ ഫലപ്രദമായി സഹായിക്കും എന്ന് ബോധ്യപ്പെട്ടവരെയാണ് അപ്രകാരം നിയോഗിച്ചുകണ്ടിട്ടുള്ളത്. സംഘാടക പാടവം ആവശ്യമായ വേദികളിൽ ഫാ. ജോസഫ് വെണ്ടറപ്പള്ളി, ഓഫീസ് സംബന്ധമായ ഭരണകാര്യങ്ങൾക്ക് ദീർഘകാലം ഭദ്രാസന സെക്രട്ടറിയായിരുന്ന ഫാ. കെ.സി. ജോസഫ് (പില്ക്കാലത്ത് കോറെപ്പിസ്കോപ്പാ), അരമനയുടെ മാനേജ്മെന്റ് കാര്യങ്ങൾക്ക് മാമ്പ്ര സ്വദേശിയായ ഫാ. കെ.കെ. കുരിയാക്കോസ്, വ്യക്തിഗതമായ പരിചരണങ്ങൾക്ക് ഫാ. സി.ടി. ജോസ്, മഹ്ബഹായിലെയും മറ്റും ആരാധനാപരമായ ശുശ്രൂഷകൾക്ക് ഈ ഗ്രന്ഥകാരൻ എന്നിങ്ങനെയുള്ള ഒരു ടീം ദീർഘകാലം അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

കഥാപുരുഷൻ കാൽനൂറ്റാണ്ടു കാലത്തിനിടയിൽ നടത്തിയ പട്ടംകൊട, പള്ളികൂദാശ തുടങ്ങിയ അപൂർവ്വ ശുശ്രൂഷകളിൽ മിക്കതിലും അർക്കദിയാക്കോൻ ആയി പങ്കെടുക്കുവാൻ ഈ ഗ്രന്ഥകാരന് അവസരം കിട്ടിയിട്ടുണ്ട്. പട്ടം കൊടയുടെ ശുശ്രൂഷയിൽ അദ്ദേഹം കാണിച്ചുപോന്ന ഒരുക്കങ്ങളും നിഷ്ഠകളും മറക്കാനാവാത്തതാണ്. ക്രൊയ്ത്തൊദ് റൂഹോ കാദീശോയുടെ ഭയങ്കര നിമിഷങ്ങളിലും സ്ഥാനാർത്ഥിയുടെ മേൽ കൈവെപ്പ് നടത്തുന്ന സമയങ്ങളിലും വിങ്ങിപ്പൊട്ടി കവിളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകുന്ന കഥാപുരുഷന്റെ മുഖം എങ്ങനെ മറക്കാനാണ്? തൈബൂസെദ് മോറാൻ യേശു മശീഹോ.....എന്ന് ആരംഭിക്കുന്ന പ്രഖ്യാപനവാക്യങ്ങൾ ആരംഭിച്ച് അത് സുറിയാനിയിൽ രേഖപ്പെടുത്തിയ കട്ടികൂടിയ കടലാസ് രഹസ്യങ്ങളുടെ ചുറ്റുമായി ആഘോഷിച്ച് തെക്കുഭാഗത്ത് അംശവടിയുമേന്തിനിൽക്കുന്ന അർക്കദിയാക്കോനെ ഏല്പിക്കുന്ന നിമിഷം കഥാപുരുഷന്റെ മുഖത്തെ തേജസ് ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർക്ക് അത് മറക്കുവാൻ സാധ്യമല്ലതന്നെ.

ശുശ്രൂഷകൾ അതിന്റെ പൂർണ്ണ നിഷ്ഠകളോടെ തികക്കണം എന്ന കാര്യത്തിൽ അദ്ദേഹത്തോളം നിർബ്ബന്ധം ആർക്കെങ്കിലും ഉണ്ടാകുമോ എന്ന് സംശയമാണ്. കുർബ്ബാനമേലും സ്ഥാനാർത്ഥിയുടെ മേലും പട്ടംകൊടയിൽ കൈ ആഘോഷത്തോടെ ആവസിപ്പിക്കുമ്പോൾ ആത്മവിസ്മൃതിയുടെ പദങ്ങളിലേക്കുയരാറുള്ള അദ്ദേഹം പലപ്പോഴും ക്രിയകളുടെ കൃത്യതയും സംഖ്യയും തികഞ്ഞുവോ എന്ന് അർക്കദിയാക്കോനായി നിൽക്കുന്ന ഈ എഴുത്തുകാരനോടു ആരായുമായിരുന്നു. (ഇതെഴുതുന്ന ആൾ ശുശ്രൂഷാസമയത്ത് ശ്രദ്ധാലുവാണോ എന്ന് പരീക്ഷിക്കുവാനും ആകാം ആ അന്വേഷണം.) ഒരു സംഭവം ഇപ്പോഴും ഓർമ്മിക്കുന്നു. ചെമ്പൂക്കാവ് പള്ളിയുടെ കൂദാശയാണ് രംഗം. അദ്ദേഹം അന്ന് മാങ്കോട് എസ്റ്റേറ്റിൽ ചികിത്സയിലിരിക്കേയാണ് ആ പള്ളിയുടെ രജതജൂബിലിയോടനുബന്ധിച്ച് ആ കൂദാശ നടന്നത്. മദ്ബഹായുടെ കിഴക്കേ ഭിത്തിയിൽ വി. മൂറോൻ കൊണ്ട് മുദ്രണം ചെയ്യുന്ന സമയത്ത് മുദ്രണവാക്യം അല്പമൊന്ന് പിശകി, ബശ്മോ ദാബോ എന്ന് അദ്ദേഹം ആരംഭിച്ചു. ഉടനെ 'ബാറെക് ഈ കാദേശ്' എന്ന് ഇതെഴുതുന്ന ആൾ ആത്മഗതമായി പറഞ്ഞു. ഉടനെ അദ്ദേഹം കാര്യം മനസ്സിലാക്കി തിരുത്തിച്ചൊല്ലി. മറ്റൊരു മെത്രാപ്പോലീത്തായും നിരവധി വൈദികരും ധ്യാനനിരത





രായിരിക്കുമ്പോൾ പോലും തെററ് തിരിച്ചറിയുവാനും തിരുത്തുവാനും ആരാധനാക്രമങ്ങളുടെ ചാരിത്ര്യം പരിരക്ഷിക്കുവാനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. ഒരു സംഭവം കൂടെ അനുസ്മരിച്ച് ഈ ഭാഗം വിടുകയാണ്.

കൊരട്ടി അരമനയാണ് രംഗം. അങ്കമാലി ഭദ്രാസനത്തിൽ അധ്യാപന വൃത്തി ചെയ്യുന്ന ഒരാൾ കശ്ശീശാപട്ടം ഏല്ക്കുന്നു. അങ്കമാലിയുടെ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രായാധിക്യംമൂലം ഹൈക്കലായിൽ തന്നെ ഇരിക്കുന്നു. നവാഭിഷിക്തനായ മാർ പൗലൂസ് മിലിത്തിയോസ് മെത്രാപ്പോലീത്തായും മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായും മദ്ബഹായിൽ സന്നിഹിതരാണ്. പട്ടംകൊടയുടെ ആദ്യ സ്ലൂസോ ഹൈക്കലായിൽനിന്ന് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ആരംഭിച്ചു. അതുകഴിഞ്ഞ് അദ്ദേഹം തന്നെ 51-ാം സങ്കീർത്തനം ആരംഭിച്ചു. സാധാരണ എല്ലാ ശുശ്രൂഷകളിലും സ്ളൂസോ കഴിഞ്ഞാൽ 51-ാം സങ്കീർത്തനമാണ് എന്നത് ശരിയാണെങ്കിലും പട്ടംകൊടയിൽ അങ്ങനെയല്ല. പ്രധാന കാർമ്മികനായി മദ്ബഹായിൽ നിൽക്കുന്ന കഥാപുരുഷൻ ഒരു നിമിഷം നിശ്ശബ്ദനായിനിന്നു. അപ്പോഴേക്കും 51-ാം മസുമൂറായുടെ രണ്ടു ഖണ്ഡിക കഴിഞ്ഞിരുന്നു. തെറ്റുതിരുത്തിക്കൊണ്ട് കഥാപുരുഷൻ ഉയർന്ന ശബ്ദത്തിൽ ആരംഭിച്ചു: "മൊറിയോ മാനൂനേബദ്....." അർക്കദിയാക്കോൻ ഉടനെ അതിന്റെ മലയാളം വിവർത്തനം നിർദ്ദേശാനുസരണം പാടി. കഥാപുരുഷൻ അങ്ങനെയാണ്. ആരാധനാക്രമത്തിൽ ഒരു ചെറിയ അപാകത പോലും സംഭവിക്കുന്നത് അദ്ദേഹത്തിന് സമ്മതമല്ലായിരുന്നു.

സെമിനാരിയിൽ മല്പാനായി സേവനം ആരംഭിച്ചതുമുതൽ മലങ്കര സഭയിൽ നടന്ന എല്ലാ മൂറോൻ കൂദാശകളിലും മേല്പട്ടസ്ഥാനാരോഹണങ്ങളിലും ഔപചാരികമായി പ്രധാന കാർമ്മികൻ അതതു കാലങ്ങളിലെ കാതോലിക്കാമാർ ആയിരുന്നുവെങ്കിലും അതിന്റെ അണിയറ പ്രവർത്തനങ്ങളിലെല്ലാം മുഖ്യ ഭാരവാഹിത്വം വഹിച്ചിരുന്നത് കഥാപുരുഷൻ ആയിരുന്നു. ഗീവർഗ്ഗീസ് ദ്വിതീയൻ, ഔഗേൻ പ്രഥമൻ, മാത്യൂസ് പ്രഥമൻ എന്നീ സഭാധ്യക്ഷന്മാരുടെ കാലത്ത് അണിയറ ഭാരവാഹിത്വം വഹിക്കുവാൻ മറ്റൊരു പേരും നിർദ്ദേശിക്കപ്പെട്ടിരുന്നില്ല. ആ ശുശ്രൂഷകൾ പൂർണ്ണമായും സംവിധാനം ചെയ്യുന്ന ചുമതല അദ്ദേഹത്തിന്റേതായിരുന്നു. നേരത്തെ സൂചിപ്പിച്ച വിധം മേല്പട്ട സ്ഥാനാർത്ഥികൾക്ക് തെരഞ്ഞെടുപ്പിന് ശേഷം ആവശ്യമായ പരിശീലനം നൽകിയിരുന്നതും അദ്ദേഹമായിരുന്നു. അദ്ദേഹത്തെ സംശയനിവാരണത്തിനായി നേരിട്ടും കത്തുമൂലവും സമീപിക്കാത്ത മേലധ്യക്ഷന്മാർ മലങ്കരസഭയിലുണ്ടായിരുന്നില്ല. വൈദിക സെമിനാരിലെ അഭ്യസനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടൊന്നിച്ച് ഏതാനും ചില മാസങ്ങളെങ്കിലും താമസിച്ച് പരിശീലനം പൂർണ്ണമാക്കുവാൻ ആഗ്രഹിച്ചിരുന്നു. തന്റെ ശിഷ്യത്വം ആഗ്രഹിക്കുന്നവർക്ക് അതൊരിക്കലും കഥാപുരുഷൻ നിരസിച്ചിട്ടില്ല. ശിഷ്യവാത്സല്യം പോലെ പ്രസ്താവ്യമായിരുന്നു അദ്ദേഹത്തിന്റെ ഗുരുഭക്തിയും. കോട്ടയം വഴി യാത്ര ചെയ്യുമ്പോഴൊക്കെയും ദേവലോകത്ത് ചെന്ന് തന്റെ ശ്രേഷ്ഠ ഗുരുവായിരുന്ന ഔഗേൻ ബാവയുടെ അനുഗ്രഹം തേടുക അദ്ദേഹത്തിന്റെ മുടക്കമില്ലാത്ത പതിവായിരുന്നു. യാതൊരു ഔപചാരികതയിലും വിശ്വാസമില്ലാത്ത അദ്ദേഹം ഗുരുവിനെ സന്ദർശിക്കുമ്പോൾ ഒരിക്കലും വെറും കൈയോടെ പോവുക പതിവില്ലായിരുന്നു.

മിതഭാഷിയും സാത്വിക പ്രകൃതക്കാരനുമായിരുന്നെങ്കിലും നർമ്മബോധം തുളുമ്പുന്ന സംഭവങ്ങൾ ആ ജീവിതത്തിൽ നിന്ന് ധാരാളം ഉദ്ധരിക്കാനുണ്ടാകും.ഒരു വൈദികന്റെ സ്മരണയിൽ നിന്ന് ഉദ്ധരിക്കട്ടെ. പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ഒരു വിദേശ യാത്രക്കായി എറണാകുളം പള്ളിയിലെത്തിയിരുന്നു. ആതിഥേയ മെത്രാപ്പോലീത്താ എന്ന നിലയിൽ മാർ സേവേറിയോസ് തിരുമേനി ബാവായെ യാത്രയാക്കുവാൻ എറണാകുളം പള്ളിയിലെത്തിയിട്ടുണ്ട്. ചുവന്ന നിറത്തിലുള്ള അർമ്മീനിയൻ കാസക്കും ചുവന്ന നിറമുള്ള അർമ്മീനിയൻ തൊപ്പിയും ധരിച്ചു ബാവ വരുമ്പോൾ മലങ്കര സഭയിൽ മെത്രാന്മാർ ധരിക്കുന്ന ചുവന്ന കുപ്പായം ധരിച്ചുകൊണ്ട്, വൈദിക സെമിനാരിയിൽ തന്റെ സഹപ്രവർത്തകനുംകൂടി ആയിരുന്ന സേവേറിയോസ് തിരു:മനി ഇരിക്കുന്നു. അല്പം ഫലിതവും ഗൗരവവും കലർത്തി ബാവാ പറഞ്ഞു: "ഈ കൊച്ചു മെത്രാച്ചന്മാരൊക്കെ തോന്ന്യവാസം കാണിക്കുകയാ". ചുവപ്പു കുപ്പായത്തിന് മീതെ കുരിശുമാല ധരിക്കാത്തതിനെ കുറിച്ചാണ് ബാവ ധ്വനിപ്പിച്ചത്. ഉരുളക്കുപ്പേരി പോലെ മറുപടിയുണ്ടായി. "തോന്ന്യവാസം ആരു കാണിച്ചാലും തോന്നിയവാസമാ". മലങ്കരസഭയിലെ യാതൊരു പൂർവ്വിക പിതാക്കന്മാരും ധരിച്ചിട്ടില്ലാത്ത ഒരു അർമ്മീനിയൻ ചുവപ്പു കാസക്ക് ബാവാ ധരിച്ചതിനെയാണ് കഥാപുരുഷൻ പ്രതികരണത്തിലൂടെ വിമർശിച്ചത്. ബാവ മറുപടി കേട്ട് ഒരു നിമിഷം തരിച്ചുനിന്നു. അടുത്ത നിമിഷം അദ്ദേഹം തലയും താഴ്ത്തി ഗംഭീരമായി നടന്നുപോയി.

മറ്റൊരുരംഗം കൊരട്ടി സെമിനാരിയിലാണ് അരങ്ങേറിയത്. കഥാപുരുഷന്റെ അന്ത്യകാല സെക്രട്ടറിയായിരുന്ന ഫാ. ജോസഫ് കാരക്കാട് (അക്കാലത്ത് ഡീക്കൻ) ഓർമ്മിക്കുന്നതിപ്രകാരമാണ്: പ. മാത്യൂസ് പ്രഥമൻ ബാവാ ഒരിക്കൽ അമേരിക്കയുടെ തോമസ് മാർ മക്കാറിയോസ് തിരുമേനിയും, തെയോഫോറോസ് റമ്പാനും ഒത്ത് കൊരട്ടിയിൽ വന്നുചേർന്നു. സൽക്കാരത്തിനിടയിൽ കഥാപുരുഷൻ ബാവയോട് ആത്മഗതമെന്നോണം പറഞ്ഞു: "ശീമയിലും പാത്രിയർക്കീസന്മാർ യാത്ര ചെയ്യുമ്പോൾ രണ്ടു മെത്രാച്ചന്മാർ ചുരുങ്ങിയതു കൂടെയുണ്ടാവും.' ബാവാ പ്രതിവചിച്ചു: 'നാമും ഇന്ത്യയുടെ ഒരു പാത്രിയർക്കീസാ!! തന്റെ സൂചനയിലെ ഹാസ്യം മനസ്സിലാവാത്ത ആ പ്രതികരണത്തിൽ കഥാപുരുഷൻ മന്ദസ്മിതം തൂകിയതേയുള്ളു.

മെത്രാപ്പോലീത്തായുടെ ലേഖനപാടവത്തെപ്പറ്റി നേരത്തെ പരാമർശിച്ചുവല്ലോ. അദ്ദേഹത്തിൽ ഒരു കവി ഒളിച്ചിരിക്കുന്നത് പലരും കണ്ടിരിക്കുകയില്ല. സ്ഥാനമേറ്റ് കൊരട്ടിയിൽ നടത്തിയ മുൻഗാമിയുടെ (1964 ലെ മാർ പൗലൂസ് സേവേറിയോസ്) ഓർമ്മപ്പെരുന്നാളിൽ പ്രദക്ഷിണ വേളയിലുപയോഗിക്കുവാൻ തദ്ദേശവാസികളുടെ സ്നേഹപൂർവ്വമായ നിർബ്ബന്ധത്തിന് വഴങ്ങി കഥാപുരുഷൻ അരമണിക്കൂർ കൊണ്ട് സുറിയാനി രാഗത്തിൽ രചിച്ച ഗാനം ഇവിടെ പൂർണ്ണമായും ഉദ്ധരിക്കട്ടെ.

### രാഗം – തൂറൊദ് സീനായ്

1. കീർത്തിയെഴും ശ്രായി, ദേശത്തിൻ മകുടം കന്യക മാതാ തൻ
പുകളേറും പള്ളിയിലുള്ള, 'മുളയിരി' ഭവനേ ജാതനതായ്
സർവ്വാദരണീയൻ ശ്രേഷ്ഠൻ പൗലൂസ് മാർ സേവേറിയോസ്,
ഓർക്കണമേ ഞങ്ങളെയെന്നാളും.

2. ബാല്യത്തിൽത്തന്നെ, ശമുവേലിന് തുല്യം, ദൈവാർപ്പിതനായി
വൈദികരിൽ വത്സലനായി, വൈദിക പരിശീലനമാർന്നു





നാട്ടാരിൽ കണ്മണിയാർന്നോൻ, പൗലൂസ് മാർ സേവേറിയോസ്,
ഓർക്ക......

3. കനകപ്രഭ ചിന്തും പാലൊളി വീശുന്നോൻ, നിഷ്കപടൻ, ധീരൻ
അനുപമ പണ്ഡിത വാചാലൻ, ഭരണസമർത്ഥൻ ജനരഞ്ജൻ
പടിപടിയായ് പദവികളാർന്നോൻ, പൗലൂസ് മാർ സേവേറിയോസ്,
ഓർക്ക.......

4. മാർ അത്താനാസ്യോസ്, സച്ചരിതൻ സിദ്ധൻ, തൻ തിരുപദനികടേ
അഭ്യസനം തികവാക്കിക്കൊണ്ടേറ്റോരോ പട്ടം മുറയായ്
റമ്പാനായി തപസ്സാർന്നോൻ പൗലൂസ് മാർ സേവേറിയോസ്,
ഓർക്ക.....

5. മശിഹാതൻ ദ്രാക്ഷാവാടിയിലദ്ധ്വാനം രാപകലില്ലവെന്യേ
ചെയ്തവിലർക്കും പ്രീതനുമായ്, മാമ്പറയിൻ ദീപസ്തംഭം
പള്ളിയുമാശ്രമവും തീർത്തോൻ, പൗലൂസ് മാർ സേവേറിയോസ്,
ഓർക്ക.....

6. പാരിൽ പുകളേറുന്നിടവകയാം കൊച്ചിയ്ക്കധിപതിയായ്
മെത്രാൻ സ്ഥാനത്തേക്കഭിഷേചിതനായ്, തീർത്തു കൊരട്ടിയിലൊരു
സൗധം
സീനായീന്നും സീയോനിൽ വന്നൊരു മാർ സേവേറിയോസ്,
ഓർക്കണമേ......

7. സഭയിൽ ശമമാർന്നു, സ്വസ്ഥത കളിയാടീ ആനന്ദം പെരുകീ
കോകില നാദമുതിർത്തും കൊണ്ടഖില മലങ്കരയിൽ ചുറ്റി വൈരം
ദുഷികൾ മായിച്ചോൻ, പൗലൂസ് മാർ സേവേറിയോസ് ഓർക്ക......

8. ആളുകളെ പ്രതിതൻ, ജീവിതമർപ്പിച്ചോൻ, പുണ്യാത്മൻ താതാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ് കർത്തൻ തന്നുടെ സന്നിധിയിൽ
നിത്യം സ്തുതിയങ്ങയൊടാർക്കാൻ പൗലൂസ് മാർ സേവേറിയോസ്
ഓർക്കണമേ..............

മുൻഗാമിയുടെ ചരിത്രം എത്ര ഭംഗിയായും അനുക്രമമായും അനതിദീർഘമായും ഈ ഗാനമാലയിൽ സംക്ഷേപിക്കുവാൻ ശ്രമിച്ചുവെന്നത് പഠനാർഹമാണ്! കോകില നാദമുതിർത്ത്, 'വൈരം ദുഷികൾ മായിച്ചോൻ,' തുടങ്ങിയ വിശേഷണ വാക്യങ്ങൾ ഒരു കാലഘട്ടത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുവാൻ ശക്തമായിട്ടുണ്ട്. കവന വിദ്യയിൽ തഴക്കം വന്ന കൈകൾ ആ ഭാവന യുടെ പുറകിലുണ്ടെന്ന് കവിതാധ്യാപകൻ കൂടെയായ ഈ ഗ്രന്ഥകാരന് ഉറപ്പായി വിശേഷിപ്പിക്കുവാൻ കഴിയും. ഈ വാചാമിത്വം കവിതയിലെന്നപോലെ ലേഖനങ്ങളിലും പ്രസംഗങ്ങളിലും ജീവിതം മുഴുവനിലും പ്രകടമായിട്ടുണ്ട്. വേദപുസ്തകത്തിലും സുറിയാനി ഭാഷയിലെ പദ്യഗദ്യകാവ്യങ്ങളിലും അനുശീലനം നിരന്തരം നേടിയ ഒരനുഗൃഹീത ഭാവനാശാലിയുടെ കാവ്യവാസനാ വൈഭവം അദ്ദേഹത്തിന്റെ ഗാന രചനകളെ സമ്പന്നമായി കടാക്ഷിച്ചിരിക്കുന്നു. പട്ടാംകൊടയിലെ ചില ഗാനങ്ങൾ കഥാപുരുഷൻ വൃത്താനുവൃത്തം മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളതും അദ്ദേഹത്തിന്റെ കാവ്യഭാഷയുടെ മിതത്വവും ലാളിത്യവും പ്രകടമാക്കുന്നവയാണ്.

കുറവുകളൊക്കെ സദാ പോക്കും, യേശുമശീഹായിൻ കൃപതൻ
താതൻ തൻഹിത മതിനാലും, പരിശുദ്ധാത്മ ബലത്താലും
നിർമ്മല ബലിപീഠം മുന്നിൽ, ഭയസംഭ്രമമോടിങ്ങെത്തി
സത്യമതാം വിശ്വാസമൊടും, മൗലി നമിച്ചുൾക്കണ്ണുകളാൽ

മേൽവാഴും നിന്നിൽ നോക്കി, സ്വർഗ്ഗീയ ദാനം വാഞ്ചിക്കു-
ന്നിവനെ (രെ) വിളിച്ചരികേ ചേർക്കും.
ഇവരണയുമൊരീഭ്രമസമയം പരിശുദ്ധാത്മാവിൻ കൃപയും
ആവാസവുമിവരിൽ നിത്യം വന്നിടുവാൻ നാമെല്ലാരും
മൂന്നുരു ചൊല്ലാം ഉച്ചത്തിൽ കുറിയേലായിസോൻ,
കുറി....കുറി....

3.

രക്ഷക നിൻ വാഗ്ദത്തം പോൽ, പാവന റൂഹാ വന്നിവരിൽ
ആവാസം ചെയ്തീടണമേ, റൂഹാതൻ വരമതിൽ നിന്നും
തടയരുതേയിവരേ നാഥാ, പ്രാർത്ഥന കൈക്കൊള്ളുന്നോനേ
നിന്നോടർത്ഥിപ്പോരടിയാർ, സാഘോഷം ചൊല്ലുന്നേവം
ശാന്ത പ്രദ റൂഹാ ശുദ്ധൻ, ജീവപ്രദ റൂഹാ ശുദ്ധൻ
ദത്തൽ റൂഹാ പരിശുദ്ധൻ, റൂഹാതൻ വരമത്ഭുതമേ
ശ്രേഷ്ഠം രഹസ്യമവർണ്ണനീയം, മനുഷ്യകുലത്തോടുളവാം നിൻ
അത്ഭുത ചെയ്തികൾ വിസ്മയമാം സകലാധീശാ തേ! സ്തോത്രം.

**"ഗാനം: കാദീശൊ ദശ്റീശ് ശ്കിൻതെ അൽ തുർസീനായ്...."**

ആവസത്താൽ സീനായിൽ, ശുദ്ധത ചേർത്തോൻ പരിശുദ്ധൻ
വന്നുവസിച്ചീദാസരിലും, ശുദ്ധീകരണം നൽകേണമെ.
താണുന്നതനാ സീനായിൽ, കൈവെപ്പേകീ മോശയ്ക്കായ്
മേശയതഹറോനു നൽകി വന്നിതു യോഹന്നാനോളം
നിബിയർ വഴിയായുര ചെയ്തോൻ ശ്ലീഹർമേൽ മേവിയ റൂഹാ
വന്നു വസിച്ചീ ദാസരിലും ശുദ്ധീകരണം നൽകട്ടെ
പ്രാവാകൃതിയിൽ തനയൻമേൽ വന്നു വസിച്ചോനാം റൂഹാ
വന്നു വസിച്ചീ ദാസരിലും ശുദ്ധീകരണം നൽകട്ടെ.
മാളികയിൽ ശ്ലീഹന്മാർ മേലാവാസം ചെയ്തോൻ റൂഹാ
വന്നു വസിച്ചീ ദാസരിലും ശുദ്ധീകരണം നൽകട്ടെ.
പാവന സുതനെ യയച്ചോനാം പാവന താതൻ സ്തുത്യൻ താൻ
പാവന ജഠരേ വാണവനും ശുദ്ധത ശുദ്ധന്മാർക്കേകി,
ഗർഭം മുതലേ ശ്മൂയേലിന്ന മലത ചേർത്തോൻ വിമലാത്മൻ
വന്നു വസിച്ചീ ദാസരിലും ശുദ്ധീകരണം നൽകട്ടെ.

**(ഹുസോയോ ഹ്വീല്ി എന്ന ഗാനം)**

1. പാപവിമുക്തി - യെനിക്കാവുക കരുണാനിധിയാം ദേവേശാ!
   മുടിയൻപുത്രനെയെന്നോണം കൈക്കൊണ്ടെന്നിൽ
   കൃപചെയ്ക
2. പരിശുദ്ധൻ താതാ ശുദ്ധത കനിവൊടു നൽകും ദേവേശാ
   കാത്തമരും ദാസർ മീതെ നിൻ വലതുകരം വയ്ക്കേണം
   നിൻ ദാനത്തിന് വന്നിരിക്കും ദാസർക്കേകണമേ ശുദ്ധി.
3. വരമതിനാൽ വിജ്ഞാനം ശ്ലീഹർക്കരുളിയ സുതനാം ദേവേശാ
   റൂഹയ്ക്കായ് വാഞ്ചിച്ചീടും ദാസർക്കരുളണമേ ജ്ഞാനം.
4. വിജ്ഞാനം ശ്ലീഹന്മാർക്കായ് തീ നാവുകളാൽ നല്കിയ റൂഹാ
   കാത്തമരും നിൻ ദാസർക്കായ് ശുദ്ധീകരണം നൽകേണം.
5. നിൻ കൃപ സ്വർഗ്ഗമതിൻ വാതിൽ തുറന്നേകണമേ ദേവേശാ
   റൂഹാ ഭൂഷിതരാവാൻ നിൻ ദാനത്തിനിവർ വാഞ്ചിപ്പൂ





6. നിന്നെ വണങ്ങും ദാസർക്കേകുക നിന്നങ്കി ദേവേശാ
   സാമോദം പാടീടുമവൻ ഈയടിയാരുടെ പൂർണ്ണതയിൽ
7. ഭൂവാസികളെ വാനഗണത്തിൽ ചേർത്തതിനാലേ ദേവേശാ
8. ശ്രേഷ്ഠാചാര്യൻ കൈയ്യാൽ ദാനം നൽകാൻ റൂഹാ ദേവേശൻ
   വാനീന്നാഗതനാകുമ്പോളഗ്നിമയന്മാർക്കാശ്ചര്യം.
9. കടമോചകനേ റൂഹായാകും ദൈവത്തിന്നാവാസത്താൽ
   പൂർത്തീകരണം കാത്തമരും ദാസർ പാവനരാകകേണം.
10 നിർമ്മല പാണീ സംഗ്രഹിതൻ താൻ സീമാതീതൻ ദേവേശാ
   അഹറോനെന്നവിധം ദാനം ശ്രേഷ്ഠാചാര്യനു നൽകീടും
   ശുബഹോ....... മെനഓലം.
11. ത്രിത്വൈകത്വവുമേകത്വത്തിൽ ത്രിത്വവുമായി സ്ഥിതി ചെയ്യും
   താത സുത പാവന റൂഹായാം സത്യൈകേശന്നായ് സ്തോത്രം.

കവനത്തിന്റെ ധന്യത ധ്വന്യാത്മകതയിലും അർത്ഥ സാന്ദ്രതയിലുമെന്ന പോലെ അർത്ഥഗ്രഹണക്ഷമതയിലും അധിഷ്ഠിതമാണെന്ന് വിശ്വസിച്ചിരുന്ന കഥാപുരുഷൻ മലയാളഭാഷാ പ്രയോഗങ്ങളിൽ ദീക്ഷിക്കാറുള്ള കൃത്യതയും മിതത്വവും പ്രസാദഗുണവും ഇതെഴുതുന്ന ആളിനെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

അന്ത്യകാലത്ത് പള്ളിക്കൂദാശയും പട്ടംകൊടയും പൂർണ്ണമായി വിവർത്തനം ചെയ്യുകയും ഗാനഭാഗങ്ങൾ സഭാകവി വെണ്ണിക്കുളം ചാണ്ടിസാറിനെ കൊണ്ട് അതീവ ഹൃദ്യമാക്കി തയ്യാറാക്കുകയും ചെയ്ത കഥാപുരുഷൻ അതൊന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് അനുമതി അധികൃതസ്ഥാനത്തുനിന്ന് യഥാസമയം ലഭിക്കാത്തതിനാൽ അക്കാര്യത്തിൽ ഉത്സാഹം കാണിച്ച മാർ യൗസേബിയോസ് മെത്രാപ്പോലീത്തായും മറ്റും (അക്കാലത്ത് റമ്പാച്ചൻ) ആ ഉദ്യമം പിന്നീട് ഉപേക്ഷിച്ചതായി അറിഞ്ഞു. അതോടൊന്നിച്ച് കഥാപുരുഷൻ വിവർത്തനം ചെയ്ത മൂന്നുനോമ്പിലെ സമ്പൂർണ്ണ നമസ്ക്കാരക്രമം പരുമല സെമിനാരിക്കാർ പ്രസാധനം ചെയ്തു.

# 7. ഒരു സൂര്യൻ അസ്തമിക്കുന്നു

1970 കളുടെ അന്ത്യത്തിൽ അഭിവന്ദ്യ യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ ഭദ്രാസനത്തിന്റെ അസിസ്റ്റണ്ടായി ഭരണം ഏറ്റതോടെ കഥാപുരുഷൻ പൂർണ്ണമായും ഭരണരംഗത്തുനിന്ന് പിന്മാറി. പ്രമേഹവും വാതസംബന്ധമായ അസുഖങ്ങളും അദ്ദേഹത്തിൽ പ്രായത്തിൽ കവിഞ്ഞ വാർദ്ധക്യം അടിച്ചേൽപിച്ചിരുന്നു. പലപ്പോഴും ആശുപത്രികളിൽ കഴിയേണ്ടി വരിക പതിവായി. വാതസംബന്ധമായ രോഗം ബാധിച്ച് ചികിത്സയിൽ കഴിഞ്ഞിരുന്ന അവസാനവർഷങ്ങളിൽ പട്ടംകൊട തുടങ്ങിയ പ്രധാന ശുശ്രൂഷകൾ മാത്രമേ അദ്ദേഹം നടത്തുമായിരുന്നുള്ളൂ. ഇടത് കൈയ്ക്ക് സ്വാധീനം കുറവായിരുന്നതിനാൽ പലപ്പോഴും പട്ടംകൊട ശുശ്രൂഷകളിൽ കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുവാൻ ഈ ഗ്രന്ഥകാരൻ നിയോഗിക്കപ്പെടാറുണ്ട്. കഥാപുരുഷന്റെ അർക്കദിയാക്കോൻ ആയി ശുശ്രൂഷകളിൽ സഹകരിക്കുവാൻ കിട്ടിയ അവസരങ്ങളെ അവിസ്മരണീയമായും അമൂല്യമായും ഇതെഴുതുന്ന ആൾ സ്മരണയിൽ സൂക്ഷിക്കുന്നു.

മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ ആഗമനം മൂലം കഥാപുരുഷന് കൂടുതൽ വിശ്രമത്തിന് സാഹചര്യമായി. വിശ്രമകാലത്തും പ്രയോജനപ്രദമായി സമയം ചെലവഴിക്കാൻ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടു. പഴഞ്ഞിയിൽവെച്ച് തെരഞ്ഞെടുക്കപ്പെട്ട വൈദികർക്കായി നടത്തിയ ഒരാഴ്ചത്തെ റിഫ്രഷർ കോഴ്സും, തൃശ്ശൂർ പടിഞ്ഞാറെക്കോട്ട പള്ളിയിൽ വച്ചു യുവജനപ്രസ്ഥാനാഗങ്ങൾക്കുവേണ്ടി നടത്തിയ ഒരാഴ്ചത്തെ പഠനക്യാമ്പും, കൊരട്ടിയിലും മങ്കോട് എസ്റ്റേറ്റിലും വച്ച് വൈദികർക്കുവേണ്ടി നടത്തിയ വാരാന്ത്യകോഴ്സുകളും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. അദ്ദേഹത്തിലെ മല്പാൻ ഏറ്റവും കൂടുതൽ ആഹ്ലാദിച്ചിരുന്ന അവസരങ്ങളായിരുന്നു അവ. മികച്ച സാത്വിക ദർശനത്തിന്റെ ഉടമയായിരുന്നുവെങ്കിലും അദ്ദേഹം ചോദ്യംചെയ്യുന്ന ചിന്താശൈലി ജീവിതാന്ത്യംവരെ നിലനിർത്തി. ഔഗേൻ ബാവായെ ഗീവർഗ്ഗീസ് ബാവായെയും പരിധിയില്ലാതെ ബഹുമാനിച്ചിരുന്ന കഥാപുരുഷൻ അവർ അനുവർത്തിച്ച പല ആരാധനാ സമ്പ്രദായങ്ങളും അനുകരിച്ചില്ല. ഒന്നു രണ്ടു ഉദാഹരണങ്ങൾ കാണുക. പെസഹായിലെ കാലുകഴുകൽ ശുശ്രൂഷയ്ക്കു പ്രധാന കാർമ്മികൻ പുറങ്കുപ്പായം അഴിച്ചുവെച്ച് കാൽ കഴുകുന്ന സമ്പ്രദായമാണുള്ളത്. ഔഗേൻ ബാവ പുറങ്കുപ്പായത്തോടൊപ്പം തലയിലുള്ള മുടിയും അഴിച്ചുവെക്കുമായിരുന്നു. എന്നാൽ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ പുറങ്കുപ്പായം മാത്രമേ അഴിച്ചുവെക്കാറുള്ളൂ. മുടി ധരിച്ചുകൊണ്ടാണ് കാൽ കഴുകാറുള്ളത്. കഥാപുരുഷൻ ഇക്കാര്യത്തിൽ ഔഗേൻ ബാവായെ അനുകരിച്ചില്ല. "തൻ മഹിമ നമിച്ചു മണ്മയരെ കഴുകിയ" എന്ന വിശേഷണം കൂടുതൽ അന്വർത്ഥമാകുന്നത് മുടി ധരിച്ച ശിരസ്സ് കുനിച്ച് പാദം കഴുകുമ്പോഴാണ് എന്ന യുക്തി കഥാപുരുഷന് കൂടുതൽ സ്വീകാര്യമായിത്തോന്നി. കശ്ശീശാസ്ഥാനാർത്ഥികളെ ശുശ്രൂഷക്കുപ്പായം കൂടാതെ ക റുത്ത കുപ്പായത്തിന് മേൽ ഊറാറ അണിയിച്ചുകൊണ്ട് നിറുത്തുന്ന രീതിയാണ് അവലംബിച്ചിരുന്നത്. കഥാപുരുഷൻ ഇതംഗീകരിച്ചില്ല. "അടുത്ത സ്ഥാനം പ്രാപിക്കേണ്ടവർ ഏത് സ്ഥാനത്തുള്ളവരാണോ ആ സ്ഥാനത്തിന്റെ വേഷം ആയിരിക്കണം ശുശ്രൂഷാ സമയത്ത് ധരിക്കേണ്ടത്. ആപ്പുദ്യക്കിനോ ശെമ്മാശനാവുകയാണെങ്കിൽ ആപ്പുദ്യക്കിനോയുടെ വേഷത്തിലും





ശെമ്മാശൻ കശ്ശീശായാവുകയാണെങ്കിൽ ശെമ്മാശന്റെ വേഷത്തിലും ആയിരിക്കണം...." എന്ന് പട്ടംകൊടയുടെ തത്വം നിർദ്ധാരണം ചെയ്ത് അദ്ദേഹം അപ്രകാരം ചെയ്യുകയായിരുന്നു. കോറൂയോ മുതൽ പട്ടമേൽക്കുന്ന എല്ലാ സ്ഥാനികളും പട്ടമേല്ക്കുവാൻ മുട്ടുകുത്തി നില്ക്കുന്ന സമ്പ്രദായം പല സീനിയർ മേല്പട്ടക്കാരും ചെയ്തുപോന്നതിനെ അദ്ദേഹം നിഷേധിച്ചു. അദ്ദേഹത്തിന്റെ നിരീക്ഷണം ഇപ്രകാരമാണ്: "ശെമ്മാശന് താഴെയുള്ള ഉപസ്ഥാനികളായ എവുപ്പദ്യക്കിനേ കോറൂയേ, മ്സമ്രോനേഎന്നീ സ്ഥാനങ്ങൾ പ്രാപിക്കേണ്ടിയവർ നിൽക്കുകയും ശെമ്മാശന്മാർ ആകേണ്ടവർ വലതുകാൽ മുട്ടുകുത്തിനിൽക്കുകയും കശ്ശീശന്മാർ ആകാൻ ഉള്ളവർ രണ്ടുകാലുകളും മുട്ടുകുത്തി നില്ക്കുകയും വേണം". മുട്ടുകുത്തൽ പട്ടംകൊടയിൽ പ്രാപിക്കുന്ന നൽവരത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പട്ടംകൊടയുടെ പുസ്തകത്തിലും സൽഗായിലും നിർദ്ദേശമുള്ളതുകൊണ്ടാണ് അദ്ദേഹം മറ്റുള്ളവർ കാട്ടിയത് ഞാനും കാട്ടുന്നു എന്ന സാധാരണ ന്യായീകരണം ഉപേക്ഷിച്ച് പട്ടംകൊടയുടെ അടിസ്ഥാനതത്വങ്ങൾ നിർദ്ധാരണം ചെയ്ത് പുതിയ കീഴ്വഴക്കങ്ങൾ സൃഷ്ടിച്ചത്. മേല്പട്ടക്കാർ കുർബ്ബാനയുടെ ഓരോ റൂശ്മായിലും പടിഞ്ഞാറോട്ട് തിരിയുമ്പോൾ അംശവടി പിടിക്കുന്നത് അദ്ദേഹത്തിന് സമ്മതമായിരുന്നില്ല. പട്ടക്കാരനായാലും മേല്പട്ടക്കാരനായാലും ഇടതുകൈ ത്രോണോസിൽ വച്ച് ത്രോണോസുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടാണ് റൂശ്മാ ചെയ്യേണ്ടത്. മേല്പട്ടക്കാരനായതുകൊണ്ട് മാത്രം ഈ അടിസ്ഥാന തത്വം ലംഘിക്കുവാൻ ന്യായമില്ല എന്ന നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു. ആരാധനാസംവിധാനത്തിൽ ഉടനീളം അടിസ്ഥാനതത്വങ്ങളുടെ പശ്ചാത്തലത്തിൽ പതിവുകളെ പുനരവലോകനം ചെയ്യുകയും പുതിയ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ അദ്ദേഹം ധൈര്യപ്പെട്ടത് തന്റെ പ്രാമാണികതയെപ്പറ്റിയുള്ള ഉറച്ച ബോധ്യം നിമിത്തമായിരുന്നു. മാലാഖമാർ കയറുവാൻ ഭയപ്പെടുന്ന അത്തരം വിഷയങ്ങളിൽ അനേകം അനർഹർ കയറി അഭിപ്രായപ്പെടുന്നത് സഹതാപത്തോടെ അദ്ദേഹം നോക്കിക്കാണുമായിരുന്നു. ആരാധനകളിൽ പ്രത്യക്ഷപ്പെടുന്ന ആവർത്തനങ്ങൾ ഒഴിവാക്കി ആരാധനകളെ ചടുലമാക്കാനും അനതിദീർഘമാക്കുവാനും അദ്ദേഹം സഫലമായി യത്നിച്ചിരുന്നു. നിരാഡംബര സുന്ദരവും അയത്നലളിതവും ആയിരുന്നു അദ്ദേഹത്തിന്റെ ആരാധനകൾ. അവക്രവും അകൃത്രിമവുമായ അദ്ദേഹത്തിന്റെ ആരാധനകൾ മനുഷ്യഹൃദയങ്ങൾക്ക് ഇമ്പകരമാകാനും കാരണം അതുതന്നെ.

അസിസ്റ്റണ്ട് തിരുമേനി വന്നുചേർന്നതോടെ അദ്ദേഹത്തെ ഭദ്രാസന ഭരണം പൂർണ്ണമായി ഏല്പിക്കുവാൻ കഥാപുരുഷൻ ഒട്ടും മടിച്ചില്ല. മറ്റു പല ഭദ്രാസനങ്ങളിലും അസിസ്റ്റന്റുമാരായി നിയമിക്കപ്പെട്ട മെത്രാന്മാർക്ക് നേരിട്ട പ്രതിസന്ധികളൊന്നും കൊച്ചി ഭദ്രാസനത്തിലുണ്ടാവാതിരിക്കുവാൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത ശ്രദ്ധിച്ചു. അസിസ്റ്റന്റ് അധികാരമേറ്റപ്പോഴേക്കും കഥാപുരുഷൻ ശാരീരികമായി വർദ്ധിച്ച അവശനിലയിലായിരുന്നു. ആശുപത്രികളിൽ നിന്ന് ആശുപത്രികളിലേക്ക് വ്യത്യസ്ത ചികിത്സകൾക്കായി അദ്ദേഹം പ്രവേശിപ്പിക്കപ്പെട്ടു. ബന്ധുക്കളോ ശിഷ്യന്മാരോ അവരവർക്കു പരിചയമുള്ള വൈദ്യന്മാരെ നിർദ്ദേശിക്കുമ്പോൾ അതൊക്കെ പരീക്ഷിച്ചു നോക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഹോമിയോ, ആയുർവേദം, തിരുമ്മൽ, പിഴിച്ചിൽ, അലോപ്പതി തുടങ്ങിയ വിവിധ ചികിത്സാ സമ്പ്രദായങ്ങൾ അദ്ദേഹം മാറിമാറി പരീക്ഷിച്ചു. പരുമലയിലും കൊല്ലങ്കോടും മാങ്കോട് എസ്റ്റേറ്റിലും ഒക്കെ അദ്ദേഹം

താമസിച്ചത് വിവിധ ചികിത്സകൾക്കു വേണ്ടിയാണ്. പ്രമേഹം, വാതം തുടങ്ങിയ രോഗങ്ങൾ അതിന്റെ എല്ലാ ശക്തികളും അദ്ദേഹത്തിൽ പ്രയോഗിച്ചു. ഭദ്രാസനത്തിനകത്തും പുറത്തും സുന്നഹദോസിൽപ്പോലും പ്രകടമാവുന്ന ചില സ്ഥിതി വിശേഷങ്ങൾ അദ്ദേഹത്തിലുണർത്തിയ അന്ത:സംഘർഷങ്ങൾ രോഗത്തിന്റെ ശക്തി വർദ്ധിപ്പിച്ചു.

അചിരേണ അസിസ്റ്റന്റ് മെത്രാപ്പോലീത്തായും രോഗഗ്രസ്തനായി. ഭദ്രാസന ഭരണനിർവ്വഹണത്തിന് അദ്ദേഹവും അശക്തനായി ഭവിച്ചപ്പോൾ ഭരണസ്തംഭനമുണ്ടാവാതിരിക്കാൻ കഥാപുരുഷൻ നന്നേ പാടുപെട്ടു. ഇക്കാലത്താണ് ഭദ്രാസന വിഭജനത്തിന്റെ ഭാഗമായി കുന്നംകുളം കൊച്ചിയിൽനിന്ന് അടർത്തിമാറ്റിയത്. സത്യത്തിൽ കക്ഷിഭിന്നതയെ തുടർന്ന് കൊച്ചി ഭദ്രാസനത്തിലെ മിക്കവാറും എല്ലാ വലിയ ഇടവകകളും വിഘടിതമായി നിന്നപ്പോൾ ഭദ്രാസനത്തിന് താങ്ങും തണലുമായി വർത്തിച്ചിരുന്നത് കുന്നംകുളം പ്രദേശത്തെ പള്ളികളും വൈദികരും ജനങ്ങളുമാണ്. ഭദ്രാസന വിഭജനത്തോടെ ആ പിന്തുണ കഥാപുരുഷന് നഷ്ടമായി. എന്നിരിക്കിലും ഭദ്രാസന വിഭജനം എന്ന ആശയത്തെ എതിർക്കുവാനോ പരാജയപ്പെടുത്തുവാനോ അദ്ദേഹം ഒരിക്കൽപോലും ശ്രമിച്ചില്ല. പല ഘട്ടങ്ങളിലും അതിന്റെ ആലോചനാ സമിതികളിൽ അസിസ്റ്റന്റ് തിരുമേനിയെ സന്തോഷപൂർവ്വം നിയോഗിക്കുകയും ചെയ്തു. പുതിയ മെത്രാസനം രൂപീകരിക്കപ്പെട്ട കാര്യം പ്രഖ്യാപിക്കപ്പെടുകയും അതിന്റെ പ്രഥമ മെത്രാനായി തന്റെ അരുമ ശിഷ്യൻ മാർ മിലിത്തിയോസ് നിയമിക്കപ്പെടുകയും ചെയ്തപ്പോൾ പൈതൃകമായ ആശംസകൾ നൽകുകയും സുന്ത്രോണീസോ ശുശ്രൂഷയിലും മറ്റും അസി. മെത്രാപ്പോലീത്തായോടൊപ്പം പങ്കെടുക്കുകയും ചെയ്തു. (കുന്നംകുളം മെത്രാസനത്തിൽ ആർത്താറ്റ് ദേശത്ത് മനോഹരമായ ഒരാസ്ഥാനമുണ്ടായി അതിന്റെ കൂദാശാ സമ്മേളനത്തിൽ വായിക്കുവാൻ 14–5–90 ൽ നല്കിയ സന്ദേശമാണ് സ്മര്യപുരുഷന്റെ അന്ത്യകല്പന എന്ന് ആനുഷംഗികകമായി പ്രസ്താവിച്ചുകൊള്ളട്ടെ.)

ബിരുദവും ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ ഭരണപരിചയവും കൈമുതലായി കൊരട്ടിയിലെത്തിയ കൊച്ചു തിരുമേനി വലിയ തിരുമേനിക്ക് കൊരട്ടിയിലുണ്ടായിരുന്ന പ്രഭാവലയവും സുഹൃദ്‌വലയവും കണ്ട് വിസ്മയിച്ചു. പുതിയ ചില പരിഷ്കാരങ്ങളും ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പല വിമർശനങ്ങളും പുതിയ ഭരണസാരഥിയെ അനഭിഗമ്യനാക്കുകയാണ് ഫലത്തിൽ ചെയ്തത്. മെത്രാപ്പോലീത്താമാർ തമ്മിൽ മാനസികമായി അകലുന്നുവോയെന്ന് കൂടെ നില്ക്കുന്നവർക്ക് സംശയം തോന്നാവുന്ന ചില രംഗങ്ങളും കൊരട്ടിയിലുണ്ടായിട്ടുള്ളത് അന്തേവാസികളുടെ ശ്രദ്ധയിൽ പെട്ടിരുന്നു. കഥാപുരുഷൻ അക്കാലങ്ങളിൽ സ്ഥിരതാമസം പരുമലയിലും വിവിധ ആശുപത്രികളിലുമായിരുന്നതുകൊണ്ടും അദ്ദേഹം അസാമാന്യമാം വിധം ക്ഷമാശീലനും മുനിയും ആയതുകൊണ്ടും ശ്രദ്ധേയമായ ഗ്രൂപ്പുതിരിവുകളോ പ്രശ്നങ്ങളോ ഉണ്ടാകാതിരുന്നു.

ഇക്കാലത്താണ് 1986 ജൂണിൽ കഥാപുരുഷൻ ഏതാനും മാസത്തെ സന്ദർശനത്തിനായി അമേരിക്കയിലേക്ക് പോയത്. അവിടത്തെ ചികിത്സ അദ്ദേഹത്തിന് കാര്യമായ ഗുണംചെയ്തു. പക്ഷെ ഒരു കാലിന്റെ ഉപ്പുകുറ്റിയിൽ ഒരു വ്രണവും പേറിയാണ് അദ്ദേഹം നാട്ടിലെത്തിയത്. ഈ വ്രണം അന്ത്യം വരെയും അദ്ദേഹത്തെ അസഹ്യപ്പെടുത്തിയിരുന്നു.

രോഗവും ഹൃദയവ്യഥയും കുനിന്മേൽ കുരുവെന്നപോലെ അനുദിനം വർദ്ധിച്ചിരുന്നുവെങ്കിലും ഇഷ്ട ശിഷ്യന്മാരുടെ സന്ദർശനത്തില





ദ്ദേഹം വ്യഥകളെല്ലാം മറക്കുമായിരുന്നു. കളിതമാശകളും സൂക്ഷ്മനിരീക്ഷണങ്ങളും കേൾവിക്കാരുടെ നിലവാരവും താല്പര്യവും അനുസരിച്ച് അദ്ദേഹം അവതരിപ്പിക്കുമായിരുന്നു; കുലീനവും ധ്വന്യാത്മകവുമായ വിനോദഭാഷണങ്ങൾ; പ്രവാചകോചിതമായ നിശിത നിരീക്ഷണങ്ങൾ!!

തന്റെ അസിസ്റ്റന്റ് യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ 1986 ഡിസംബർ 6ന് കാലം ചെയ്തതോടെ ഭദ്രാസന ഭരണത്തിൽ അഡ്മിനിസ്ട്രേറ്റർ സമ്പ്രദായം മാത്യൂസ് പ്രഥമൻ ബാവാ ഏർപ്പെടുത്തിയെങ്കിലും അത് ഭരണഘടനാനുസൃതമല്ലാത്തതിനാൽ നിയമപരമായി ബാധ്യതകളെല്ലാം കഥാപുരുഷനിൽ വന്നുചേർന്നു. കൊരട്ടി സീയോൻ സെമിനാരിയിലെ ചാപ്പൽ പുതുക്കിപ്പണിയുക എന്നത് കഥാപുരുഷന്റെ വലിയ അഭിലാഷമായിരുന്നു. സഭയിലെ വ്യവഹാരം കഴിഞ്ഞ് അതിന് ആരംഭം ഇടുവാൻ കാത്തിരുന്നത് നിഷ്ഫലമായി വന്നപ്പോൾ സ്വന്തം സഞ്ചിത സമ്പാദ്യത്തിൽനിന്ന് ചാപ്പൽ പുതുക്കിപ്പണിയുവാൻ തീരുമാനിച്ചു. ഏതാനും മാസം അമേരിക്കയിൽ കഴിച്ചുകൂട്ടിയതിന്റെ ഫലമായി ഒരു നല്ല സംഖ്യ അദ്ദേഹത്തിന് ലഭിച്ചിരുന്നു. സ്വന്തമായി ഒപ്പിട്ട് ചെക്കെഴുതി ബാങ്കിൽനിന്ന് പണം പിൻവലിക്കാൻപോലും അസാധ്യമായിരുന്ന അക്കാലത്ത് പലരെയും ആശ്രയിച്ച് മാത്രമേ ചാപ്പൽ നിർമ്മാണം നടത്തുവാൻ കഴിയുമായിരുന്നുള്ളൂ. ചിലരൊക്കെ ഈ അവസ്ഥയെ സമർത്ഥമായി ചൂഷണം ചെയ്തുവെന്നാണ് അക്കാലത്ത് കഥാപുരുഷനെ ശുശ്രൂഷിച്ചവരിൽനിന്ന് അറിയാൻ കഴിഞ്ഞത്. ചിലരൊക്കെ ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നേടിയെടുത്ത് കഥാപുരുഷനെ ദു:ഖിപ്പിച്ചതായും കേട്ടിട്ടുണ്ട്. ചാപ്പൽപ്പണിക്കാലത്ത് സൗഹൃദവും ഭക്തിയും ഭാവിച്ച് സാമ്പത്തികമായി വൻചതിവുകൾ ചെയ്ത ചിലരെപ്പററിയെങ്കിലും വിശ്വാസ്യമായ പരാമർശങ്ങൾ കേട്ടിട്ടുണ്ട്. ഏതായാലും ചാപ്പൽ നിർമ്മാണം പൂർത്തിയായപ്പോൾ തിരുമേനിയുടെ വൻ ആസ്തികൾ മിക്കവാറും തീർന്ന് പോയതായിട്ടാണ് പിൽക്കാല കണക്കുകൾ കാണിക്കുന്നത്. ഒടുവിൽ സ്ഥലം, തിയ്യതി, സാക്ഷികൾ, എന്നിവ രേഖപ്പെടുത്താതെ, കഥാപുരുഷന്റെ ഒപ്പില്ലാതെ ആരുടെയോ കൈയക്ഷരത്തിൽ എഴുതിയ ഒരു മരണപത്രം അവശേഷിച്ചു. അതിന്റെയും അസ്സൽ എവിടെയെന്നാർക്കും അറിഞ്ഞുകൂടാ. ഭദ്രാസന ഓഫീസിൽ, ഒപ്പിടാത്ത മരണപത്രത്തിന്റെ ഒരു ഫോട്ടോ കോപ്പി മാത്രം ഇരിപ്പുണ്ട്. താഴെ പട്ടികയിൽ വിവരിച്ച നിക്ഷേപങ്ങൾ എന്ന് രേഖയുടെ ആദ്യഭാഗത്തുകാണുന്നുണ്ടെങ്കിലും പിന്നീട് പട്ടിക ചേർത്തുകാണുന്നില്ല. രണ്ടര ലക്ഷം രൂപാ തന്റെ കാലശേഷം എങ്ങനെയെല്ലാം വിനിയോഗിക്കണമെന്ന നിർദ്ദേശങ്ങൾ മാത്രമേ ഇപ്പോൾ ലഭ്യമായ മരണപത്രത്തിന്റെ കോപ്പിയിൽ കാണുന്നുള്ളൂ. അക്കാലത്ത് അരമനയിൽ വിവിധ ചുമതലകളിൽ സ്ഥാനം വഹിച്ചിരുന്നവരും ഭദ്രാസന ഭാരവാഹികളുമായിരുന്ന ഉത്തരവാദപ്പെട്ടവരോട് ഇക്കാര്യങ്ങളെപ്പറ്റി ഇതെഴുതുന്ന ആൾ അന്വേഷണം നടത്തി എങ്കിലും കാര്യങ്ങളുടെ ഉത്തരാവാദിത്വം ഏല്ക്കാൻ ആരും തയാറാവാത്തത് ഈ ഗ്രന്ഥകാരനെ അത്ഭുതപ്പെടുത്തി. അക്കാലങ്ങളിൽ, തിരുമേനിയുടെ സീൽ മാത്രം പതിച്ച് പണം പിൻവലിക്കേണ്ടി വന്നിരുന്ന ഘട്ടത്തിൽ ആരൊക്കെ എന്തൊക്കെ കൃത്രിമത്വങ്ങൾ ചെയ്തുവെന്ന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അന്ത്യനാളുകളെപ്പറ്റി കൂടെയുണ്ടായിരുന്ന ശെമ്മാശന്റെ വിവരണം കേൾക്കുക:

1988 മുതൽ അദ്ദേഹത്തിന് പരസഹായത്തോടെ മാത്രമേ നടക്കുവാനും പല്ലുതേക്കുവാനും കുളിക്കുവാനും ഭക്ഷണം കഴിക്കുവാനുമൊക്കെ

പറ്റുമായിരുന്നുള്ളൂ. തിരുമേനിയുടെ വലതുകൈവിരലുകൾ മടക്കുക പ്രയാ
സമാകയാൽ ശരീരം ഒന്ന് ചൊറിയുവാൻ പോലും സാധ്യമല്ലായിരുന്നു.
കഷ്ടതകൾ ഒരുപാട് തിരുമേനിയെ വേട്ടയാടി. അവയോട് ക്രിസ്തീയ
മായ സഹിഷ്ണുത അദ്ദേഹം കാണിച്ചിരുന്നു. എന്നാൽ സഹിക്കാവുന്ന
തിലപ്പുറം അസ്വാസ്ഥ്യങ്ങൾ പെരുകുമ്പോൾ ചിലപ്പോഴെല്ലാം ജീവിത
ത്തോട് താല്ക്കാലികമായെങ്കിലും വിരക്തി പ്രകടിപ്പിച്ചുപോയിട്ടുണ്ട്. തിരു
മേനി മാസത്തിൽ മിക്കവാറും നാലുതവണയെങ്കിലും കോലഞ്ചേരി
മെഡിക്കൽ മിഷൻ ആശുപത്രിയിൽ അഡ്മിറ്റ് ആകും. എം. 1 വാർഡി
ലെ ആദ്യത്തെ മുറി തിരുമേനിയുടെ സ്ഥിരം മുറിയായിരുന്നു; അന്ത്യ
ശ്വാസം വലിച്ചതും അവിടെ വെച്ചുതന്നെ. ഡോ. ഈപ്പൻ പുന്നൂസ്, ഡോ.
മറിയാമ്മ ഇവരാണ് മുഖ്യചികിത്സകർ. അവരുടെ ശുശ്രൂഷയിൽ തിരു
മേനി പൂർണ്ണ സംതൃപ്തൻ ആയിരുന്നു.

1989 സെപ്തംബർ മുതൽ തിരുമേനി മേഴത്തൂർ ചികിത്സയിലായിരു
ന്നു. അവിടെവച്ചുണ്ടായ ഒരു സംഭവം കേൾക്കുക: പിഴിച്ചൽ ചികിത്സ
നടക്കുന്നു. പ്രമേഹം കൂടിയിട്ടുണ്ട്. ഒക്ടോബർ 2,3 തിയ്യതികളിൽ അടു
ത്തുള്ള പഴഞ്ഞിപ്പള്ളിയിലെ ചരിത്രപ്രസിദ്ധമായ പെരുന്നാൾ നടക്കുക
യാണ്. തിരുമേനിക്ക് വത്സല ശിഷ്യരായ പല വൈദികരും പഴഞ്ഞിയി
ലുണ്ട്. അവരിൽ ചിലരെ കാണുവാൻ തിരുമേനിക്ക് മോഹം. വൈദ്യമഠ
ത്തിൽ സാധാരണ വരാറുള്ള ഒരു മുസ്ലീം വൃദ്ധൻ ദൗത്യവുമായി പഴഞ്ഞി
പള്ളിയിലേക്കു യാത്രയായി. അദ്ദേഹം അവിടെചെന്ന് തിരുമേനി അത്യാ
സന്ന നിലയിലാണെന്ന അർത്ഥത്തിലാണ് സംസാരിച്ചത്. വി. കുർബ്ബാന
കഴിഞ്ഞതും കുന്നംകുളം ഭദ്രാസനാധിപൻ അഭിവന്ദ്യ പൗലൂസ് മാർ മിലി
ത്തിയോസ് തിരുമേനിയും ബഹു. ജോസഫ് ചീരനച്ചനും, ബഹു. സി.ടി.
ജോസച്ചനും ഏറെ വൈകാതെ കാറിൽ നിന്നും ചാടിയിറങ്ങി രോഗീ
ലേപനതൈലവും കന്തീലാ പുസ്തകവുമായി തിരുമേനി കിടക്കുന്ന മുറി
യിലേക്ക് അക്ഷരാർത്ഥത്തിൽ ഓടിവന്നപ്പോൾ സേവേറിയോസ് തിരുമേ
നിയും കൂടെയുണ്ടായിരുന്നവരും അത്ഭുതസ്തബ്ധരായി. വൈകാതെ
പെരുന്നാളിന്റെ മുഖ്യ കാർമ്മികനായ നിയുക്ത കാതോലിക്കാ മാത്യൂസ്
മാർ കൂറിലോസ് തിരുമേനിയും എത്തിച്ചേർന്നു. കാര്യങ്ങളിത്രയുമായ
പ്പോൾ സേവേറിയോസ് തിരുമേനി കുലുങ്ങിച്ചിരിച്ചു. ആ കണ്ണുകൾ നിറ
ഞ്ഞിരുന്നു. അഭിവന്ദ്യ പിതാക്കന്മാർ കുശലാന്വേഷണം നടത്തി പ്രാർത്ഥ
നാപൂർവ്വം പിരിഞ്ഞു. കൂറിലോസ് തിരുമേനി രോഗിയായ തിരുമേനിക്ക്
കൈമുത്ത് നിർബ്ബന്ധിച്ച് ഏല്പിക്കുന്നത് കണ്ടു. തുടർന്ന് കുന്നംകുളം-
പഴഞ്ഞി പരിസരത്തുള്ള വൈദികരും സഭാമക്കളും നൂറുകണക്കിന് വാഹ
നങ്ങളിൽ അന്നുമുതൽ തിരുമേനി വൈദ്യമഠത്തിൽനിന്ന് പോകുന്നതു
വരെയും എത്തിക്കൊണ്ടേയിരുന്നു. ടെലിഫോൺ കോളുകളുടെ നില
ക്കാത്ത പ്രവാഹം കൂടിയായപ്പോൾ വൈദ്യമഠത്തിലെ ഉടമസ്ഥർക്കും ജീവ
നക്കാർക്കും തങ്ങളുടെ രോഗിയ്ക്കു സമൂഹത്തിലുള്ള വലിപ്പമെന്താ
ണെന്നും എത്രയാണെന്നും നല്ലവണ്ണം മനസ്സിലായി.

കക്ഷിഭേദമില്ലാതെ എല്ലാവരാലും തിരുമേനി ആദരിക്കപ്പെട്ടിരുന്നു.
എല്ലാവരെയും കക്ഷി വ്യത്യാസമോ സമുദായ വ്യത്യാസമോ പരിഗണി
ക്കാതെ അദ്ദേഹം സൽക്കരിക്കുമായിരുന്നു. പാത്രിയർക്കീസ് പക്ഷത്തെ
പല വൈദികരും തിരുമേനിയുടെ മുന്നിൽ വന്ന് ഭയഭക്തിബഹുമാനങ്ങ
ളോടെ സ്നേഹം പങ്കുവെച്ചിട്ടുണ്ട്. സിംഹാസനപ്പള്ളികളുടെ യാക്കോബ്
മാർ യൂലിയോസ്, മഞ്ഞനിക്കരയിലെ റമ്പാച്ചന്മാർ, തോമസ് മാർ ഒസ്താ
ത്തിയോസ്, ബെന്യാമിൻ മാർ ഒസ്താത്തിയോസ്, അപ്രേം ആബൂദി
തിമോത്തിയോസ്, തിരുവല്ല രൂപതയുടെ ഗീവർഗ്ഗീസ് മാർ തീമോത്തി





യോസ് (ഇദ്ദേഹം നിയുക്ത മെത്രാനായിരിക്കേ കഥാപുരുഷനിൽനിന്നാണ്
മേലദ്ധ്യക്ഷന്റെ ആരാധനാനുഷ്ഠാനങ്ങൾ പരിശീലിച്ചത്.) എന്നിവർ പല
പ്പോഴും അദ്ദേഹത്തെ സന്ദർശിക്കാറുണ്ട്. ഏറ്റവും പ്രിയപ്പെട്ട സന്ദർശ
കൻ മലബാറിന്റെ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ
ആയിരുന്നു. അദ്ദേഹം അരമനയിൽ വന്നാൽ എങ്ങനെയൊക്കെ സൽക്ക
രിച്ചാലും കഥാപുരുഷന് മതിവരികയില്ല. ആത്മബന്ധമാവാം കാരണം

1990 ജനുവരി 25-ാം തിയ്യതി പരുമലയിലേക്കു യാത്രയായി. മാർഗ്ഗ
മദ്ധ്യേ തൃക്കോതമംഗലത്തു തറവാട്ടിൽ കയറി. അടുത്ത ഞായറാഴ്ച
സെന്റ് ജെയിംസ് പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിച്ചു. കുറച്ചു
നാൾ തറവാട്ടിൽ താമസിച്ചു. നിയുക്ത മെത്രാന്മാരായിരുന്ന ഫാ. ജോർജ്ജ്
കുരിയൻ, ഫാ. ഡോ. എം.എ. മത്തായി എന്നിവർ കഥാപുരുഷനെ കണ്ട്
അനുഗ്രഹങ്ങൾ സ്വീകരിച്ചു. തുടർന്ന് രണ്ടാഴ്ചയോളം പരുമലയിൽ താമ
സിച്ചു. വീണ്ടും കൊരട്ടിയിലെത്തി. ഏപ്രിൽ പകുതിയോടെ വീണ്ടും പരു
മലയിലേക്കു പോയി. പരുമലയിലെ ജീവിതം കഥാപുരുഷന് ആത്മനിർവൃ
തികരമായിരുന്നു. ആത്മപരിശോധനയുടെ നാളുകളായിരുന്നു അവ. ആ
യാത്രയിൽ ശ്രേഷ്ഠ കാതോലിക്കാ അസുഖാവസ്ഥയിലാണെന്നറിഞ്ഞു
മൂവാറ്റുപുഴയിൽ അദ്ദേഹത്തെ സന്ദർശിക്കുവാൻ ആഗ്രഹിച്ചെങ്കിലും
അവിടെ ഇറങ്ങുവാൻ ശാരീരികാസ്വാസ്ഥ്യങ്ങൾമൂലം കഴിഞ്ഞില്ല.
യാത്രയ്ക്കിടയിൽ 4 ദിവസം തറവാട്ടിൽ താമസിച്ചു. അക്കൊല്ലത്തെ
ഹാശാ ആഴ്ച പരുമല സെമിനാരിയിൽ കഴിച്ചുകൂട്ടി. അക്കാലത്ത്
നിയുക്ത മെത്രാന്മാരിൽ ഫാ. പി.എം. കുരിയാക്കോസ് (മാർ ക്ലിമ്മീസ്),
ഫാ. ജോബ് തോമസ് (മാർ പീലക്സിനോസ്), ഫാ. മത്തായി (മാർ സേവേ
റിയോസ്), ഫാ. ഡബ്ലിയു. എ. ചെറിയാൻ (മാർ അന്തോണിയോസ്),
ഫാ. ജോർജ്ജ് കുരിയൻ (മാർ കൂറിലോസ്) എന്നീ റമ്പാച്ചന്മാർ കഥാ
പുരുഷനെ സന്ദർശിച്ചിരുന്നു. തിരുമേനിയുടെ ശിഷ്യത്വത്തിൽ മേല്പട്ട
സ്ഥാനത്തിനടുത്ത പള്ളിക്രമങ്ങൾ പരിശീലിക്കണമെന്ന് റമ്പാച്ചന്മാർക്കും
അവരെ അഭ്യസിപ്പിക്കണമെന്ന് കഥാപുരുഷനും ആഗ്രഹമുണ്ടായിരുന്നു.

ഒരിക്കൽ അവിടെവച്ച് സഖറിയാ റമ്പാച്ചൻ തിരുമേനിയെ
സന്ദർശിച്ചത് വിസ്മരിക്കുക വയ്യ. റമ്പാച്ചൻ ഒരു പൂർണ്ണ ദയറായക്കാ
രന്റെ തനിമയിൽ കറുത്ത കുപ്പായവും കറുത്ത ചരടിൽ കോർത്ത മര
ക്കുരിശും മസനപ്സായും ധരിച്ച് വിനയാന്വിതനായി കൈമുത്തി. കഥാ
പുരുഷൻ റമ്പാച്ചനെ കൺകുളിർക്കേ നോക്കി. സംതൃപ്തിയോടെ ഭാവി
കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അല്പം കഴിഞ്ഞു റമ്പാച്ചൻ കൈമുത്തി പിരി
ഞ്ഞുപോയി. ഉടനെ തിരുമേനി റമ്പാച്ചനെ തിരിച്ചുവിളിക്കാൻ ശെമ്മാ
ശനെ നിയോഗിച്ചു. റമ്പാച്ചൻ വീണ്ടും തിരുമേനിയുടെ മുമ്പിലെത്തി. തത്സ
മയം തിരുമേനി എഴുതിയിരുന്ന 'ശുശ്രൂഷാ സംവിധാനം' എന്ന ഗ്രന്ഥം
റമ്പാച്ചന് സമ്മാനിച്ചു. റമ്പാച്ചന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് അനു
ഗ്രഹിച്ചു. യഥാർത്ഥത്തിൽ തന്റെ പിൻഗാമിയെ കഥാപുരുഷൻ തിരിച്ച
റിഞ്ഞു അനുഗ്രഹിക്കുകയായിരുന്നുവോ?

പരുമലയിൽ കഴിയുമ്പോഴാണ് പീലക്സിനോസ് (തുമ്പമൺ) തിരു
മേനി കഥാപുരുഷനെ സന്ദർശിക്കുവാൻ വരുന്നു എന്ന് തിരുമേനി അറി
ഞ്ഞത്. തന്നേക്കാൾ അവശനായ തുമ്പമൺ ഭദ്രാസനാധിപനെ സന്ദർശി
ക്കുവാൻ കഥാപുരുഷൻ പുറപ്പെട്ടു. പത്തനംതിട്ടയിലെ കൂടിക്കാഴ്ച ഹൃദ
യഭേദകം തന്നെയായിരുന്നു. തിരുമേനിമാർ രണ്ടുപേരും കെട്ടിപ്പിടിച്ച്
പൊട്ടിക്കരഞ്ഞ് സന്തോഷവും ദുഃഖവും പങ്കിട്ടു. (കഥാപുരുഷൻ കാലം
ചെയ്തപ്പോൾ കൂടുതൽ അവശനിലയിലായിരുന്ന ദാനിയേൽ മാർ
പീലക്സിനോസ് തിരുമേനി കൊരട്ടിയിലെത്തി. നടക്കാനാവാത്ത അദ്ദേ
ഹത്തെ കസേരയിലിരുത്തിച്ചുമന്ന് കൊണ്ട് കൊരട്ടി ചാപ്പലിൽ മൃതശ
രീരത്തിന്ന് മുമ്പിൽ വച്ചു. അത്യന്തം വികാരനിർഭരമായിരുന്നു ആ രംഗം.

എല്ലാ നിയന്ത്രണവും നഷ്ടപ്പെട്ട് അദ്ദേഹം വാവിട്ടു നിലവിളിച്ചു. കണ്ട വരെല്ലാം അമ്പരന്നു. ജീവൻവെടിഞ്ഞ മലങ്കരയിലെ മഹാ മല്പാനെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം ചരമപ്രസംഗം നടത്തിയത് ഏങ്ങലടി കൾക്കിടയിൽ ആർക്കും ഒന്നും മനസ്സിലായില്ല. ഒടുവിൽ തുമ്പമൺ തിരു മേനിയുടെ സെക്രട്ടറി പ്രസംഗം സംക്ഷേപിച്ച് ആളുകൾക്ക് മനസ്സി ലാക്കിക്കൊടുക്കുകയാണുണ്ടായത്.) പരുമല വാസക്കാലത്ത് കടമ്പനാട് നസ്രേത്ത് കോൺവെന്റിലെ സിസ്റ്റർമാരും മാനേജർ ബഹു. പി.വി. അബ്രഹാം അച്ചനും തിരുമേനിയെ ഭക്ത്യാദരപൂർവ്വം ശുശ്രൂഷിച്ചിരുന്നു. ഏപ്രിൽ 30ന് തിരുമേനി പരുമലയോട് അവസാനമായി യാത്ര പറഞ്ഞു. മെയ് 5-ാം തിയ്യതി കൊരട്ടി അരമനപ്പള്ളിയുടെ കൂദാശയിൽ പങ്കെടു ക്കുകയാണ് യാത്രാലക്ഷ്യം. യാത്രാമദ്ധ്യേ വള്ളിക്കാട്ടു ദയറായിൽ കയറി ധൂപം വെച്ച് പ്രാർത്ഥിച്ചു. പിന്നീട് തൃക്കോത്തു തറവാട്ടിൽ തങ്ങി. അടുത്ത ദിവസം മെയ് 1ന് വീട്ടിൽ നിന്നിറങ്ങുമ്പോൾ മുഖം ശോകാവൃ തമായി കാണപ്പെട്ടു. പ്രാർത്ഥനക്കുശേഷം കുടുംബാംഗങ്ങളെയെല്ലാം പേരു വിളിച്ചു യാത്ര പറഞ്ഞു. നരിമറ്റം ഭവനത്തിൽ നിന്ന് ഭാവിയിൽ സഭാസേവനത്തിന് ആരെങ്കിലും ഉണ്ടാകട്ടെ എന്ന് അന്ത്യ ആശംസ നൽകി. ദേവലോകത്ത് പ. പിതാക്കന്മാരുടെ കബറുകളിൽ വരും വഴി ഇറങ്ങി പ്രാർത്ഥിച്ചു: മാത്യൂസ് പ്രഥമൻ ബാവായെ സന്ദർശിച്ചു യാത്ര പറഞ്ഞു പിരിഞ്ഞു. കൂദാശയുടെ തലേദിവസം ഡോ. മാർ തെയോഫി ലോസ്, തോമസ് മാർ അത്താനാസ്യോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നിവർ ഉണ്ടായിരുന്നു. പിറ്റേദിവസം കൂദാശയ്ക്കു പ്രധാന കാർമ്മി കത്വം വഹിച്ചത് മാർ മിലിത്തിയോസ് മെത്രാച്ചൻ ആയിരുന്നെങ്കിലും എല്ലാ പ്രധാന കർമ്മാനുഷ്ഠാനങ്ങളിലും കഥാപുരുഷൻ വിശദമായി മേൽനോട്ടം വഹിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ആവശ്യാനുസ രണം തിരുത്തലുകൾ വരുത്തുകയും ചെയ്തിരുന്നു (ഒരു മല്പാന്റെ നിഷ്കർഷ !!). കൂദാശകളുടെ പ്രധാനഭാഗങ്ങളെല്ലാം കഴിഞ്ഞപ്പോൾ പ. ബാവ ആഗതനായി മദ്ബഹായിൽ ഉപവിഷ്ടനായി. ക്ഷീണാധിക്യം മൂലം കഥാപുരുഷൻ ആ സമയത്ത് 'തെറ്റുകളൊന്നും വരാതെ നോക്കിക്കൊ ള്ളണം' എന്ന് കൂദാശയുടെ പ്രധാന സഹായി ആയി നിൽക്കുന്ന ഈ ഗ്രന്ഥകാരനെ ചട്ടംകെട്ടിയശേഷം സ്വന്തം മുറിയിലേക്ക് വിശ്രമിക്കുവാൻ പോയി. പിന്നീട് അദ്ദേഹം ആ മദ്ബഹായിൽ പ്രവേശിച്ചിട്ടില്ല.) അല്പ സമയം കഴിഞ്ഞ് തിരിച്ചെത്തി ഹൈക്ലായിലെ സിംഹാസനത്തിൽ ഉപവി ഷ്ടനായി. കുർബ്ബാന മദ്ധ്യേ പ. ബാവാ പ്രസംഗിച്ചു: "നാമും സഹോദര മെത്രാപ്പോലീത്തന്മാരിൽ പലരും വളരെയധികം കോപിക്കുന്നവരാണ്. എന്നാൽ മാർ സേവേറിയോസ് തിരുമേനി ആരോടും മുഷിഞ്ഞ് ഒരു വാക്കുപോലും ഉച്ചരിക്കുന്നവനല്ല. സ്വത:സിദ്ധമായ ശാന്തതയിൽ അദ്ദേഹം സ്നേഹത്തിലൂടെ എല്ലാവരെയും കീഴ്പ്പെടുത്തുമായിരുന്നു." ഈ സമയത്ത് കഥാപുരുഷൻ വിങ്ങുന്ന മുഖത്തോടെ പ്രഭാഷകനെ ഉറ്റു നോക്കിക്കൊണ്ടിരുന്നു.

തിരുമേനിയുടെ ആരോഗ്യനില വളരെ മോശമായിക്കൊണ്ടിരുന്നു. രണ്ടുദിവസം കഴിഞ്ഞു കൊരട്ടി പടയാട്ടിൽ തോമസിന്റെ അനുജന്റെ വിവാഹം അരമന ചാപ്പലിൽ നടത്തുമ്പോൾ തിരുമേനി നിർബ്ബന്ധത്തിന വഴങ്ങി അതിൽ പങ്കെടുത്തു. ആശീർവ്വാദത്തിനിടയിൽ സ്ലീബാ കയ്യിൽ നിന്ന് വഴുതിവീണു. ആ ശരീരത്തിന്റെ ബലം ക്ഷയിക്കുകയായിരുന്നു. അടുത്ത ദിവസം കോലഞ്ചേരിയിൽ തിരുമേനിയെ പ്രവേശിപ്പിച്ചു. രോഗ നില വഷളാവുകയായിരുന്നു. ആ ഞായറാഴ്ച വി. കുർബ്ബാനാനന്തരം അഭിവന്ദ്യ ബർന്നബാസ് തിരുമേനി കഥാപുരുഷന് തൈലാഭിഷേകം നട ത്തി. മെയ് 16ന് കാര്യങ്ങൾ വഷളായി, ഹൃദയമിടിപ്പ് താളംതെറ്റി. കൃത്രി മശ്വാസം നൽകുവാനുള്ള ശ്രമങ്ങൾ വിജയിച്ചില്ല. രാവിലെ 8.30 ഓടു കൂടി അദ്ദേഹം കാലം ചെയ്തതായി സ്ഥിരീകരിച്ചു.





1990 മെയ് 17-ാം തിയ്യതി വ്യാഴാഴ്ച മലയാള മനോരമയുടെ കൊച്ചിൻ എഡിഷൻ മുഖപേജിൽ ഏഴുകോളവും ഉൾക്കൊള്ളുന്ന പ്രാധാന്യം നൽകി ആ ചരമവാർത്ത പ്രസിദ്ധീകരിച്ചു. മാർ സേവേറിയോസ് കാലം ചെയ്തു, സ്ഥാനവസ്ത്രം സ്വയം എടുത്തു, ഭദ്രാസന ഭരണം പരിശുദ്ധ ബാവാ ഏറ്റെടുത്തു, മെത്രാപ്പോലീത്തായ്ക്ക് അന്ത്യപ്രണാമം, വാഴിച്ചിട ത്തുനിന്ന് അന്ത്യയാത്രയും, എളിമയുടെ നന്മനിറഞ്ഞ പണ്ഡിതനായ മല്പാൻ എന്നിങ്ങനെ നിരവധി തലവാചകങ്ങൾ നൽകി അന്നത്തെ മനോ രമ ദിനപ്പത്രം അദ്ദേഹത്തെ ആദരിച്ചു. 'മാർ സേവേറിയോസ് വിശുദ്ധി യുടേയും വിനയത്തിന്റേയും വിജ്ഞാനത്തിന്റേയും നിറകതിര്' എന്ന് വിശേഷിപ്പിച്ചുകൊണ്ട് മലങ്കരസഭാ മാസികയും (10-6-90) 'മാർ സേവേ റിയോസ് - മലങ്കരയുടെ മഹാ മല്പാൻ' എന്ന ശീർഷകത്തിൽ ചർച്ച് വീക്കിലിയും (24-6-90) ആ മഹാജീവിതത്തെക്കുറിച്ച് അനുസ്മരണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

17-ാം തിയ്യതി നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിച്ചു. സഭയിലെ നാട്ടിലുള്ള എല്ലാ മേല്പട്ടക്കാരും നിയുക്ത മെത്രാച്ചന്മാരും നൂറുകണക്കിന് വൈദികരും വിവിധ സമയങ്ങളിലായി നടന്ന കബറടക്ക ശുശ്രൂഷകളിൽ കോരിച്ചൊ രിയുന്ന മഴയെ വകവെക്കാതെ പങ്കെടുത്തു. പ. മാത്യൂസ് പ്രഥമൻ ബാവാ അന്ത്യശുശ്രൂഷകൾക്കു നേതൃത്വം നൽകി. കോരിച്ചൊരിയുന്ന മഴയത്ത് നഗരി കാണിക്കൽ നടത്താനൊക്കുമോ എന്ന് അനേകർ സംശയിച്ചു. അത്ഭുതമെന്നേ പറയേണ്ടു; സമയമായപ്പോൾ പ്രകൃതിയുടെ മുഖം അല്പ മൊന്ന് തെളിഞ്ഞു. മഴക്കാറുകൾ തൽക്കാലത്തേക്ക് കൊരട്ടിയുടെ മുക ളിലുള്ള ആകാശത്തിൽനിന്ന് വിട്ടുനിന്നു. വളരെ അപ്രതീക്ഷിതമായ ആ അനുകൂല കാലാവസ്ഥയൊരുക്കിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് നഗരി കാണിക്കൽ നിർബാധം നടന്നു. നഗരി കാണിക്കാൻ മൃതദേഹം കയററി അലങ്കരിച്ച രഥത്തിൽ നിയുക്ത കാതോലിക്കയുമുണ്ടായിരുന്നു.

ഒടുവിൽ 'ഈ സമാധാനം മേലാൽ എന്നെന്നേക്കുമുള്ളതായിരിക്കട്ടെ' എന്ന് യാത്ര പറച്ചിൽ പൂർത്തിയാകുമ്പോൾ അനേകർ ആ ധന്യ ജീവിത ത്തിന്റെ പല രംഗങ്ങളും ഓർത്തു വിതുമ്പുന്നുണ്ടായിരുന്നു. അരമന ചാപ്പ ലിന്റെ വടക്കേ കബർ മുറിയുടെ വടക്കേ അറ്റത്ത് മലങ്കരയുടെ മഹാ മല്പാൻ കബറടങ്ങി.

മലങ്കര സഭയിൽ ഒരു മെത്രാപ്പോലീത്തായും ചെയ്തിട്ടില്ലാത്തവിധം സ്വന്തം ആർജ്ജിത സമ്പത്തിന്റെ വലിയൊരുഭാഗം ഭദ്രാസനത്തിലെ വൈദികർക്ക് ആണ്ടുതോറും ലഭിക്കത്തക്കവിധം അദ്ദേഹം മരണപത്ര മെഴുതിയിരുന്നു. തന്റെ പല വൈദികരും ജീവിതത്തിന്റെ നല്ല നാളുകൾ സഭാകലഹങ്ങളെ പ്രതി മിതമായ വേതനം പോലും ലഭിക്കാതെ കഴി യേണ്ടി വന്നതിൽ ആ ആത്മീയ പിതാവിന്റെ ഹൃദയം എത്രയോ പരിത പ്തമായിരുന്നുവെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

പുണ്യവാനായ ഈ പിതാവിന്റെ സ്മരണക്കായി അദ്ദേഹത്തിന്റെ മാതൃഇടവക തൃക്കോതമംഗലം സെന്റ് ജെയിംസ് പള്ളിയുടെ വടക്കേ വരാന്തയിൽ ഒരു സ്മാരക കബർ പണിത് ആണ്ടുതോറും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചുവരുന്നു. അവിടെത്തന്നെ കൊച്ചാലും മൂട് കവലയിൽ 'യൂഹാനോൻ മാർ സേവേറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്' പ്രവർത്തിക്കുന്നു. ചരിത്രപുരുഷന്റെ പേരിൽ ജന്മദേശത്ത് ഒരു പ്രാർത്ഥ നാഗ്രൂപ്പ് പ്രവർത്തിക്കുന്നു. അവിഭക്ത കൊച്ചിയുടെ തൃശ്ശൂർ മേഖല യിൽപ്പെട്ട ഇടവകകളെ ഉൾപ്പെടുത്തി 'യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ' തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്നു. ആ പുണ്യപിതാ വിന്റെ പ്രാർത്ഥന നമ്മോടു കൂടെ ഉണ്ടായിരിക്കട്ടെ.

# കഥാപുരുഷൻ നടത്തിയ പട്ടംകൊടകൾ

(അനുബന്ധം)

| | തിയ്യതി | സ്ഥാനാർത്ഥി | നൽകിയ സ്ഥാനം | സ്ഥലം |
|---|---|---|---|---|
| 1. | 22-4-67 | തലവടി ചെത്തിപ്പുരക്കൽ അബ്രഹാമിന്റെ പുത്രൻ ഇസ്രായേൽ കോറൂയോ | പൂർണ്ണ ശെമ്മാശൻ | പെരുമ്പിള്ളി |
| 2. | 22-4-67 | തുമ്പമൺ മോടിയിൽ ഗീവർഗ്ഗീസിന്റെ പുത്രൻ ഗീവർഗ്ഗീസ് കോറൂയോ | " | " |
| 3. | 3-8-67 | മാന്തുരുത്തേൽ മൂലംകുഴിയിൽ വർക്കി മകൻ മത്തായി | കോറൂയോ | കൊരട്ടി |
| 4. | 24-8-67 | തുമ്പമൺ മോടിയിൽ ഗീവർഗ്ഗീസ് മകൻ ഗീവർഗ്ഗീസ് ശെമ്മാശൻ | കശ്ശീശാ | കൊരട്ടി |
| 5. | 14-12-67 | കല്ലുപ്പാറ മാരാത്ത് അബ്രഹാമിന്റെ മകൻ അബ്രഹാം യൗപ്പദ് യക്കിനോ | പൂർണ്ണ ശെമ്മാശൻ | കോട്ടയം പഴയ സെമിനാരി |
| 6. | 14-12-67 | ചേലക്കര പനക്കൽ പാവുവിന്റെ മകൻ ഗീവർഗ്ഗീസ് കോറൂയോ | " | " |
| 7. | 14-12-67 | പുളിമൂട്ടിൽ കുരിയാക്കോസ് കശ്ശീശാ മകൻ കുരിയാക്കോസ് യൗപ്പദ്യക്കിനോ | " | " |
| 8. | 14-12-67 | പാമ്പാടി ആലനപ്പനയിൽ യാക്കോബിന്റെ മകൻ യൂഹാനോൻ യൗപ്പദ്യക്കിനോ | " | " |
| 9. | 14-12-67 | വാകത്താനം ചൂരപ്പടി വർക്കിയുടെ മകൻ കുരിയാക്കോസ് യൗപ്പദ്യക്കിനോ | " | " |
| 10. | 14-12-67 | ചെങ്ങന്നൂർ പുതിയോട് ചെറിയാന്റെ മകൻ സ്കറിയാ യൗപ്പദ്യക്കിനോ | " | " |
| 11. | 14-12-67 | ചെമ്പോത്തിക്കര വേലംപറമ്പിൽ വർക്കിയുടെ മകൾ പത്രോസ് മ്സമ്മോനോ | യൗപ്പദ് യക്കിനോ | " |
| 12. | 14-12-67 | തൃപ്പൂണിത്തുറ കളരിക്കൽ പൗലൂസിന്റെ പുത്രൻ ഏലിയാസ് കോറൂയോ | " | " |
| 13. | 14-12-67 | രാമമംഗലം യൗസേപ്പിന്റെ മകൻ യാക്കോബ്കോറൂയോ | " | " |
| 14. | 26-8-67 | മണർകാട് പാണഞ്ചനിക്കൽ അബ്രഹാമിന്റെ പുത്രൻ ഇസ്രായേൽ ശെമ്മാശൻ | കശ്ശീശാ | പുതുപ്പള്ളി വലിയ പള്ളി |
| 15. | 18-12-67 | തലവടി ചെത്തിപ്പുരക്കൽ ഇസ്രായേൽ ശെമ്മാശൻ | കശ്ശീശാ | മുളന്തുരുത്തി വലിയപള്ളി |
| 16. | 18-12-67 | ആരക്കുന്നം പൊന്നാംകുഴി മത്തായി മകൻ തോമസ് കോറൂയോ | യൗപ്പദ്യക്കിനോ | " |
| 17. | 31-3-68 | കുന്നംകുളം കൊള്ളന്നൂരർ മാത്തുകുട്ടി മകൻ ഗീവർഗ്ഗീസ് | കോറൂയോ | കൊരട്ടി |
| 18. | 9-6-68 | ചേലക്കര പനക്കൽ ജോർജ്ജ് ശെമ്മാശൻ | കശ്ശീശാ | ചേലക്കര |
| 19. | 15-6-68 | അയിരൂർ തെങ്ങുംതോട്ടത്തിൽ അബ്രഹാം കശ്ശീശായുടെ മകൻ അബ്രഹാം ശെമ്മാശൻ | കശ്ശീശാ | പത്തനംതിട്ട മാർ ബേസിൽ ദയറാ |
| 20. | 15-6-68 | അഞ്ചേരി കാളിപ്പറമ്പിൽ ഇട്ടിമകൻ അബ്രഹാം യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 21. | 22-6-68 | വടക്കുംചേരി കുന്നുംപുറം മത്തായി മകൻ തോമസ് കോറൂയോ | യൗപ്പദ്യക്കിനോ | കൊരട്ടി |



| | | | | |
|---|---|---|---|---|
| 22. | 10-8-68 | അഞ്ചേരി അബ്രഹാം ശെമ്മാശൻ | കശ്ശീശാ | " |
| 23. | 10-8-68 | പഴഞ്ഞി ചീരൻ മാത്തപ്പൻ മകൻ ജോസഫ് | കോറൂയോ | " |
| 24. | 21-11-68 | വടക്കൻ മണ്ണൂർ ഗീവർഗ്ഗീസ് | കോറൂയോ | കൊരട്ടി |
| 25. | 30-11-68 | വടക്കുംചേരി തോമസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 26. | 7-12-68 | ടി. തോമസ് ശെമ്മാശൻ | കശ്ശീശാ | മാമ്പ്ര കുരിയാക്കോസ് |
| 27. | 22-12-68 | കട്ടിലപ്പൂവ്വം ഉറുമ്പിൽ പൈലി മകൻ ജോൺ | കോറൂയോ | കൊരട്ടി |
| 28. | 21-6-68 | പാലക്കാട് ജോൺ കശ്ശീശാ | കോറെപ്പിസ്കോപ്പാ | മുളന്തുരുത്തി |
| 29. | 21-6-68 | വാഴപ്പിള്ളി പത്രോസ് കശ്ശീശാ | കോറെപ്പിസ്കോപ്പാ | " |
| 30. | 19-1-69 | ചെമ്മണ്ണൂർ ഗീവർഗ്ഗീസ് കശ്ശീശാ | കോറെപ്പി സ്കോപ്പാ | ചേലക്കര |
| 31. | (സ്വർഗ്ഗാരോഹണം '69) കാക്കശ്ശേരിൽ ജോസഫ് കശ്ശീശാ | | കോറെപ്പിസ്കോപ്പാ | കുന്നംകുളം പഴയപള്ളി |
| 32. | 3-2-69 | യാക്കോബ് യൗപ്പദ്യക്കിനോ അന്തിക്കാട്, കുന്നംകുളം | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 33. | 28-6-69 | യാക്കോബ് ശെമ്മാശൻ | കശ്ശീശാ | കൊരട്ടി |
| 34. | 28-6-69 | മാന്തുരുത്തേൽ മൂലംകുഴിയിൽ മത്തായി കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 35. | 28-6-69 | പഴഞ്ഞി ചീരൻ ജോസഫ് കോറൂയോ | യൗപ്പദ്യക്കിനോ | കൊരട്ടി |
| 36. | 30-6-69 | മാന്തുരുത്തേൽ മൂലംകുഴിയിൽ മത്തായി ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 37. | 8-4-70 | കണ്ണാറ കണ്ടത്തിൽ പുത്തൻപുരയിൽ ഐസക്ക് | കോറൂയോ | കൊരട്ടി |
| 38. | 1-7-70 | പെങ്ങാമുക്ക് തോലത്ത് ജോസഫ് | കോറൂയോ | കൊരട്ടി |
| 39. | 1-10-70 | കുന്നംകുളം കൊള്ളന്നൂർ ഗീവർഗ്ഗീസ് കോറൂയോ | യൗപ്പദ്യക്കിനോ | കൊരട്ടി |
| 40. | 1-10-70 | കാട്ടകാമ്പാൽ പുലിക്കോട്ടിൽ ജോസഫ് | കോറൂയോ | കൊരട്ടി |
| 41. | 29-11-70 | മാമ്പ്ര കൂരൻ കുരിയാക്കോസ് (കെ.കെ) | യൗപ്പദ്യക്കിനോ | കൊരട്ടി |
| 42. | 29-11-70 | മാമ്പ്ര കൂരൻ കുരിയാക്കോസ് (കെ.എം.) | യൗപ്പദ്യക്കിനോ | കൊരട്ടി |
| 43. | 14-2-71 | ആരക്കുന്നം വെട്ടിക്കാട്ടിൽ പത്രോസ് കോറൂയോ | യൗപ്പദ്യക്കിനോ | കൊരട്ടി |
| 44. | 25-3-71 | കോടാലി കാരമല ജോസഫ് | കോറൂയോ | കൊരട്ടി |
| 45. | 8-12-71 | മല്ലപ്പള്ളി കുല്ലൂർ പീടികയിൽ തോമസ് | പൂർണ്ണ ശെമ്മാശൻ | അടുപ്പൂട്ടി-കുന്നംകുളം |
| 46. | 9-12-71 | മരോട്ടിച്ചാൽ താണിമോളത്ത് ഗീവർഗ്ഗീസ് (കോറൂയോ) | പൂർണ്ണ ശെമ്മാശൻ | " |
| 47. | 10-12-71 | ടി. വർഗ്ഗീസ് ശെമ്മാശൻ | കശ്ശീശാ | " |
| 48. | 12-12-71 | ആരക്കുന്നം പൊന്നാംകുഴി തോമസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 49. | 12-12-71 | മാമ്പ്ര കെ.കെ. കുരിയാക്കോസ് യൗപ്പദ്യക്കിനോ | പൂർണ്ണ ശെമ്മശൻ | " |

| | | | | |
|---|---|---|---|---|
| 50. | 5-1-72 | കട്ടിലപ്പൂവും ഉടുമ്പിൽ ജോൺ | കോറൂയോ | കട്ടിലപ്പൂവും |
| 51. | 22-1-72 | മരത്തംകോട് ചുങ്കത്ത് ചെറിയാൻ | യൗപ്പദ്യക്കിനോ | കൊരട്ടി |
| 52. | 29-1-72 | ആരക്കുന്നം പൊന്നാംകുഴി തോമസ് ശെമ്മാശൻ | കശ്ശീശാ | തുരുത്തിക്കര, മുളന്തുരുത്തി |
| 53. | 27-2-72 | പഴഞ്ഞി ചീരൻ ജോസഫ് യൗപ്പദ്യക്കിനോ | പൂർണ്ണ ശെമ്മാശൻ | കൊരട്ടി |
| 54. | 11-3-72 | ടി. ശെമ്മാശൻ | കശ്ശീശാ | പഴഞ്ഞി |
| 55. | 11-3-72 | കുന്നംകുളം കൊള്ളന്നൂർ ഗീവർഗ്ഗീസ് യൗപ്പദ്യക്കിനോ | പൂർണ്ണ ശെമ്മാശൻ | " |
| 56. | 11-3-72 | പെങ്ങാമുക്ക് തോലത്ത് ജോസഫ് കോറൂയോ | യൗപ്പദ്യക്കിനോ | " |
| 57. | 25-3-72 | മണർകാട് പൊട്ടനായ്ക്കൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | " |
| 58. | 25-3-72 | കോത്താല മണ്ണാത്തിപ്പാറക്കൽ യാക്കോബ് | യൗപ്പദ്യക്കിനോ | " |
| 59. | 25-3-72 | തൃപ്പൂണിത്തുറ ആറ്റൂർക്കാരപ്പിള്ളിൽ പീലിപ്പോസ് | യൗപ്പദ്യക്കിനോ | " |
| 60. | 25-3-72 | കടുംഗമങ്ങലം ഊനാശേരിൽ യാക്കോബ് | യൗപ്പദ്യക്കിനോ | " |
| 61. | 8-4-72 | മങ്ങാട് കൊള്ളന്നൂർ പൗലൂസ് | യൗപ്പദ്യക്കിനോ | പഴുല സെമിനാരി |
| 62. | 24-4-72 | കുന്നംകുളം കൊള്ളന്നൂർ ഗീവർഗ്ഗീസ് ശെമ്മാശൻ | കശ്ശീശ | കുന്നംകുളം മാർ ഗ്രീഗോറിയോസ് |
| 63. | 20-5-72 | മാന്തളിർ പ്ലാന്തോപ്പിൽ യൂഹാനോൻ | യൗപ്പദ്യക്കിനോ | മാന്തളിർ |
| 64. | 6-8-72 | ബെഥനി കുരിയാക്കോസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 65. | 6-8-72 | കണ്ണാറ കണ്ടത്തിൽ പുത്തൻപുരയിൽ ഐസക്ക് കോറൂയോ | പൂർണ്ണശെമ്മശൻ | " |
| 66. | 6-8-72 | ബെഥനി അബ്രഹാം | പൂർണ്ണശെമ്മാശൻ | " |
| 67. | 6-8-72 | ബെഥനി തോമസ് | പൂർണ്ണശെമ്മാശൻ | " |
| 68. | 6-8-72 | പാച്ചിറ മീനാഞ്ചിറ ഗീവർഗ്ഗീസ് കോറൂയോ | പൂർണ്ണശെമ്മാശൻ | " |
| 69. | 12-8-72 | കണ്ണാറ കണ്ടത്തിപ്പുത്തൻപുരയിൽ ഐസക്ക് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 70. | 23-9-72 | അമയന്നൂർ ഓമത്തിൽ കുരിയാക്കോസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 71. | 23-9-72 | മീനടം മലാകത്ത് മാർക്കോസ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 72. | 11-11-72 | മാമ്പ്ര കൂരൻ കുരിയാക്കോസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 73. | 11-11-72 | കട്ടിളപ്പൂവും ഉറുമ്പിൻ ജോൺ യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 74. | 11-11-72 | പെങ്ങാമുക്ക് തോലത്ത് യൗസേപ്പ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 75. | 11-11-72 | കോടാലി കാരമല യൗസേഫ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 76. | 8-1-73 | മാമ്പ്ര കൂരൻ കുരിയാക്കോസ് ശെമ്മാശൻ | കശ്ശീശ | മാമ്പ്ര സീനായ് |
| 77. | 8-1-73 | മാമ്പ്ര കൂരൻ കുരിയാക്കോസ് ശെമ്മാശൻ | കശ്ശീശ | " |



| | | | | |
|---|---|---|---|---|
| 78. | 20-1-73 | കട്ടിളപ്പൂവും ഉഖുമ്പിൽ ജോൺ ശെമ്മാശൻ | കശ്ശീശ | കട്ടിളപ്പൂവും |
| 79. | 24-2-73 | പരിയാരം വലിയപൊറത്തയത്ത് യൂഹാനോൻ | യൗപ്പദ്യക്കിനോ | കോട്ടയം സെമിനാരി |
| 80. | 24-2-73 | കല്ലൂപ്പാറ കൊച്ചുപുരക്കൽ തോമസ് | യൗപ്പദ്യക്കിനോ | " |
| 81. | 24-2-73 | മുത്തൂർ കണക്കത്ത് യാക്കോബ് | യൗപ്പദ്യക്കിനോ | " |
| 82. | 24-2-73 | കുറിച്ചി തോപ്പിൽ കുരിയാക്കോസ് | യൗപ്പദ്യക്കിനോ | " |
| 83. | 24-2-73 | ആലപ്പുഴ കല്ലുപുരക്കൽ ഗീവർഗ്ഗീസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 84. | 20-2-73 | പെങ്ങാമുക് തോലത്ത് യൗസേപ്പ് ശെമ്മാശൻ | കശ്ശീശ | പെങ്ങാമുക്ക് പഴയപള്ളി |
| 85. | 31-5-73 | മങ്ങാട് കൊള്ളന്നൂർ പൗലൂസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 86. | 2-6-73 | മങ്ങാട് പൗലൂസ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 87. | 2-6-73 | കോടാലി കാരമല യൗസേപ്പ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 88. | 23-8-73 | മരത്തംകോട് ചുങ്കത്ത് ചെറിയാൻ യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 89. | 25-8-73 | മരത്തംകോട് ചുങ്കത്ത് ചെറിയാൻ ശെമ്മാശൻ | കശ്ശീശ | മരത്തംകോട് |
| 90. | 20-12-73 | വെട്ടിക്കൽ കുഴിയേലിൽ ഏലിയാസ് | കോറൂയോ | കൊരട്ടി |
| 91. | 17-1-74 | കണ്ണാറ ആക്കൽ കിഴക്കേതിൽ യോഹന്നാൻ | കോറൂയോ | ചവറാംപാടം |
| 92. | 24-1-74 | കുറുപ്പംപടി കീച്ചേരിൽ യൗസേപ്പ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 93. | 18-7-74 | വാൽകുളമ്പ് തണ്ണിക്കോട്ടു കുരിയാക്കോസ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 94. | 25-7-74 | ടി. കുരിയാക്കോസ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 95. | 5-5-75 | കുമ്പഴ മേലേതിൽ ശമുവേൽ കോറൂയോ | ശെമ്മാശൻ | ബഥനി ദയറാ |
| 96. | 5-5-75 | വാകത്താനം പൂവത്തുംമൂട്ടിൽ യൗസേഫ് യൗപ്പദ്യക്കിനോ | ശെമ്മശൻ | ബഥനി ദയറാ |
| 97. | 5-5-75 | സുൽത്താൻബത്തേരി ഗീവർഗ്ഗീസ് യൗപ്പദ്യക്കിനോ | ശെമ്മശൻ | ബഥനി ദയറാ |
| 98. | 5-5-75 | നെടുങ്കണ്ടം മനക്കലേത്ത് സോളമൻ യൗപ്പദ്യക്കിനോ | ശെമ്മാശൻ | ബഥനി ദയറാ |
| 99. | 15-5-75 | മീനടം കുറിയന്നൂർ തോമസ് കോറൂയോ | പൂർണ്ണശെമ്മശൻ | ദേവലോകം അരമന |
| 100. | 17-5-75 | ടി. തോമസ് ശെമ്മാശൻ | കശ്ശീശ | മീനടം സെന്റ് ജോർജ്ജ് |
| 101. | 19-5-75 | കുറിച്ചി ആലാലിൽ പീലിപ്പോസ് | യൗപ്പദ്യക്കിനോ | കോട്ടയം സെമിനാരി |
| 102. | 23-5-75 | കോട്ടപ്പടി ചെമ്മണ്ണൂർ യൗസേപ്പ് | യൗപ്പദ്യക്കിനോ | കൊരട്ടി |
| 103. | 23-5-75 | പീച്ചി വാലയിൽ ഗീവർഗ്ഗീസ് | കോറൂയോ | കൊരട്ടി |
| 104. | 5-8-75 | കുമ്പഴ മേലേതിൽ ശമുവേൽ കോറൂയോ | പൂർണ്ണശെമ്മാശൻ | ബഥനി ദയറാ |
| 105 | 5-8-75 | വാകത്താനം പൂവത്തുംവീട്ടിൽ യൗസേഫ് | പൂർണ്ണശെമ്മാശൻ | ബഥനി ദയറാ |

| | | | | |
|---|---|---|---|---|
| 106. | 5-8-75 | സുൽത്താൻ ബത്തേരി ചേന്നോത്ത് ഗീവർഗ്ഗീസ് | പൂർണ്ണശെമ്മാശൻ | ബഥനി ദയറാ |
| 107. | 5-8-75 | നെടുങ്കണ്ടം മനക്കലേത്ത് സോളമൻ | പൂർണ്ണശെമ്മാശൻ | ബഥനി ദയറാ |
| 108. | 25-10-75 | കണ്ടനാട്ട് മട്ടുമ്മേൽ ഇസഹാക്ക് | കോറൂയോ | കാനായിക്കോട് |
| 109. | 15-11-75 | ചെങ്ങന്നൂർ പടിഞ്ഞാറ്റുപുറത്ത് യൂഹാനോൻ ശെമ്മാശൻ | കശ്ശീശ | ചെങ്ങന്നൂർ |
| 110. | 13-12-75 | വലമ്പൂർ തണ്ടിക്കായിൽ ഏലിയാസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കോട്ടയം സെമിനാരി |
| 111. | 13-2-75 | അഞ്ചേരി പുറത്തേത്ത് യൂഹാനോൻ യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 112. | 13-2-75 | പന്തമ്പള്ളി കളപ്പുരയിൽ യൗസേപ്പ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 113. | 14-2-76 | കുമ്പ തോട്ടത്തിൽ കുരിയാക്കോസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 114. | 14-2-76 | കുറിച്ചി തോപ്പിൽ കുരിയാക്കോസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | " |
| 115. | 14-2-76 | കണ്ണാറ ആക്കൽ കിഴക്കേതിൽ യൂഹാനോൻ കോറൂയോ | പൂർണ്ണശെമ്മാശൻ | " |
| 116. | 14-2-76 | കുമ്പവ തോട്ടത്തിൽ പത്രോസ് | യൗപ്പദ്യക്കിനോ | |
| 117. | 7-3-76 | കണ്ണാറ ആക്കൻ കിഴക്കേതിൽ യൂഹാനോൻ ശെമ്മാശൻ | കശ്ശീശ | കരിപ്പാകുന്ന് ബസ്സേലിയോസ് |
| 118. | 22-6-76 | വെട്ടിക്കൽ കുഴിയേലിൽ ഏലിയാസ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 119. | 3-7-76 | മുളന്തുരുത്തി വെട്ടിക്കൽ കുഴിയേലിൽ ഏലിയാസ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 120. | 17-9-76 | കുന്നംകുളംപനക്കൽ പി.വി. മാത്യു | കോറൂയോ (ക്ലേറ്റി) | കുന്നംകുളം സെന്റ് ജോർജ്ജ് |
| 121. | 17-9-76 | കുന്നംകുളം അടുപ്പൂടി ചീരൻ സി.ഐ. ജോർജ് | കോറൂയോ (ക്ലേറ്റി) | " |
| 122. | 13-12-76 | കണ്ണാറ കദളിപ്പറമ്പിൽ യാക്കോബ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 123. | 30-12-76 | കണ്ണാറ കദളിപ്പറമ്പിൽ യാക്കോബ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 124. | 30-12-76 | കണ്ണാറ മറ്റം ജോർജ്ജ് | കോറൂയോ | കൊരട്ടി |
| 125. | 3-2-77 | പത്തനംതിട്ട മലയാറ്റിൽ ശമുവേൽ ശെമ്മാശൻ | കശ്ശീശ | മുളന്തുരുത്തി, കർമ്മേൽ |
| 126. | 3-2-77 | കണ്ടനാട്ട് മട്ടുമ്മേൽ ഇസഹാക്ക് കോറൂയോ | പൂർണ്ണശെമ്മാശൻ | " |
| 127. | 16-3-77 | ടി. ഇസഹാക്ക് ശെമ്മാശൻ | കശ്ശീശ | കോട്ടയം |
| 128. | 26-3-77 | കോട്ടയം അറിഞ്ഞാക്കലുങ്കൽ അബ്രഹാം | യൗപ്പദ്യക്കിനോ | കോട്ടയം |
| 129. | 26-3-77 | അയ്മനം പത്തിൽ കുരിയാക്കോസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 130. | 26-3-77 | അയിരൂർ കൈപ്പള്ളിൽ യൂഹാനോൻ | യൗപ്പദ്യക്കിനോ | കോട്ടയം |
| 131 | 26-3-77 | പള്ളിപ്പാട് തിരുമനച്ചേരിൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 132. | 26-3-77 | വാഴൂർ പിങ്ങാലിൽ യാക്കോബ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 133. | 20-3-77 | കുന്നയ്ക്കാൽ വൊറവന്നമാറിൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | കോട്ടയം |



| | | | | |
|---|---|---|---|---|
| 134. | 26-3-77 | എടത്വാ കുറകയിൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 135. | 26-3-77 | ചെങ്ങമനാട് ദയറാ ആനായ്ക്കൽ ശമുവേൽ | യൗപ്പദ്യക്കിനോ | കോട്ടയം |
| 136. | 26-3-77 | തിരുവല്ല തേക്കിൻബംഗ്ലാവ് തോമസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 137 | 26-3-77 | ചെങ്ങന്നൂർ മങ്ങനാംകുഴിയിൽ സ്ക്കറിയാ | യൗപ്പദ്യക്കിനോ | കോട്ടയം |
| 138. | 26-3-77 | പട്ടാഴി ചാരുയാൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 139. | 26-3-77 | പങ്ങാര കാവുങ്ങൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 140. | 26-3-77 | ബുധനൂർ കിഴക്കേതിൽ യാക്കോബ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 141. | 26-3-77 | ആനിക്കാട് വാതുകുന്നൽ ഗീവർഗ്ഗീസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 142. | 26-3-77 | തേനിടുക്ക് പാറേക്കുന്നേൻ യോഹന്നാൻ | യൗപ്പദ്യക്കിനോ | കോട്ടയം |
| 143. | 26-3-77 | തേവലക്കര വാഴയേൽ അലക്സന്ത്രയോസ് | യൗപ്പദ്യക്കിനോ | കോട്ടയം |
| 144. | 29-6-77 | തൃക്കോംപാറായിക്കുളം പൗലൂസ് | യൗപ്പദ്യക്കിനോ | മൈലപ്ര കുരിയാക്കോസ് |
| * 145. | 11-8-78 | കുറുപ്പംപടി അല്ലിക്കുഴി മത്തായി കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| * 146. | 11-9-78 | കണ്ണാറ മറ്റം ജോർജ്ജ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| * 147. | 12-8-78 | കുറുപ്പംപടി അല്ലിക്കുഴി മത്തായി ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| * 148. | 12-8-78 | കണ്ണാറ മറ്റം ജോർജ്ജ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 149. | 1-1-80 | തേനിടുക്ക് പാറേക്കുന്നിൽ യോഹന്നാൻ ശെമ്മാശൻ | കശ്ശീശ | തേനിടുക്ക് പള്ളി |
| 150. | 1-1-80 | മുളന്തുരുത്തി എടമ്പാടത്ത് അബ്രഹാം കോറൂയോ | യൗപ്പദ്യക്കിനോ | തേനിടുക്ക് |
| 151. | 25-4-81 | പുറപ്പുഴ കളരിക്കൽ തോമസ് | യൗപ്പദ്യക്കിനോ | കൂരേപ്പട സെന്റ് ജോൺസ് |
| 152. | 30-1-82 | മുളന്തുരുത്തി എടമ്പാടത്ത് ഗീവർഗ്ഗീസ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 153. | 30-1-82 | കൊല്ലം തേക്കാട് വടക്കേടത്ത് ഗീവർഗ്ഗീസ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 154. | 30-1-82 | കുന്നംകുളം പനയ്ക്കൽ മത്തായി ക്ലേറി (കോറൂയോ) | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 155. | 30-1-82 | കുന്നംകുളം ചൊവ്വന്നൂർ ചീരൻ ജോർജ്ജ് ക്ലേറി (കോറൂയോ) | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 156. | 10-2-82 | മുളന്തുരുത്തി എടമ്പാടത്ത് അബ്രഹാം ശെമ്മാശൻ | കശ്ശീശ | തുരുത്തിക്കര |
| 157. | 25-3-82 | കുന്നംകുളം പനക്കൽ മത്തായി ശെമ്മാശൻ | കശ്ശീശ | കുന്നംകുളം പാറയിൽ |
| 158. | 25-3-82 | ചൊവ്വന്നൂർ ചീരൻ ജോർജ്ജ് ശെമ്മാശൻ | കശ്ശീശ | " |
| 159. | 25-3-82 | കോട്ടപ്പടി ചെമ്മണ്ണൂർ യൗസേഫ് കോറൂയോ | പൂർണ്ണശെമ്മാശൻ | " |
| 160. | 24-12-82 | കോട്ടപ്പടി ചെമ്മണ്ണൂർ യൗസേഫ് ശെമ്മാശൻ | കശ്ശീശ | കോട്ടപ്പടി (കുന്നംകുളം) |

* മാർ സേവേറിയോസ് പിതാവിന്റെ മേൽനോട്ടത്തിൽ മാർ പോളിക്കാർപ്പോസ് (അസി. മെത്രാപ്പോലീത്താ) നടത്തിയ പട്ടംകൊടകൾ

| | | | | |
|---|---|---|---|---|
| 161. | -1-83 | കൂർപ്പുഴ കളരിക്കൽ തോമസ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 162. | 25-2-83 | കൂർപ്പുഴ കളരിക്കൽ തോമസ് ശെമ്മാശൻ | കശ്ശീശ | കൂർപ്പുഴ |
| 163. | 25-3-83 | മരത്തംകോട് കൊള്ളന്നൂർ ഏലിയാസ് | കോറൂയോ | കൊരട്ടി |
| 164. | 25-3-83 | ചെറായി മുളയിരിക്കൽ ഗീവർഗ്ഗീസ് | കോറൂയോ | കൊരട്ടി |
| 165. | 11-5-83 | ഓമല്ലൂർ വള്ളിക്കാട്ടിൽ കുഴിമുറിയിൽ ശമുവേൽ | യൗപ്പദ്യക്കിനോ | പരുമല സെമിനാരി |
| 166. | 13-7-83 | കായംകുളം കല്ലുമൂട്ടിൽ ദാനിയേൽ കോറൂയോ | പൂർണ്ണശെമ്മാശൻ | " |
| 167. | 17-8-83 | കായംകുളം കല്ലുമൂട്ടിൽ ദാനിയേൽ ശെമ്മാശൻ | കശ്ശീശ | " |
| 168. | 17-8-84 | പെങ്ങാമുക്ക് പുലിക്കോട്ടിൽ യൂഹാനോൻ യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 169. | 18-8-84 | പെങ്ങാമുക്ക് പുലിക്കോട്ടിൽ യൂഹാനോൻ ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 170. | 18-8-84 | ചേലക്കര കിള്ളിമംഗലം നെയ്യൻ കുരിയാക്കോസ് | കോറൂയോ | കൊരട്ടി |
| 171. | 18-8-84 | മുളന്തുരുത്തി മാലിൽ തോമസ് | കോറൂയോ | കൊരട്ടി |
| 171. | 6-7-85 | മാക്കാംകുന്ന് താവാലത്തിൽ തീത്തോസ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 172. | 6-7-85 | പഴഞ്ഞി വാഴപ്പള്ളി സൈമൺ യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മശൻ | കൊരട്ടി |
| 173. | 15-7-85 | പഴഞ്ഞി വാഴപ്പള്ളി സൈമൺ ശെമ്മാശൻ | കശ്ശീശ | പഴഞ്ഞിപ്പള്ളി |
| 174. | 15-7-85 | ചേലക്കര നെയ്യൻ കുരിയാക്കോസ് കോറൂയോ | പൂർണ്ണശെമ്മാശൻ | പഴഞ്ഞി |
| 175. | 15-7-85 | കോയമ്പത്തൂർ കൊള്ളന്നൂർ ഏലിയാസ് കോറൂയോ | പൂർണ്ണശെമ്മാശൻ | പഴഞ്ഞി |
| 176. | 30-8-85 | വെളിയനാട് വാലിപ്പറമ്പ് ഏലിയാസ് | കോറൂയോ | പഴഞ്ഞി |
| 177. | 16-9-85 | ചേലക്കര നെയ്യൻ കുരിയാക്കോസ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 178. | 16-9-85 | കോയമ്പത്തൂർ കൊള്ളന്നൂർ ഏലിയാസ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |
| 179. | 8-5-86 | കുന്നംകുളം ഏലിയാസ് കോറൂയോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 180. | 31-7-87 | എരുക്കുംചിറ താഴേക്കുടിയിൽ യാക്കോബ് യൗപ്പദ്യക്കിനോ | പൂർണ്ണശെമ്മാശൻ | കൊരട്ടി |
| 181. | 6-8-87 | എരുക്കുംചിറ താഴേക്കുടിയിൽ യാക്കോബ് ശെമ്മാശൻ | കശ്ശീശ | കൊരട്ടി |




യോഹന്നാൻ മല്പാനച്ചൻ ജ്യേഷ്ഠസഹോദരൻ ശ്രീ. അവിരാ വർഗ്ഗീസുമൊന്നിച്ച്


റഷ്യൻ പാത്രിയർക്കീസിനെ സന്ദർശിച്ച മലങ്കരസഭാ ഡെലിഗേഷനെ നവാഭിഷിക്തനായ ചരിത്രപുരുഷൻ നയിക്കുന്നു


സീയോൻ സന്ദേശം മാസികയുടെ പുന: പ്രസിദ്ധീകരണത്തിന്റെ ആദ്യപ്രതി വന്ദ്യ ദിവ്യശ്രീ. ടി.ജി. അബ്രഹാം മല്പാനച്ചന് നൽകി പ്രകാശിപ്പിക്കുന്നു.



മെത്രാസന
വിഭജനത്തിന്ശേഷം
കുന്നംകുളത്തിന്റെ
പൗലൂസ് മാർ
മിലിത്തിയോസ്
മെത്രാപ്പോലീത്തായു
മൊത്ത്



തൃശ്ശൂർ ചെമ്പുക്കാവ്
സെന്റ് തോമസ്
പള്ളിയുടെ കൂദാശ.
ഹാലേ.....ലൂ....യാ.......
(വിശുദ്ധ മുറോൻ
അഭിഷേകം)



"ബാറെക് ഉകാദെശ്......"
ദേവാലയത്തിന്റെ
കിഴക്കേ ഭിത്തി
മുദ്രണം ചെയ്യുന്നു.





പത്തനംതിട്ട
അരമനയിൽ
ദാനിയേൽ മാർ
പീലക്സിനോസ്
മെത്രാപ്പോലീത്താ
യുമൊത്ത്



പുതുക്കിപ്പണിത
കൊരട്ടി അരമന
ചാപ്പലിന്റെ കൂദാശ.
പ്രധാനഭാഗങ്ങൾക്കു
ശേഷം കഥാപുരുഷൻ
"അവസാനമായി"
മദ്ബഹായോട്
വിടചൊല്ലുന്നു



നിയുക്ത
കാതോലിക്ക
കഥാപുരുഷന്റെ
ഭൗതിക ശരീരത്തിനു
മുമ്പിൽ



കഥാപുരുഷൻ ഗ്രന്ഥകർത്താവിന്റെ വിവാഹ കൂദാശയിൽ



"മെസ്ത്താപ്പാർ കാദ്ശോദെ......" ഗ്രന്ഥകർത്താവിന് പഴഞ്ഞിപ്പള്ളി യിൽ കാശീശാപ്പട്ടം നൽകുന്നു.



കാരക്കാട് ശ്രീ. ചാക്കോ ഉപദേശിയുടെ മൃതദേഹത്തിൽ സുഗന്ധം സമർപ്പിക്കുന്നു.




കഥാപുരുഷൻ നടത്തിയ അവസാനത്തെ വിവാഹ കൂദാശ





കഥാപുരുഷന്റെ സുറിയാനി കൈയ്യെഴുത്ത്



Bless ings to dear Achen,
21-5-81.



Rev. Fr. Joseph Cheeran
Orthodox Church
TRICHUR. P.O

കഥാപുരുഷന്റെ മലയാളം കൈയ്യെഴുത്ത്

# ഒരു സൂര്യൻ അസ്തമിക്കുന്നു



സ്മര്യപുരുഷന്റെ
മൃതശരീരം
പൊതുദർശനത്തിന്
വെച്ചപ്പോൾ



# മലങ്കരയുടെ പ്രവാചകൻ

## യുഹാനോൻ മാർ സേവേറിയോസ്



ഫാ. ഡോ : ജോസഫ് ചീരൻ

പ. പരുമല പിതാവിൻെറ അരുമശിഷ്യൻ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ, സുറിയാനി സഭയുടെ പാശ്ചാത്യ പാരമ്പ ര്യങ്ങളെ ആത്മാവിൽ വിലയിപ്പിച്ച ഔഗേൻ പ്രഥമൻ കാതോലിക്കാ, മലങ്കരയിലെ സന്യാസിവര്യൻ പാമ്പാടിൽ കുരിയാക്കോസ് ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെ ശിഷ്യത്വത്തിൽ സഭയുടെ പാശ്ചാത്യവും പൗരസ്ത്യവുമായ ആരാധനാ – വേദശാസ്ത്ര-സാഹിത്യശാഖകളെ സമന്വയി പ്പിക്കു കയും, ശർബീൽ ദയറാ, വാകത്താനം വള്ളിക്കാട്ടു ദയറാ, പാമ്പാടി ദയറാ, പഴയ സെമിനാരി എന്നിവിടങ്ങളിൽ നിന്നും നേടിയ സന്യാസ ഋഷി പാരമ്പര്യങ്ങളെ സ്വന്തം വ്യക്തിത്വത്തിൻെറ ഭാഗമാക്കുകയും, സുറിയാനി ഭാഷയിൽനിന്ന് മലയാളത്തിലേക്കുള്ള വിവിധ ക്രമങ്ങളുടെ വിവർത്തനങ്ങൾകൊണ്ട് കേരള ക്രൈസ്തവരുടെ ആരാധനാ സാഹിത്യത്തെ പുഷ്ടിപ്പെടുത്തുകയും, കേരളത്തിലെ സുറിയാനി പാരമ്പര്യമുള്ള എല്ലാ സഭകളിലെയും മെത്രാപ്പോലീത്താമാരുടെയും നൂറുകണക്കിന് പുരോഹിതന്മാരുടെയും ആചാര്യനായി മലങ്കരയുടെ മഹാമല്പാൻ ആയിത്തീരുകയും നൂറുകണക്കിന് ചിന്താബന്ധുരമായ ലേഖനങ്ങളെഴുതി മലങ്കര സഭയുടെ പ്രവാചകൻ എന്ന ഖ്യാതി നേടുകയും ചെയ്ത യൂഹനോൻ മാർ സേവേറിയോസ് പിതാവിൻെറ ജീവിതവും രചനകളും അദ്ദേഹത്തിൻെറ ശിഷ്യനും, യൂണിയൻ ക്രിസ്ത്യൻ കോളേജിൽ പ്രൊഫസറുമായ ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു.

പ്രസാധനം

**മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ, ന്യൂയോർക്ക്.**

വിതരണം

**യുഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ,**

**തൃശ്ശൂർ.**

വില : 40.00 രൂപ

U.K.C Offset Printers, KNM.